# സ്ത്രീപഠനം

## കേരളസ്ത്രീ

എങ്ങനെ ജീവിക്കുന്നു?
എങ്ങനെ ചിന്തിക്കുന്നു?

| | |
|---|---|
| മലയാളം | malayalam |
| **സ്ത്രീപഠനം** | **Sthreepadhanam** |
| **കേരളസ്ത്രീ എങ്ങനെ ജീവിക്കുന്നു ?** | **Keralasthree Engane Jeevikkunnu ?** |
| **എങ്ങനെ ചിന്തിക്കുന്നു ?** | **Engane Chinthikkunnu ?** |
| ഒന്നാം പതിപ്പ് : | First edition : |
| ഡിസംബർ 2013 | December 2013 |
| പ്രസാധനം, വിതരണം : | Published & Distributed by : |
| കേരള ശാസ്ത്രസാഹിത്യ പരിഷത്ത് | Kerala Sasthra Sahithya Parishath, |
| തൃശ്ശൂർ - 680004 | Thrissur 680004 |
| ഇ-മെയിൽ : | e-mail : |
| publicationkssp@gmail.com | publicationkssp@gmail.com |
| ലേ ഔട്ട് : | lay out : |
| ശ്രീലേഷ് കുമാർ | Sreelesh Kumar |
| കവർ : | Cover : |
| സതീഷ്, ശ്രീലേഷ് കുമാർ | Satheesh, Sreelesh Kumar |
| അച്ചടി : | printing : |
| തെരേസ്സ ഓഫ്സെറ്റ് പ്രിന്റേഴ്സ്, അങ്കമാലി | Theressa offset printers, Angamaly |

₹ 150.00

ISBN : 978-93-83330-22-5

KSSP 1999 I E DEC 2013 C 1/4 2K 15000 FT 920/13

# സ്ത്രീപഠനം

## കേരളസ്ത്രീ എങ്ങനെ ജീവിക്കുന്നു? എങ്ങനെ ചിന്തിക്കുന്നു?

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്

## പഠനറിപ്പോർട്ട് തയ്യാറാക്കിയവർ


ഡോ.ടി.കെ.ആനന്ദി
ഡോ.കെ.പി.അരവിന്ദൻ
എൻ.ശാന്തകുമാരി
ഇ.വിലാസിനി
കെ.കെ.ജനാർദനൻ
പ്രൊഫ.ടി.പി.കുഞ്ഞിക്കണ്ണൻ
ടി.രാധാമണി
എ.പി.സരസ്വതി
എം.വസന്തകുമാരി
എം.ഷീജ
പി.വി.സന്ധ്യ

## പഠനവുമായി സഹകരിച്ചവർ

ഡോ. ബി ഇക്ബാൽ, സുജ സൂസൻ ജോർജ്
ഡോ. ഹസീന, ഡോ. ആർ ബി രാജലക്ഷ്മി,
ഡോ. ദീപാചന്ദ്രൻ, വി വി പ്രസന്നകുമാരി,
ആർ രാധാകൃഷ്ണൻ, എം പി പരമേശ്വരൻ,
ഡോ. കെ എൻ ഗണേഷ്, കെ കെ കൃഷ്ണകുമാർ,
കെ ടി രാധാകൃഷ്ണൻ, സി എം മുരളീധരൻ, വി വിനോദ്,
ടി കെ ദേവരാജൻ, ഡോ. അനിത അബ്രഹാം,
ഡോ. ഷീല എസ്, ഡോ. കെ വിജയകുമാർ, എ ബിന്ദു,
കെ വി ജാനകി, ഡോ. എം ജി മല്ലിക, അഡ്വ. ലില്ലി,
പി എസ് ജൂന, അഡ്വ. ടി ഗീനാകുമാരി, എൻ സുകന്യ
വി രാജലക്ഷ്മി, ഷീല എസ്, സതീറ ഉദയകുമാർ,
സംഗീത എസ്, എ പി മുരളീധരൻ, പി സജിത,
കെ പ്രസന്ന, സോജ, സിന്ധ്യ, ബിനു, ഷീജ,
ജാനമ്മ ബി, കെ എം മല്ലിക, ടി രുഗ്മിണി, ജയ എം,
ബിന്ദു, വി ജി ഗോപിനാഥൻ, ഡോ. എൻ കെ ശശിധരൻ പിള്ള,
പ്രൊഫ. പി കെ രവീന്ദ്രൻ, വി വി ശ്രീനിവാസൻ,
കെ വി സാബു, അഡ്വ. രവിപ്രകാശ്, നാരായണൻ പി കെ,
വി ബിന്ദു, മാഗി ടീച്ചർ, പി സൗമിനി, വിലാസിനി പി, ലിതീഷ്,
അനൂപ് കുമാർ, വിനോയ് പി ടി, ഷൈമ കെ.

വ്യത്യസ്ത ജില്ലകളിലായി ഈ പഠനവുമായി സഹകരിച്ച നൂറുകണക്കിന് പ്രവർത്തകരുണ്ട്. അവരുടെയെല്ലാം പേരുകൾ ഇവിടെ രേഖപ്പെടുത്തുക എന്നത് പ്രായോഗികമല്ല. പഠനവുമായി ബന്ധപ്പെട്ട് വിവിധ ശിൽപ്പശാലകളിൽ പങ്കാളികളായവരുടെയും പഠനവിവരങ്ങൾ ക്രോഡീകരിക്കുന്നതിന് പ്രധാനമായി സഹായിച്ചവരുടെയും പേരുകൾ മാത്രമാണ് ഇവിടെ രേഖപ്പെടുത്തുന്നത്.

## വിദഗ്ധ സഹായം

ഡോ. മൃദുൽ ഈപ്പൻ
ഡോ. കെ പി കണ്ണൻ
ഡോ. പ്രവീണ കോടോത്ത്
ഡോ. സൈറു ഫിലിപ്പ്
ആർ പാർവതീദേവി
ഡോ. ഇന്ദു പി എസ്
പാർവതി സുനൈന (CSES)
ഡോ. കെ രാജേഷ്
ഡോ. എ കെജയശ്രീ
എൻ ജഗ്ജീവൻ

# പ്രസാധകക്കുറിപ്പ്

കേരളസമൂഹത്തിലും പൊതുമണ്ഡലത്തിലുമുള്ള സ്ത്രീകളുടെ പങ്കാളിത്തത്തെക്കുറിച്ച് പുനർവിചിന്തനം അനിവാര്യമാക്കുന്ന പല സാഹചര്യങ്ങളും ഇന്നു നിലവിലുണ്ട്. പൊതുമണ്ഡലത്തിൽ കാണുന്ന ഒറ്റപ്പെട്ട ചില വ്യക്തിത്വമാതൃകകൾ ചൂണ്ടിക്കാട്ടി സ്ത്രീകളുടെ കഴിവുകളെ ചിത്രീകരിക്കാറുണ്ട്; ചരിത്രത്തിൽ അത്തരത്തിലുള്ള കുറച്ചു സ്ത്രീകളെക്കുറിച്ചുള്ള പരാമർശവുമുണ്ട്. രാജാക്കന്മാരെപ്പോലെ തന്നെ ഭരിച്ച മഹാറാണിമാരും കേരളദേശത്തുണ്ടായിരുന്നു. ഇന്ദിരാഗാന്ധിയും ലക്ഷ്മിസെഗാളും തൊട്ട് പല മേഖലകളിൽ അറിയപ്പെട്ടവർ, അവരവരുടെ കാലത്ത് അറിയപ്പെട്ട ആൺപോരിമയുടെ അപ്പുറത്തുള്ള അങ്കക്കളങ്ങളിൽ പയറ്റിത്തെളിഞ്ഞവരായിരുന്നു. എന്നാൽ സാധാരണക്കാരിൽ സാധാരണക്കാരായ സ്ത്രീകളും തങ്ങളുടെ പരിമിതമായ ചുറ്റുവട്ടങ്ങളിൽ സ്വന്തം ഇടമുണ്ടാക്കുകയും അഭിപ്രായങ്ങളും താൽപര്യങ്ങളും പുലർത്തി ജീവിക്കുകയും ചെയ്തതിന്റെ അടയാളപ്പെടുത്തലുകളും മലയാളത്തിന്റെ പോയകാല ഏടുകളിൽ കാണാം.

അടിമതുല്യമായ ജീവിതത്തിൽ നിന്ന് വിടുതി നേടാനും മനുഷ്യരെപ്പോലെ ജീവിക്കാനും സമരഭരിതമായ ജീവിതത്തെ ആശ്ലേഷിച്ചവരാണ് കഴിഞ്ഞ നൂറ്റാണ്ടിന്റെ പകുതിയോടെ കേരളത്തെയാകെ ഉഴുതുമറിച്ചത്. സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിൽ, തൊഴിലാളി–കർഷകസമരങ്ങളിൽ, ഇടതുപക്ഷമുന്നേറ്റങ്ങളിൽ എല്ലാം ഓരോ നാട്ടിലും ആണിനോടൊപ്പം നടന്ന പെണ്ണുമുണ്ടായിരുന്നു. സാമൂഹികപരിഷ്കരണപ്രസ്ഥാനങ്ങൾ നൂറ്റാണ്ടുകൾക്കപ്പുറത്തുനിന്നുള്ള മാറാലപ്പടർപ്പുകൾ മാറ്റി മറക്കുടകളും മഹാനരകങ്ങളും തകർത്ത് പെണ്ണിന് നാവു നൽകിയിരുന്നു.

അങ്ങനെയൊരു കാലം പിന്നെങ്ങനെ ഇന്നത്തെ കാലത്തിലേയ്ക്കെത്തിയെന്നതിന്റെ പെൺ അന്വേഷണം സുഖകരമല്ലാത്ത ഒരുപാട് ചോദ്യങ്ങളുയർത്തും. കഴിഞ്ഞ നൂറ്റാണ്ടിൽ നാൽപ്പതുകളിലും അമ്പതുകളിലുമെല്ലാം ശക്തമായ സ്ത്രീസാന്നിധ്യം സമൂഹവ്യവഹാരങ്ങളിലുണ്ടായെങ്കിലും അതിന്റെ പിന്തുടർച്ചയുണ്ടായിരുന്നില്ല.

സമൂഹത്തെയാകെ മാറ്റിമറിച്ച പരിവർത്തനങ്ങൾക്കും ഭരണനയങ്ങൾക്കും സാക്ഷിയായ കാലത്തിന്റെ ശേഷിപ്പുകളിൽ ഭൂപരിഷ്ക്കാരവും വിദ്യാഭ്യാസ മാറ്റവുമെല്ലാം ഇടം നേടിയെങ്കിലും അവയ്ക്കിടയിൽ ഒരു പെണ്ണിടം എങ്ങനെയോ നഷ്ടമായിപ്പോയി. ജന്മിത്തം പോയെങ്കിലും അതിന്റെ കൂടപ്പിറപ്പായ 'ആണത്തം' പിതൃമേധാവിത്വഘടനക്ക് തരിമ്പും പോറലേൽക്കാതെ തുടർന്നുപോന്നു. കൂട്ടുകുടുംബങ്ങളുടെ തകർച്ചയിൽ പലതും

ഒലിച്ചുപോയെങ്കിലും ആൺകോയ്മ ആ ഒഴുക്കിലും വിലങ്ങടിച്ചു പിടിവിടാതെ നിന്നു. പ്രാഥമികവിദ്യാഭ്യാസരംഗത്ത് പ്രവേശനത്തിൽ ഏറെക്കുറെ തുല്യത കൈവരിച്ചതും ആരോഗ്യ-അവബോധമേഖലകളിൽ വിവേചനമില്ലാതായതും ആയിരുന്നു പ്രത്യക്ഷമായ നല്ല അനുഭവങ്ങൾ.

എൺപതുകളിൽ കേരളത്തിലെ സ്ത്രീകൾക്കിടയിൽ പുത്തനുണർവുണ്ടായി. വ്യക്തികളും ഗ്രൂപ്പുകളും ചെറുപ്രസ്ഥാനങ്ങളുമെല്ലാമായി അവർ ചില ചുവടുവെപ്പുകൾ നടത്തി. കൊച്ചു കൊച്ചു ധിക്കാരങ്ങളും ആലോചനകളുമെല്ലാം മുറുകിയെങ്കിലും അവയ്ക്കൊന്നിനും തുടർച്ചയായി നിലനിൽക്കാനായില്ല. 1990ലെ സാക്ഷരതാപ്രസ്ഥാനം ഒരു പെൺമുന്നേറ്റം തന്നെയായിരുന്നു. പുതിയൊരു വഴി തുറന്നുകിട്ടിയെങ്കിലും തടസ്സങ്ങളെ അതിജീവിക്കാനുള്ള ഉൾക്കരുത്ത് അതിനുണ്ടായില്ല. രാഷ്ട്രീയമുൻകയ്യോടെ ഉയർന്നുവന്ന ജനകീയാസൂത്രണപ്രസ്ഥാനത്തിലും തദ്ദേശ സ്വയംഭരണസാരഥ്യത്തിലും സ്ത്രീപങ്കാളിത്തം കടന്നുവന്നുവെങ്കിലും അർഥവത്തായ അനുഭവമായി, കാലത്തെ അതിജീവിക്കുന്ന മുന്നേറ്റമായി അതു പരിണമിച്ചില്ല. തുല്യതകളില്ലാത്ത മഹാപ്രസ്ഥാനമായി മാറിയ 'കുടുംബശ്രീ'യുടെ നേതൃത്വത്തിൽ നടന്ന ബഹുസഹസ്രം ആശയങ്ങളും പ്രവർത്തനങ്ങളും കേരള സമൂഹത്തിൽ വലിയ ചലനങ്ങളുണ്ടാക്കി.

ഇത്രയുമേറെ പുതുചലനങ്ങൾ സൃഷ്ടിച്ചിട്ടും കേരളത്തിലെ സാമൂഹിക-രാഷ്ട്രീയ മണ്ഡലങ്ങളിൽ സ്ത്രീ എവിടെയാണു നിൽക്കുന്നതെന്ന അന്വേഷണം ചെന്നെത്തുന്നത് നമുക്ക് ഒട്ടും ഹിതകരമാകാനിടയില്ലാത്ത ചില ചോദ്യങ്ങളിലാണ്. സ്ത്രീസാക്ഷരതയിൽ നാം മുന്നിട്ടുനിൽക്കുന്നു. ലിംഗവികസന സൂചിക (GDI)യിലും നാം ഒട്ടും പിറകിലല്ല. നമ്മുടെ നാട്ടിൽ ഏതാണ്ട് എല്ലാ രംഗങ്ങളിലും സ്ത്രീസാന്നിധ്യമുണ്ട്, അവർ അധ്വാനിക്കുന്നുണ്ട്; രാപകലില്ലാതെ പണിയെടുക്കുന്നുണ്ട്. പക്ഷേ, അതിനൊക്കെ സമാനമായ നേട്ടങ്ങൾ അവരിലേക്ക് എത്തിപ്പെടാതെ അറിഞ്ഞോ അറിയാതെയോ എവിടെയൊക്കെയോ തട്ടിത്തടഞ്ഞുപോകുന്നു എന്നതാണ് വസ്തുത. ഇക്കാര്യം പരിശോധിക്കപ്പെടേണ്ടതുണ്ട്.

അതിലേറ്റവും പ്രധാനപ്പെട്ടത് സംഘടിതപ്രസ്ഥാനങ്ങളുടെ സമീപനമാണ്. ഇതിൽ രാഷ്ട്രീയപ്രസ്ഥാനങ്ങളുടെ മാത്രമല്ല, തൊഴിലാളി സംഘടനകൾ, സർവീസ് സംഘടനകൾ തുടങ്ങി എല്ലാ ബഹുജനസംഘടനകളുടെയും നിലപാടുകൾ പരിശോധിക്കപ്പെടേണ്ടതാണ്. സാക്ഷരത, ജനകീയാസൂത്രണം, കുടുംബശ്രീ, തദ്ദേശഭരണസ്ഥാപനങ്ങൾ എന്നീ മേഖലകളിലെല്ലാം ശക്തമായ സ്ത്രീപങ്കാളിത്തം ഉണ്ടായപ്പോഴും, ഇക്കാര്യങ്ങളിൽ മുഴുകി പൊതുമണ്ഡലത്തിലേയ്ക്ക് ഇറങ്ങിവന്ന ആയിരക്കണക്കിന് സ്ത്രീകൾ കേരളത്തിലങ്ങോളമിങ്ങോളമുണ്ടായപ്പോഴും അവരിൽ മഹാഭൂരിപക്ഷത്തിനും അകത്തേയ്ക്ക് കടക്കാൻ കഴിയാത്ത വിധം ശക്തമായ കവചങ്ങൾ നമ്മുടെ രാഷ്ട്രീയ പുരുഷമണ്ഡലം തീർത്തിരുന്നുവെന്നതല്ലേ വസ്തുത.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ സംവരണത്തിന് രണ്ട് മാനങ്ങളുണ്ട്. ഒന്നാമത്തേത് പൊതു ഇടങ്ങളിൽ സ്ത്രീ ദൃശ്യത വർധിക്കാനിടയാക്കുന്നു എന്നതാണ്. രണ്ടാമത്തേത് ഏതെങ്കിലും തരത്തിൽ സ്വാധീനമുള്ളവർക്കിടയിൽ മാത്രമേ സ്ത്രീ ദൃശ്യത സാധ്യമാകുന്നുള്ളൂ എന്ന വസ്തുതയാണ്. 50 ശതമാനം സംവരണം ഒരു മുന്നേറ്റം തന്നെയാണെന്നതിൽ സംശയമില്ല. പലർക്കും, അവരുടെ കഴിവ് തെളിയിക്കാനും സമൂഹത്തിൽ

നേതൃത്വപരമായ പങ്ക് വഹിക്കാനും അവസരമുണ്ടാക്കിയിട്ടുണ്ട്. എന്നാൽ, പൊതു ഇടങ്ങൾ ഇന്നും അതിക്രമങ്ങളിൽ നിന്ന് മുക്തമല്ല. അത് മാത്രമല്ല, സ്ത്രീകൾക്ക് സഞ്ചാര സ്വാതന്ത്ര്യം ഇപ്പോഴും പൂർണമായും അനുഭവപ്പെടുന്നില്ല. സഞ്ചാരസ്വാതന്ത്ര്യത്തിൽ പല നിലയ്ക്കുള്ള കടന്നുകയറ്റം സ്ത്രീകളുടെ മുന്നേറ്റത്തെ തടയുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നതായും കാണാം.

ഈ സാഹചര്യത്തിൽ നിലനിൽക്കുന്ന അധികാരഘടനയും അതുവഴി അസമത്വങ്ങളും പൊളിച്ചെഴുതാനുള്ള പ്രവർത്തനങ്ങളുണ്ടാവണം. എന്നാൽ അത് സ്ത്രീകളുടെ മാത്രം ഉത്തരവാദിത്തമല്ല. മറിച്ച് പൊതുസമൂഹത്തിന്റേത് കൂടിയാണ്. കുടുംബത്തിലും സമൂഹത്തിലും വ്യക്തി എന്ന നിലയിൽ സ്ത്രീക്ക് അർഹമായ തുല്യപങ്കാളിത്തം ലഭിക്കുക തന്നെ വേണം. ഇതിന് വിലങ്ങുതടിയായി നിൽക്കുന്ന ഫ്യൂഡൽ, പിതൃമേധാവിത്തധാരണകളും പ്രവർത്തനങ്ങളും, ഒട്ടേറെ അനാചാരങ്ങളെ പിഴുതെറിഞ്ഞ കേരളത്തിന്റെ പ്രബുദ്ധമായ പാരമ്പര്യം കൈമുതലാക്കി, തിരുത്തിക്കുറിക്കുവാനുള്ള ശ്രമങ്ങൾ എല്ലാവിഭാഗം ജനങ്ങളിൽ നിന്നുമുണ്ടാകുമെന്ന് കേരള ശാസ്ത്രസാഹിത്യ പരിഷത്ത് പ്രത്യാശിക്കുന്നു. അതിന് സഹായകമായ ജനകീയചർച്ചകൾക്കായി പരിഷത്ത് നടത്തിയ സ്ത്രീപഠനത്തിന്റെ വിവരങ്ങൾ സമർപ്പിക്കുന്നു.

**കേരള ശാസ്ത്രസാഹിത്യ പരിഷത്ത്**

# ഭാഗം – 1

# സ്ത്രീപഠനത്തെക്കുറിച്ച്

കേരള മാതൃകയുടെ നേട്ടങ്ങൾ സാമൂഹ്യ-സാമ്പത്തിക പഠനങ്ങളിലും രാഷ്ട്രീയ സംവാദങ്ങളിലും ഏറെ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതാണ്. ഒരു അവികസിത രാജ്യത്തിനകത്ത് നിലനിൽക്കെത്തന്നെ ജനജീവിതവുമായി ബന്ധപ്പെട്ട ഒട്ടുമിക്ക മേഖലകളിലും മേന്മയുടേതായ ഉയർന്ന സൂചികകൾ തുടർച്ചയായി നിലനിൽക്കുന്നു എന്നതാണ് കേരള വികസന മാതൃകയുടെ മുഖ്യ സവിശേഷത. എന്നാൽ, ഈ മാതൃകയിലൂടെ ഉയർന്നുവന്ന മികവുകളുടെ തുടർനിലനിൽപ്പും അതിനാധാരമായ രാഷ്ട്രീയ-സാമൂഹ്യ അടിത്തറയുടെ കെട്ടുറപ്പും ചോദ്യം ചെയ്യുന്ന നിരവധി പ്രവണതകൾ ഈയടുത്ത കാലത്ത് സംവാദ വിഷയമായിട്ടുണ്ട്. കേരള സമൂഹത്തിലും സമ്പദ് വ്യവസ്ഥയിലും പ്രകടമാവുന്ന നിരവധി വൈരുധ്യങ്ങൾ സാമൂഹ്യ ശാസ്ത്ര വിദ്യാർഥികളുടെ പ്രത്യേക ശ്രദ്ധയ്ക്ക് വിഷയീഭവിക്കുകയും ചെയ്തിട്ടുണ്ട്.

1976 ൽ പ്രസിദ്ധീകരിച്ച കേരളത്തിന്റെ സമ്പത്ത്, ഗ്രാമശാസ്ത്രസമിതി പ്രവർത്തനങ്ങൾ എന്നിവ തൊട്ട് ഈ മേഖലയിൽ തുടർച്ചയായി വികസിച്ചുവന്ന ജനകീയ ശാസ്ത്ര പ്രവർത്തനങ്ങളുടെ അനുഭവ പശ്ചാത്തലത്തിൽ ശാസ്ത്രസാഹിത്യ പരിഷത്ത് നടത്തിയ സുപ്രധാന ഇടപെടലായിരുന്നു കേരള പഠനം. 2004 ൽ നടന്ന ഈ ജനകീയ വിവരശേഖരണത്തെ അടിസ്ഥാനമാക്കി 'കേരളം എങ്ങനെ ജീവിക്കുന്നു? എങ്ങനെ ചിന്തിക്കുന്നു?' എന്ന പേരിൽ 2006 ൽ ഒരു പഠനഗ്രന്ഥം പ്രസിദ്ധീകരിച്ചു. ഇതിന്റെ ഇംഗ്ലീഷ് പതിപ്പ് 'A Snapshot of Kerala- Life and Thoughts of the Malayalee People' എന്ന പേരിൽ 2010ലും ലഭ്യമാക്കി.

കേരളപഠനത്തിന്റെ ഉള്ളടക്കവും രീതിശാസ്ത്രവും രൂപപ്പെടുത്തുന്നതിനായി 2002 ഏപ്രിലിൽ തിരുവനന്തപുരത്തെ "സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസി"ൽ നടന്ന ശിൽപ്പശാല മുതൽ നിരവധി കൂടിയിരിപ്പുകളും ചർച്ചകളും നടക്കുകയുണ്ടായി. കേരള സമൂഹത്തിന്റെ പ്രാതിനിധ്യം പ്രതിഫലിക്കുന്ന വിധത്തിൽ 5600 വീടുകൾ പഠനത്തിനായി തെരഞ്ഞെടുക്കുകയായിരുന്നു. നഗര-ഗ്രാമ വ്യത്യാസങ്ങൾ കൂടി പരിഗണിച്ച് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളിൽ ജനസംഖ്യാനുപാതികമായി നിശ്ചിത എണ്ണം വീടുകൾ തെരഞ്ഞെടുത്താണ് പഠനം നടത്തിയത്. ഈ സാമ്പിൾ കേരളത്തിന്റെ ഒരു പരിഛേദം തന്നെയായിരുന്നു. ഇത് പഠനത്തിന്റെ ആധികാരികതയ്ക്ക് ശക്തി പകർന്നിട്ടുണ്ട്.

രണ്ട് തരം വിവരങ്ങളുടെ ശേഖരണത്തിനും വിശകലനത്തിനുമാണ് കേരള പഠനം ഊന്നൽ

നൽകിയത്. കുടുംബത്തിന്റെ സാമൂഹ്യ-സാമ്പത്തിക അവസ്ഥയെ കൃത്യമായി അപഗ്രഥി ക്കാൻ ഉതകുന്ന മതം, ജാതി, വിദ്യാഭ്യാസ യോഗ്യത, തൊഴിൽ, വരുമാനം, വീട്, ഭൂ ഉടമസ്ഥ ത, കൃഷി, ഉപഭോഗച്ചെലവ്, ചികിത്സാച്ചെലവ്, കടം എന്നിങ്ങനെയുള്ള വിവരങ്ങളാണ് ഇതിലെ പ്രധാന ഭാഗം. 1987 ൽ പരിഷത്ത് നടത്തിയ ആരോഗ്യ സർവേയിലെ വിവരങ്ങളുമായി താര തമ്യപ്പെടുത്താനുതകുന്ന രോഗാതുരത തുടങ്ങിയവയെക്കുറിച്ചുള്ള വിവരങ്ങളും ശേഖരിച്ച് വിശകലനം ചെയ്തിരുന്നു.

രണ്ടാമത്തെ ഭാഗം വിവിധ സാമൂഹ്യ-സാമ്പത്തിക പശ്ചാത്തലത്തിലുള്ളവരുടെ അഭി പ്രായ രൂപീകരണമായിരുന്നു. അവരുടെ നിലപാടുകളും സമീപനങ്ങളും പൊതുവായി അറി യുന്നതിനും താരതമ്യപ്പെടുത്തുന്നതിനുമുള്ള ചോദ്യങ്ങളാണുണ്ടായിരുന്നത്. ഭക്ഷണരീതി, സാംസ്കാരിക വിനിമയങ്ങൾ, മാധ്യമം, വിദ്യാഭ്യാസം, ആരോഗ്യം, പരിസ്ഥിതി, ആഗോള വൽക്കരണം, ഉപഭോഗം, സർക്കാർ, സ്വാശ്രയത്വം, ജെൻഡർ, വിവാഹം, ക്രിമിനലീകരണം, സ്വത്വം എന്നിങ്ങനെയുള്ള കാര്യങ്ങളിൽ പൊതു സമീപനങ്ങളും അവയുടെ പശ്ചാത്തലവും വിശകലനം ചെയ്യാനാവശ്യമായ വിവര ശേഖരണത്തിനാണ് ശ്രമം നടത്തിയത്.

ഇതിൽ ഒന്നാം വിഭാഗത്തിലെ പഠനവിവരങ്ങൾ ഗണാത്മകവും (Quantitative) രണ്ടാം വിഭാഗത്തിലെ വിവരങ്ങൾ ഗുണാത്മകവും (Qualitative) ആണെന്ന് വിശേഷിപ്പിക്കാം. വിവിധ തലങ്ങളിൽ പരിശീലനം നൽകിയ ശേഷം പരിഷത്ത് പ്രവർത്തകരുടെ 2-3 പേരടങ്ങിയ ടീമുകളാണ് വിവരശേഖരണം നടത്തിയത്. അടിസ്ഥാനപരമായി ഇത് കുടുംബത്തെ ആധാ രമാക്കി നടത്തിയ വിവരശേഖരണമാണ്. തികച്ചും ജനകീയമായി (സാമ്പത്തിക ചെലവു കൾ ഉൾപ്പെടെ) സംഘടിപ്പിച്ചതും, പ്രാഥമിക വിവരങ്ങളെ ആശ്രയിച്ചുകൊണ്ടുള്ളതുമാണ് ഈ പഠനമെന്ന സവിശേഷതയുമുണ്ട്.

തൊഴിലും വരുമാനവും ജീവിതസാഹചര്യങ്ങളും വിശകലനം ചെയ്തുകൊണ്ട് ഇവയു മായി ബന്ധപ്പെട്ട് സാമൂഹ്യ പദവിയിലുണ്ടായ ഉയർച്ച-താഴ്ച്ചകൾ പ്രത്യേകമായി അപഗ്ര ഥന വിധേയമാക്കുന്നു എന്നതാണ് ഈ പഠനത്തിന്റെ മറ്റൊരു സവിശേഷത. വീടിന്റെ ഭൗതി കപശ്ചാത്തലം, പ്രതിശീർഷവരുമാനം, പ്രതിശീർഷ ചെലവ്, ഉപഭോക്തൃ ഉൽപ്പന്നങ്ങളുടെ ഉടമസ്ഥത എന്നിവയെ അടിസ്ഥാനപ്പെടുത്തിയുള്ള ഒരു composite index ന്റെ സഹായ ത്തോടെ നാല് വ്യത്യസ്ത സാമ്പത്തിക വിഭാഗങ്ങളായി കുടുംബങ്ങളെ വർഗീകരിച്ചുകൊണ്ട് അതിന്റെ അടിസ്ഥാനത്തിലുള്ള വിശകലനങ്ങൾ നടത്തി എന്നത് ഈ പഠനത്തിന്റെ മൗലി കമായ പ്രത്യേകതയാണ്.

കേരള സമൂഹത്തിലെ വർധിച്ചുവരുന്ന അസമത്വത്തിന്റെ അടയാളപ്പെടുത്തൽ, കുടുംബ ങ്ങളുടെ കടം, ദരിദ്രവിഭാഗങ്ങളുടെ ആസ്തികളിലെ ചോർച്ച, കുതിച്ചുയരുന്ന ചികിത്സാ ചെല വ്, പ്രായഘടനയുടെ പ്രത്യേകതകൾ, ഉപജീവന മാർഗങ്ങളും വരുമാനവുമായി ബന്ധപ്പെട്ട കൃത്യതയാർന്ന നിഗമനങ്ങൾ, സാമൂഹ്യ പദവിയിലെ ഉയർച്ച-താഴ്ച്ചകളെ സ്വാധീനിക്കുന്ന ഘടകങ്ങൾ തുടങ്ങി ഒട്ടേറെ കാര്യങ്ങളിൽ വ്യക്തമായ ചിത്രം നൽകുന്ന വിവര സഞ്ചയ മാണ് ഈ പഠനത്തിലൂടെ ലഭിച്ചത്. ജാതി-മത വിഭാഗങ്ങളും സാമൂഹ്യ സാമ്പത്തിക പദ വിയും സമീപനങ്ങളും തമ്മിലുള്ള പരസ്പര ബന്ധങ്ങളും വിശകലനത്തിനു വിധേയമായി ട്ടുണ്ട് (വിശദമായ അന്വേഷണങ്ങൾക്ക് കേരളപഠനം 2006, A Snapshot of Kerala 2010- എന്നീ കേരള ശാസ്ത്രസാഹിത്യ പരിഷത്ത് പ്രസിദ്ധീകരണങ്ങൾ കാണുക).

### സ്ത്രീപഠനത്തിലേക്ക്

സ്ത്രീകളുടെ സാമൂഹ്യപദവി, ലിംഗസമത്വം എന്നിങ്ങനെയുള്ള സൂചികകളിലെല്ലാം

കേരളം മുൻനിരയിലാണ്. സാക്ഷരത, ലിംഗാനുപാതം, ആയുർദൈർഘ്യം, വിവാഹപ്രായം, ജനനനിരക്ക്, വിദ്യാഭ്യാസ നേട്ടങ്ങൾ എന്നിങ്ങനെ ഏതാണ്ടെല്ലാ സൂചകങ്ങളിലും ഇതര സംസ്ഥാനങ്ങളെയപേക്ഷിച്ച് മെച്ചപ്പെട്ടതോ ഏറെ ഉയർന്നതോ ആണ് കേരളത്തിന്റെ അനുപാതം. എന്നാൽ ഇത്തരത്തിലുള്ള സാമൂഹ്യ സൂചികകൾക്കപ്പുറം ദൈനംദിന ജീവിതാനുഭവങ്ങളിൽ കേരള സ്ത്രീയുടെ പദവി ഇനിയും മെച്ചപ്പെടുത്തേണ്ടതുണ്ട്. സ്ത്രീകൾക്കെതിരായ വിവേചനം സംബന്ധിച്ച ഗൗരവമേറിയ ധാരാളം പഠനങ്ങൾ ഇതിനകം തന്നെ ഉണ്ടായിട്ടുണ്ട്. 1979ൽ ഐക്യരാഷ്ട്രസഭയുടെ ജനറൽ അസംബ്ലി അംഗീകരിച്ച ലിംഗ വിവേചനത്തിനെതിരായ പ്രഖ്യാപനം (CEDAW) ഈ രംഗത്ത് അന്താരാഷ്ട്രതലത്തിലുണ്ടായ സുപ്രധാനമായ കാൽവെപ്പായിരുന്നു. ആമുഖവും (Preamble) മുപ്പത് അനുച്ഛേദങ്ങളുമടങ്ങിയ ഈ പ്രഖ്യാപനം ലിംഗാടിസ്ഥാനത്തിലുള്ള വിവേചനം ഏത് രംഗത്ത്, ഏത് രീതിയിൽ, ഏത് തലത്തിൽ ഉണ്ടായാലും അതിനെയെല്ലാം ശക്തമായി അപലപിക്കുന്നു. മനുഷ്യാവകാശ സംരക്ഷണമാണ് യഥാർഥ സ്വാതന്ത്ര്യം എന്നും ലിംഗാടിസ്ഥാനത്തിലുള്ള വിവേചനത്തെ അവസാനിപ്പിക്കണമെന്നും പ്രസ്തുത രേഖ (UN-1979) അടിവരയിടുന്നു. ഈ പ്രഖ്യാപനത്തെ മുൻനിർത്തിയുള്ള ധാരാളം പഠനങ്ങൾ പ്രാദേശിക പ്രസക്തി ഉൾക്കൊണ്ടുകൊണ്ട് പിന്നീട് നടന്നിട്ടുണ്ട്. ഇന്ത്യൻ സ്ഥിതിയെ പൊതുവിൽ പരിശോധിക്കുന്ന പഠനങ്ങളും കേരളത്തിലെ പ്രത്യേക സാഹചര്യത്തിലുള്ള പഠനങ്ങളും ഉണ്ടായിട്ടുണ്ട്. സ്വപ്നമുഖോപാധ്യായ (2007), പ്രവീണ & ഈപ്പൻ (2005), എം.ജി.മല്ലിക (2012 a, 2012 b) എന്നിങ്ങനെ വലിയതോതിലുള്ള മുൻകൈകൾ ഈ രംഗത്തുണ്ടായിട്ടുണ്ട്. കേരളത്തെക്കുറിച്ചു നടന്നിട്ടുള്ള പഠനങ്ങൾ പൊതുവിൽത്തന്നെ ഇവിടുത്തെ സ്ത്രീജീവിതത്തിലെ വൈരുധ്യങ്ങളെക്കുറിച്ചുള്ള വിവിധതലങ്ങളെ അടിസ്ഥാനമാക്കി ഉണ്ടായവയാണ്. ഇതിൽ നല്ലൊരു ഭാഗം തൊഴിലിടങ്ങളിലെ വിവേചനം സംബന്ധിച്ചാണ്. ഇന്ദിരാ ഹിർവെ, സണ്ണി ജോർജ് (2011) പഠനങ്ങൾ ഇത് സംബന്ധിച്ച വലിയൊരു കണക്കെടുപ്പ് തന്നെയായിരുന്നു. മല്ലിക (2012)യുടെ പഠനം കേരളത്തിലെ തൊഴിൽവിപണിയിലെ ചലനാത്മകതയായിരുന്നു അന്വേഷിക്കാൻ ശ്രമിച്ചത്. ഈ പഠനങ്ങളെല്ലാം പൊതുവിൽ എത്തുന്ന നിഗമനം സ്ത്രീപ്രശ്നത്തിന്റെ കേരളീയ വൈരുധ്യങ്ങളുടെ പഠനം വ്യത്യസ്ത രീതിശാസ്ത്രം ആവശ്യമുള്ളവയാണ് എന്നാണ്. അതുകൊണ്ടുതന്നെ ഈ കേരളീയ വൈരുധ്യങ്ങൾക്ക് ഒറ്റവാക്കിൽ ഉത്തരം കാണാൻ കഴിയില്ല. ഇതൊരു സമഗ്രപഠനത്തിന്റെ അനിവാര്യതയാണ് ഓർമിപ്പിക്കുന്നത്. അതാണ് കേരള സ്ത്രീ എങ്ങനെ ജീവിക്കുന്നു? എങ്ങനെ ചിന്തിക്കുന്നു എന്ന വലിയൊരു പഠനപരിപാടിക്ക് ഞങ്ങളെ പ്രേരിപ്പിച്ചത്.

ഈ പഠനത്തിന് പ്രേരകമായ വൈരുധ്യങ്ങളെ ഈ രീതിയിൽ ക്രോഡീകരിക്കാമെന്ന് കരുതുന്നു. സാക്ഷരതയിൽ ഏറ്റവും കൂടുതൽ ഉയർന്നുനിൽക്കുമ്പോഴും തൊഴിൽ പങ്കാളിത്തത്തിൽ ഏറ്റവും പിൻപന്തിയിൽ കഴിയുന്നു. ഉയർന്ന വിദ്യാഭ്യാസത്തിന്നുടമയാണെങ്കിലും, അത് വീട്ടിലോ തൊഴിലിടങ്ങളിലോ തീരുമാനമെടുക്കുന്നതിൽ പ്രതിഫലിക്കുന്നില്ല. വിവാഹ തീരുമാനത്തിൽപ്പോലും പരിമിതമായ പങ്കാളിത്തം മാത്രമേയുള്ളൂ. സാമൂഹ്യ - രാഷ്ട്രീയ ദൃശ്യത വർധിപ്പിക്കാനുള്ള അവസരങ്ങൾ ഉണ്ടെങ്കിലും പൊതു ഇടങ്ങളിലെ അതിക്രമങ്ങളും സഞ്ചാര സ്വാതന്ത്ര്യത്തിന്റെ നിഷേധവും ഈ അനുകൂല സാഹചര്യത്തെ ഉപയോഗപ്പെടുത്തുന്നതിന് വിഘാതമായി മാറുന്നു. രാഷ്ട്രീയപ്പാർട്ടികൾ വിവിധ സംഘടിത പ്രസ്ഥാനങ്ങൾ, കലാ - സാംസ്കാരിക സംഘടനകൾ എന്നിവയുടെയെല്ലാം നേതൃനിരയിൽ സ്ത്രീ സാന്നിധ്യം വളരെ കുറവാണ്. ഉന്നത വിദ്യാഭ്യാസ രംഗത്ത്, ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ 75-80 ശതമാനം പെൺകുട്ടികളാണെങ്കിലും കോളേജ് യൂണി

യൻ തെരഞ്ഞെടുപ്പിൽ പോലും പണ്ടെങ്ങോ തീരുമാനിച്ച സംവരണ സീറ്റ് അല്ലാതെ മറ്റൊന്നും അവർക്ക് ലഭിക്കുന്നില്ല. ശരാശരി സെക്കണ്ടറി തലം വരെ പഠിച്ചവരാണെങ്കിലും 'വീട്ടമ്മ'യാവുക എന്നതൊരു നിയോഗം പോലെയാണ്. തൊഴിലിൽ തന്നെ തുച്ഛവേതന തൊഴിലുകളാണ് സ്ത്രീകൾക്ക് കൂടുതലായും ലഭിക്കുന്നത്. അവർക്കിഷ്ടം ക്ലേശമില്ലാപ്പണികളാണെന്ന് ആരൊക്കെയോ തീരുമാനിക്കുന്നു. സമ്പത്തിന്റെയും വിഭവങ്ങളുടെയും ഉടമസ്ഥതയുടെ കാര്യത്തിലും സാമ്പത്തിക ക്രയവിക്രയ ഉപാധികളുടെ കാര്യത്തിലും സ്ത്രീ പങ്കാളിത്തം ഇന്നും വളരെ കുറവാണ്. അവർ പലപ്പോഴും നിശ്ശബ്ദരാക്കപ്പെടുകയാണ്. തീർച്ചയായും ഇവയെല്ലാം മാറ്റത്തിന് വിധേയമാണ്; ആകണം. സ്ത്രീപ്രശ്നത്തിന് ഇത്തരത്തിൽ നിരവധി സങ്കീർണമായ മാനങ്ങളുണ്ടെങ്കിലും ഈ വിഷയത്തിൽ വേണ്ടത്ര പഠനങ്ങൾ നടന്നിട്ടില്ല.

കേരളപഠനത്തിന് ഒട്ടേറെ മേന്മകളും മൗലികതകളും ഉണ്ടെങ്കിലും അതിനും ചില ന്യൂനതകൾ ഉണ്ടായിരുന്നു. കുടുംബത്തെ ഒന്നിച്ചിരുത്തി വിശദമായ ഒരു ചർച്ചയുടെ രൂപത്തിലാണ് വിവരശേഖരണരീതി ചിട്ടപ്പെടുത്തിയിരുന്നത്. ഇതിൽ സ്വാഭാവികമായും ഗൃഹനാഥന്റെ/മുഖ്യമായി പ്രതികരിച്ചയാളുടെ (ഭൂരിഭാഗം സന്ദർഭങ്ങളിലും പുരുഷൻ) അഭിപ്രായത്തിനാണ് പ്രാധാന്യം ലഭിച്ചിരിക്കുക. നിലപാടുകളുടെയും സമീപനങ്ങളുടെയും കാര്യത്തിൽ കുടുംബത്തിനകത്തു തന്നെയുള്ള വ്യതിരിക്തതകളെ (കുട്ടികൾ, യുവാക്കൾ, സ്ത്രീകൾ) പ്രതിനിധീകരിക്കുന്ന പ്രതികരണങ്ങൾ ലഭിക്കാൻ ഈ രീതിയിൽ പരിമിതികളുണ്ട്. ജനസംഖ്യയിൽ പകുതിയിലധികം വരുന്ന സ്ത്രീകളുടെ പ്രശ്നങ്ങൾ അർഹമായ വിധത്തിൽ കേരളപഠനത്തിൽ പ്രതിഫലിക്കുന്നില്ല എന്നതു തന്നെയാണ് അതിന്റെ പ്രധാന പരിമിതി. ഈ പശ്ചാത്തലം കൂടിയാണ് കേരളത്തിലെ സ്ത്രീകളുടെ ജീവിതാവസ്ഥയെക്കുറിച്ചും സമീപനങ്ങൾ സംബന്ധിച്ചും പ്രത്യേകമായ അന്വേഷണങ്ങൾ ഉൾക്കൊള്ളുന്ന പഠനത്തിലേക്ക് നയിച്ചത്.

താഴെ പറയുന്നവയായിരുന്നു സ്ത്രീപഠനത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ

1. കേരളത്തിലെ സ്ത്രീകളുടെ പൊതു അവസ്ഥയെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുക. പ്രത്യേകിച്ചും വിദ്യാഭ്യാസ നിലവാരം, വിവാഹിതർ, വിധവകൾ, വിവാഹമോചിതർ എന്നീ കണക്കുകൾ
   തൊഴിലെടുക്കുന്നവരുടെ എണ്ണം, വിവിധ തൊഴിലുകൾ, അവയിൽ നിന്നുള്ള വരുമാനം, തൊഴിൽ സാഹചര്യങ്ങൾ, തൊഴിലില്ലായ്മ, അവയുടെ കാരണങ്ങൾ തുടങ്ങിയവ.
   വീട്ടമ്മമാരുടെ എണ്ണം വീട്ടമ്മയാവാനുള്ള കാരണങ്ങൾ, അവരുടെ പ്രശ്നങ്ങൾ
   സ്ത്രീകളുടെ അവകാശത്തിലുള്ള ഭൂമി, മറ്റു സ്വത്ത്, കടം തുടങ്ങിയവ.
   മേൽപ്പറഞ്ഞ കാര്യങ്ങളിലെല്ലാം സാമൂഹ്യ-സാമ്പത്തിക ഗ്രൂപ്പുകൾ തമ്മിലുള്ള വ്യത്യാസങ്ങൾ.
2. വീട്ടിനകത്തുള്ള ജോലികളിൽ സ്ത്രീക്കും പുരുഷനുമുള്ള പങ്കാളിത്തം. അവയ്ക്കുവേണ്ടി വരുന്ന സമയം, വീട്ടിലെ വിവിധ തീരുമാനങ്ങൾ എടുക്കുന്നത് ആര് എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുക.
3 പൊതു ഇടങ്ങളിൽ സ്ത്രീകൾക്കുള്ള പങ്കാളിത്തം, അതിന് അനുകൂലവും പ്രതികൂലവും ആയ ഘടകങ്ങൾ എന്നിവയെ പറ്റിയുള്ള വിവരശേഖരണം.
4. സമൂഹം, കുടുംബം, ജെൻഡർ, ലൈംഗികത തുടങ്ങിയ വിഷയങ്ങളിൽ സ്ത്രീകളുടെ അഭിപ്രായങ്ങൾ എന്തെന്നുള്ള അന്വേഷണം. ഇവയിൽ സാമൂഹ്യ-സാമ്പത്തിക ഗ്രൂപ്പു

കൾ തമ്മിലുള്ള വ്യത്യാസങ്ങൾ.

5. 60 വയസ്സിന് മുകളിലുള്ള സ്ത്രീകളുടെ പ്രത്യേക പ്രശ്നങ്ങളെ പറ്റിയുള്ള വിവരശേഖരണം.
6. 15 മുതൽ 30 വയസ്സുവരെ പ്രായമുള്ള സ്ത്രീകളുടെ പ്രത്യേക പ്രശ്നങ്ങൾ, വ്യത്യസ്ത പ്രശ്നങ്ങളിൽ അവരുടെ അഭിപ്രായങ്ങൾ എന്നിവയെ പറ്റിയുള്ള വിവരശേഖരണം.

ഈ പഠനത്തിനായി പ്രത്യേക സാമ്പിൾ വേറെ എടുക്കുന്നതിന് പകരം കേരളപഠനത്തിന്റെ സാമ്പിളുകളിൽ നിന്ന് നിശ്ചിത എണ്ണം വീടുകൾ തെരഞ്ഞെടുക്കുകയായിരുന്നു. മറ്റു വിവരങ്ങളുമായുള്ള താരതമ്യത്തിനുള്ള സാധ്യതയെ മുൻനിർത്തിയായിരുന്നു ഇത്. ചോദ്യങ്ങൾ പൂർണമായും സ്ത്രീ പ്രശ്നങ്ങളിൽ ഊന്നിയുള്ളതായിരുന്നു. അതിൽ തന്നെ തൊഴിൽ, വരുമാനം തുടങ്ങിയ കാര്യങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകി. സ്ത്രീകളുടെ നിലപാടുകൾ, അനുഭവങ്ങൾ, സമീപനങ്ങൾ എന്നിവയ്ക്കും മുന്തിയ പരിഗണനന നൽകി വിപുലമായ മേഖലകളിലെ ഗുണാത്മക വിവരങ്ങൾ വിശകലനത്തിനായി ശേഖരിച്ചു. മുഖ്യ വിവരദാതാവായ സ്ത്രീയിൽ (മുഖ്യവരുമാനക്കാരി/ മുഖ്യ വരുമാനക്കാരന്റെ ഭാര്യ) നിന്ന് നടത്തിയ വിവരശേഖരണത്തിനു പുറമെ വൃദ്ധരേയും യുവതികളെയും പ്രത്യേകമായി പരിഗണിച്ച് ഉപചോദ്യാവലികൾ തയ്യാറാക്കിയും വിവരശേഖരണം നടത്തിയിട്ടുണ്ട്. ഇത്തരത്തിൽ മൂന്ന് വിഭാഗങ്ങളുടേതും അടക്കം ആകെ ലഭിച്ചിരിക്കുന്ന സാമ്പിൾ 2298 ആണ്. സാമൂഹ്യ-സാമ്പത്തിക വിവരങ്ങൾക്ക് പ്രാധാന്യം നൽകുന്ന നാഷണൽ സാമ്പിൾ സർവേ ഓർഗനൈസേഷന്റെ(NSSO)തുപോലുള്ള സർക്കാർ പഠനങ്ങളൊഴിച്ചാൽ ഇത്രയും വലിയ സാമ്പിളും വിപുലമായ അന്വേഷണ വിഷയങ്ങളുമുള്ള ഇത്തരം പഠനങ്ങൾ വിരളമാണ്. സ്ത്രീപ്രശ്നവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ചെറിയ സാമ്പിളുകളെ അടിസ്ഥാനമാക്കിയുള്ള സൂക്ഷ്മാന്വേഷണങ്ങൾക്കാണ് പ്രാധാന്യം നൽകാറുള്ളത്. അതുകൊണ്ടുതന്നെ അവയിൽ അക്കാദമിക വശത്തിനാണ് മുൻതൂക്കം നൽകാറുള്ളത്.

പരിഷത്ത് സ്ത്രീപഠനത്തിൽ അക്കാദമിക പ്രാധാന്യത്തോടൊപ്പം തുടർപ്രവർത്തനങ്ങൾക്കുള്ള സാധ്യതയും പരിഗണിച്ചിട്ടുണ്ട്. പഠനത്തിന്റെ വിവരശേഖരണഫോറം തയ്യാറാക്കൽ, പരിശീലനം, സർവേ തുടങ്ങി ഒട്ടുമിക്ക പ്രവർത്തനങ്ങളും സ്ത്രീകളുടെ തന്നെ നേതൃത്വത്തിലാണ് നടന്നിട്ടുള്ളത്. ഇക്കാര്യങ്ങൾക്കെല്ലാമായി ചെലവ് വന്ന തുക ജനകീയമായി സമാഹരിക്കുകയാണ് ചെയ്തത്. സംഘാടനത്തിലുള്ള ജനകീയതയും മറ്റും നിലനിർത്തിക്കൊണ്ടുതന്നെ കേരളീയ സ്ത്രീ അവസ്ഥയുടെ ഉള്ളറിയാനുള്ള സ്ഥൂലതല-സൂക്ഷ്മതല അന്വേഷണങ്ങൾക്കാണ് സ്ത്രീപഠനത്തിലൂടെ ശ്രമിച്ചിട്ടുള്ളത്.

2007 ൽ തിരുവനന്തപുരത്ത് കേരളത്തിലെ അക്കാദമിക് സമൂഹത്തിലെ പ്രഗത്ഭരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു യോഗം കൂടി, അവരുടെയൊക്കെ നിർദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട്, ചോദ്യാവലി നിർമാണത്തിലേക്ക് പോകുകയാണുണ്ടായത്. ചോദ്യാവലി നിർമാണത്തിനു മുൻപ് മൂന്ന് തവണ ശാസ്ത്രസാഹിത്യ പരിഷത്തിലെ അംഗങ്ങൾ കൂടിയിരുന്ന് ചർച്ചകൾ നടത്തി, ഉൾപ്പെടുത്തേണ്ട വിഷയങ്ങളെക്കുറിച്ച് ധാരണയുണ്ടാക്കി. 2007 മെയ് 1 മുതൽ 4 വരെ ഐ ആർ ടി സിയിൽ നടന്ന ചോദ്യാവലി രൂപീകരണത്തിൽ 48 സ്ത്രീകൾ പങ്കെടുത്തു. തൊഴിൽ, വിദ്യാഭ്യാസം, സാമ്പത്തികം, ആരോഗ്യം, അധികാരം, രാഷ്ട്രീയം, സംസ്കാരം, മതം, വിശ്വാസം, നിയമം, നീതിബോധം, കുടുംബം, ലൈംഗികത എന്നിങ്ങനെയുള്ള വിഷയങ്ങളിൽ വ്യാപകമായ ചർച്ചകൾ നടക്കുകയും മൂന്ന് ദിവസം നീണ്ടുനിന്ന വർക്ഷോപ്പിൽ 600ൽ അധികം ചോദ്യങ്ങൾ ഉണ്ടാവുകയും ചെയ്തു. കേരളപഠനത്തിന്റെ അനുഭവ

ത്തിൽ നിന്നുകൊണ്ട്, ചോദ്യങ്ങളുടെ എണ്ണം പരിമിതപ്പെടുത്തുകയായിരുന്നു. 2007 മെയ് 8, 9 തീയതികളിൽ ഐ ആർ ടി സിയിൽ ചേർന്ന ശിൽപ്പശാലയിൽ ചോദ്യങ്ങൾ പരിശോധിച്ച് മെച്ചപ്പെടുത്തി. തുടർന്ന് സെപ്തംബർ 22, 23 തീയതികളിൽ ഐ ആർ ടി സിയിൽ നടന്ന ശിൽപ്പശാലയിൽ 29 പേർ പങ്കെടുത്തു. പൈലറ്റ് സർവേ നടത്തി, അതിന്റെ അനുഭവങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് ചോദ്യാവലി അന്തിമമായി അംഗീകരിക്കുകയാണ് ചെയ്തത്. സർവേക്ക് വളണ്ടിയർമാരെ കണ്ടെത്തുകയും ആവശ്യമായ പരിശീലനം നടത്തുകയും ചെയ്തു. അത്തരത്തിൽ പരിശീലനം ലഭിച്ചവരാണ് സർവേ നടത്തിയത്. ജില്ല/മേഖലാ തലങ്ങളിൽ ശിൽപ്പശാലകൾ നടത്തി സംഘാടകസമിതി രൂപീകരിച്ചുകൊണ്ടാണ് പ്രവർത്തനം മുന്നോട്ടു കൊണ്ടുപോയത്.

കേരള പഠനത്തിലെ സാമ്പിളിൽ നിന്നും 20% വീടുകൾ തെരഞ്ഞെടുക്കുക എന്ന ലക്ഷ്യത്തോടെ 'സ്ട്രാറ്റിഫൈഡ് സാമ്പിളിംഗ്' രീതിയാണ് അവലംബിച്ചത്. ഇതിൽ ഉപയോഗിച്ച strata നാല് സാമ്പത്തിക ഗ്രൂപ്പുകളും 6 ജാതി-മത ഗ്രൂപ്പുകളുമാണ്. പിന്നോക്ക ഹിന്ദു, മുന്നോക്ക ഹിന്ദു, പട്ടികജാതി, പട്ടികവർഗം, മുസ്ലീം, ക്രിസ്ത്യൻ എന്നീ ജാതി-മത ഗ്രൂപ്പുകൾ നാല് സാമ്പത്തിക ഗ്രൂപ്പുകളിലായി ആകെ 24 strata കളാണ് ഈ പഠനത്തിൽ ഉണ്ടായിരുന്നത്. അതിൽ നിന്ന് ജനസംഖ്യയ്ക്ക് ആനുപാതികമായാണ് സാമ്പിൾ തെരഞ്ഞെടുത്തിരിക്കുന്നത്. കേരള പഠനത്തിൽ ലഭ്യമായ സാമ്പിളിന്റെ (5595) അഞ്ചിലൊന്ന് (1119) ആയിരുന്നു ഈ പഠനത്തിൽ ലക്ഷ്യമിട്ടത്. അതിൽ 954 സാമ്പിളുകളിൽ നിന്നാണ് കൃത്യമായ വിവരശേഖരണം നടത്താൻ കഴിഞ്ഞത്.

2008 മാർച്ച് മാസത്തിലാണ് സർവേ ആരംഭിച്ചത്. കേരളപഠനം നടത്തിയ 2004ന് ശേഷം പല വീടുകളും ഇല്ലാതാവുകയോ കുടുംബങ്ങൾ താമസസ്ഥലം മാറുകയോ ചെയ്തിരുന്നു. അതുകൊണ്ടുതന്നെ സാമ്പിൾ കണ്ടെത്തുന്നതിന് നഗരപ്രദേശങ്ങളിൽ പ്രത്യേകിച്ചും പ്രയാസം നേരിട്ടു. ലക്ഷ്യമിട്ട സാമ്പിളുകൾ പൂർണമായും പഠനവിധേയമാക്കാൻ കഴിയാത്തത് ഈ സാഹചര്യത്തിലായിരുന്നു. എങ്കിലും ആവശ്യമായത്രയും വിവരം ശേഖരിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2009ൽ സർവേ ഫോറങ്ങൾ ജില്ലകളിൽ നിന്നും തിരിച്ചുകിട്ടുകയും ഡാറ്റാ എൻട്രി ആരംഭിക്കുകയും ചെയ്തു. ചില സാങ്കേതിക പ്രശ്നങ്ങൾ കാരണം ഡാറ്റാ എൻട്രി പൂർത്തിയാക്കാൻ പ്രതീക്ഷിച്ചതിലും അധികം സമയമെടുത്തു. 2010 തുടക്കത്തിൽ മാത്രമാണ് ഇത് പൂർത്തിയാക്കാൻ കഴിഞ്ഞത്. 2010ൽ മലപ്പുറത്ത് ചേർന്ന പരിഷത്തിന്റെ 46-ാം സംസ്ഥാന വാർഷികത്തിൽ പഠനത്തിൽ ലഭ്യമായ പ്രാഥമിക വിവരങ്ങൾ അവതരിപ്പിച്ചിരുന്നു. 2011 ജൂലൈ മാസത്തിൽ തിരുവനന്തപുരത്ത് വെച്ച് പഠനവിശകലനത്തിനായി ശിൽപ്പശാല സംഘടിപ്പിച്ചു. തുടർന്ന് 2012 ജൂലൈ, സെപ്തംബർ, 2013 മെയ് എന്നീ മാസങ്ങളിലും ഇതിന്റെ ഭാഗമായ ശിൽപ്പശാലകൾ തിരുവനന്തപുരത്തും പാലക്കാടുമായി സംഘടിപ്പിച്ചു. ശിൽപ്പശാലകളിലെല്ലാം ഈ രംഗത്തെ വിദഗ്ധരെ പങ്കെടുപ്പിച്ചിരുന്നു. അവരുടെ നിർദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ആവശ്യമായ മാറ്റങ്ങൾ വരുത്തി പഠനറിപ്പോർട്ട് തയ്യാറാക്കി. ഈ റിപ്പോർട്ട് 2013 മെയ് മാസത്തിൽ കോഴിക്കോട് വെച്ച് നടന്ന പരിഷത്തിന്റെ അമ്പതാം സംസ്ഥാന വാർഷിക സമ്മേളനത്തിൽ പ്രകാശനം ചെയ്തു. റിപ്പോർട്ട് പുസ്തകമായി പ്രസിദ്ധീകരിക്കുന്നതിന്റെ ഭാഗമായി 2013 ജൂലൈ 13, 14 തീയതികളിൽ പാലക്കാട് ഐ ആർ ടി സിയിൽ വെച്ച് ശിൽപ്പശാല നടത്തി. ഈ അവസരത്തിൽ സൂചിപ്പിക്കണമെന്ന് കരുതുന്ന ഒരു കാര്യം ഈ പഠനവുമായി ബന്ധപ്പെട്ട് മുഴുവൻ സമയ പ്രവർത്തകർ ആരും തന്നെ ഉണ്ടായിരുന്നില്ല എന്നതാണ്.

കേരള പഠനം (2004) പ്രകാരം 13.1% ആണ് കേരളത്തിലെ മൊത്തം സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക്. വ്യത്യസ്ത സാമ്പത്തിക ഗ്രൂപ്പുകളിൽ ഇത് വ്യത്യസ്തവുമായിരുന്നു. 18 –60 പ്രായഗ്രൂപ്പിൽ അതിദരിദ്രരിൽ 26.5%വും അതി സമ്പന്നരിൽ 28 ശതമാനവുമായിരുന്നു ഇത്. വിദ്യാഭ്യാസത്തിന്റെ കുറവുകൊണ്ടല്ല സ്ത്രീകളുടെ ഇടയിൽ തൊഴിൽ പങ്കാളിത്തം കുറഞ്ഞിരിക്കുന്നത് എന്നും കേരളപഠനം ചൂണ്ടിക്കാണിക്കുന്നു. ദാരിദ്ര്യത്തിന്റെ സ്ത്രൈണ വൽക്കരണത്തിന്റെ മറ്റൊരു മുഖം വിവിധ തൊഴിലുകളിലുള്ള സ്ത്രീ പങ്കാളിത്തവും അവ യിൽ നിന്നുള്ള വരുമാനവും തമ്മിൽ ബന്ധപ്പെടുത്തിയുള്ള കേരള പഠനത്തിലെ കണ്ടെ ത്തൽ വ്യക്തമാക്കിയിരുന്നു.

വളരെ കുറഞ്ഞ വേതനം ലഭിക്കുന്ന തൊഴിലുകളിലാണ് സ്ത്രീകൾ കൂടുതലായി തൊഴി ലെടുക്കുന്നത്. വീട്ടുജോലി, അലക്ക് തുടങ്ങിയ ഏറ്റവും വരുമാനം കുറഞ്ഞ കൂലിപ്പണിക ളിലും ഒപ്പം വേതനം വളരെ കുറവുള്ള അംഗൻവാടി, നഴ്സറി തുടങ്ങിയ മേഖലകളിലും പൂർണമായും സ്ത്രീകളാണ്. വരുമാനം കുറഞ്ഞ തൊഴിലുകളിലെ സ്ത്രീ കേന്ദ്രീകരണ ത്തോടൊപ്പം വിവേചനത്തിന്റെ മറ്റൊരു സൂചികയാണ് വരുമാനത്തിലെ കടുത്ത അന്തരം. തുല്യജോലിക്ക് തുല്യവേതനം ലഭിക്കുന്നില്ല എന്നതിനെയും കേരളപഠനത്തിലെ കണ്ടെ ത്തലുകൾ ശരിവെക്കുന്നു.

പഠനത്തിന്റെ അക്കാദമിക കൃത്യതയും സൂക്ഷ്മതയും പാലിക്കാൻ പഠനസംഘങ്ങൾക്ക് നൽകിയ പരിശീലനത്തിലും നിർദേശങ്ങളിലും പ്രത്യേകമായ ശ്രദ്ധ പുലർത്തിയിരുന്നു. എന്നി രിക്കിലും നിലവിലുള്ള കുടുംബ സാഹചര്യത്തിൽ, വിവരശേഖരണം നടത്തുമ്പോഴുള്ള പല പരിമിതികളും പഠനത്തിൽ അഭിമുഖീകരിച്ചിട്ടുണ്ട്. പുരുഷ കേന്ദ്രിതമായ സമൂഹത്തിൽ, കുടും ബങ്ങളിൽ നിന്ന് സ്ത്രീപ്രശ്നങ്ങളെക്കുറിച്ചും സ്ത്രീകളുടെ അഭിപ്രായങ്ങളെക്കുറിച്ചും കൃത്യ തയോടെ വിവരം ശേഖരിക്കുക എന്നത് ദുഷ്കരമാണെങ്കിലും പരിഷത്ത് പഠനം ഇക്കാര്യ ത്തിൽ ലക്ഷ്യത്തോട് ഏറെ അടുത്ത് നിൽക്കുന്നുണ്ടെന്നാണ് ഇതര കണക്കുകളുമായുള്ള താരതമ്യം കാണിക്കുന്നത്.

അത്യന്തം പരിതാപകരമായ ജീവിതസാഹചര്യങ്ങളിലും ചുറ്റുവട്ടങ്ങളിലും എരിഞ്ഞുതീ രുന്നതിനിടയിൽ ഇത്തരം പ്രശ്നങ്ങളെക്കുറിച്ച് ആലോചിക്കാനോ എന്തെങ്കിലും പറയാനോ കഴിയാത്തവരായ വലിയൊരു വിഭാഗം സ്ത്രീകളുടെ പ്രതികരണത്തിന്റെ പരിമിതി ബോധ്യ പ്പെടുത്തിയതായിരുന്നു ഈ യത്നം. നമ്മുടെ സമൂഹത്തിൽ  വലിയ കലമ്പലുകൾ സൃഷ്ടി ക്കുന്ന പല ചർച്ചകൾക്കുമപ്പുറമാണ് അവരിൽ മിക്കവരുടെയും ലോകം എന്ന തിരിച്ചറിവും ഈ പഠനം നൽകുന്നുണ്ട്. എന്നിരിക്കിലും വീട്ടിലും തൊഴിലിടത്തിലും പൊതു ഇടത്തിലും കേരളീയ സ്ത്രീയുടെ സാമാന്യചിത്രം ഈ പഠനവിശകലനത്തിൽ തെളിഞ്ഞുവരുന്നുണ്ട്. കേവലമായ വിശകലനത്തിന് വഴങ്ങാത്തവയാണ് പല വിവരങ്ങളും. അവയെക്കുറിച്ചുള്ള തുടരന്വേഷണങ്ങൾ-സൂക്ഷ്മാന്വേഷണങ്ങൾ  അനിവാര്യമാണ്. അത്തരം അന്വേഷണ ങ്ങൾക്കും താരതമ്യങ്ങൾക്കുമുള്ള അടിസ്ഥാന ദത്തങ്ങൾ (base data) എന്ന നിലയ്ക്കാവും ഇതിലെ ചില വിവരങ്ങൾ പ്രസക്തമാവുന്നത്.

2006 ൽ കേരള ശാസ്ത്രസാഹിത്യ പരിഷത്ത് പ്രസിദ്ധീകരിച്ച 'കേരള പഠനത്തിൽ നിന്നും എടുത്തു ചേർത്ത ഭാഗങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്

**സാമ്പത്തിക ഗ്രൂപ്പിന്റെ രൂപീകരണം**

സാമൂഹ്യ-സാമ്പത്തിക ഘടകങ്ങളെ അടിസ്ഥാനമാക്കി കുടുംബങ്ങളെ വർഗീകരിക്കുക എന്നത്  ജീവിതയാഥാർത്ഥ്യങ്ങളെ കണക്കിലെടുത്തുകൊണ്ടുള്ള രീതിയാണ്. മുൻകാലങ്ങ

ളിൽ ജാതി- മതാടിസ്ഥാനത്തിലായിരുന്നു വർഗീകരണം. കേരളത്തിലാകട്ടെ വിദ്യാഭ്യാസം, ഭൂപരിഷ്കരണം, പുതിയ തൊഴിലവസരങ്ങൾ, സംവരണം തുടങ്ങിയ നടപടികൾ കീഴ്ജാതിക്കാരുടെ സാമൂഹ്യ ഉന്നമനത്തിന് ഇടയാക്കിയതിനാൽ ജാതി അടിസ്ഥാനത്തിലുള്ള വിഭജനം ഇന്ന് ഏറെ പ്രസക്തമല്ല. എന്നു വെച്ച് ജാതി ഇല്ലാതാകുന്നില്ല. ഒരു സമൂഹത്തിൽ നിലനിൽക്കുന്ന അസമത്വങ്ങളെ വിശദീകരിക്കാൻ സാമൂഹ്യ-സാമ്പത്തിക ഘടകങ്ങളാണ് ഏറ്റവും അനുയോജ്യം. എന്നാൽ ഇത്തരം വർഗീകരണങ്ങൾ വ്യക്തവും ലളിതവും സമൂഹത്തിൽ പൊതുവായി പ്രായോഗികമായി ഉപയോഗിക്കാൻ കഴിയുന്നതുമാവണം. ഇന്ത്യയെപ്പോലൊരു രാജ്യത്ത് തൊഴിലിനെ ഒരു മാനദണ്ഡമാക്കുന്നത് പല കാരണങ്ങളാൽ പ്രയാസമേറിയതാണ്. ആർജിത സ്വത്ത്, പുറംവരുമാനം തുടങ്ങി ഏറെ പ്രസക്തമായ ഘടകങ്ങൾ തൊഴിലിനെ മാത്രം ആധാരമാക്കിയാൽ പരിഗണിക്കപ്പെടാതെ പോയേക്കും.

ഇക്കാര്യങ്ങൾ കണക്കിലെടുത്താണ് പരിഷത്ത് 1987-ലെ ആരോഗ്യ സർവെയുടെ അപഗ്രഥനം നടത്തിയത്. സാമൂഹ്യ സാമ്പത്തിക സ്ഥിതി (Socio Economic Status-SES) അനുസരിച്ചുള്ള അന്നത്തെ വർഗീകരണം സമൂഹവും ആരോഗ്യവും തമ്മിലുള്ള ബന്ധം വിലയിരുത്തുന്നതിൽ ഏറെ ഫലപ്രദമായിരുന്നു. വീടിന്റെ ഭൗതികസ്ഥിതി, പ്രതിശീർഷവരുമാനം, കുടുംബത്തിന്റെ ഭൂഉടമസ്ഥത, അംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത എന്നിവ പൊതുവിൽ കണക്കിലെടുത്തുകൊണ്ടുണ്ടാക്കിയ ഒരു Composite Index ന്റെ അടിസ്ഥാനത്തിൽ കുടുംബങ്ങളെ നാല് സാമൂഹ്യ സാമ്പത്തിക വിഭാഗങ്ങ(SES)ളായി വർഗീകരിക്കുകയായിരുന്നു. ഇത്പ്രകാരം പരമദരിദ്രർ (14.7%), ദരിദ്രർ (48.2%) ഇടത്തരക്കാർ (29%) സമ്പന്നർ 8% എന്നിങ്ങനെയായിരുന്നു വിഭജിച്ചത്.

കേരളത്തിൽ കുടുംബങ്ങളെ ഇതേ രീതിയിൽ നാലായി വർഗീകരിക്കുന്നത് ഇന്നും പ്രസക്തമാണ്. അതിനാൽ ചില പരിഷ്കാരങ്ങളോടെ ആരോഗ്യസർവെയുടെ രീതി കേരളപഠനത്തിലും ആവർത്തിച്ചു. കുടുംബത്തിന്റെ പണച്ചെലവും കുടുംബത്തിൽ ആർജ്ജിച്ച ഉപഭോക്തൃ ഉൽപ്പന്നങ്ങളും കൂടി ഇവിടെ കണക്കിലെടുക്കുന്നു. എന്നാൽ, വിദ്യാഭ്യാസത്തെ ഒരു മാനദണ്ഡമായി ഈ വർഗീകരണത്തിൽ പരിഗണിച്ചിട്ടില്ല. കാരണം സാമൂഹ്യഗ്രൂപ്പ് നിർണ്ണയിക്കുന്നതിൽ വിദ്യാഭ്യാസം ഒരു ഘടകമാകുമ്പോൾ തിരിച്ച് വിദ്യാഭ്യാസ നിലവാരം സാമൂഹ്യ ഗ്രൂപ്പ് നിർണ്ണയിക്കുന്നതിനും ഇടയാക്കുന്നു. അതായത് വിദ്യാഭ്യാസം ഒരേസമയം കാര്യവും കാരണവുമാകുന്നതിനാലാണ് അത് ഒഴിവാക്കിയത്.

ഈ അടിസ്ഥാനത്തിൽ നാല് ഘടകങ്ങളെ മാനദണ്ഡമാക്കി കുടുംബങ്ങളെ അടിസ്ഥാന യൂണിറ്റായി കണക്കാക്കിക്കൊണ്ടുള്ള വർഗീകരണമാണ് കേരളപഠന അപഗ്രഥനത്തിൽ സ്വീകരിച്ചത്. അവ ഇപ്രകാരമാണ്.

1. പ്രതിശീർഷ വരുമാനം (പരമാവധി 5 സ്കോർ): കുടുംബങ്ങളെ വരുമാന അടിസ്ഥാനത്തിൽ അഞ്ച് തലങ്ങളായി (Quintiles) വിഭജിച്ചു. അതിന്റെ അടിസ്ഥാനത്തിൽ വരുമാനം കുറഞ്ഞ താഴത്തെ 20ശതമാനത്തിൽ പെട്ടവർക്ക് ഒരു സ്കോറും വരുമാനം കൂടിയ മുകളിലത്തെ 20 ശതമാനത്തിൽ പെട്ടവർക്ക് 5 സ്കോറും നൽകി.
2. പ്രതിശീർഷ ചെലവ് (പരമാവധി 10 സ്കോർ): ചെലവിനെ 10 തലങ്ങളായാണ് (Deciles) വിഭജിച്ചത്. സ്വയം വെളിപ്പെടുത്തുന്ന വരുമാനത്തേക്കാൾ വിശ്വാസ്യത സ്വയം വെളിപ്പെടുത്തുന്ന ചെലവിനാണെന്നതിനാൽ അതിന് കൂടുതൽ പ്രാധാന്യം നൽകിയതുകൊണ്ടാണ് ഈ ഘടകത്തിന് കൂടിയ സ്കോർ നൽകുന്നത്. ചെലവ് ഏറ്റവും കുറഞ്ഞ താഴത്തെ പത്ത് ശതമാനത്തിൽ പെടുന്നവർക്ക് ഒരു സ്കോറും ചെലവ് കൂടിയ മുകളിലത്തെ 10

ശതമാനക്കാർക്ക് 10 സ്കോറും ലഭിക്കുന്നു.

3. വീടിന്റെ പൊതുസ്ഥിതി (ഒൻപത് ഘടകങ്ങൾ–ഓരോന്നിന്നും ഓരോ സ്കോർ വീതം)
   a. മേൽക്കൂര– ഓല/ഷീറ്റ് –1; ഓല+ മറ്റുള്ളവ –2; ഓട് –3; കോൺക്രീറ്റ്–4
   b. നിലം – മണ്ണ്/ചാണകം–1; മണ്ണ്, ചാണകം+ സിമന്റ് –2; സിമന്റ് –3; മൊസൈക്ക്–4; ഗ്രാനൈറ്റ്/മാർബിൾ–5
4. ഉപഭോക്തൃ ഉൽപ്പന്നങ്ങളുടെ ഉടമസ്ഥത (പത്ത് പ്രധാന ഉൽപ്പന്നങ്ങൾ– ഓരോന്നിന്റെ ഉടമസ്ഥതക്ക് ഓരോ സ്കോർ)– റേഡിയോ, ടി.വി., വാഷിങ്ങ് മെഷീൻ, മിക്സി, ഫ്രിഡ്ജ്, ഗ്യാസ് സ്റ്റൗവ്, കാർ/ജീപ്പ്, ടൂവീലർ, കമ്പ്യൂട്ടർ, എയർകണ്ടീഷനർ

മുകളിൽ പറഞ്ഞതുപോലെ ഓരോ കുടുംബത്തിനും ഉണ്ടാകാവുന്ന സ്കോറുകൾ മൊത്തം കണക്കാക്കുന്നു. അതിന്നു ശേഷം വിവിധ Cut-off പരിധി കണക്കാക്കി കുടുംബ ങ്ങളെ നാലായി വർഗീകരിക്കുന്നു (പട്ടിക 1.1 കാണുക).

സ്കോർ നിർണ്ണയം ജീവിതാനുഭവത്തെ അടിസ്ഥാനമാക്കിയാണ് നടത്തിയത്. ഉദാ: ഒരു പരമ ദരിദ്ര കുടുംബത്തിന് നാം ലിസ്റ്റ് ചെയ്ത 10 ഉപഭോഗ വസ്തുക്കളിൽ ഏതാണ്ട് 2 എണ്ണം പോലും സ്വന്തമായി ഉണ്ടാകാൻ സാധ്യതയില്ല. ഇങ്ങനെയുള്ള ഒരു കുടുംബം കുടുംബ ചെലവിന്റെ കാര്യത്തിൽ താഴത്തെ ഒന്നാമത്തെയോ രണ്ടാമത്തെയോ തലത്തിലോ വരുമാനത്തിന്റെ കാര്യത്തിൽ ഏറ്റവും താഴത്തെ തലത്തിലുമോ ആയിരിക്കും. ഇത്തരം കുടുംബങ്ങളുടെ വീടിന്റെ പൊതുസ്ഥിതിക്ക് പരമാവധി 5 സ്കോറിൽ കൂടുതൽ വരാൻ സാധ്യതയില്ല. ഇവ ഒന്നിച്ച് കൂട്ടിയാൽ (2+2+1+5) 10 സ്കോർ ആയിരിക്കും. ഈ ധാരണയിലാണ് 11 സ്കോർ ഒന്നാമത്തെ 'Cut off' പരിധിയായി കണക്കാക്കിയത്. 11ൽ താഴെ സ്കോർ വരുന്ന കുടുംബത്തെ സാമ്പത്തിക ഗ്രൂപ്പ് I ആയി പരിഗണിക്കുന്നു. ഇതേ രീതിയിൽ കട്ട് ഓഫ് നിർണ്ണയിച്ച് II മുതൽ IV വരെയുള്ള ഗ്രൂപ്പുകളെയും കണക്കാക്കിയിരിക്കുന്നു.

**പട്ടിക 1.1**
**വിവിധ സാമ്പത്തിക ഗ്രൂപ്പുകളുടെ രൂപീകരണം**

| സാമ്പത്തിക ഗ്രൂപ്പ് | സ്കോർ | വർഗീകരണം |
|---|---|---|
| EG I | 11 ൽ കുറവ് | BPL ദരിദ്രർ |
| EG II | 11–16 | APL ദരിദ്രർ |
| EG III | 17–24 | താഴ്ന്ന ഇടത്തരക്കാർ |
| EG IV | 24 ൽ കൂടുതൽ | ഉയർന്ന ഇടത്തരക്കാർ |

പട്ടിക 1.2–ൽ കുടുംബങ്ങളുടേയും അതിലെ ജനങ്ങളുടേയും എണ്ണം നൽകിയിരിക്കുന്നു. സാമ്പത്തിക ഗ്രൂപ്പ് (Economic Group - EG) ഒന്നിലും രണ്ടിലും കുടുംബങ്ങളിലെ അംഗസംഖ്യ പൊതുവിൽ കൂടിയതിനാലാണ് വ്യക്തികളുടെ എണ്ണത്തിന്റെ അനുപാതം വർധിക്കാൻ കാരണം.

**പട്ടിക 1.2**
**സാമ്പത്തിക വിഭാഗങ്ങളുടെ വിതരണം**

| EG | കുടുംബം (%) | വ്യക്തികൾ (%) |
|---|---|---|
| I | 14.0 | 15.1 |
| II | 32.2 | 34.8 |
| III | 43.2 | 41.2 |
| IV | 10.6 | 8.8 |

കേരള പഠനത്തിന്റെ അതേ വർഗീകരണ രീതി തന്നെയാണ് സ്ത്രീപദവി പഠനത്തിലും അനുവർത്തിച്ചത്. അതനുസരിച്ച് ലഭിച്ച EG-1, EG-2, EG-3, EG-4 കുടുംബങ്ങളുടെ അനു

പാതം യഥാക്രമം 13.7, 31.8, 43.7, 10.8 എന്നിങ്ങനെയാണ്. ഇത് കേരളപഠനത്തിന്റെ മൊത്തം സാമ്പിളിന്റെ അനുപാതവുമായി ഏതാണ്ട് പൂർണമായും യോജിച്ച നിൽക്കുന്നത് കാണാം. സ്ത്രീപദവി പഠനത്തിന്റെ സാമ്പിളിനെ വാലിഡേറ്റ് ചെയ്യാനായി പൊതുസെൻസസിലെ മത അനുപാതവുമായും താരതമ്യം ചെയ്യുകയുണ്ടായി. അതും ഏതാണ്ട് തുല്യ അനുപാതം തന്നെയാണ്. ഇവ രണ്ടും സ്ത്രീപദവി പഠനത്തിലെ സാമ്പിളിന്റെയും കണക്കെടുപ്പ് രീതി യുടെയും സൂക്ഷ്മത വ്യക്തമാക്കാനുപകരിക്കുന്നു (ചിത്രം 1.1, 1.2 കാണുക).

**ചിത്രം–1.1**
**സ്ത്രീപഠനം സാമ്പിൾ കേരളപഠനം കണക്കുകളുമായുള്ള താരതമ്യം മതവിഭാഗം തിരിച്ച്**




**ചിത്രം–1.2**
**സ്ത്രീപഠനം സാമ്പിൾ സെൻസസ് കണക്കുകളുമായുള്ള താരതമ്യം സാമ്പത്തിക ഗ്രൂപ്പ് തിരിച്ച്**



# തൊഴിലിടങ്ങളിൽ

ഇന്ത്യയിലെ ഇതര ഭാഗങ്ങളെ അപേക്ഷിച്ച് സ്ത്രീകൾക്കെതിരെയുള്ള പരമ്പരാഗത നിയന്ത്രണങ്ങൾ താരതമ്യേന കുറവുള്ള പ്രദേശമായിട്ടാണ് കേരളത്തെ കണക്കാക്കുന്നത്. വിദ്യാഭ്യാസരംഗത്തെ സ്ത്രീകളുടെ മികച്ച പങ്കാളിത്തം ഇതിന്റെ പ്രതിഫലനമാണ്. കേരളത്തിൽ നടന്ന നവോത്ഥാന, സാമൂഹ്യപരിഷ്ക്കാരങ്ങളാണ് ഈ മുന്നേറ്റത്തിന് അടിസ്ഥാനം. കേരളത്തിൽ വിവിധ കാലഘട്ടങ്ങളിൽ അധികാരത്തിലിരുന്ന ജനകീയ സർക്കാറുകളുടെ ഇടപെടലുകൾ ഇതിനെ ശക്തിപ്പെടുത്തി. ഇതു സ്ത്രീ–പുരുഷ ഭേദമന്യേ എല്ലാവർക്കും വിദ്യാഭ്യാസം ലഭിക്കുന്നതിന് സഹായകമായി.

ലിംഗസമത്വ വികസന സൂചികയിൽ (Gender Development Index) കേരളം ഒന്നാം സ്ഥാനത്താണ്. ഇതിനുള്ള മുഖ്യ കാരണം വിദ്യാഭ്യാസത്തിലും ആരോഗ്യത്തിലുമുള്ള കേരള സ്ത്രീകളുടെ മികച്ച അവസ്ഥയാണ്. എന്നാൽ GDI യിലെ മറ്റൊരു പ്രധാന ഇനമായ തൊഴിൽ പങ്കാളിത്തത്തിലും അതു വഴിയുള്ള വരുമാനത്തിലും കേരളം ഇന്ത്യൻ സംസ്ഥാനങ്ങളിൽ മുൻനിരയിലല്ല ഉള്ളത്. മൊത്തം GDI യിൽ ഒന്നാം സ്ഥാനത്തു തുടരുന്നതുകൊണ്ട് ഇതു പലപ്പോഴും നാം വിസ്മരിക്കുകയാണ്.

സ്ത്രീപഠനത്തിൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തത്തെക്കുറിച്ചുള്ള വിശദമായ വിവരങ്ങൾ ശേഖരിക്കുകയുണ്ടായി. സ്ത്രീകൾ ചെയ്യുന്ന ജോലി മുഖ്യമായും സ്ഥിരംജോലി, താൽക്കാലികജോലി എന്നിങ്ങനെ രണ്ടായാണ് വിഭജിച്ചത്. വർഷത്തിൽ ആറു മാസത്തിലധികം ഏർപ്പെട്ടിരിക്കുന്ന ജോലികളെല്ലാം സ്ഥിരമെന്നും അതിൽ കുറവുള്ളത് താൽക്കാലികമെന്നുമാണ് ഈ പഠനത്തിൽ നിർവചിച്ചത്. ഇത് സെൻസസിൽ പിൻതുടരുന്ന മുഖ്യ തൊഴിൽ (Main work) പാർശ്വതൊഴിൽ (Marginal work) എന്നിവയക്കു സമാനമാണ്. നാഷണൽ സാമ്പിൾ സർവെയിൽ (NSS) പിൻതുടരുന്ന രീതി വ്യത്യസ്തമാണ്. മുഖ്യ തൊഴിൽ (Principal status) ഉപതൊഴിൽ (Subsidiary status) എന്നിങ്ങനെയാണ് NSSO യിലെ വിഭജനം. മുഖ്യമായും ഒരു തൊഴിലിലേർപ്പെട്ട ആളുടെ മറ്റു തൊഴിലുകൾ/ ഉപതൊഴിലുകളിൽ നിന്നുള്ള വരുമാനം കണക്കിലെടുക്കാതെ പോകുന്നില്ല എന്നതാണ് ഇതിന്റെ മേന്മ.

സ്ത്രീപഠനത്തിൽ സ്ഥിരം തൊഴിൽ എടുക്കുന്നവരായാലും താൽക്കാലികമായി തൊഴിലെടുക്കുന്നവരായാലും അവരുടെ മറ്റു വരുമാനസ്രോതസ്സുകളെക്കുറിച്ചും/ ഇതര വരുമാന ദായക പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ കൂടി പ്രത്യേകമായി ശേഖരിച്ചിട്ടുണ്ട്.

സ്ഥിരം തൊഴിലിലും താൽക്കാലിക തൊഴിലിലും ഏർപ്പെട്ടിരിക്കുന്നവർക്കു പുറമെ തൊഴിലന്വേഷകർ, വിദ്യാർഥികൾ എന്നീ രണ്ടു വിഭാഗങ്ങൾ കൂടിയുണ്ട്. വരുമാനമുള്ള പുറംതൊഴിലുകൾ അന്വേഷിക്കാതെ ഗാർഹിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വിദ്യാർഥികളല്ലാത്തവരെ ഈ പഠനത്തിൽ 'വീട്ടമ്മ' എന്നാണ് നിർവചിച്ചിട്ടുള്ളത്.

പട്ടിക 2-1 ൽ 15 – 59 പ്രായത്തിലുള്ള സ്ത്രീകളുടെ തൊഴിൽ സ്ഥിതി (ശതമാനം) വിശദീകരിക്കുന്നു.

പട്ടിക 2.1
15-59 പ്രായത്തിലൂള്ള സ്ത്രീകളുടെ തൊഴിൽ സ്ഥിതി

| വിഭാഗം | സ്ഥിരം (a) | താൽക്കാലികം (b) | വീട്ടമ്മ (c) | തൊഴിലില്ലാത്തവർ (d) | വിദ്യാർഥിനി (e) | LFPR (a+b+d) | ആകെ സ്ത്രീ തൊഴിൽ പങ്കാളിത്തം |
|---|---|---|---|---|---|---|---|
| All | 9.5 | 16.1 | 43.7 | 23.9 | 6.8 | 49.5 | 25.6 |
| സാമ്പത്തിക ഗ്രൂപ്പ് | | | | | | | |
| EG1 | 5.5 | 26.6 | 40.6 | 17.1 | 10.2 | 49.2 | 32.0 |
| EG2 | 5.5 | 17.8 | 44.6 | 23.3 | 8.8 | 46.6 | 23.3 |
| EG3 | 10.8 | 16.6 | 41.6 | 25.8 | 5.2 | 53.2 | 27.4 |
| EG4 | 21.9 | 5.3 | 43.9 | 26.3 | 2.6 | 53.5 | 27.2 |
| മതം | | | | | | | |
| ഹിന്ദു | 12.4 | 20.8 | 37.7 | 24.4 | 4.7 | 57.6 | 33.2 |
| മുസ്ലീം | 3.3 | 6.3 | 55.4 | 25.4 | 9.6 | 35.0 | 9.6 |
| ക്രിസ്ത്യൻ | 10.6 | 22.4 | 38.2 | 20.0 | 8.8 | 53.0 | 33.0 |
| ജാതി | | | | | | | |
| പിന്നോക്കം | 10.2 | 18.5 | 39.8 | 27 | 4.5 | 55.7 | 28.7 |
| മുന്നോക്കം | 14.3 | 25.6 | 37.6 | 19.5 | 3 | 59.4 | 39.9 |
| പട്ടികജാതി | 14.9 | 19.3 | 33.3 | 24.6 | 7.9 | 58.8 | 34.2 |
| പട്ടികവർഗം | 26.7 | 40.0 | 26.7 | 6.6 | 0 | 73.4 | 66.7 |
| പ്രദേശം | | | | | | | |
| ഗ്രാമം | 9.1 | 17.1 | 43.2 | 23.2 | 6.9 | 49.4 | 26.2 |
| നഗരം | 10.1 | 16.0 | 38.6 | 30.3 | 5.0 | 56.4 | 26.1 |

ഇതനുസരിച്ച് മൊത്തം സ്ത്രീ തൊഴിൽ സേനയിൽ ഈ പ്രായത്തിലുള്ള സ്ത്രീകളിൽ തൊഴിൽ സേനാ പങ്കാളിത്തം (LFPR) 49.5 ശതമാനം ആണെന്നു കാണാം.

NSSO 66-ാം റൗണ്ട് പ്രകാരം കേരളത്തിന്റെ LFPR 36.1 ശതമാനം മാത്രമാണ്. അതായത് സ്ത്രീപഠനത്തിലെ കണക്കിനേക്കാൾ 13.4 ശതമാനം കുറവ്. ഇതിനുള്ള കാരണം മുഖ്യമായും തൊഴിലില്ലാത്തവരുടെ അനുപാതത്തിൽ വന്ന മാറ്റമാണ്. സ്ത്രീപഠനത്തിൽ 15 – 59

പ്രായക്കാരിൽ തൊഴിലില്ലാത്തവർ 23.9 ശതമാനം ആണെങ്കിൽ NSSO പ്രകാരം അത് 6.3% മാത്രമാണ്. രണ്ടു പഠനങ്ങളിലേയും വിവരശേഖരണരീതികളിൽ വന്ന വ്യത്യാസങ്ങൾ മൂല മാകാം ഇത്. സ്ത്രീപഠനത്തിൽ നാമമാത്രമായി പഠനം നടത്തുന്നവർ, മുഖ്യമായും തൊഴില ന്വേഷകരാണെങ്കിൽ അവരെ ആ ഗണത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത് NSSO യിൽ തിരിച്ചാകാനുള്ള സാധ്യത ഉണ്ട്.

മൊത്തം സ്ത്രീ തൊഴിൽ പങ്കാളിത്തത്തിന്റെ (FWPR) കാര്യത്തിൽ NSSO യും സ്ത്രീപ ഠനവും തമ്മിൽ സാരമായ വ്യത്യാസമില്ല എന്ന് കാണാം. ഇത് യഥാക്രമം 29.8 ശതമാനവും 25.6ശതമാനവുമാണ്. മറ്റൊരു സവിശേഷത തൊഴിൽ പങ്കാളിത്തത്തിൽ ഗ്രാമനഗര വ്യത്യാ സങ്ങളില്ല എന്നുള്ളതാണ്. ഗ്രാമം (26.2%)വും നഗരം (26.1%)വും ആണ്. NSSO 66-ാം റൗണ്ട് പ്രകാരവും കേരളത്തിൽ നഗര ഗ്രാമ വ്യത്യാസങ്ങൾ വളരെ കുറവാണ് (ഗ്രാമം (30.2%) നഗരം (28.4%)). ഇതാകട്ടെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും പൊതുവിൽ ഇന്ത്യയിൽ മൊത്ത ത്തിലുള്ളതിൽ നിന്നും വളരെ വ്യത്യസ്തമാണ്. അത് യഥാക്രമം ഗ്രാമം (39.1%), നഗരം (19.8%)എന്നിങ്ങനെയാണ്. NSSO ഡാറ്റ പ്രകാരം ബീഹാറും ഉത്തർപ്രദേശും കഴിഞ്ഞാൽ ഏറ്റവും കുറഞ്ഞ ഗ്രാമീണ സ്ത്രീ തൊഴിൽ പങ്കാളിത്തം കേരളത്തിനാണ്. എന്നാൽ നഗര സ്ത്രീതൊഴിൽ പങ്കാളിത്തത്തിൽ മുഖ്യ സംസ്ഥാനങ്ങളിൽ ഒന്നാം സ്ഥാനം കേരള ത്തിലാണ്. മറ്റ് സംസ്ഥാനങ്ങളുടേത് പോലെ നഗര-ഗ്രാമ വ്യത്യാസങ്ങൾ കേരളത്തിലില്ല എന്നതാണ് കാരണം. എന്നിരുന്നാലും ആകെ ജനസംഖ്യയിൽ ഉള്ള സ്ത്രീ തൊഴിൽ പങ്കാ ളിത്തത്തിന്റെ കാര്യത്തിൽ ബീഹാർ, ആസ്സാം, യു.പി എന്നിവയുടെ കൂടെ ഏറ്റവും പിന്നിലാണ് കേരളത്തിന്റെ സ്ഥാനം.

മൊത്തം സ്ത്രീജനസംഖ്യയിലെ തൊഴിൽ പങ്കാളിത്തം ഈ പഠനത്തിൽ 16.1 ശതമാനം ആണ്. സെൻസസ് കണക്കുകൾ പ്രകാരം 1991ൽ 15.9 ശതമാനവും 2001 ൽ 15.3 ശതമാനവുമായിരുന്നത് 2011ൽ 18.2 ശതമാനം ആയി ഉയർന്നതായി കാണാം. 2004 ലെ കേരള പഠനത്തിൽ 13.1 ശതമാനം മാത്രമാ യിരുന്ന സ്ത്രീ തൊഴിൽ പങ്കാളിത്തം ചെറിയ തോതിൽ വർധിച്ചതായിട്ടാണ് ഇപ്പോൾ കാണുന്നത്. ഇതിന് ഒരു ഭാഗിക വിശദീക രണം ജനസംഖ്യയിൽ കുട്ടികളുടെ അനു പാതം കുറയുന്നതുമാകാം.

സ്ത്രീ പഠനത്തിലെ മൊത്തം തൊഴിൽ പങ്കാളിത്തം പട്ടിക 2-2 ൽ നൽകുന്നു.

ചിത്രം 2(1) ൽ വിവിധ സംസ്ഥാനങ്ങളിലെ സ്ത്രീതൊഴിൽ പങ്കാളിത്തം ചിത്രീകരിച്ചിരി

പട്ടിക 2.2
സ്ത്രീപഠനത്തിലെ
മൊത്തം തൊഴിൽ പങ്കാളിത്തം

| വിഭാഗം | സ്ത്രീപഠനം | സെൻസസ് 2011 |
|---|---|---|
| ആകെ | 16.1 | 18.2 |
| സാമ്പത്തിക ഗ്രൂപ്പ് | | |
| 1 | 18.4 | |
| 2 | 15.6 | |
| 3 | 16.5 | |
| 4 | 18.9 | |
| മതം | | |
| ഹിന്ദു | 21.5 | |
| മുസ്ലീം | 6.3 | |
| ക്രിസ്ത്യൻ | 18.2 | |
| ജാതി | | |
| പിന്നോക്കം | 18.9 | |
| മുന്നോക്കം | 23.6 | |
| പട്ടികജാതി | 24.0 | |
| പട്ടികവർഗം | 45.5 | |
| പ്രദേശം | | |
| ഗ്രാമം | 16.7 | |
| നഗരം | 16.8 | |

ക്കുന്നു. ഇതു പ്രകാരം പഞ്ചാബ്, ഹരിയാന, ഉത്തർപ്രദേശ്, കാശ്മീർ, പശ്ചിമബംഗാൾ എന്നീ സംസ്ഥാനങ്ങളോടൊപ്പം ഏറ്റവും കുറഞ്ഞ തൊഴിൽപങ്കാളിത്തമുള്ള സംസ്ഥാന മാണ് കേരളം.

ചിത്രം 2.2
സെൻസസ് 2011
തൊഴിൽ പങ്കാളിത്ത നിരക്ക് (സ്ത്രീകൾ)



സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം സാമ്പത്തിക ഗ്രൂപ്പുകളിലും പട്ടിക 2(1) (15 - 59 പ്രായം) പട്ടിക 2(2)ലും (മൊത്തം) നൽകിയിരിക്കുന്നത് ശ്രദ്ധിക്കുക. തൊഴിൽ പങ്കാളിത്തം (WPR) ഏറ്റവും കൂടുതൽ ഉള്ളത് EG1 ലും ഏറ്റവും കുറവ് EG 2 ലുമാണെന്ന് കാണാം. മൊത്തം എണ്ണത്തിൽ EG 1 ലും EG 4 ലും കൂടുതലുള്ളപ്പോൾ EG 2 ലും 3 ലും കുറവായിരിക്കുന്നത് കാണാം. ഇത് സാമ്പത്തിക ശാസ്ത്രജ്ഞർ ചൂണ്ടിക്കാണിക്കുന്ന 'U' മാതൃകയുമായി ഒത്തുചേരുന്നു. ഉദാഹരണത്തിന് NSSO 66-ാം റൗണ്ടിന്റെ അടിസ്ഥാനത്തിൽ ഡാനിയൽ നെഫും കൂട്ടരും നടത്തിയ പഠനത്തിൽ ഏറ്റവും കുറവ് ഉപഭോഗ ചെലവ് (Consumption Expenditure) ഉള്ള ഗ്രൂപ്പിൽ താരതമ്യേന കൂടുതലുള്ള തൊഴിൽ പങ്കാളിത്തം (WPR) ക്രമേണ കുറഞ്ഞുവരികയും ചെലവിന്റെ കാര്യത്തിൽ മധ്യത്തിലുള്ള ഗ്രൂപ്പുകളിൽ ഏറ്റവും കുറവ് കാണിക്കുകയും പിന്നീട് ഉയർന്ന ഉപഭോഗചെലവുള്ള ഗ്രൂപ്പുകളിൽ ക്രമേണ വർധിക്കുകയും ചെയ്യുന്നത് കാണാം.

തൊഴിൽ പങ്കാളിത്തത്തെ ബാധിക്കുന്ന മറ്റൊരു പ്രധാന ഘടകം മതമാണ്. മുസ്ലീം മത വിഭാഗത്തിൽ സ്ത്രീ തൊഴിൽ പങ്കാളിത്തം ക്രമാതീതമായ തോതിൽ കുറവാണ്. ഇത് മറ്റ് പഠനങ്ങളും രേഖപ്പെടുത്തുന്നുണ്ട്. മാത്രമല്ല ചിത്രം -1ൽ കാണുന്നതുപോലെ സെൻസസ് പ്രകാരം തൊഴിൽ പങ്കാളിത്തം (WPR) ഏറ്റവും കുറവുള്ള സംസ്ഥാനങ്ങളിൽ മിക്കതിലും, ഉദാഹരണമായി ജമ്മുകാശ്മീർ, കേരളം, പശ്ചിമബംഗാൾ, ബീഹാർ എന്നിവിടങ്ങളിലെല്ലാം ഗണ്യമായ മുസ്ലീം ജനസംഖ്യയുണ്ട് എന്നുള്ളത് ശ്രദ്ധേയമാണ്. ജാതിതിരിച്ചുള്ള കണക്കിൽ വ്യക്തമായി കാണുന്ന ഒരു കാര്യം പട്ടികവർഗ വിഭാഗത്തിലെ താരതമ്യേന ഉയർന്ന സ്ത്രീതൊഴിൽ പങ്കാളിത്തമാണ്. ഇതാകട്ടെ പ്രധാനമായും കൂലിത്തൊഴിലുകളിൽ ഉള്ള ഉയർന്ന പങ്കാളിത്തമാണ്.

തൊഴിൽ മേഖലയിലെ സ്ഥിരം തൊഴിലും താൽക്കാലിക തൊഴിലുകളും തമ്മിലുള്ള അനുപാതം പട്ടിക 2.3 ൽ നൽകിയിരിക്കുന്നു. 15-59 പ്രായക്കാരായ മൊത്തം തൊഴിലെടുക്കുന്നവരിൽ കൂടുതൽ പേരും താൽക്കാലിക തൊഴിലുകളാണ് (16.1%) ചെയ്യുന്നത്. സ്ഥിരം തൊഴിലുള്ളവർ 9.5 ശതമാനം മാത്രമാണ്. താൽക്കാലിക/ സ്ഥിരം തൊഴിലുകളുടെ അനുപാതത്തിന് സാമ്പത്തികസ്ഥിതിയുമായി ശക്തമായ ബന്ധമുണ്ട്. സ്ഥിരം തൊഴിൽ EGI ൽ 5.5

പട്ടിക 2.3
സ്ത്രീതൊഴിൽ പങ്കാളിത്തം ജില്ലതിരിച്ച്

| ജില്ല | സ്ഥിരം | താൽക്കാലികം | ആകെ |
|---|---|---|---|
| തിരുവനന്തപുരം | 3.5 | 10.6 | 14.1 |
| കൊല്ലം | 14.7 | 17.3 | 32.0 |
| പത്തനംതിട്ട | 4.0 | 24.0 | 28.0 |
| ആലപ്പുഴ | 23.1 | 19.2 | 42.3 |
| കോട്ടയം | 9.7 | 25.8 | 35.5 |
| ഇടുക്കി | 14.3 | 14.3 | 28.6 |
| എറണാകുളം | 14.8 | 23.7 | 38.5 |
| തൃശ്ശൂർ | 8.6 | 17.2 | 25.8 |
| പാലക്കാട് | 3.1 | 20.3 | 23.4 |
| മലപ്പുറം | 6.9 | 7.5 | 14.4 |
| കോഴിക്കോട് | 9.0 | 15.7 | 24.7 |
| വയനാട് | 5.0 | 50.0 | 55.0 |
| കണ്ണൂർ | 8.4 | 9.6 | 18.0 |
| കാസർഗോഡ് | 10.7 | 19.6 | 30.3 |
| ആകെ | 9.5 | 16.1 | 25.6 |

ശതമാനം ഉള്ളത് ക്രമേണ വർധിച്ച് EG IV ൽ 21.9 ശതമാനത്തിലെത്തുമ്പോൾ താൽക്കാലിക തൊഴിലുകൾ 26.6ശതമാനത്തിൽ നിന്ന് ക്രമേണ കുറഞ്ഞ് 5.3 ശതമാനത്തിൽ നിൽക്കുന്നു. ഇത്തരത്തിലുള്ള ഒരു ബന്ധം മതത്തിന്റെ കാര്യത്തിൽ ഇല്ല. 15–59 പ്രായക്കാരിൽ 43.7 ശതമാനം വീട്ടമ്മമാരാണ്. ഇവരെ പറ്റിയുള്ള കൂടുതൽ വിശദമായ ചർച്ച അടുത്ത അധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ജില്ല തിരിച്ചുള്ള സ്ത്രീ തൊഴിൽ പങ്കാളിത്തത്തിന്റെ കണക്കുകൾ (പട്ടിക 2(3)) പരിശോധിക്കുമ്പോൾ ചില വ്യക്തമായ പ്രവണതകൾ കാണിക്കുന്നു. സ്ത്രീതൊഴിൽ പങ്കാളിത്തം പ്രത്യേകിച്ച് സ്ഥിരം തൊഴിലുകൾ കൂടുതലുള്ളത് പരമ്പരാഗത വ്യവസായം കൂടുതലുള്ള ആലപ്പുഴ, കൊല്ലം എന്നീ ജില്ലകളിലും തോട്ടം മേഖല കൂടുതലുള്ള ഇടുക്കി, വയനാട് ജില്ലകളിലുമാണ്. കൂടാതെ കൂടുതൽ വ്യവസായവൽക്കരിക്കപ്പെട്ട എറണാകുളം ജില്ലയിലുമാണ്. മലപ്പുറം, തിരുവനന്തപുരം, ജില്ലകളിലാണ് ഏറ്റവും കുറവ് തൊഴിൽ പങ്കാളിത്തമുള്ളത്. ഇതിൽ മലപ്പുറം നേരത്തെ പറഞ്ഞതുപോലെ മുസ്ലീം ഭൂരിപക്ഷപ്രദേശമാണ് എന്നതാവാം കാരണം.

സ്ത്രീ തൊഴിൽ പങ്കാളിത്ത നിരക്കും വിദ്യാഭ്യാസ യോഗ്യതയും തമ്മിലുള്ള ബന്ധം പട്ടിക 2.4 ൽ ലഭ്യമാണ്. ഏറ്റവും കൂടുതൽ തൊഴിൽ പങ്കാളിത്തം വിദ്യാഭ്യാസ ശ്രേണിയുടെ രണ്ട് അറ്റങ്ങളിലാണെന്ന് കാണാം. അതായത് ഏറ്റവും താഴെയുള്ള നിരക്ഷരിൽ

പട്ടിക 2.4
സ്ത്രീ തൊഴിൽ പങ്കാളിത്തവും വിദ്യാഭ്യാസ നിലവാരവും

| വിദ്യാഭ്യാസ നിലവാരം | സ്ഥിരം | താൽക്കാലികം | ആകെ |
|---|---|---|---|
| നിരക്ഷരർ | 10.0 | 27.5 | 37.5 |
| ഔപചാരികം | 2.0 | 24.5 | 26.5 |
| പ്രാഥമികം | 6.8 | 21.1 | 27.9 |
| സെക്കണ്ടറി | 6.9 | 15.0 | 21.9 |
| പ്ലസ്ടു | 10.3 | 9.3 | 19.6 |
| ഡിപ്ലോമ | 4.5 | 9.1 | 13.6 |
| ബിരുദം | 16.3 | 17.8 | 34.1 |
| ബിരുദാനന്തര ബിരുദം | 11.1 | 0 | 11.1 |
| പ്രൊഫഷണൽ | 26.2 | 14.3 | 40.5 |
| ആകെ | 9.5 | 16.1 | 25.6 |

37.5 ശതമാനവും ഏറ്റവും മുകളിലുള്ള പ്രൊഫഷണലുകളിൽ 40.5 ശതമാനവും ഇതിനിടയിലുള്ള ശ്രേണികൾ ഏതാണ്ട് ഒരു U ആകൃതി പിന്തുടരുന്നതായി കാണാം. അതായത് നിരക്ഷരരുടെ തോതിനേക്കാൾ പടിപടിയായി താഴോട്ടു വന്ന് ഏറ്റവും കുറവ് എത്തിനിൽക്കുന്നത് +2, ഡിപ്ലോമ തലത്തിലാണ്. വീണ്ടും ഡിഗ്രി, പ്രൊഫഷണൽ യോഗ്യതകളിൽ നിരക്ക് ഉയരുകയും ചെയ്യുന്നു. കുറഞ്ഞ വിദ്യാഭ്യാസ യോഗ്യതയുള്ളവരിൽ താൽക്കാലികതൊഴിൽ സ്ഥിരം തൊഴിലിനേക്കാൾ പതിന്മടങ്ങ് കൂടുതലാണ്. ഇതേ അനുപാതം പ്രൊഫഷണലുകളിലേക്കെത്തുമ്പോൾ നേരെ വിപരീത ദിശയിലേക്ക് നീങ്ങുന്നതു കാണാം (ചിത്രം 2.2 കാണുക).

**ചിത്രം 2.2**
**തൊഴിലും (സ്ഥിരം, താൽക്കാലികം) വിദ്യാഭ്യാസ നിലവാരവും**




വിദ്യാഭ്യാസ യോഗ്യതകൾക്ക് അനുസൃതമായ തൊഴിൽ ലഭ്യമല്ലെങ്കിൽ സ്ത്രീകൾ കൂടുതലും ഗാർഹിക കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് വീടുകളിൽ ഒതുങ്ങിക്കൂടാനാണ് സാധ്യത. സെക്കൻഡറി, പ്ലസ്ടു, ഡിപ്ലോമ യോഗ്യതയുള്ളവർ പൊതുവിൽ കായിക തൊഴിലുകൾക്ക് വൈമുഖ്യം കാണിക്കുകയും അതേ സമയം മറ്റ് അനുയോജ്യമായ തൊഴിലുകൾ ലഭ്യമല്ലാതിരിക്കുകയും ചെയ്യുന്നതാണ് അവരുടെ കുറഞ്ഞ തൊഴിൽ പങ്കാളിത്തത്തിന് കാരണമെന്ന് അനുമാനിക്കാവുന്നതാണ്.

ബിരുദാനന്തര ബിരുദ യോഗ്യത നേടിയവരിൽ തൊഴിൽ പങ്കാളിത്തം 11 ശതമാനം മാത്രമാണെങ്കിലും അവ മുഴുവൻ സ്ഥിരം തൊഴിലുകളാണ്. ഈ ഗണത്തിൽ പെടുന്നവരുടെ എണ്ണം വളരെ കുറവാണെന്നതും പ്രസ്താവ്യമാണ്. പ്രൊഫഷണൽ വിദ്യാഭ്യാസം നേടിയവരിൽ പോലും 40 ശതമാനമാണ് തൊഴിൽ പങ്കാളിത്തം. (15–59 വയസ്സ്) അധ്യാപന ബിരുദം (BEd) ഉൾപ്പെടെയുള്ള യോഗ്യതകൾ ഈ വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്നത് ശ്രദ്ധിക്കുക.

15–59 പ്രായത്തിലുള്ള സ്ത്രീകളുടെ തൊഴിലില്ലായ്മാ നിരക്കും വിദ്യാഭ്യാസ യോഗ്യതയും തമ്മിലുള്ള ബന്ധം ചിത്രം 2.3 ൽ നൽകിയിരിക്കുന്നു. വിദ്യാഭ്യാസ യോഗ്യത ഉയരുന്നതിനനുസരിച്ച് പടിപടിയായി തൊഴിലന്വേഷകരുടെ അനുപാതം വർധിക്കുന്നു. കേരളത്തിലെ സ്ത്രീകളുടെ താരതമ്യേന ഉയർന്ന വിദ്യാഭ്യാസ നിലവാരത്തിനനുസൃതമായി തൊഴിലുകൾ സൃഷ്ടിക്കപ്പെടുന്നില്ല എന്നതിന്റെ പ്രകടമായ പ്രതിഫലനമാണ് ഇവിടെ കാണുന്നത്. താരതമ്യേന കുറവ് വിദ്യാഭ്യാസ യോഗ്യതയുള്ള വിഭാഗങ്ങളിൽ (ഉദാ: സെക്കന്ററി, പ്ലസ്ടു) പലരും തൊഴിലന്വേഷണ ശ്രമത്തിനു പകരം സ്വയം വീട്ടമ്മയെന്ന് വിശേഷിപ്പിക്കാനാണ് ഇഷ്ടപ്പെടുന്നത്. വീട്ടമ്മവൽക്കരണത്തിന്റേതായ ഈ പ്രതിഭാസത്തെക്കുറിച്ച് അടുത്ത അധ്യായത്തിൽ കൂടുതൽ ചർച്ച ചെയ്യുന്നുണ്ട്.

ചിത്രം 2.3




സ്ത്രീപഠനം സാമ്പിളിൽ ഉൾപ്പെട്ടവരിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നേടിയവരുടെ വിവരങ്ങളാണ് പട്ടിക 2.5 ൽ കൊടുത്തിരിക്കുന്നത്.

പട്ടിക 2.5
തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നേടിയവരുടെ
അനുപാതം സാമൂഹ്യ സാമ്പത്തിക വിഭാഗം തിരിച്ച്

| സാമ്പത്തിക ഗ്രൂപ്പ് | % |
|---|---|
| EG I | 15.3 |
| EG II | 19.3 |
| EG III | 26.1 |
| EG IV | 31.5 |
| മൊത്തം സ്ത്രീകൾ | 28.1 |
| സാമൂഹ്യ വിഭാഗം | |
| ക്രിസ്ത്യൻ | 26.4 |
| മുസ്ലീം | 10.4 |
| മൊത്തം ഹിന്ദു | 28.0 |
| പട്ടികജാതി | 21.8 |
| പട്ടികവർഗം | 13.6 |
| പിന്നോക്കം | 23.9 |
| മുന്നോക്കം | 22.4 |

പട്ടിക 2.6
18 വയസ്സിന് മുകളിലുള്ള വ്യത്യസ്ത തൊഴിലധിഷ്ഠിത യോഗ്യതകൾ നേടിയ സ്ത്രീകളുടെ അനുപാതം സാമൂഹ്യ വിഭാഗങ്ങളുടെ അടിസ്ഥാനത്തിൽ

| ഇനം | പിന്നോക്കം | മുന്നോക്കം | പട്ടിക ജാതി | പട്ടിക വർഗം | മൊത്തം ഹിന്ദു | മുസ്ലീം | ക്യസ്ത്യൻ |
|---|---|---|---|---|---|---|---|
| ടൈപ്പിംഗ്&ഷോർട്ട്ഹാന്റ് | 6.1 | 5.7 | 2.8 | 0 | 6.3 | 0.2 | 3.2 |
| ടൈലറിങ്ങ് | 4.9 | 3.3 | 5.6 | 9.1 | 5.6 | 1.2 | 5.0 |
| കമ്പ്യൂട്ടർ | 6.1 | 2.8 | 4.5 | 4.5 | 6.0 | 3.7 | 3.2 |
| സാങ്കേതിക വിദ്യാഭ്യാസം | 2.5 | 6.1 | 2.2 | 0 | 3.9 | 3.0 | 4.7 |
| മെഡിക്കൽ & പാരാമെഡിക്കൽ | 2.0 | 2.4 | 4.5 | 0 | 3.0 | 1.2 | 11.2 |
| ടെക്നിക്കൽ | 2.2 | 2 | 2.2 | 0 | 2.5 | 0.2 | 1.8 |

പട്ടിക 2.7
തൊഴിലധിഷ്ഠിത യോഗ്യതയുള്ളവരുടെ അനുപാതം
(30 വയസ്സിന് താഴെയും 30 വയസ്സിന് മുകളിലും)

| | 30+ | <30 | ആകെ |
|---|---|---|---|
| ടൈപ്പിംഗ് & ഷോർട്ട്ഹാന്റ് | 19.9 | 7.6 | 14.0 |
| ടൈലറിംഗ് | 15.6 | 13.4 | 15.1 |
| കമ്പ്യൂട്ടർ | 10.9 | 23.9 | 16.7 |
| സാങ്കേതിക വിദ്യാഭ്യാസം | 13.0 | 12.2 | 12.6 |
| മെഡിക്കൽ & പാരാമെഡിക്കൽ | 11.2 | 16.8 | 13.8 |
| ടെക്നിക്കൽ | 4.0 | 8.4 | 6.3 |
| മറ്റുള്ളവ | 25.4 | 17.6 | 21.5 |

വ്യത്യസ്ത തൊഴിലധിഷ്ഠിത യോഗ്യത നേടിയ 18 വയസ്സിന് മുകളിലുള്ള സ്ത്രീകളുടെ അനുപാതം 28.1 ആണ് ഇത് സ്വാഭാവികമായും ദരിദ്ര വിഭാഗങ്ങളിൽ കുറവും (EG-1ൽ 15.3) സമ്പന്ന വിഭാഗങ്ങളിൽ അതിന്റെ ഇരട്ടിയുമാണ് (EG IV ൽ 31.5).

സാങ്കേതിക യോഗ്യതകളുടെ വ്യത്യസ്ത മേഖലകൾ പട്ടിക 2.6 ൽ കൊടുത്തിരിക്കുന്നു. തയ്യൽ, കമ്പ്യൂട്ടർ പഠനം, പാരാമെഡിക്കൽ എന്നിവയാണ് ഇവയിൽ പ്രധാനമായും ഉള്ളത്.

പരമ്പരാഗത കോഴ്സുകളായ ടൈപ്പിംഗ്, ഷോർട്ട്ഹാന്റ് എന്നിവ പുതിയ തലമുറയിൽ കമ്പ്യൂട്ടർ കോഴ്സുകളിലേക്ക് മാറുന്നുണ്ടെങ്കിലും മറ്റു മേഖലകളിലൊന്നും തന്നെ വൻതോതിലുള്ള മാറ്റങ്ങൾ ദൃശ്യമല്ല (പട്ടിക 2.7).

കേരളത്തിലെ സ്ത്രീ വിദ്യാഭ്യാസ വളർച്ചയുടെ സ്വഭാവം സൂചിപ്പിക്കുന്ന പൊതു പട്ടികകളാണ് ഇവിടെ കൊടുത്തിരിക്കുന്നത്. നിരക്ഷരത ചെറിയ തോതിലാണെങ്കിലും ഇപ്പോഴും

| പട്ടിക 2.8<br>നിരക്ഷരതയുടെയും അനൗപചാരിക സാക്ഷരതയുടെയും അനുപാതം വിവിധ സാമൂഹ്യ വിഭാഗങ്ങളിൽ (%)<br>(18 വയസ്സിന് മുകളിൽ) | | |
|---|---|---|
| ഗ്രൂപ്പ് | നിരക്ഷരർ | സാക്ഷരർ |
| ക്രിസ്ത്യൻ | 2.3 | 5.3 |
| മുസ്ലീം | 9.6 | 7.4 |
| ഹിന്ദു | 7.7 | 5.7 |
| പട്ടികജാതി | 10.7 | 8.7 |
| പട്ടികവർഗം | 18.8 | 6.3 |
| പിന്നോക്കം | 8.2 | 5.2 |
| മുന്നോക്കം | 3.9 | 4.9 |

| പട്ടിക 2.9<br>സ്ത്രീയായതുകൊണ്ട് പരീക്ഷകൾക്കും തൊഴിൽ തേടുന്നതിനും പ്രശ്നം നേരിട്ടിട്ടുണ്ടോ | | |
|---|---|---|
| ഇനം | ഉണ്ട് | ഇല്ല |
| സാമ്പത്തിക ഗ്രൂപ്പ് | | |
| EG1 | 32.9 | 67.1 |
| EG2 | 35.1 | 64.9 |
| EG3 | 34.6 | 65.1 |
| EG4 | 29.6 | 70.4 |
| മതം | | |
| ഹിന്ദു | 29.1 | 70.9 |
| മുസ്ലീം | 45.9 | 54.1 |
| ക്രിസ്ത്യൻ | 34.9 | 65.1 |
| ജാതി | | |
| പിന്നോക്കം | 33.1 | 66.9 |
| മുന്നോക്കം | 21.5 | 78.5 |
| പട്ടികജാതി | 25.4 | 74.6 |
| പട്ടികവർഗം | 57.2 | 42.8 |
| ആകെ | 34.0 | 66.0 |

N = 709

നിലനിൽക്കുന്നു. സാമൂഹ്യമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളിൽ പ്രത്യേകിച്ചും. സ്ത്രീ വിദ്യാഭ്യാസത്തിന്റെ ചരിത്രപരമായ വളർച്ചയെ സൂചിപ്പിക്കുന്ന വിവരങ്ങളാണ് പട്ടിക 2.7 ൽ കാണാൻ കഴിയുന്നത്.

സ്ത്രീ ആണ് എന്നതുകൊണ്ടുതന്നെ 34 ശതമാനം പേർക്ക് പരീക്ഷകൾക്കും തൊഴിൽ തേടുന്നതിനും പ്രയാസം നേരിട്ടിട്ടുണ്ട്. ഇത് പട്ടികവർഗക്കാർക്കിടയിൽ കൂടുതൽ പ്രകടമാണ് (57.2%). വിവാഹം, ശിശുപരിപാലനം എന്നിവയാണ് കൂടുതൽ പേരും നേരിട്ട പ്രധാന തടസ്സങ്ങൾ (പട്ടിക 2.9, 2.10 കാണുക).

| പട്ടിക 2.10<br>സ്ത്രീകൾക്ക് തൊഴിൽ തേടുന്നതിന് തടസ്സമായ ഘടകങ്ങൾ | | | | |
|---|---|---|---|---|
| ഇനം | വിവാഹം | പ്രസവം | ശിശുപരിപാലനം | മറ്റുള്ളവ |
| സാമ്പത്തിക ഗ്രൂപ്പ് | | | | |
| 1 | 22.6 | 3.3 | 25.8 | 38.7 |
| 2 | 25.9 | 4.9 | 18.5 | 45.7 |
| 3 | 23 | 6.0 | 25.6 | 41.9 |
| 4 | 26.9 | 7.7 | 30.8 | 30.8 |
| ആകെ | 24.3 | 5.5 | 23.9 | 46.3 |

N = 255

**തൊഴിൽ ചെയ്യുന്ന സ്ത്രീകളുടെ വർഗീകരണം**

തൊഴിൽ ചെയ്യുന്ന സ്ത്രീകളുടെ വർഗീകരണം സംബന്ധിച്ച പട്ടിക 2.11 കാണുക. ഈ വർഗീകരണം 2004 ദേശീയ തൊഴിൽ വർഗീകരണം National Classification of Occupation (NCO 2004) അനുസരിച്ചാണ്. ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷന്റെ അംഗീകൃത വർഗീകരണ രീതിയാണിത്. ഈ വർഗീകരണമനുസരിച്ച് ഏറ്റവും കൂടുതൽ സ്ത്രീകൾ തൊഴിലെടുക്കുന്നത് പ്രാഥമിക തൊഴിൽ മേഖലകളിലാണ് (31.3%). ഇവയിൽ ഭൂരിഭാഗവും താൽക്കാലിക തൊഴിലുകളാണെന്ന് കാണാം (180 ദിവസത്തിൽ കുറവു മാത്രം).

പട്ടിക 2.11
NCO 2004 അനുസരിച്ച് (%)
15-59 പ്രായം തൊഴിലെടുക്കുന്ന സ്ത്രീകൾ

| തൊഴിൽ വിഭാഗം | സ്ഥിരം | താൽക്കാലികം | ആകെ |
|---|---|---|---|
| 1. നിയമനിർമാണം, സീനിയർ ഉദ്യോഗസ്ഥർ | 0 | 0 | 0 |
| 2. പ്രൊഫഷണൽ | 4.8 | 0.3 | 5.1 |
| 3. ടെക്നീഷ്യൻ, അസോസിയേറ്റ് പ്രൊഫഷണൽ | 13.7 | 4.2 | 17.9 |
| 4. ക്ലാർക്ക് | 4.8 | 0.9 | 5.7 |
| 5. സേവന, കട, കമ്പോള തൊഴിലാളികൾ | 2.1 | 6.6 | 8.7 |
| 6. വിദഗ്ധ കാർഷിക-മത്സ്യ തൊഴിലാളികൾ | 0.3 | 6.6 | 6.9 |
| 7. കൈവേല-കച്ചവട തൊഴിലാളികൾ | 8.7 | 15.5 | 24.2 |
| 8. കമ്പനി മെഷീൻ ഓപ്പറേറ്റേഴ്സ് | 0 | 0 | 0 |
| 9. പ്രാഥമിക തൊഴിൽ | 6.0 | 25.4 | 31.4 |
| 10. വർഗീകരിക്കാത്തത് | 0 | 0.3 | 0.3 |
| ആകെ | 40.3 | 59.7 | 100.0 |

പരമ്പരാഗത വ്യവസായ തൊഴിലുകളിൽപ്പെട്ട NCO ഗ്രൂപ്പ് 7 ലാണ് പിന്നീട് ഏറ്റവുമധികം സ്ത്രീകൾ ജോലി ചെയ്യുന്നത് (24.2%). താൽക്കാലിക ജോലികൾ തന്നെയാണ് ഈ വിഭാഗത്തിലും കൂടുതൽ. ഈ രണ്ട് ഗ്രൂപ്പുകളിലേയും തൊഴിലുകളുടെ പ്രത്യേകത അവ താരതമ്യേന കുറഞ്ഞ വരുമാനമുള്ളതാണ് എന്നുള്ളതാണ്.

ഇത് കഴിഞ്ഞാൽ തൊഴിലടുക്കുന്ന ഏറ്റവും കൂടുതൽ സ്ത്രീകൾ ഉൾപ്പെട്ടിരിക്കുന്നത് NCO ഗ്രൂപ്പ് 3 ലാണ് (17.9%). നഴ്സുമാർ, സാങ്കേതികത്തുറകളിൽ പ്രവർത്തിക്കുന്നവർ, പ്രാഥമിക വിദ്യാലയങ്ങളിലെ അധ്യാപികമാർ എന്നിവരെല്ലാമുൾപ്പെടുന്ന ഈ മേഖല വരുമാനത്തിന്റെ കാര്യത്തിലും സ്ഥിരജോലികളുടെ ഉയർന്ന അനുപാതത്തിലും വളരെയധികം ഉയർന്നു നിൽക്കുന്നു.

സാമ്പത്തിക ഗ്രൂപ്പുകൾ തിരിച്ചുള്ള തൊഴിൽ വിഭജനം പട്ടിക 2.12 കാണുക. വളരെ വ്യക്തമായും ഉയർന്ന വരുമാനമുള്ള തൊഴിലുകളിൽ അതായത് ഗ്രൂപ്പ് 2, 3, 4 ൽ ഉയർന്ന സാമ്പത്തിക ഗ്രൂപ്പുകളുടെ പ്രാതിനിധ്യം വളരെ കൂടുതലാണ്. താഴ്ന്ന വരുമാനമുള്ള ജോലികളിൽ തിരിച്ചാണ് സ്ഥിതി. EGI ൽ (അതി ദരിദ്രർ) 88.1% വരുമാനം കുറഞ്ഞ പരമ്പരാഗത വ്യവസായം കൂലി തൊഴിൽ എന്നിവയടങ്ങുന്ന NCO 7, 9 എന്നിവയിൽ ഉൾപ്പെടുന്നു. മറുവ

*N = പ്രസ്തുത ചോദ്യത്തോട് പ്രതികരിച്ചവരുടെ എണ്ണം*

| പട്ടിക 2.12<br>തൊഴിലെടുക്കുന്നവർ (സാമ്പത്തിക ഗ്രൂപ്പ്%) 15-59 വയസ്സ് | | | | | |
|---|---|---|---|---|---|
| | തൊഴിൽ വിഭാഗം | EG 1 | EG 2 | EG 3 | EG 4 |
| 1. | നിയമനിർമാണം,<br>സീനിയർ ഉദ്യോഗസ്ഥർ | 0 | 0 | 0 | 0 |
| 2. | പ്രൊഫഷണൽ | 0 | 1 | 7.8 | 17.9 |
| 3. | ടെക്നീഷ്യൻ,<br>അസോസിയേറ്റ് പ്രൊഫഷണൽ | 2.4 | 11.2 | 22.7 | 32.1 |
| 4. | ക്ലാർക്ക് | 0 | 1 | 5.5 | 32.1 |
| 5. | സേവന, കട,<br>കമ്പോള തൊഴിലാളികൾ | 4.8 | 14.3 | 7 | 7.1 |
| 6. | വിദഗ്ധ കാർഷിക-<br>മത്സ്യ തൊഴിലാളികൾ | 4.8 | 7.1 | 7 | 3.6 |
| 7. | കൈവേല-കച്ചവട തൊഴിലാളികൾ | 38.1 | 25.5 | 24.2 | 0 |
| 8. | കമ്പനി മെഷീൻ ഓപ്പറേറ്റേഴ്സ് | 0 | 0 | 0 | 0 |
| 9. | പ്രാഥമിക തൊഴിൽ | 50 | 39.8 | 25 | 7.1 |
| 10. | വർഗീകരിക്കാത്തത് | 0 | 0 | 0.8 | 0 |

ശത്ത് EG IV ൽ (ഉയർന്ന മധ്യവർഗം) ഉൾപ്പെടുന്ന 82.1% ഉയർന്ന വരുമാനമുള്ള പ്രൊഫഷണലുകൾ ടെക്നീഷ്യന്മാർ, ടീച്ചർ, ക്ലർക്ക് എന്നിവയെല്ലാമടങ്ങുന്ന NCO 2, 3, 4 വിഭാഗങ്ങളിലാണ്.

NCO ഉപവിഭാഗങ്ങളിൽ രണ്ടെണ്ണത്തിൽ (അതായത് ഗ്രൂപ്പ് 1 ഭരണാധികാരികളും സാമാജികരും, ഗ്രൂപ്പ് 8 കമ്പനി മെഷീൻ ഓപ്പറേറ്റേഴ്സ്) ഈ പഠനത്തിലെ ആരും തന്നെ ഉൾപ്പെട്ടിട്ടില്ല.

| പട്ടിക 2.13<br>തൊഴിൽ വിഭാഗം മതം അനുസരിച്ച് | | | | |
|---|---|---|---|---|
| | തൊഴിൽ വിഭാഗം (NCO 2004) | മതം | | |
| | | ഹിന്ദു | മുസ്ലീം | ക്രിസ്ത്യൻ |
| 1. | നിയമനിർമാണം, സീനിയർ ഉദ്യോഗസ്ഥർ | 0 | 0 | 0 |
| 2. | പ്രൊഫഷണൽ | 5 | 4.3 | 7.4 |
| 3. | ടെക്നീഷ്യൻ, അസോസിയേറ്റ് പ്രൊഫഷണൽ | 16.9 | 4.3 | 22.2 |
| 4. | ക്ലാർക്ക് | 5 | 4.3 | 9.3 |
| 5. | സേവന, കട, കമ്പോള തൊഴിലാളികൾ | 9.1 | 8.7 | 9.3 |
| 6. | വിദഗ്ധ കാർഷിക- മത്സ്യ തൊഴിലാളികൾ | 6.4 | 8.7 | 5.6 |
| 7. | കൈവേല-കച്ചവട തൊഴിലാളികൾ | 25.1 | 34.8 | 16.7 |
| 8. | കമ്പനി മെഷീൻ ഓപ്പറേറ്റേഴ്സ് | 0 | 0 | 0 |
| 9. | പ്രാഥമിക തൊഴിൽ | 32 | 34.8 | 29.6 |
| 10. | വർഗീകരിക്കാത്തത് | 0.5 | 0 | 0 |

പട്ടിക 2.13 ലും 2.14 ലും NCO വർഗീകരണ പ്രകാരമുള്ള തൊഴിൽ വിഭജനം മതം തിരിച്ചും ജാതി തിരിച്ചും നൽകിയിരിക്കുന്നു. ഉയർന്ന വരുമാന തൊഴിലുകളുൾപ്പെട്ട 2, 3, 4 ഗ്രൂപ്പുകളിൽ ക്രിസ്ത്യൻ വിഭാഗത്തിൽ തൊഴിലെടുക്കുന്നവരുടെ 38.9% മുണ്ടെങ്കിൽ ഏറ്റവും കുറവുള്ളത് മുസ്ലീം വിഭാഗത്തിലാണ് (12.9%).

ജാതി തിരിച്ചുള്ള കണക്കു പ്രകാരം മുന്നോക്കക്കാരിൽ 35.2% ഈ ഗ്രൂപ്പുകളിലാണുൾപ്പെടുന്നത്. പട്ടികജാതിക്കാരിൽ ആരും തന്നെയില്ല എന്നതും ശ്രദ്ധേയമാണ്.

തൊഴിലെടുക്കുന്ന സ്ത്രീകളിൽ പട്ടികജാതിയിലുൾപ്പെടുന്നവരിൽ 60%വും പട്ടിക വർഗത്തിൽ 87.5%വും NCO ഗ്രൂപ്പ് 7ലും 9ലും ആണ് ഉൾപ്പെടുന്നതെന്നതും നിലവിലുള്ള സാമൂഹ്യാവസ്ഥയുടെ കൃത്യമായ രേഖപ്പെടുത്തലാണ്.

**പട്ടിക 2.14**
**തൊഴിൽ വിഭാഗം (ജാതി അനുസരിച്ച്) 15-59 വയസ്സ്**

| | തൊഴിൽ വിഭാഗം (NCO 2004 | ജാതി | | | |
|---|---|---|---|---|---|
| | | പിന്നോക്കം | മുന്നോക്കം | പട്ടിക ജാതി | പട്ടിക വർഗം |
| 1. | നിയമനിർമാണം, സീനിയർ ഉദ്യോഗസ്ഥർ | 0 | 0 | 0 | 0 |
| 2. | പ്രൊഫഷണൽ | 6.1 | 7.8 | 0 | 0 |
| 3. | ടെക്നീഷ്യൻ, അസോസിയേറ്റ് പ്രൊഫഷണൽ | 14.9 | 19.6 | 20 | 0 |
| 4. | ക്ലാർക്ക് | 3.5 | 7.8 | 6.7 | 0 |
| 5. | സേവന, കട, കമ്പോള തൊഴിലാളികൾ | 9.6 | 7.8 | 11.1 | 0 |
| 6. | നിപുണരായ കാർഷിക-മത്സ്യ തൊഴിലാളികൾ | 7 | 7.8 | 2.2 | 12.5 |
| 7. | കൈവേല-കച്ചവട തൊഴിലാളികൾ | 27.2 | 25.5 | 22.2 | 12.5 |
| 8. | കമ്പനി മെഷീൻ ഓപ്പറേറ്റേഴ്സ് | 0 | 0 | 0 | 0 |
| 9. | പ്രാഥമിക തൊഴിൽ | 31.6 | 21.6 | 37.8 | 75 |
| 10. | വർഗീകരിക്കാത്തത് | 0 | 2 | 0 | 0 |

പട്ടിക 2.15
തൊഴിൽ പട്ടിക-കൂടുതൽ വിവരങ്ങൾ

| | തൊഴിൽ വിഭാഗം (NCO 2004) | തൊഴിൽ | എണ്ണം | % |
|---|---|---|---|---|
| 2. | പ്രൊഫഷണൽ | കോളേജ്, +2 ടീച്ചർ | 13 | 3.4 |
| | | എഞ്ചിനീയർ | 2 | 0.5 |
| | | എക്കൗണ്ടന്റ് | 2 | 0.5 |
| | | മൈക്രോബയോളജിസ്റ്റ് | 1 | 0.3 |
| 3. | ടെക്നീഷ്യൻ- അസോസിയേറ്റ് പ്രൊഫഷണൽ | സ്കൂൾ ടീച്ചർ | 23 | 6.1 |
| | | നഴ്സ് | 10 | 2.6 |
| | | കമ്പ്യൂട്ടർ ഓപ്പറേറ്റർ | 7 | 1.8 |
| | | അംഗൻവാടി ടീച്ചർ | 6 | 1.6 |
| | | പാരാമെഡിക്കൽ | 5 | 1.3 |
| | | നഴ്സറി ടീച്ചർ | 5 | 1.3 |
| | | ട്യൂഷൻ ടീച്ചർ | 4 | 1.1 |
| | | ധന ഏജന്റ് | 4 | 1.1 |
| | | ബിസിനസ്സ് | 1 | 0.3 |
| 4. | ക്ലാർക്ക് | ക്ലാർക്ക് | 22 | 5.8 |
| 5. | സേവന, കടകമ്പോള തൊഴിലാളി | വിൽപ്പനരംഗം | 15 | 3.9 |
| | | ഹോട്ടൽ തൊഴിൽ | 9 | 2.4 |
| | | മത്സ്യവിൽപ്പന | 2 | 0.5 |
| | | വിൽപ്പന ഏജന്റ് | 2 | 0.5 |
| | | അലക്കൽ | 1 | 0.3 |
| | | പാൻ പീടിക | 1 | 0.3 |
| | | ഭക്ഷണം പാകം ചെയ്യുന്നവർ | 1 | 0.3 |
| | | ബ്യൂട്ടീഷ്യൻ | 1 | 0.3 |
| 6. | വിദഗ്ധ കാർഷിക-മത്സ്യത്തൊഴിൽ | മൃഗ പരിപാലനം | 30 | 7.9 |
| 7. | കൈവേല കച്ചവട തൊഴിൽ | തയ്യൽ | 26 | 6.8 |
| | | സ്വയം തൊഴിൽ | 15 | 3.9 |
| | | പരമ്പരാഗതം, കശുവണ്ടി | 14 | 3.7 |
| | | കയർ | 13 | 3.4 |
| | | ബീഡി | 11 | 2.9 |
| | | ഭക്ഷണ നിർമാണം | 4 | 1.1 |
| | | നെയ്ത്ത് | 3 | 0.8 |
| | | ഭക്ഷണം | 1 | 0.3 |
| 9. | പ്രാഥമിക തൊഴിലുകൾ | കൈത്തൊഴിൽ | 34 | 8.9 |
| | | കൃഷിപ്പണി | 24 | 6.3 |
| | | വീട്ടുജോലി | 14 | 3.7 |
| | | തൂപ്പുവേല | 12 | 3.2 |
| | | നിർമാണം | 11 | 2.9 |
| | | പച്ചക്കറി കൃഷി | 9 | 2.4 |
| | | ഭക്ഷണ നിർമാണം | 8 | 2.1 |
| | | തൊഴിലുറപ്പ് | 7 | 1.8 |
| | | ചെറുകിട വ്യവസായങ്ങൾ | 4 | 1.1 |

| പട്ടിക 2.16<br>തൊഴിലുള്ള സ്ത്രീയുടെ<br>മാസവരുമാനം | |
|---|---|
| മൊത്തം | **3374** |
| **സാമ്പത്തിക വിഭാഗം** | |
| 1 | 1347 |
| 2 | 2034 |
| 3 | 4158 |
| 4 | 10016 |
| **പ്രദേശം** | |
| ഗ്രാമം | 3522 |
| നഗരം | 3279 |
| **മതം** | |
| ഹിന്ദു | 2980 |
| മുസ്ലീം | 3245 |
| ക്രിസ്ത്യൻ | 5580 |
| **ജാതി** | |
| പിന്നോക്കം | 3310 |
| മുന്നോക്കം | 3379 |
| പട്ടികജാതി | 1810 |
| പട്ടികവർഗം | 2408 |
| **തരം** | |
| സ്ഥിരം | 6031 |
| താൽക്കാലികം | 1819 |

**സ്ത്രീകളുടെ മുഖ്യ തൊഴിൽ തുറകൾ**

തൊഴിലെടുക്കുന്ന സ്ത്രീകളുടെ ശരാശരി പ്രതിമാസ വരുമാനം 3374 രൂപയാണ്. ഇതിൽ വ്യത്യസ്ത തരംതിരിവുകൾ വെച്ച് ഏറ്റവും പ്രകടമായ വ്യത്യാസം കാണുന്നത് സാമ്പത്തിക ഗ്രൂപ്പുകൾ തമ്മിലാണ്. EG-I ൽ ശരാശരി വരുമാനം 1347 മാത്രമാണ്. വിഭാഗം 4 ലാകട്ടെ 10016 ഉം ആണ്. ഇതിനുള്ള കാരണം സ്വാഭാവികമായും അവരെടുക്കുന്ന തൊഴിലുകളിലെ വ്യത്യാസമാണ്. EG-I ൽ പ്രധാനമായും കായിക തൊഴിലുകളാണെങ്കിൽ (NCO 7, 9) EG 4 ൽ കൂടുതൽ പ്രൊഫഷണൽ സാങ്കേതിക ക്ലാർക്ക് എന്നീ ഗ്രൂപ്പുകളിലാണ് (NCO 2, 3, 4). ഈ ഗ്രൂപ്പുകളിൽ പെട്ടവർ തമ്മിലുള്ള വരുമാനത്തിന്റെ അന്തരം ചിത്രം 2(4) ൽ നൽകിയിരിക്കുന്നത് ശ്രദ്ധിക്കുക.

തൊഴിലെടുക്കുന്ന സ്ത്രീകളുടെ വരുമാനത്തിൽ മറ്റൊരു പ്രകടമായ വ്യത്യാസം കാണുന്നത് സ്ഥിരം തൊഴിലുകാരും താൽക്കാലിക തൊഴിലുകാരും തമ്മിലാണ്. സ്ഥിരം തൊഴിലുകാരുടെ വരുമാനം മറ്റുള്ളവരുടേതിന്റെ മൂന്നിരട്ടിയിലധികമാണ്. മതവിഭാഗങ്ങളിൽ ക്രിസ്ത്യൻ വിഭാഗത്തിന്റെ തൊഴിൽ വരുമാനം കൂടുതലാണെന്ന് കാണാം.

**ചിത്രം 2.4**
**വ്യത്യസ്ത തൊഴിൽ വിഭാഗങ്ങളിലെ ശരാശരി മാസവരുമാനം**



പട്ടിക 2.17
തൊഴിലെടുക്കുന്ന സ്ത്രീകളുടെ പ്രതിമാസ വരുമാനം

| | തൊഴിൽ രംഗം (NCO 2004) | തൊഴിൽ | മാസവരുമാനം |
|---|---|---|---|
| 2. | പ്രൊഫഷണൽ | മൈക്രോബയോളജിസ്റ്റ് | 30000 |
| | | കോളേജ്, +2 അധ്യാപകർ | 12684 |
| | | എഞ്ചിനീയർ | 12500 |
| | | എക്കൗണ്ടന്റ് | 10250 |
| 3. | ടെക്നീഷ്യൻ അസോസിയേറ്റ് പ്രൊഫഷണൽ | നഴ്സ് | 9865 |
| | | സ്കൂൾ ടീച്ചർ | 5620 |
| | | ധനകാര്യ ഏജന്റ് | 4188 |
| | | കമ്പ്യൂട്ടർ ഓപ്പറേറ്റർ | 3300 |
| | | പാരാമെഡിക്കൽ | 2700 |
| | | നഴ്സറി ടീച്ചർ | 2533 |
| | | ട്യൂഷൻ ടീച്ചർ | 2400 |
| | | അംഗൻവാടി ടീച്ചർ | 1266 |
| 4. | ക്ലാർക്ക് | ക്ലാർക്ക് | 7682 |
| 5. | സേവന-കട കമ്പോള തൊഴിലാളി | ബ്യൂട്ടീഷ്യൻ | 15000 |
| | | പാചകം | 3000 |
| | | അലക്ക് | 3000 |
| | | വിൽപ്പന ഏജന്റ് | 2542 |
| | | മത്സ്യ വിൽപ്പന | 1700 |
| | | വിൽപ്പന | 1354 |
| | | പാൻമസാല | 1250 |
| 6. | വിദഗ്ധ കൃഷി-മത്സ്യത്തൊഴിലാളി | മൃഗപരിപാലനം | 1829 |
| 7. | കൈവേല അനുബന്ധ ജോലികൾ | തയ്യൽ | 2014 |
| | | പരമ്പരാഗത വ്യവസായം നെയ്ത്ത് | 1900 |
| | | ഹോട്ടൽ പണി | 1828 |
| | | കയർ | 1662 |
| | | കശുവണ്ടി | 1519 |
| | | ഭക്ഷണം | 1400 |
| | | ബീഡി | 1160 |
| | | കുടിൽ വ്യവസായം | 676 |
| 9. | പ്രാഥമിക തൊഴിൽ | തൊഴിലുറപ്പ് | 2981 |
| | | ശുചീകരണം | 2565 |
| | | കാർഷിക തൊഴിൽ | 2314 |
| | | ചെറുകിട വ്യവസായ തൊഴിൽ | 2095 |
| | | നിർമാണം | 2076 |
| | | ശാരീരിക അധ്വാനം | 1870 |
| | | വീട്ടുജോലി | 1007 |
| | | ഭക്ഷണ വ്യവസായ തൊഴിൽ | 994 |
| | | പച്ചക്കറി കൃഷി | 800 |

പട്ടിക 2.18
മൊത്തം കുടുംബ വരുമാനത്തിൽ സ്ത്രീകളുടെ പങ്ക്

| സാമ്പത്തിക ഗ്രൂപ്പ് | സ്ത്രീകളുടെ വരുമാനം | കുടുംബ വരുമാനം 2004 (കേരള പഠനം) | കുടുംബ വരുമാനം 2008 ലേക്ക് കണക്കാക്കിയത് | സ്ത്രീകളുടെ വരുമാനം % |
|---|---|---|---|---|
| 1 | 509 | 1922 | 2427 | 21 |
| 2 | 741 | 3279 | 4140 | 17.9 |
| 3 | 1127 | 6050 | 7639 | 14.7 |
| 4 | 2289 | 14928 | 18850 | 12.1 |
| Total | 975 | 5483 | 6923 | 14.1 |

പട്ടിക 2.19
കുടുംബത്തിൽ സ്ത്രീകളുടെ വരുമാനം (മതം അടിസ്ഥാനത്തിൽ)

| മതം | സ്ത്രീകളുടെ വരുമാനം | കുടുംബ വരുമാനം 2004 (കേരള പഠനം) | കുടുംബ വരുമാനം 2008 ലേക്ക് കണക്കാക്കിയത് | സ്ത്രീകളുടെ വരുമാനം % |
|---|---|---|---|---|
| ഹിന്ദു | 1153 | 5369 | 6780 | 17.0 |
| മുസ്ലീം | 225 | 4974 | 6281 | 3.6 |
| ക്രിസ്ത്യൻ | 1742 | 6323 | 7983 | 21.8 |

സ്ത്രീകളുടെ വരുമാനം മൊത്തം കുടുംബവരുമാനത്തിന്റെ എത്ര ശതമാനമാണെന്നുള്ള പട്ടിക 2.17, 2.18, 2.19 എന്നിവയിൽ വ്യക്തമാണ്. സ്ത്രീപഠനത്തിൽ സ്ത്രീകളുടെ വരുമാനമല്ലാതെ കുടുംബവരുമാനം രേഖപ്പെടുത്തിയിട്ടില്ല. മൊത്തം കുടുംബ വരുമാനത്തിനായി ആശ്രയിച്ചത് ഇതേ കുടുംബങ്ങളുടെ വരുമാനം കേരളപഠനം 2004 ൽ ലഭ്യമായിട്ടുള്ളതാണ്. 2004 നും 2008നും ഇടയ്ക്കുള്ള 4 വർഷത്തെ വർധനവ് ആ വർഷങ്ങളിലെ ഉപഭോക്തൃ വിലസൂചികയുടെ (inflation) നിരക്കിന്റെ (CPI Inflation rate) ശരാശരിയായ വർഷം തോറും 6 ശതമാനം എന്ന കണക്കിനാണ്. അതായത് ഓരോ കുടുംബത്തിന്റെയും വരുമാനം 1.26 കൊണ്ട് ഗുണിച്ചെടുക്കുന്ന സംഖ്യയാണ് 2008 ലെ മൊത്തം കുടുംബ വരുമാനമായി കണക്കാക്കിയിട്ടുള്ളത്.

പട്ടിക 2.17 ൽ വിവിധ തൊഴിലെടുക്കുന്ന സ്ത്രീകളുടെ ശരാശരി വരുമാനം നൽകിയിരിക്കുന്നു. ബഹുഭൂരിഭാഗം പേരും ജോലിയെടുക്കുന്ന NCO 7, 9 വിഭാഗത്തിൽ പെട്ടവരുടെ വരുമാനം 3000 ൽ താഴെയാണ്. അതിൽ തന്നെ ഭൂരിഭാഗവും 2000ത്തിൽ താഴെയാണ്. സാങ്കേതിക അനുബന്ധ തൊഴിലുകളിൽ പോലും നഴ്സിംഗിനു മാത്രമാണ് താരതമ്യേന നല്ല വേതനമുള്ളത് (12586).

പട്ടിക 2.18 ൽ സാമ്പത്തിക വിഭാഗം തിരിച്ചുള്ള കണക്കുകൾ നൽകിയിരിക്കുന്നു. സ്ത്രീകളുടെ പങ്ക് ഏറ്റവും കൂടുതലുള്ളത് സാമ്പത്തിക ഗ്രൂപ്പ് 1ലാണ്. വരുമാനം കൂടുതൽ കാണിക്കുന്നത് EG നാലിലാണെങ്കിലും സ്ത്രീകളുടെ പങ്ക് താരതമ്യേന കുറവാണെന്ന് കാണാം.

പട്ടിക 2.19 ൽ മുസ്ലീം സ്ത്രീകളുടെ പങ്ക് ആകെ വരുമാനത്തിന്റെ 3.6% മാത്രമാണ് എന്ന വസ്തുത വ്യക്തമാക്കുന്നു. ജാതിതിരിച്ചുള്ള കണക്കുകളിൽ ഏറ്റവും കൂടുതൽ സ്ത്രീകളുടെ പങ്കുള്ളത് പട്ടികവർഗ വിഭാഗത്തിലാണ്-40% (പട്ടിക 2.20).

| പട്ടിക 2.20<br>മൊത്തം കുടുംബ വരുമാനത്തിൽ സ്ത്രീകളുടെ പങ്ക് ജാതി അടിസ്ഥാനത്തിൽ | | | | |
|---|---|---|---|---|
| ജാതി | സ്ത്രീകളുടെ വരുമാനം | കുടുംബ വരുമാനം 2004 (കേരള പഠനം) | കുടുംബ വരുമാനം2008 ലേക്ക് കണക്കാക്കിയത് | സ്ത്രീകളുടെ വരുമാനം % |
| പിന്നോക്കം | 1213 | 5449 | 6880 | 17.6 |
| മുന്നോക്കം | 1181 | 6502 | 8210 | 14.4 |
| പ. ജാതി | 870 | 3983 | 5030 | 17.3 |
| പ. വർഗം | 1425 | 2820 | 3561 | 40.0 |

പട്ടിക 2.21 മുതൽ 2.23 വരെ സ്ഥിരം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകളുടെ തൊഴിലിന്റെ വിശദാംശങ്ങളാണ് നൽകിയിരിക്കുന്നത്.

| പട്ടിക 2.21<br>സ്ഥിരം തൊഴിൽ- അധ്വാനഭാരം, ജോലി സ്ഥലത്തേക്കുള്ള ദൂരം<br>(തൊഴിൽ അടിസ്ഥാനത്തിൽ) | | | | |
|---|---|---|---|---|
| | തൊഴിൽ വിഭാഗം (NCO 2004) | ശരാശരി തൊഴിൽ വർഷം | പ്രതിദിന അധ്വാന സമയം | തൊഴിൽ സ്ഥലത്തേയ്ക്കുള്ള ദൂരം, വീട്ടിൽ നിന്ന് (km) |
| 2. | പ്രൊഫഷണൽ | 14.3 | 6.5 | 1.5 |
| 3. | ടെക്നീഷ്യൻ, അസോസിയേറ്റ് പ്രൊഫഷണൽ | 9.3 | 6.8 | 1.8 |
| 4. | ക്ലാർക്ക് | 11.5 | 7.2 | 1.4 |
| 5. | സേവന-കട-കമ്പോള തൊഴിലാളികൾ | 13.9 | 8.7 | 2.1 |
| 6. | വൈദഗ്ധ്യ-കൃഷി-മത്സ്യത്തൊഴിലാളികൾ | 18 | 10 | 2.8 |
| 7. | കൈവേല-കച്ചവട തൊഴിൽ | 19.7 | 6.7 | 2 |
| 8. | പ്രാഥമിക തൊഴിൽ | 18.6 | 8.1 | 2.3 |

കേരളത്തിലെ സ്ത്രീ തൊഴിൽ പങ്കാളിത്തം വളരെ കുറവാണെന്ന് മുമ്പ് ചർച്ച ചെയ്തിരുന്നുവല്ലോ. പക്ഷേ, സ്ത്രീകൾക്ക് തൊഴിൽ വേണമെന്ന കാര്യത്തിൽ സാമ്പത്തിക സ്ഥിതി, ജാതി, മതം, എന്നിവക്കെല്ലാം അതീതമായി എല്ലാ വിഭാഗങ്ങളിലും വേണമെന്ന് തന്നെയാണ് അഭിപ്രായം (പട്ടിക 2.24). ഈ അഭിപ്രായം മുസ്ലീം സ്ത്രീകൾക്കിടയിൽ ശരാശരിയിൽ താഴെയാണ്. ഇവരിൽ പോലും 84.5% പേർ തൊഴിൽ വേണമെന്ന അഭിപ്രായക്കാരാണ്.

സ്ത്രീകൾക്ക് തൊഴിൽ വേണമെന്ന് അഭിപ്രായപ്പെടുന്നവർ അതിന് പറയുന്ന കാരണങ്ങൾ പട്ടിക 2.25 ൽ കൊടുത്തിരിക്കുന്നു.

| പട്ടിക 2.22<br>സ്ഥിരം തൊഴിൽ യാത്രാ രീതി (%) | |
|---|---|
| ബസ്സ് | 45.8 |
| തീവണ്ടി | 3.8 |
| ആപ്പീസ് വാഹനം | 1.5 |
| കാൽനട | 32.1 |
| സ്വന്തം വാഹനം | 7.6 |
| വീട്ടിൽത്തന്നെ ജോലി | 7.6 |
| മറ്റുള്ളവ | 1.5 |

പട്ടിക 2.23
സ്ഥിരം തൊഴിൽ ജോലി സ്ഥലത്തെ സൗകര്യങ്ങൾ

| സൗകര്യങ്ങൾ | ഇപ്പോൾ |
|---|---|
| താമസം | 38 |
| മൂത്രപ്പുര | 83.3 |
| ക്രഷ് | 23.4 |
| വിശ്രമ മുറി | 57.6 |
| വനിതാ പരാതി സെൽ | 14.4 |
| വിനോദ പ്രവർത്തനം | 34.5 |
| തൊഴിലുപകരണങ്ങൾ | 74.4 |
| തൊഴിൽ സംതൃപ്തി | 78.5 |

പട്ടിക 2.24
സ്ത്രീകൾ തൊഴിൽ ചെയ്യണമെന്ന് അഭിപ്രായപ്പെട്ടവർ (%)

| സാമ്പത്തിക ഗ്രൂപ്പ് | |
|---|---|
| EG 1 | 93.4 |
| EG 2 | 92.4 |
| EG 3 | 95.1 |
| EG 4 | 93.1 |
| മതം | |
| ഹിന്ദു | 97.6 |
| മുസ്ലീം | 84.5 |
| ക്രിസ്ത്യൻ | 93.8 |
| ജാതി | |
| പിന്നോക്കം | 97.3 |
| മുന്നോക്കം | 97.5 |
| പട്ടികജാതി | 100 |
| പട്ടികവർഗം | 90 |
| ആകെ | 93.7 |

| പട്ടിക 2.25<br>എന്തുകൊണ്ട് സ്ത്രീകൾ തൊഴിലെടുക്കണം | |
|---|---|
| പഠിച്ചത് പ്രയോഗിക്കാൻ | 2.9 |
| സാമ്പത്തിക ലഭ്യത | 45 |
| അംഗീകാരം | 5.5 |
| മനഃസമാധാനം | 1.4 |
| സ്വയം പര്യാപ്തത | 37.5 |
| പലതരം കാരണങ്ങൾ | 7.8 |

സാമ്പത്തിക നേട്ടവും സ്വയം പര്യാപ്തതയുമാണ് മുഖ്യ കാരണങ്ങൾ. സ്ത്രീകൾ പണിയെടുക്കുന്ന സ്ഥാപനങ്ങളിൽ നിലവിലുള്ള സൗകര്യങ്ങൾ ഇനിയും മെച്ചപ്പെടേണ്ടതുണ്ടെന്ന് ഈ വിവരങ്ങൾ കാണിക്കുന്നു. അതിക്രമങ്ങൾക്കെതിരെ പരാതിപ്പെടാനുള്ള സംവിധാനങ്ങൾ വളരെ കുറവാണെന്ന് (14.4%) ഈ വിവരങ്ങൾ വ്യക്തമാക്കുന്നു.

# വീട്ടകങ്ങളിൽ

കേരളത്തിലെ സ്ത്രീകളുടെ വിദ്യാഭ്യാസ നിലവാരം കഴിഞ്ഞ ഏതാനും ദശകങ്ങളായി അനുദിനം മെച്ചപ്പെട്ടുകൊണ്ടിരിക്കുകയാണ്. എന്നാൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം തത്തുല്യമായ തോതിൽ വർധിച്ചിട്ടില്ല എന്ന് മാത്രമല്ല, അടുത്ത കാലത്തായി കുറഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുന്നു എന്നും ചില കണക്കുകൾ സൂചിപ്പിക്കുന്നു. ഇതിന്റെ ഭാഗമായി തൊഴിൽ പങ്കാളിത്തമില്ലാതെ 'വീട്ടമ്മ' എന്ന് സ്വയം വിശേഷിപ്പിക്കുന്ന സ്ത്രീകൾ സമൂഹത്തിൽ ഗണ്യമായ തോതിൽ ഉണ്ടെന്ന് കാണാം. താരതമ്യേന വിദ്യാഭ്യാസമുള്ള കേരളീയ സ്ത്രീസമൂഹത്തിന്റെ വീട്ടമ്മവൽക്കരണം പഠനവിധേയമാക്കേണ്ടതാണെന്ന് ഞങ്ങൾ കരുതുന്നു.

ഈ പഠനത്തിൽ 15 മുതൽ 59 വയസ്സ് വരെയുള്ള സ്ത്രീകളിൽ 43.7% നേരത്തെ സൂചിപ്പിച്ചതുപോലെയുള്ള വീട്ടമ്മമാരാണെന്ന് കാണാം. സാമ്പത്തിക ഗ്രൂപ്പുകൾ തമ്മിൽ ഇക്കാര്യത്തിൽ വലിയ വ്യത്യാസങ്ങളില്ല. EG-I ൽ (അതിദരിദ്രർ) ആണ് ഏറ്റവും കുറഞ്ഞത് (40.6%). തൊഴിൽ പങ്കാളിത്തം കുറവുള്ളത് മുസ്ലീം സ്ത്രീകൾക്കിടയിലാണ്. അവർക്കിടയിൽ വീട്ടമ്മമാരുടെ തോത് വളരെ കൂടിയിരിക്കുന്നു (55.4%). മുസ്ലീം സമൂഹത്തിലെ പ്രവാസികളുടെ വളരെ ഉയർന്ന അനുപാതം ചെലുത്തുന്ന സ്വാധീനവും ഇതിന് കാരണമാകുന്നുണ്ടാകാം. വർഷത്തിൽ ശരാശരി ഏതാനും ദിവസങ്ങളോ മാസങ്ങളോ മാത്രം കുടുംബനാഥന്റെ സാന്നിധ്യം ഉണ്ടാവുന്ന സാഹചര്യത്തിൽ കുട്ടികളുടെ ആരോഗ്യ വിദ്യാഭ്യാസ പരിപാലന കാര്യങ്ങളുൾപ്പെടെ എല്ലാ ജീവിത പ്രശ്നങ്ങളിലും ഇടപെട്ട് കുടുംബത്തെ മുന്നോട്ട് നയിക്കേണ്ട ഉത്തരവാദിത്തം ഈ കുടുംബങ്ങളിലെ സ്ത്രീകൾക്കാണ്. അതുകൊണ്ടുതന്നെ താരതമ്യേന മെച്ചമായ സാമ്പത്തികാവസ്ഥയിൽ ഏതെങ്കിലും തൊഴിലിൽ പ്രവേശിക്കാൻ അവർ താൽപ്പര്യപ്പെടുകയില്ല. ഹിന്ദുക്കളിലെ വിവിധ വിഭാഗങ്ങളിൽ ഏറ്റവും കുറവുള്ളത് പട്ടികജാതി (33.3%)/വർഗ (26.7%) വിഭാഗങ്ങളിലാണ്.

നഗരങ്ങളെ അപേക്ഷിച്ച് ഗ്രാമങ്ങളിലാണ് വീട്ടമ്മമാരുടെ തോത് കൂടുതൽ. ഗ്രാമങ്ങളിൽ കൂടുതലുള്ളത് കാർഷിക-കാർഷികാനുബന്ധ തൊഴിലുകളാണ്. ഈ മേഖ

| പട്ടിക 3.1 വീട്ടമ്മയുടെ അനുപാതം സാമൂഹ്യ-സാമ്പത്തിക സ്ഥിതി അനുസരിച്ച് | |
|---|---|
| വിഭാഗം | വീട്ടമ്മ (%) |
| മൊത്തം | 43.7 |
| സാമ്പത്തിക വിഭാഗം | |
| 1 | 40.6 |
| 2 | 44.7 |
| 3 | 41.6 |
| 4 | 43.9 |
| മതം | |
| ഹിന്ദു | 37.7 |
| മുസ്ലീം | 55.4 |
| ക്രിസ്ത്യൻ | 38.2 |
| ജാതി | |
| പിന്നോക്കം | 39.8 |
| മുന്നോക്കം | 37.6 |
| പട്ടികജാതി | 33.3 |
| പട്ടികവർഗം | 26.7 |
| പ്രദേശം | |
| ഗ്രാമം | 43.2 |
| നഗരം | 38.7 |

ലകൾ വലിയ തോതിൽ ശോഷിച്ചു വരികയാണ്. നഗരങ്ങളിൽ തൊഴിലന്വേഷകരുടെ എണ്ണം താരതമ്യേന കൂടുതലായതിനാൽ കൂടിയാണ് സ്വയം വീട്ടമ്മ എന്ന് വിശേഷിപ്പിക്കുന്നവരുടെ തോത് ഇവിടങ്ങളിൽ കുറഞ്ഞിരിക്കുന്നത്.

കാർഷിക സമൂഹത്തിൽ 'വീട്ടമ്മ' എന്ന സങ്കൽപ്പം ഇന്നത്തേതിൽ നിന്ന് വ്യത്യസ്തമാണ്. ജന്മി കുടുംബങ്ങളിലെ അംഗങ്ങൾക്ക് പോലും കാർഷികോൽപ്പാദന മേഖലകളിൽ ഏതെങ്കിലും തരത്തിലുള്ള ഉൽപ്പാദനവുമായി ബന്ധപ്പെടേണ്ടിവന്നിരുന്നു. നഗരങ്ങളിലെ, കുടുംബങ്ങളാണ് ഉൽപ്പാദന രംഗത്ത് നിന്ന് പൂർണമായും മാറ്റപ്പെട്ടിരുന്നത്. ഇന്ന്, വീട്ടമ്മവൽക്കരണം എന്നത് മാറ്റിവെക്കപ്പെട്ട, മറച്ചുവെക്കപ്പെട്ട ഒരുതരം തൊഴിലില്ലായ്മയുടെ (Hidden unemployment) വകഭേദമായി കാണാവുന്നതാണ്. അവർ ആശ്രിതരായി കണക്കാക്കപ്പെടുന്നു. മാത്രമല്ല, വിദ്യാഭ്യാസം നേടിയ സ്ത്രീകളും സ്വയം 'ആശ്രിത'യായി അംഗീകരിക്കുകയും ചെയ്യുന്നു.

വീട്, വീട്ടമ്മ, എന്നീ സങ്കൽപ്പങ്ങൾ പ്രാക് മുതലാളിത്ത സമൂഹത്തിൽത്തന്നെ ഉണ്ടായിരുന്നു. എന്നാൽ വീട്ടമ്മ വർഗസമൂഹത്തിന്റെ മുഖ്യഘടകമായി മാറുന്നത് സ്ത്രീകൾ വേതനം ലഭിക്കുന്ന തൊഴിലിൽ ഏർപ്പെടാൻ തുടങ്ങിയതോടെയാണ്. ഇതോടെ തൊഴിലാളി സ്ത്രീ, വീട്ടമ്മ എന്നിങ്ങനെയുള്ള വിഭജനം പ്രകടമാവുകയാണുണ്ടായത്. ആധുനിക വിദ്യാഭ്യാസം ലഭിച്ച, ശാസ്ത്രസാങ്കേതിക വിദ്യകൾ അഭ്യസിച്ച സ്ത്രീകൾ പോലും, 'വീട്ടമ്മയാവുന്നതാണ് അഭിലഷണീയം' എന്ന രീതിയിൽ തീരുമാനമെടുക്കുന്നതിലേയ്ക്ക് ഇന്നത്തെ സമൂഹം പഠിപ്പിക്കുകയാണ്. അവൾ വളർന്നു വരുന്ന സാഹചര്യം, അവളെ വാർത്തെടുക്കുന്നത്, തൊഴിലെടുത്ത് സ്വന്തം കാലിൽ നിൽക്കാനല്ല, പകരം "നല്ല" വീട്ടമ്മയാവാനാണ്. അവളിലെ സ്ത്രൈണതയ്ക്ക് (Feminity) അതിഭാവുകത്വം കൽപ്പിക്കുകയും, മിടുക്കുള്ളവളും ഒരു വീട് മുഴുവൻ ഒറ്റയ്ക്ക് 'ഭരിക്കുവാ'ൻ ശേഷിയുള്ളവളുമായി മാറ്റുവാനുള്ള ശ്രമം നിരന്തരം തുടർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു.

വീട്ടുജോലികൾ ഉൽപ്പാദനപരമാണ്. പരമ്പരാഗത സമൂഹങ്ങളിൽ ഗാർഹിക ചുമതലകൾ എന്ന പേരിൽ ഈ ജോലികൾ മുഴുവൻ സ്ത്രീകളുടെ ചുമലിൽ ഏൽപ്പിക്കപ്പെട്ടിരുന്നു. ഇന്ന് പുരുഷനോടൊപ്പം എല്ലാ ആധുനിക തൊഴിൽ മേഖലകളിലും സ്ത്രീകളുമുണ്ട്. ഈ സാഹചര്യത്തിൽ ഇത്തരം ചുമതലകൾ സ്വാഭാവികമായും സ്ത്രീ-പുരുഷന്മാർക്കിടയിൽ വിഭജിക്കപ്പെടേണ്ടതാണ്. എന്നാൽ, പരമ്പരാഗതമായി വീട്ടമ്മയുടേത് എന്ന പേരിൽ അറിയപ്പെ

ടുന്ന ചുമതലകളിൽ നിന്ന് തൊഴിലെടുക്കുന്ന സ്ത്രീകൾ പോലും വിമുക്തരല്ല എന്നതാണ് നിലവിലുള്ള സ്ഥിതി.

ഗാർഹിക ഉപഭോഗത്തിനായുള്ള ഓരോ ചെറിയ സേവനവും ഉപയോഗമൂല്യമുള്ളതാണ് (Use value) വിനിമയ മൂല്യമുള്ളതല്ല (exchange value). പാചകം, തുന്നൽപ്പണി, ഇസ്തിരിയിടൽ, തുണി അലക്കൽ, വീട് വൃത്തിയാക്കൽ ഇവയ്ക്കെല്ലാം മൂല്യമുണ്ടെന്ന് സ്ത്രീകൾ പോലും തിരിച്ചറിയാറില്ല. കമ്പോളത്തിന് പുറത്തായതുകൊണ്ട് ഇത് ആരും പരിഗണിക്കാറുമില്ല. ഉപഭോഗ വിഭ്രമത്തിന് അടിമപ്പെട്ട ഒരു സമൂഹത്തിൽ സ്ത്രീകളുടെ ഗാർഹികാധ്വാനം എന്നത് പണമൂലധനത്തിന് പുറത്താകുന്നു. വേതനമില്ലാത്തതിനാൽ മൂല്യമില്ലാതാകുന്നു.

'വരുമാനമുള്ള തൊഴിലിലേർപ്പെടാതെ, ഗാർഹികാധ്വാനം മാത്രം മുഴുവൻസമയവും ചെയ്യുന്നവരും തൊഴിലന്വേഷകരല്ലാത്തവരുമായ സ്ത്രീകളെയാണ് ഈ പഠനത്തിൽ വീട്ടമ്മ എന്ന പദം കൊണ്ടുദ്ദേശിക്കുന്നത്.' തൊഴിൽ സേന (labour force)യിൽ ഉൾപ്പെടാത്തവരാണ് ഇവരെന്നർഥം. ഗൃഹ സർവേയിൽ താൽക്കാലിക തൊഴിലാളികൾ, സ്ഥിരം തൊഴിലാളികൾ, തൊഴിലില്ലാത്തവർ എന്നീ വിഭാഗങ്ങളിൽ ഉൾപ്പെടാത്തവരും 'വീട്ടമ്മ' എന്ന് സ്വയം വിശേഷിപ്പിച്ചവരുമായ സ്ത്രീകളുടെ വിവരങ്ങളാണ് ഇവിടെ വിശകലനവിധേയമാക്കുന്നത്.

മേൽ സൂചിപ്പിച്ച നിർവചനങ്ങൾക്കുള്ളിൽ നിന്നുകൊണ്ട്, വീട്ടമ്മമാരുടെ പ്രശ്നങ്ങൾ കണ്ടെത്തുവാനുള്ള ശ്രമമാണ് നടത്തിയിട്ടുള്ളത്. വീട്ടമ്മവൽക്കരണം എന്ന പ്രതിഭാസം വ്യക്തമായും വിദ്യാഭ്യാസ നിലവാരവുമായി ബന്ധപ്പെട്ടിരിക്കുന്നതായി കാണാം. (ചിത്രം 3.1) കേവല വിദ്യാഭ്യാസം അല്ലെങ്കിൽ പ്രൈമറി സെക്കണ്ടറി തലം വരെയുള്ള

**ചിത്രം 3.1**

**വീട്ടമ്മമാരും തൊഴിലന്വേഷകരും വിദ്യാഭ്യാസ നിലവാരം അനുസരിച്ച് (%)**



വിദ്യാഭ്യാസമോ ലഭിച്ചിട്ടുള്ളവരിലാണ് വീട്ടമ്മമാരുടെ തോത് ഏറ്റവും കൂടുതലെന്ന് കാണാം. ഇവരിൽ തന്നെയാണ് തൊഴിലന്വേഷകർ ഏറ്റവും കുറവും. തങ്ങളുടെ വിദ്യാഭ്യാസ നിലവാരത്തിന് അനുയോജ്യമായ തൊഴിലുകളുടെ അഭാവമാണ് ഇതിനു കാരണമെന്ന് അനുമാനിക്കാവുന്നതാണ്.

സെക്കന്ററി തലത്തിനു മുകളിൽ ഘട്ടം ഘട്ടമായി വീട്ടമ്മമാരുടെ തോത് കുറയുകയും അതേ സമയം ഏതാണ്ട് അതേ തോതിൽ തൊഴിലന്വേഷകരുടെ തോത് കൂടുകയും ചെയ്യുന്നു. ഏതെങ്കിലും പ്രൊഫഷണൽ വിദ്യാഭ്യാസം നേടിയവരിൽ 7.1% മാത്രമാണ് വീട്ടമ്മയെന്ന് സ്വയം വിശേഷിപ്പിക്കുന്നത്. 46.4%വും തൊഴിൽ രഹിതർ അഥവാ തൊഴിലന്വേഷകരാണ്.

തങ്ങളുടെ വിദ്യാഭ്യാസത്തിനനുസരിച്ചുള്ള തൊഴിലുകൾ ഇപ്പോൾ കിട്ടിയില്ലെങ്കിൽ പോലും ഭാവിയിൽ കിട്ടുമെന്ന പ്രതീക്ഷയിലാണ് അവർ. പ്രൈമറി, സെക്കന്ററി തല വിദ്യാഭ്യാസം നേടിയവരിൽ ഭൂരിഭാഗത്തിനും ഈ പ്രതീക്ഷ ഇല്ലെന്ന വസ്തുത നമ്മെ ആശങ്കാകുലരാക്കേണ്ടതാണ്. പ്രത്യേകിച്ചും 15–59 വരെയുള്ള സ്ത്രീകളിൽ 58.2% വും ഈ വിദ്യാഭ്യാസ യോഗ്യതയുള്ളവരാണ് എന്നറിയുമ്പോൾ കേരളത്തിലെ സ്ത്രീകളുടെ തൊഴിലില്ലായ്മയുടേയും വീട്ടമ്മവൽക്കരണത്തിന്റേയും പ്രശ്നം കൃത്യമായും പ്രൈമറി സെക്കന്ററി വിദ്യാഭ്യാസം നേടിയവർക്ക് അനുയോജ്യമായ തൊഴിലുകളുടെ അഭാവമാണെന്ന് വ്യക്തമാവുന്നു.

കഴിഞ്ഞ അഞ്ച് പതിറ്റാണ്ടിനിടയിൽ കേരളത്തിലുണ്ടായ വിദ്യാഭ്യാസമാറ്റം – പ്രൈമറി എൻറോൾമെന്റ്, സെക്കന്ററിയുടെ വ്യാപനം, പെൺകുട്ടികൾക്ക് ലഭിക്കുന്ന പിന്തുണ – എല്ലാവർക്കും ഇന്ന് സെക്കന്ററി വിദ്യാഭ്യാസം ലഭിക്കുന്ന അവസ്ഥയിലെത്തി നിൽക്കുന്നു. വീട്ടമ്മ എന്നു വിശേഷിപ്പിക്കുന്നവരിൽ മഹാഭൂരിപക്ഷവും പ്രൈമറി, സെക്കന്ററി, ഹയർസെക്കന്ററി യോഗ്യത നേടിയവരാണ്. പ്രൈമറി വിദ്യാഭ്യാസം നേടിയവരിൽ 55.4 ശതമാനവും സെക്കന്ററി വിദ്യാഭ്യാസം നേടിയവരിൽ 49 ശതമാനവും ഹയർ സെക്കന്ററി യോഗ്യതയുള്ളവരിൽ 41.8 ശതമാനവും വീട്ടമ്മയെന്നു സ്വയം വിശേഷിപ്പിക്കുന്നു. ഡിപ്ലോമ, ബിരുദ വിദ്യാഭ്യാസം നേടുന്നവരിൽ വീട്ടമ്മമാർ കുറവാണ്. ഇത് പ്രൊഫഷണൽ വിദ്യാഭ്യാസം നേടിയവരിൽ 7.1 ശതമാനം മാത്രമേയുള്ളൂ (ചിത്രം 3.1 കാണുക).

ഇന്നുള്ള 15 – 59 പ്രായക്കാരായ വീട്ടമ്മമാരിൽ 28.4% പേർ മുമ്പ് ഏതെങ്കിലും തരത്തിലുള്ള തൊഴിലെടുത്തവരാണ്. ഉയർന്ന തോത് സ്വാഭാവികമായും തൊഴിലിനോടുള്ള ആഭിമുഖ്യത്തെ തന്നെയാണ് പ്രതിനിധീകരിക്കുന്നത്. വിദ്യാഭ്യാസ യോഗ്യതയനുസരിച്ച് പരിശോധിച്ചാലും കൂടുതൽ സ്ത്രീ തൊഴിൽ പങ്കാളിത്ത നിരക്ക് ഈ വിഭാഗക്കാർക്കിടയിൽ തന്നെയാണ് ഉയർന്ന തോതിലുള്ളത് (ഒരറ്റത്ത് നിരക്ഷരരും മറ്റേ അറ്റത്ത് ഉന്നത യോഗ്യത നേടിയവരും. പട്ടിക 3–2).

അസുഖം, പ്രസവം, ശിശുപരിപാലനം തുടങ്ങിയ ഗാർഹിക സമ്മർദങ്ങളാൽ ജോലി ഉപേക്ഷിച്ചവരാണ് ഇവരിലധികവും. ഇക്കാര്യം പട്ടിക 3.3 ൽ നിന്ന് വ്യക്തമാവുന്നു. 60% പേരും വിവാഹം പ്രസവം അല്ലെങ്കിൽ വീട്ടിലാർക്കെങ്കിലുമുള്ള അസുഖം എന്നിവ കാരണമാണ് ഉള്ള ജോലി ഉപേക്ഷിച്ചത്. വീട്ടമ്മമാരിൽ 33% പേർക്ക് എന്തെങ്കിലും തൊഴിൽ സംബന്ധമായ വൈദഗ്ധ്യമുണ്ട്. ഇവരിൽ പ്രായോഗിക തൊഴിൽ പരിചയമുള്ളവരാണ് 37.2% പേരും. സാങ്കേതിക യോഗ്യതകളുള്ളവരും പരമ്പരാഗത നൈപു

| പട്ടിക 3.2<br>വിവാഹത്തിന് മുമ്പ് തൊഴിൽ ചെയ്ത വീട്ടമ്മമാരുടെ അനുപാതം<br>വിദ്യാഭ്യാസ യോഗ്യതയനുസരിച്ച് (15–59 പ്രായം) | | | |
|---|---|---|---|
| വിദ്യാഭ്യാസ യോഗ്യത | അതെ | ഇല്ല | തൊഴിൽ ചെയ്തവർ (%) |
| നിരക്ഷരർ | 12 | 4 | 75 |
| ഔപചാരിക സാക്ഷരത | 11 | 11 | 50 |
| പ്രാഥമികം | 30 | 87 | 25.6 |
| സെക്കണ്ടറി | 33 | 147 | 18.3 |
| പ്ലസ്ടു | 9 | 45 | 16.7 |
| ഡിപ്ലോമ | 2 | 3 | 40 |
| ബിരുദം/ബിരുദാനന്തര ബിരുദം | 6 | 18 | 33.3 |
| പ്രൊഫഷണൽ | 2 | 2 | 50 |
| ആകെ | 106 | 319 | 28.4 |

ണ്യങ്ങളുള്ളവരുമാണ് മറ്റു പ്രധാന വിഭാഗങ്ങൾ (പട്ടിക 3.4).

ഇവിടെ മറ്റൊരു കാര്യവും പ്രസക്തമാണ്. വീട്ടമ്മമാരിൽ 60% ത്തോളം അനൗപചാരിക പ്രായോഗിക തൊഴിൽ പരിചയമോ പരമ്പരാഗത അറിവുകളോ ഉള്ളവരാണ്. എന്നാൽ ആധുനിക സമൂഹത്തിൽ തൊഴിൽമേഖലയിൽ പുലരുവാൻ ഈ യോഗ്യതകൾ മതിയാകാതെ വരുന്നു. സാങ്കേതിക യോഗ്യതകളുൾപ്പെടെ കൂടുതൽ തൊഴിൽ പ്രധാനമായ യോഗ്യതകൾ നേടുകയെന്നതാണ് അഭികാമ്യം. ഭരണ മേഖല, വിപണനമേഖല എന്നിവയിലെല്ലാം കഴിവുനേടിയവർ വീട്ടമ്മമാരിൽ നേരിയ ശതമാനമേ ഉള്ളൂവെന്നത് ഇതുമായി ചേർത്ത് കാണണം. കമ്പ്യൂട്ടർ യോഗ്യതകൾ ഉൾപ്പെടെയുള്ള സാങ്കേതിക വൈദഗ്ധ്യമുള്ളവർ താരതമ്യേന കുറവാണെന്നും കാണാവുന്നതാണ്.

ഏതെങ്കിലും തരത്തിലുള്ള നൈപുണികളുള്ള വീട്ടമ്മമാരുടെ

| പട്ടിക 3.3<br>നേരത്തെ ഉണ്ടായിരുന്ന ജോലി<br>ഒഴിവാക്കാനുള്ള കാരണം | | |
|---|---|---|
| കാരണം | എണ്ണം | % |
| സ്ഥാപനം നിലവിലില്ല | 7 | 7.3 |
| താൽക്കാലികം | 11 | 11.5 |
| വരുമാനക്കുറവ് | 7 | 7.3 |
| ദൂരം | 1 | 1 |
| വിവാഹം/ഗർഭധാരണം | 29 | 30.2 |
| രോഗം | 29 | 30.2 |
| മറ്റുള്ളവ | 12 | 12.5 |
| ആകെ | 96 | 100 |

| പട്ടിക 3.4<br>തൊഴിൽ ബന്ധിത വൈദഗ്ധ്യം | | |
|---|---|---|
| വൈദഗ്ധ്യം | No | % |
| വിപണനം | 13 | 5.4 |
| സാങ്കേതികം | 66 | 27.6 |
| പ്രായോഗികജ്ഞാനം | 89 | 37.2 |
| പരമ്പരാഗത കരവിരുത് | 54 | 22.6 |
| മറ്റുള്ളവ | 5 | 2.1 |
| ആകെ | 227 | 95 |

| പട്ടിക 3.5<br>തൊഴിൽ ബന്ധിത നൈപുണിയുള്ള വീട്ടമ്മമാരുടെ അനുപാതം (15–59 വയസ്സ്) | | |
|---|---|---|
| വിദ്യാഭ്യാസ നിലവാരം | എണ്ണം | % |
| നിരക്ഷരർ | 6 | 13.7 |
| ഔപചാരിക വിദ്യാഭ്യാസം | 5 | 9.8 |
| പ്രാഥമികം | 19 | 11.5 |
| സെക്കണ്ടറി | 46 | 15.3 |
| പ്ലസ് ടു | 13 | 11.3 |
| ഡിപ്ലോമ | 3 | 9.7 |
| ബിരുദം/ബിരുദാനന്തരം | 8 | 8 |
| പ്രൊഫഷണൽ | 3 | 9.1 |

തോത് വ്യത്യസ്ത വിദ്യാഭ്യാസ യോഗ്യതകളിൽ എങ്ങനെ പ്രതിഫലിക്കുന്നു എന്നത് പട്ടിക 3.5ൽ കാണുന്നു. വ്യത്യസ്ത വിദ്യാഭ്യാസ നിലവാരമുള്ളവരിൽ ഏറെക്കുറെ 8% മുതൽ 15% വരെയാണ് നൈപുണിയുമുള്ളവർ. സ്വാഭാവികമായും പ്ലസ്ടു യോഗ്യതയുള്ളവരിൽ അൽപ്പം കൂടുതലുണ്ടെന്നു മാത്രം. കൈത്തൊഴിൽ തുടങ്ങിയ മേഖലയിലുള്ളവരുടെ പ്രാതിനിധ്യമാണ് നിരക്ഷര വിഭാഗത്തിലുള്ളത്.

വീട്ടമ്മയാവുക എന്നത് സ്വന്തമായി എടുത്ത ഒരു തീരുമാനമല്ലെന്ന് കാണാം. 57.6% പേരും കുടുംബ പശ്ചാത്തലം സൃഷ്ടിക്കുന്ന സമ്മർദത്തിലാണ് വീട്ടമ്മയാവുന്നത് (പട്ടിക 3.6).

| പട്ടിക 3.6<br>വീട്ടമ്മയാകാൻ കാരണം | | |
|---|---|---|
| കാരണം | എണ്ണം | % |
| സ്വന്തം തീരുമാനം | 127 | 18 |
| ഭർത്താവിന്റെ തീരുമാനം | 30 | 4.2 |
| കുടുംബ സാഹചര്യം | 407 | 57.6 |
| വിദഗ്ധ ജോലി ഇല്ലായ്മ | 32 | 4.5 |
| ശ്രമിച്ചിട്ടും തൊഴിൽ കിട്ടാത്ത സ്ഥിതി | 44 | 6.2 |
| മറ്റുള്ളവ | 67 | 9.5 |

നിങ്ങൾ വീട്ടമ്മയാവുന്നതിൽ തൃപ്തരാണോ എന്ന ചോദ്യത്തിന് 76.8% പേരും തൃപ്തരാണെന്ന മറുപടിയാണ് നൽകിയത്.

ചിത്രം 3.2
വീട്ടമ്മയായിരിക്കുന്നതിൽ സംതൃപ്തയാണോ?



ചിത്രം 3.3
ഭാവിയിൽ ജോലി സ്വീകരിക്കുമോ?




അതേ സമയത്ത് വീട്ടമ്മമാരിൽ 45.5% പേരും ഭാവിയിൽ തൊഴിൽ ലഭിച്ചാൽ അതിനു പോകുമെന്ന് അഭിപ്രായപ്പെടുന്നുമുണ്ട്. ഇതിനർഥം വീട്ടമ്മയായതിലുള്ള തൃപ്തിക്ക് സാഹചര്യങ്ങളുമായി പൊരുത്തപ്പെട്ടു പോവുക എന്നതിലപ്പുറമുള്ള മാനം നൽകേണ്ടതില്ല എന്നതാണ് (ചിത്രം 3.2, 3.3).

വീട്ടമ്മമാർ ചെയ്യുന്ന ഗാർഹിക ജോലികൾക്ക് വിപണിമൂല്യമില്ലാത്തതിനാൽ അവയുടെ സാമ്പത്തിക പ്രാധാന്യം കുറച്ചു കാണുകയാണ് പൊതുവിൽ ചെയ്യുന്നത്. എന്നാൽ ഈ ജോലികൾക്കെല്ലാം തന്നെ സാമ്പത്തിക മൂല്യമുണ്ടെന്നതാണ് യാഥാർഥ്യം. വീട്ടിനകത്ത് സ്ത്രീയും പുരുഷനും ചെയ്യുന്ന ജോലികളുടെ കൃത്യമായ അളവു ശേഖരിക്കാനും അവയുടെ സാമ്പത്തിക മൂല്യനിർണയം നടത്താനുമുള്ള ശ്രമം ഈ പഠനത്തിന്റെ ഭാഗമായി നടത്തുകയുണ്ടായി.

പട്ടിക 3.7, 3.8 എന്നിവയിലായി വിശദമായി ഈ വിവരങ്ങൾ നൽകിയിരിക്കുന്നു. വീട്ടിൽ സാധാരണ ചെയ്യുന്ന പണികൾ ലിസ്റ്റു ചെയ്ത് ഇവ ചെയ്യുന്നത് സ്ത്രീയാണോ പുരുഷനാണോ അതോ രണ്ടുപേരും കൂടിയാണോ എന്ന് 3.7ലും ഈ ജോലികളിൽ ഓരോ പ്രവൃത്തിക്കുമുള്ള മീഡിയൻ സമയവും മാസത്തിലെത്ര ദിവസം ചെയ്യുന്നു എന്ന കാര്യവും പട്ടിക 3.8 ൽ നൽകിയിരിക്കുന്നു. ഈ കണക്കുകളിൽ നിന്ന് ഗാർഹിക അധ്വാനത്തിന്റെ മൂല്യം മണിക്കൂറിന് 20 രൂപ (തൊഴിലുറപ്പു പദ്ധതിയുടെ ഏറ്റവും കുറഞ്ഞ നിരക്ക്) നിശ്ചയിക്കുകയാണെങ്കിൽ സ്ത്രീകളുടെയും പുരുഷന്റെയും ഗാർഹിക അധ്വാനത്തിന്റെ മൂല്യം എപ്രകാരമായിരിക്കുമെന്ന് പട്ടിക 3.9ൽ കൊടുത്തിരിക്കുന്നു.

പട്ടിക 3.7 പ്രകാരം ഭൂരിഭാഗം ഗാർഹിക ജോലികളും (80%) സ്ത്രീകളാണ് ചെയ്യുന്നത് എന്ന് കാണാവുന്നതാണ്. വീട്ടിൽ നിന്നു പുറത്തുപോയി ചെയ്യേണ്ട, ഇലക്ട്രിസിറ്റി/ടെലിഫോൺ ബില്ലടയ്ക്കുക, ബാങ്ക്, പോസ്റ്റ് ഓഫീസ് തുടങ്ങിയ സ്ഥലങ്ങളിൽ പോകൽ, സാധനങ്ങൾ വാങ്ങൽ തുടങ്ങിയ ചുരുക്കം ജോലികൾ മാത്രമാണ് പുരുഷന്മാരുടെ മേഖല.

പട്ടിക 3.7
വീട്ടുജോലികൾ ആരു ചെയ്യുന്നു

| പ്രവൃത്തി | സ്ത്രീ | സ്ത്രീ% | പു | പു% | സ്ത്രീ/പു | സ്ത്രീ/പു% |
|---|---|---|---|---|---|---|
| മുറ്റമടിക്കുന്നത് | 777 | 96.9 | 8 | 1 | 17 | 2.1 |
| പാത്രം തേയ്ക്കുന്നത് | 763 | 96.2 | 4 | 0.5 | 26 | 3.3 |
| കാപ്പി ഉണ്ടാക്കുന്നത് | 775 | 95.3 | 11 | 1.4 | 27 | 3.3 |
| രാവിലത്തെ പാചകം | 741 | 92 | 13 | 1.6 | 51 | 6.3 |
| നാളികേരം പൊളിക്കുന്നത് | 545 | 70.5 | 181 | 23.4 | 47 | 6.1 |
| നാളികേരം ചുരണ്ടുന്നത് | 707 | 90.2 | 41 | 5.2 | 36 | 4.6 |
| നാളികേരം അരയ്ക്കുന്നത് | 687 | 94.8 | 13 | 1.8 | 25 | 3.4 |
| അരി ഉരലിൽ പൊടിക്കുന്നത് | 391 | 92.2 | 13 | 3.1 | 20 | 4.7 |
| പച്ചക്കറി അരിയുന്നത് | 649 | 87.7 | 38 | 5.1 | 53 | 7.2 |
| വിറകു കീറുന്നത് | 279 | 50.6 | 240 | 43.6 | 32 | 5.8 |
| വെള്ളം കോരുന്നത് | 379 | 76.1 | 68 | 13.7 | 51 | 10.2 |
| വെള്ളം കൊണ്ടുവരുന്നത് | 341 | 80.6 | 40 | 9.5 | 42 | 9.9 |
| കുട്ടികളെ കുളിപ്പിക്കുന്നത് | 410 | 91.1 | 13 | 2.9 | 27 | 6 |
| കുട്ടികൾക്ക് ആഹാരം നൽകുന്നത് | 442 | 92.7 | 15 | 3.1 | 20 | 4.2 |
| കുട്ടികളെ ഒരുക്കുന്നത് | 410 | 93.6 | 14 | 3.2 | 14 | 3.2 |
| കുട്ടികളെ സ്കൂളിലേക്ക് കൊണ്ടുപോകുന്നത് | 253 | 84.3 | 39 | 13 | 8 | 2.7 |
| കുട്ടികളെ സ്കൂളിൽ നിന്നും കൊണ്ടുവരുന്നത് | 217 | 81.6 | 42 | 15.8 | 7 | 2.6 |
| കുട്ടികളുടെ പഠനത്തിൽ സഹായം | 298 | 78.2 | 49 | 12.9 | 34 | 8.9 |
| കുട്ടികളെ ഡോക്ടറുടെ അടുത്ത് കൊണ്ടുപോകുന്നത് | 302 | 56 | 105 | 19.5 | 132 | 24.5 |
| വീട് അടിച്ചുവാരുന്നത് | 630 | 91.2 | 21 | 3 | 40 | 5.8 |
| കക്കൂസ്/വാഷ്ബേസിൻ വൃത്തിയാക്കുന്നത് | 603 | 89.7 | 19 | 2.8 | 50 | 7.4 |
| തുണികൾ കഴുകുന്നത് | 593 | 88.5 | 15 | 2.2 | 62 | 9.3 |
| തുണി മടക്കിവെയ്ക്കുന്നത് | 602 | 88 | 26 | 3.8 | 56 | 8.2 |
| ഇസ്തിരി ഇടുന്നത് | 401 | 67.4 | 129 | 21.7 | 65 | 10.9 |
| പച്ചക്കറി/മത്സ്യം വാങ്ങുന്നത് | 260 | 37.2 | 394 | 56.4 | 45 | 6.4 |
| പാൽ വാങ്ങുന്നത് | 242 | 44.8 | 270 | 50 | 28 | 5.2 |
| മറ്റ് പലവ്യഞ്ജനം വാങ്ങുന്നത് | 192 | 28 | 442 | 64.5 | 51 | 7.4 |
| ഇലക്ട്രിസിറ്റി ബിൽ അടയ്ക്കുന്നത് | 160 | 23.3 | 491 | 71.6 | 35 | 5.1 |
| ടെലിഫോൺ ബിൽ അടയ്ക്കുന്നത് | 119 | 20.2 | 346 | 74 | 34 | 5.8 |
| പഞ്ചായത്തിലേക്കും മറ്റും ആവശ്യത്തിനായി പോകുന്നത് | 179 | 26.4 | 450 | 66.3 | 50 | 7.4 |
| ബാങ്ക്/പോസ്റ്റ് ഓഫീസിൽ പോകുന്നത് | 171 | 27 | 415 | 65.6 | 47 | 7.4 |
| ഗ്യാസ് ഏജൻസിയിലേക്ക് വിളിക്കുന്നത് | 204 | 40 | 283 | 55.5 | 23 | 4.5 |
| ഗ്യാസ് വാങ്ങിക്കുന്നത് | 174 | 36.9 | 286 | 60.7 | 11 | 2.3 |
| ഗ്യാസ് ഘടിപ്പിക്കുന്നത് | 211 | 40.7 | 285 | 54.9 | 23 | 4.4 |
| വൈകുന്നേരത്തെ ചായ ഉണ്ടാക്കുന്നത് | 705 | 94.6 | 19 | 2.6 | 21 | 2.8 |
| വൈകീട്ട് പാത്രം കഴുകുന്നത് | 727 | 96.2 | 7 | 0.9 | 22 | 2.9 |
| വൈകീട്ട് പാചകം ചെയ്യുന്നത് | 656 | 94 | 6 | 0.9 | 36 | 5.2 |

പട്ടിക 3.8
വീട്ടുജോലിയുടെ ശരാശരി സമയവും ദിവസവും

| പ്രവൃത്തി | ശരാശരി സമയം | മാസത്തിൽ എത്ര ദിവസം |
|---|---|---|
| മുറ്റമടിക്കുന്നത് | 15 | 30 |
| പാത്രം തേയ്ക്കുന്നത് | 30 | 30 |
| കാപ്പി ഉണ്ടാക്കുന്നത് | 15 | 30 |
| രാവിലത്തെ പാചകം | 120 | 30 |
| നാളികേരം പൊളിക്കുന്നത് | 5 | 10 |
| നാളികേരം ചുരണ്ടുന്നത് | 5 | 20 |
| നാളികേരം അരയ്ക്കുന്നത് | 10 | 20 |
| അരി ഉരലിൽ പൊടിക്കുന്നത് | 30 | 2 |
| പച്ചക്കറി അരിയുന്നത് | 15 | 30 |
| വിറകു കീറുന്നത് | 30 | 1 |
| വെള്ളം കോരുന്നത് | 25 | 30 |
| വെള്ളം കൊണ്ടുവരുന്നത് | 15 | 30 |
| കുട്ടികളെ കുളിപ്പിക്കുന്നത് | 15 | 30 |
| കുട്ടികൾക്ക് ആഹാരം നൽകുന്നത് | 20 | 30 |
| കുട്ടികളെ ഒരുക്കുന്നത് | 15 | 30 |
| കുട്ടികളെ സ്കൂളിലേക്ക് കൊണ്ടുപോകുന്നത് | 30 | 22 |
| കുട്ടികളെ സ്കൂളിൽ നിന്നും കൊണ്ടുവരുന്നത് | 30 | 22 |
| കുട്ടികളുടെ പഠനത്തിൽ സഹായം | 60 | 15 |
| കുട്ടികളെ ഡോക്ടറുടെ അടുത്ത് കൊണ്ടുപോകുന്നത് | 120 | 1 |
| വീട് അടിച്ചുവാരുന്നത് | 30 | 30 |
| കക്കൂസ്/വാഷ്ബേസിൻ വൃത്തിയാക്കുന്നത് | 15 | 10 |
| തുണികൾ കഴുകുന്നത് | 60 | 30 |
| തുണി മടക്കിവെയ്ക്കുന്നത് | 30 | 30 |
| ഇസ്തിരി ഇടുന്നത് | 30 | 15 |
| പച്ചക്കറി/മത്സ്യം വാങ്ങുന്നത് | 30 | 20 |
| പാൽ വാങ്ങുന്നത് | 15 | 10 |
| മറ്റ് പലവ്യഞ്ജനം വാങ്ങുന്നത് | 30 | 4 |
| ഇലക്ട്രിസിറ്റി ബിൽ അടയ്ക്കുന്നത് | 60 | 0.5 |
| ടെലിഫോൺ ബിൽ/നികുതി അടയ്ക്കുന്നത് | 60 | 0.5 |
| പഞ്ചായത്തിലേക്കും മറ്റും ആവശ്യത്തിനായി പോകുന്നത് | 60 | 0.5 |
| ബാങ്ക്/പോസ്റ്റ് ഓഫീസിൽ പോകുന്നത് | 60 | 1 |
| ഗ്യാസ് ഏജൻസിയിലേക്ക് വിളിക്കുന്നത് | 5 | 1 |
| ഗ്യാസ് വാങ്ങിക്കുന്നത് | 10 | 0.5 |
| ഗ്യാസ് ഘടിപ്പിക്കുന്നത് | 10 | 0.5 |
| വൈകുന്നേരത്തെ ചായ ഉണ്ടാക്കുന്നത് | 15 | 30 |
| വൈകീട്ട് പാത്രം കഴുകുന്നത് | 20 | 30 |
| വൈകീട്ട് പാചകം ചെയ്യുന്നത് | 45 | 30 |

| പട്ടിക 3.9<br>സ്ത്രീകളുടെ ഗാർഹികാധ്വാനത്തിന്റെ മൂല്യം | | | | | | |
|---|---|---|---|---|---|---|
| സാമ്പത്തിക വിഭാഗം | സ്ത്രീകളുടെ കമ്പോള വരുമാനം | മൊത്തം കുടുംബ വരുമാനം | കമ്പോളവരുമാനത്തിലെ സ്ത്രീകളുടെ പങ്ക് | സ്ത്രീകളുടെ ഗാർഹികാധ്വാനത്തിന്റെ മൂല്യം | പുരുഷന്മാരുടെ ഗാർഹികാധ്വാനത്തിന്റെ മൂല്യം | മൊത്തം തുകയിൽ സ്ത്രീകളുടെ പങ്ക് |
| 1 | 509 | 2427 | 21 | 4199 | 388.6 | 59.9 |
| 2 | 741 | 4140 | 17.9 | 4143.1 | 432.4 | 47.5 |
| 3 | 1127 | 7639 | 14.7 | 4190.7 | 457.7 | 34.1 |
| 4 | 2289 | 18850 | 12.1 | 4336.7 | 435.2 | 18.4 |
| ആകെ | 975 | 6923 | 14.1 | 4154.7 | 440.3 | 36.1 |

ഈ ഓരോ ജോലിക്കും മാസം തോറും ചെലവാക്കുന്ന മണിക്കൂറുകൾ പരിശോധിച്ചു നോക്കിയാൽ സ്ത്രീകളുടെ ജോലിഭാരമാണ് ഏറ്റവും സമയം എടുക്കുന്നതെന്ന് കാണാം (പട്ടിക 3.8).

സ്ത്രീകളുടെ പ്രതിമാസ വരുമാനം ശരാശരി 975 രൂപയാണ്. ഇതനുസരിച്ച് സ്ത്രീകളുടെ വരുമാനം കുടുംബവരുമാനത്തിന്റെ 14.1 ശതമാനമാണ്. ഇത് EG 1 ലെ 21 ശതമാനത്തിൽ നിന്നും (പട്ടിക 3.9) EG 4 ലെ 12.1 ശതമാനത്തിലേക്ക് കുറയുന്നതു കാണാം.

സ്ത്രീകളുടെ ഗാർഹിക ജോലികൾക്ക് മൂല്യം നിശ്ചയിക്കുകയാണെങ്കിൽ അത് പ്രതിമാസം 4154.7 രൂപയാണ്. പരുഷന്മാരുടെ ഗാർഹിക ജോലികളുടെ മൂല്യം വെറും 440.3 രൂപയാണ്. ഗാർഹിക ജോലികളുടെ മൂല്യം കൂടി പരിഗണിക്കുകയാണെങ്കിൽ സ്ത്രീകളുടെ അധ്വാനത്തിന്റെ മൂല്യം (കുറഞ്ഞ NREG നിരക്കിൽ) 36.1 ശതമാനമാണെന്നു കാണാം.

EG 1 ൽ വരുമാനവും ഗാർഹിക ജോലിയും കൂടിയുള്ള മൊത്തം മൂല്യത്തിന്റെ 59.9% സ്ത്രീകളുടേതാണ്. ഇത് ക്രമേണ കുറഞ്ഞ് EG 4 ൽ 18.8% മാത്രമാണ്. അതിദരിദ്രരിൽ സ്ത്രീകളുടെ പങ്ക് കുടുംബവരുമാനത്തിന്റെ പകുതിയിൽ കൂടുതലാകുമ്പോൾ സമ്പന്ന വിഭാഗത്തിൽ ഇത് വളരെ കുറവാണെന്ന് കാണാം.

# പൊതു ഇടങ്ങളിൽ സ്ത്രീ

വീടിനു പുറത്ത് സാമൂഹ്യജീവിതവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തന മേഖലകളാണ് ഇവിടെ "പൊതു ഇടം" എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. പൊതു ഇടങ്ങളിൽ സ്ത്രീയുടെ പങ്കാളിത്തത്തെ നിർണയിക്കുന്ന പ്രധാന ഘടകങ്ങളുടെ അവസ്ഥയാണ് ഈ അധ്യായത്തിൽ പരിശോധിക്കുന്നത്.

**ഉടമസ്ഥാവകാശം**

പൊതു ഇടങ്ങളിലെ സ്ത്രീയുടെ സാന്നിധ്യം, ഇടപെടൽ, പദവി എന്നിവ നിർണയിക്കുന്നതിൽ ആസ്തികളുടെ ഉടമസ്ഥതയും അധികാര സ്ഥാനങ്ങളിലെ (കുടുംബത്തിനകത്തും പുറത്തും) പങ്കാളിത്തവും പ്രധാന ഘടകങ്ങളാണ്. ഈ പഠനത്തിൽ കുടുംബത്തിലെ പ്രധാന ആസ്തികളുടെ (ബാധ്യതയും) ഉടമസ്ഥത/ഉത്തരവാദിത്തം ആർക്കാണെന്ന് അന്വേഷിച്ചറിയുന്നതിന് ശ്രമിക്കുകയുണ്ടായി. വീട്, ഭൂമി, ബാങ്ക് അക്കൗണ്ട്, ബിസിനസ് സ്ഥാപനം, കട എന്നിവ ഭാര്യ, ഭർത്താവ്, സംയുക്തമായി, മറ്റ് കൂട്ടായ്മകൾ എന്നിവയിൽ ഏതിൽ ഉൾപ്പെടുന്നു എന്നാണ് അന്വേഷിക്കാൻ ശ്രമിച്ചത്. ഇതുസംബന്ധിച്ച പൊതു വിവരങ്ങൾ പട്ടിക 4.1 ൽ കാണാം. പൊതുവിൽ ആസ്തികളിൽ ഭൂരിഭാഗവും പുരുഷന്മാരുടെ പേരിലാണ്. ഇത് എല്ലാ സാമ്പത്തിക ഗ്രൂപ്പിലും ഏതാണ്ട് ഒരുപോലെയാണ്. സ്ഥാപനങ്ങളുടെ നടത്തിപ്പ് EG-1 ൽ ഭൂരിഭാഗവും നിയന്ത്രിക്കുന്നത് സ്ത്രീകളാണ്. അതിന്റെ കാരണം ഒരുപക്ഷേ, കുടുംബശ്രീ, സ്വയംസഹായസംഘങ്ങൾ എന്നിവയിൽ സ്ത്രീകൾക്കുള്ള വർധിച്ച പങ്കാളിത്തമാകാം. വീടുമായി ബന്ധപ്പെട്ട കടം കൂടുതലും പുരുഷന്മാരുടെ പേരിലാണെങ്കിലും EG-1 ൽ കടം വാങ്ങിയത് കൂടുതലും സ്ത്രീകളുടെ പേരിലാണ്. ഇവിടെയും നാട്ടിലെ സ്വയംസഹായ സംവിധാനങ്ങളുടെ സ്വാധീനം കാണാവുന്നതാണ്. വാഹനത്തിന്റേയും, വ്യാപാരസ്ഥാപനങ്ങളുടേയും ഉടമസ്ഥാവകാശം പകുതിയിലധികവും (യഥാക്രമം 53.2, 54.1 ശതമാനം) പുരുഷൻമാരുടെ പേരിലാണ്. വീട്, ഭൂമി, ബാങ്ക് എക്കൗണ്ട്, എന്നിവയിലാണ് സ്ത്രീകൾക്ക് കുറേക്കൂടി പങ്കാളിത്തം. കടത്തിന്റെ കാര്യത്തിൽ EG-1ലും EG-4 ലും സ്ത്രീകളുടെ പേരിൽ പുരുഷന്മാരോട് ഒപ്പം തന്നെ പങ്കാളിത്തം കാണാവുന്നതാണ്.

പട്ടിക 4.2 മൊത്തത്തിൽ സ്ത്രീകളുടെ ഉടമസ്ഥത സംബന്ധിച്ച കാര്യങ്ങൾ കൂടുതൽ വിശദമാക്കുന്നു. കുടുംബത്തിലെ ആസ്തിയിൽ സ്ത്രീകൾക്കുള്ള ഉടമസ്ഥത കുറവ് മുസ്ലീം സമുദായത്തിലാണ്. കുടുംബത്തിലെ ആസ്തിയിൽ വീട്, ഭൂമി എന്നീ പ്രധാന ആസ്തി ഇന

| പട്ടിക 4.1 താഴെ പറയുന്നവ ആരുടെ പേരിലാണ് (%) | | | | | | |
|---|---|---|---|---|---|---|
| | ഉടമസ്ഥത | സാമ്പത്തിക ഗ്രൂപ്പ് | | | | |
| | | 1 | 2 | 3 | 4 | ആകെ |
| വീട്/ഭൂമി | ഭാര്യ | 21.4 | 16 | 15.9 | 12.8 | 16.2 |
| (N=771) | ഭർത്താവ് | 39.8 | 46.1 | 41.3 | 45.3 | 43.5 |
| | കൂട്ടുടമസ്ഥത | 3.9 | 9.1 | 12.7 | 19.8 | 11.5 |
| | മറ്റുള്ളവ/ബഹുഉടമസ്ഥത | 35 | 28.8 | 30.1 | 22.1 | 28.8 |
| ബാങ്ക് അക്കൗണ്ട് | ഭാര്യ | 26.2 | 26.2 | 26.5 | 17.9 | 25.7 |
| (N=480) | ഭർത്താവ് | 42.9 | 44.6 | 37 | 38.5 | 40.7 |
| | കൂട്ടുടമസ്ഥത | 9.5 | 6.9 | 12.2 | 9 | 10.1 |
| | മറ്റുള്ളവ/ബഹുഉടമസ്ഥത | 21.4 | 22.3 | 24.3 | 34.6 | 23.5 |
| വാഹനം | ഭാര്യ | 20 | 9.3 | 6.3 | 11.1 | 8.3 |
| (N=242) | ഭർത്താവ് | 40 | 53.5 | 50 | 57.1 | 53.2 |
| | കൂട്ടുടമസ്ഥത | 0 | 0 | 0 | 0 | 0 |
| | മറ്റുള്ളവ/ബഹുഉടമസ്ഥത | 40 | 37.2 | 43.7 | 31.7 | 38.5 |
| വ്യാപാരസ്ഥാപനം | ഭാര്യ | 75 | 10.5 | 22.7 | 14.3 | 18 |
| (N=87) | ഭർത്താവ് | 0 | 68.4 | 54.5 | 42.9 | 54.1 |
| | കൂട്ടുടമസ്ഥത | 0 | 5.3 | 2.3 | 3.6 | 2.7 |
| | മറ്റുള്ളവ/ബഹുഉടമസ്ഥത | 25 | 15.8 | 20.5 | 39.3 | 25.2 |
| കടം | ഭാര്യ | 31.7 | 25.7 | 22.1 | 34.4 | 25.8 |
| (N=395) | ഭർത്താവ് | 26.7 | 32.9 | 35 | 37.5 | 34.9 |
| | കൂട്ടുടമസ്ഥത | 11.7 | 13.6 | 11 | 6.3 | 11.3 |
| | മറ്റുള്ളവ/ബഹുഉടമസ്ഥത | 30 | 27.9 | 31.9 | 21.9 | 28 |

**പട്ടിക 4.2**
**സ്ത്രീകളുടെ ഉടമസ്ഥാവകാശം**

| സാമ്പത്തിക ഗ്രൂപ്പ് | വീട്/സ്ഥലം | ബാങ്ക് എക്കൗണ്ട് | വാഹനം | വ്യാപാര സ്ഥാപനം | വായ്പ |
|---|---|---|---|---|---|
| 1 | 35.9 | 26.2 | 20.0 | 75.0 | 35.0 |
| 2 | 27.2 | 28.5 | 14.0 | 15.8 | 30.7 |
| 3 | 24.8 | 30.4 | 8.7 | 33.3 | 28.2 |
| 4 | 19.8 | 20.5 | 11.1 | 31.8 | 37.5 |
| ഹിന്ദു | 31.3 | 28.6 | 10.8 | 40.4 | 32.9 |
| മുസ്ലീം | 22.1 | 22.9 | 7.6 | 17.2 | 25.0 |
| ക്രിസ്ത്യൻ | 16.8 | 31.9 | 15.2 | 27.3 | 30.3 |
| പിന്നോക്കം | 26.3 | 28.6 | 12.0 | 37.9 | 28.9 |
| മുന്നോക്കം | 38.4 | 31.3 | 9.4 | 50.0 | 40.7 |
| എസ് സി | 36.7 | 24.3 | 9.1 | 25.0 | 37.0 |
| എസ് ടി | 22.5 | 28.5 | 9.5 | 18.2 | 27.9 |
| ആകെ | 26.9 | 28.6 | 10.1 | 28.4 | 30.6 |

N=603

ത്തിൽ ക്രിസ്ത്യൻ സമുദായത്തിൽ സ്ത്രീകളുടെ പേരിൽ വളരെ കുറവാണെന്നതും പ്രകടമാണ് (പട്ടിക 4.2). ആസ്തികളിൽ സ്ത്രീകളുടെ ഉടമസ്ഥത കൂടുതലുള്ളത് മുന്നാക്കവിഭാഗങ്ങളിലാണ്. അതു കഴിഞ്ഞാൽ പട്ടികജാതിക്കാർക്കിടയിലാണ്. ഏറ്റവും കുറവ് പട്ടികവർഗത്തിലാണ്.

**കുടുംബത്തിൽ തീരുമാനമെടുക്കുന്നത്**

കുടുംബത്തിലെ പ്രധാനപ്പെട്ട കാര്യങ്ങളിൽ സ്ത്രീ ഒറ്റയ്ക്ക് തീരുമാനമെടുക്കുന്നത് പുരുഷന്മാരെ അപേക്ഷിച്ച് വളരെ കുറവാണെന്ന് ഈ പഠനത്തിൽ നിന്ന് വ്യക്തമാവുന്നു. വാഹനം വാങ്ങൽ, വീട് നിർമാണം, സ്വത്ത് വാങ്ങൽ, കുട്ടികളുടെ വിവാഹം, യാത്ര, വിനോദം എന്നിവയിലെല്ലാം ഇത് പ്രകടമാണ് (പട്ടിക 4.3). അതേ സമയം കൂട്ടായി തീരുമാനമെടുക്കുന്ന അവസരങ്ങളാണ് വളരെ കൂടുതലുള്ളത് എന്ന് പ്രതികരണങ്ങൾ സൂചിപ്പിക്കുന്നു.

പട്ടിക 4.3
കുടുംബത്തിൽ ആരാണ് തീരുമാനമെടുക്കുന്നത് (%)

| | ഭാര്യ | ഭർത്താവ് | ഒന്നിച്ച് |
|---|---|---|---|
| വീട്ടുസാധനങ്ങൾ വാങ്ങുന്നത് | 17.6 | 15.4 | 71.8 |
| സ്വത്ത് വാങ്ങുന്നത് | 4.3 | 28.0 | 67.7 |
| വീട് നിർമാണം | 8.4 | 20.6 | 71.0 |
| വാഹനം വാങ്ങുന്നത് | 3.8 | 31.5 | 64.7 |
| കുട്ടികളുടെ വിവാഹം | 4.1 | 12.9 | 83.0 |
| ആഭരണം എവിടെനിന്ന് വാങ്ങണം | 14.8 | 13.5 | 71.7 |
| ആഭരണം വാങ്ങുന്നത് | 12.0 | 13.1 | 74.9 |
| കുട്ടികളുടെ വിദ്യാഭ്യാസം | 13.1 | 14.5 | 72.3 |
| വിനോദം/യാത്ര | 5.6 | 15.1 | 79.3 |
| ബന്ധുക്കളെ സന്ദർശിക്കൽ | 11.5 | 7.5 | 81.0 |

ഭൂരിഭാഗം (76%) കുടുംബങ്ങളെ സംബന്ധിച്ചിടത്തോളം സ്ത്രീകളുടെ സാമ്പത്തിക പ്രതിസന്ധിഘട്ടത്തിൽ മറ്റാരോടും ചോദിക്കാതെ വിൽക്കുവാനോ പണയം വെക്കുവാനോ കഴിയുന്ന വസ്തു ആഭരണം തന്നെയാണ്. ജാതിമത വ്യത്യാസമില്ലാതെ ഇത് പ്രകടമാണ് (പട്ടിക4.4).

പട്ടിക 4.4
പ്രതിസന്ധി ഘട്ടത്തിൽ ഉപയോഗിക്കാൻ കഴിയുന്ന വസ്തു

| സാമ്പത്തിക ഗ്രൂപ്പ് | ആഭരണം | വളർത്തുമൃഗങ്ങൾ | കാർഷിക ഉൽപ്പന്നങ്ങൾ |
|---|---|---|---|
| 1 | 75.7 | 4.1 | 9.5 |
| 2 | 75.7 | 3.3 | 5.0 |
| 3 | 75.0 | 2.5 | 3.5 |
| 4 | 84.4 | 3.1 | 3.1 |
| ആകെ | 76.1 | 3.5 | 4.8 |

N=603

| പട്ടിക 4.5<br>പണം കൈകാര്യം ചെയ്യുന്നതിന്റെ വിവരങ്ങൾ | | | |
|---|---|---|---|
| സാമ്പത്തിക ഗ്രൂപ്പ് | ഭാര്യ | ഭർത്താവ് | ഒന്നിച്ച് |
| 1 | 22 | 49 | 29 |
| 2 | 18.7 | 49.4 | 32 |
| 3 | 18.3 | 46.2 | 35.5 |
| 4 | 20.7 | 41.5 | 37.8 |
| ആകെ | 18.9 | 47.9 | 33.3 |

കുടുംബത്തിൽ പണം ഒറ്റയ്ക്ക് കൈകാര്യം ചെയ്യുന്നതിൽ പുരുഷന്മാർക്ക് തന്നെയാണ് മുൻതൂക്കം (47.9%). എന്നാൽ 33.3% പേർ കൂട്ടായി പണം കൈകാര്യം ചെയ്യുന്നുണ്ട് (പട്ടിക 4.5). തൊഴിലിന്റെയും വരുമാനത്തിന്റെയും കാര്യത്തിൽ അനുഭവിക്കുന്ന പങ്കാളിത്തക്കുറവ് പരിഗണിക്കുമ്പോൾ പണം കൈകാര്യം ചെയ്യുന്നതിൽ സ്ത്രീകളുടെ പങ്കാളിത്തം മെച്ചമാണെന്ന് കാണാം.

**സ്ത്രീകളും പൊതു പ്രവർത്തനവും**

ഈ പഠനമനുസരിച്ച് കേവലം 12 ശതമാനം സ്ത്രീകൾ മാത്രമാണ് ഏതെങ്കിലും രാഷ്ട്രീയപ്പാർട്ടികളിലോ പൊതു സംഘടനകളിലോ പ്രവർത്തിക്കുന്നത്. അവരിൽ തന്നെ കേവലം 16 ശതമാനം മാത്രമാണ് എന്തെങ്കിലും ഭാരവാഹിത്വം വഹിക്കുന്നത്. EG-3,4 വിഭാഗത്തിൽപ്പെട്ടവരിൽ നിന്നാണ് താരതമ്യേന സ്ത്രീകൾ കൂടുതലായി പൊതു രംഗത്തേയ്ക്ക് വരുന്നതെന്ന് കാണാം. രാഷ്ട്രീയത്തിലെ സ്ത്രീ പങ്കാളിത്തം ഏറ്റവും കുറവുള്ളത് മുസ്ലീം സമുദായത്തി

| പട്ടിക 4.6<br>പൊതുരംഗത്ത് പ്രവർത്തിക്കുന്നുണ്ടോ? | | |
|---|---|---|
| വിഭാഗം | ഉണ്ട് | ഇല്ല |
| സാമ്പത്തിക ഗ്രൂപ്പ് 1 | 9.4 | 90.6 |
| സാമ്പത്തിക ഗ്രൂപ്പ് 2 | 10.1 | 89.9 |
| സാമ്പത്തിക ഗ്രൂപ്പ് 3 | 13.2 | 86.8 |
| സാമ്പത്തിക ഗ്രൂപ്പ് 4 | 14.6 | 85.4 |
| ഹിന്ദു | 15.7 | 84.3 |
| മുസ്ലീം | 4.1 | 95.9 |
| ക്രിസ്ത്യൻ | 9.6 | 90.4 |
| പിന്നോക്കം | 13.1 | 86.9 |
| മുന്നോക്കം | 12.5 | 87.5 |
| പട്ടികജാതി | 26.3 | 73.7 |
| പട്ടികവർഗം | 25.00 | 75.0 |
| ആകെ | 11.9 | 88.1 |

N=741

| പട്ടിക 4.7<br>പൊതുരംഗത്ത് ഏതെങ്കിലും തരത്തിലുള്ള സ്ഥാനം വഹിക്കുന്നുണ്ടോ | | |
|---|---|---|
| വിഭാഗം | ഉണ്ട് | ഇല്ല |
| സാമ്പത്തിക ഗ്രൂപ്പ് 1 | 16.7 | 83.3 |
| സാമ്പത്തിക ഗ്രൂപ്പ് 2 | 21.1 | 78.9 |
| സാമ്പത്തിക ഗ്രൂപ്പ് 3 | 15.6 | 84.4 |
| സാമ്പത്തിക ഗ്രൂപ്പ് 4 | 15.9 | 84.1 |
| ഹിന്ദു | 20.4 | 79.6 |
| മുസ്ലീം | 14.3 | 85.7 |
| ക്രിസ്ത്യൻ | 7.4 | 92.6 |
| പിന്നോക്കം | 17.3 | 82.7 |
| മുന്നോക്കം | 18.0 | 82.1 |
| എസ് സി | 29.6 | 70.4 |
| എസ് ടി | 25.0 | 75.0 |
| ആകെ | 16.5 | 83.5 |

N=248

| പട്ടിക 4.8<br>പൊതുരംഗത്ത് സ്ഥാനം വഹിക്കാത്തതിന്റെ കാരണങ്ങൾ | | | | |
|---|---|---|---|---|
| വിഭാഗം | എനിക്ക് താൽപ്പര്യമില്ല | ഉണ്ടായിരുന്നു ഇപ്പോഴില്ല | വീട്ടുകാർക്ക് താൽപ്പര്യമില്ല | മറ്റുള്ളവ |
| സാമ്പത്തിക ഗ്രൂപ്പ് 1 | 60.0 | 4.4 | 8.6 | 20.0 |
| സാമ്പത്തിക ഗ്രൂപ്പ് 2 | 65.9 | 3.5 | 7.1 | 23.6 |
| സാമ്പത്തിക ഗ്രൂപ്പ് 3 | 71.4 | 8.2 | 7.1 | 12.3 |
| സാമ്പത്തിക ഗ്രൂപ്പ് 4 | 69.4 | 11.1 | 5.6 | 11.1 |
| ഹിന്ദു | 61.9 | 9.5 | 8.2 | 19.7 |
| മുസ്ലീം | 76.0 | 2.1 | 4.3 | 17.0 |
| ക്രിസ്ത്യൻ | 75.0 | 3.3 | 6.7 | 10.0 |
| പിന്നോക്കം | 66.3 | 7.9 | 5.6 | 20.2 |
| മുന്നോക്കം | 58.8 | 5.9 | 11.8 | 23.5 |
| പട്ടികജാതി | 52.4 | 19.1 | 14.3 | 14.3 |
| പട്ടികവർഗം | 33.3 | 33.3 | — | 33.3 |
| ആകെ | 67.7 | 7.5 | 7.1 | 17.7 |

N=259

| പട്ടിക 4.9<br>പൊതുരംഗത്തെ പ്രവർത്തനത്തിൽ പൂർണ സംതൃപ്തിയുള്ളവർ | |
|---|---|
| സാമ്പത്തിക ഗ്രൂപ്പ് | ശതമാനം |
| 1 | 75.0 |
| 2 | 68.4 |
| 3 | 75.7 |
| 4 | 63.6 |
| ആകെ | 71.6 |

N=75

ലാണ്. പൊതു രംഗത്ത് പ്രവർത്തിക്കുന്നവരിൽ ആകെ 16 ശതമാനം മാത്രമേ ഏതെങ്കിലും തരത്തിലുള്ള സ്ഥാനം വഹിക്കുന്നുള്ളൂ (പട്ടിക 4.7). മുഖ്യധാരാ രാഷ്ട്രീയപാർട്ടികളിലുള്ള സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണെന്ന് കാണാവുന്നതാണ്. പൊതു രംഗങ്ങളിൽ പ്രവർത്തിക്കുന്ന സ്ത്രീകളിൽ തന്നെ മൂന്നിൽ രണ്ടു പങ്കിലധികം (67.7%) എന്തെങ്കിലും തര ത്തിലുള്ള സ്ഥാനം ഏറ്റെടുക്കാൻ താൽപ്പര്യം ഇല്ലാത്തവരാണ്. എന്നാൽ 7 ശതമാനം പേർ സ്ഥാനങ്ങൾ ഏറ്റെടുക്കാത്തത് അവരുടെ വീട്ടുകാർക്ക് താൽപ്പര്യമില്ലാത്തതുകൊണ്ടാണ്. ഈ കണക്കുകൾ ജാതിമത അടിസ്ഥാനത്തിൽ പരിശോധിച്ചാലും പ്രകടമായ വ്യത്യാസങ്ങൾ കാണുന്നില്ല (പട്ടിക 4.8). അതേ സമയം പൊതു രംഗത്തു പ്രവർത്തിക്കുന്ന സ്ത്രീകളിൽ ഭൂരിഭാഗം (71.6%) പേരും അവരുടെ പ്രവർത്തനത്തിൽ സംതൃപ്തരാണ് എന്നതും ശ്രദ്ധേയ മാണ് (പട്ടിക 4.9).

സംഘടനാ പ്രവർത്തനത്തിൽ ഇടപെടുന്ന സ്ത്രീകളുടെ ശതമാനം വളരെ കുറവാണ് എന്ന് മുൻ വിശകലനത്തിൽ കണ്ടു. എന്നാൽ പ്രവർത്തിക്കുന്നവർക്ക് പുതിയ കഴിവുകൾ ആർജിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്ന് വ്യക്തമാണ് (പട്ടിക 4.10). 81.1 ശതമാനം പേർക്കും കഴി വുകൾ ആർജിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇത്തരത്തിൽ ആർജിച്ച കഴിവുകളിൽ ഉയർന്നു നിൽക്കു ന്നത് ഇടപെടാനുള്ള കഴിവാണ് (57.7). ചിട്ടയായ പ്രവർത്തനം (16.9) നേതൃത്വം (5.6), സംഘാടനം (1.4) എന്നിവയാണ് ആർജിച്ച മറ്റു കഴിവുകൾ (പട്ടിക 4.11).

രാഷ്ട്രീയ അവബോധത്തിന് ശക്തമായ സ്വാധീനമുള്ള സമൂഹമാണ് കേരളം. എന്നാൽ അടിസ്ഥാനപരമായി അതൊരു പുരുഷാധിപത്യ രാഷ്ട്രീയമാണ്. മുകളിൽ കൊടുത്ത പട്ടികകൾ ഇക്കാര്യത്തെ ശക്തമായി അടിവരയിടുകയും ചെയ്യുന്നു. താഴേത്തലത്തിലുള്ള രാഷ്ട്രീയ-പൊതുപ്രവർത്തന പങ്കാളിത്തത്തിന്റെ കൃത്യമായ ഒരു ചിത്രമാണ് ഈ വിവര ങ്ങൾ നൽകുന്നത്.

| പട്ടിക 4.10<br>സംഘടനാ പ്രവർത്തനത്തിലൂടെ പുതിയ കഴിവുകൾ ആർജിക്കാൻ കഴിഞ്ഞിട്ടുണ്ടോ? | |
|---|---|
| ഉണ്ട് | ഇല്ല |
| 81.1 | 18.9 |

N=90

| പട്ടിക 4.11<br>സംഘടനാ പ്രവർത്തനത്തിലൂടെ ആർജിച്ച കഴിവുകൾ | |
|---|---|
| | ശതമാനം |
| നേതൃത്വം | 5.6 |
| സംഘാടനം | 1.4 |
| ചിട്ടയായ പ്രവർത്തനം | 16.9 |
| ഇടപെടാനുള്ള കഴിവ് | 57.7 |
| ഒന്നിലധികം കഴിവുകൾ | 18.4 |

രാഷ്ട്രീയത്തിലെ സ്ത്രീ സാന്നിധ്യത്തെക്കുറിച്ചും നേതൃതലത്തിലെ ഏതാനും സ്ത്രീകളെക്കുറിച്ചും പലപ്പോഴും അഭിമാനിക്കാറുണ്ടെങ്കിലും നിലവിലുള്ള അവസ്ഥ ഒട്ടും പ്രതീക്ഷ നൽകുന്നതല്ല.

ഇതിന്റെ കൃത്യമായ പ്രതിഫലനം തന്നെയാണ് കേരള നിയമസഭയിലെ നിലവിലുള്ള സ്ത്രീ പ്രാതിനിധ്യവും (5%-7 സ്ത്രീകൾ) കാണിക്കുന്നത്. താഴേത്തലത്തിലുള്ള സ്ത്രീ പങ്കാളിത്തം വർധിപ്പിക്കുന്നതിനുള്ള അടിയന്തിര കർമ്മ പരിപാടികളാണ് കേരളത്തിലെ രാഷ്ട്രീയ പാർട്ടികൾ കൈക്കൊള്ളേണ്ടത്.

| പട്ടിക 4.12<br>സ്ത്രീകൾ പൊതുപ്രവർത്തനത്തിന് പോകുമ്പോൾ വീട്ടിൽ നടത്തുന്ന ക്രമീകരണങ്ങൾ | | | | |
|---|---|---|---|---|
| വിഭാഗം | പാചകം ചെയ്തു വെക്കും | കുട്ടികളെ അയൽപ്പക്കത്ത്/ ബന്ധുവീട്ടിൽ പറഞ്ഞയയ്ക്കും | കുട്ടികളെ കൂടെ കൊണ്ടു പോകും | ഒന്നില ധികം ക്രമീ കരണങ്ങൾ |
| സാമ്പത്തിക ഗ്രൂപ്പ് 1 | 66.7 | 2.4 | 9.5 | 21.4 |
| സാമ്പത്തിക ഗ്രൂപ്പ് 2 | 66.7 | 1.2 | 3.7 | 28.4 |
| സാമ്പത്തിക ഗ്രൂപ്പ് 3 | 79.0 | 3.4 | 5.0 | 12.6 |
| സാമ്പത്തിക ഗ്രൂപ്പ് 4 | 73.3 | 3.3 | 0.0 | 23.4 |
| ഹിന്ദു | 75.9 | 1.2 | 4.3 | 18.6 |
| മുസ്ലീം | 61.7 | 6.4 | 6.4 | 25.5 |
| ക്രിസ്ത്യൻ | 73.0 | 3.2 | 4.8 | 19.0 |
| പിന്നോക്കം | 85.9 | 1.2 | 3.5 | 1.2 |
| മുന്നോക്കം | 61.1 | 0.0 | 5.6 | 22.2 |
| പട്ടികജാതി | 73.5 | 0.0 | 5.9 | 5.9 |
| പട്ടികവർഗം | 33.3 | 16.7 | – | 16.7 |
| ആകെ | 72.8 | 2.6 | 4.8 | 19.8 |

N=272

സംഘടനാപ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന സ്ത്രീകൾ കൃത്യമായും ഇരട്ട ജോലികൾ ചെയ്യേണ്ടി വരുന്നതായാണ് ഈ പഠനം സൂചിപ്പിക്കുന്നത്. 72.79 ശതമാനം പേരും വീട്ടിൽ ആവശ്യമുള്ള പാചകപ്പണികൾ പൂർണമായും ചെയ്തതിന് ശേഷമേ പുറത്ത് സംഘടനാ പ്രവർത്തനങ്ങൾക്ക് പോകാൻ കഴിയുന്നുള്ളൂ എന്നാണ് വ്യക്തമാക്കിയത് (പട്ടിക 4.12).

പാചകം ചെയ്യുക എന്നത് സ്ത്രീയുടെ മാത്രം ഉത്തരവാദിത്വമായി തുടരുന്നു എന്നതാണ് ഇത് കാണിക്കുന്നത്. എന്നാൽ കുട്ടികളുടെ പരിചരണവും സംരക്ഷണവും പോലുള്ള മറ്റ് ഗാർഹിക ഉത്തരവാദിത്വങ്ങൾ പങ്കുവെക്കപ്പെടുന്നു എന്നതുകൊണ്ടുകൂടിയാവണം അത്തരത്തിലുള്ള പ്രശ്നങ്ങൾ നേരിടുന്നവരുടെ ശതമാനം കുറവായി കാണുന്നത്.

**സ്ത്രീകളും രാഷ്ട്രീയ പ്രവർത്തനവും**

രാഷ്ട്രീയ ചർച്ചകൾക്കും വിവാദങ്ങൾക്കും പേരുകേട്ട കേരളത്തിൽ വീട്ടിനകത്തെ രാഷ്ട്രീയ സംവാദങ്ങളെക്കുറിച്ച് ലഭിച്ച പ്രതികരണങ്ങൾ കൗതുകമുളവാക്കുന്നതാണ്. ഭൂരിഭാഗം പേരുടെ വീട്ടിലും (83.5%) ആരും രാഷ്ട്രീയ പ്രവർത്തകരായി ഇല്ല എന്നതാണ് വസ്തുത. 57.8 ശതമാനം വീടുകളിലും രാഷ്ട്രീയ സാമൂഹ്യ കാര്യങ്ങൾ സംബന്ധിച്ച ചർച്ചകൾ നടക്കുന്നില്ല. വീട്ടിലെ രാഷ്ട്രീയ ചർച്ചകൾ വോട്ടു രേഖപ്പെടുത്തുമ്പോൾ സ്വാധീനിക്കുന്നുണ്ടെന്ന് സൂചിപ്പിച്ച സ്ത്രീകളിൽ 72.5 ശതമാനവും ഭർത്താവിന്റെ സ്വാധീനമാണ് എടുത്തുപറഞ്ഞത്. ഭർത്താവ് കഴിഞ്ഞാൽ അച്ഛന്റെ രാഷ്ട്രീയാഭിപ്രായമാണ് (10.7%) വോട്ട് ചെയ്യുന്നതിനെ സ്വാധീനിക്കുന്നത്. ചുരുക്കത്തിൽ രാഷ്ട്രീയ ചർച്ചകൾ നടക്കുന്ന വീടുകളിലെ 83.2% സ്ത്രീകളും അവരുടെ ഭർത്താവിന്റേയോ അച്ഛന്റേയോ താൽപ്പര്യമനുസരിച്ചാണ് വോട്ടിംഗിൽ പങ്കെടുക്കുന്നത്. സഹോദരൻ (3%) കൂടെ ചേർക്കുമ്പോൾ വോട്ടിങ്ങിൽ പങ്കെടുക്കുന്ന 86.2% സ്ത്രീകളും വോട്ട് ചെയ്യുമ്പോൾ വീട്ടിലെ പുരുഷന്മാരുടെ അഭിപ്രായമാണ് അവരെ സ്വാധീനിക്കുന്നത് എന്ന് കാണാം (പട്ടിക 4.14).

രാഷ്ട്രീയ നിലപാടുമായി ബന്ധപ്പെട്ട് പഠനം മുന്നോട്ടുവെയ്ക്കുന്ന മറ്റൊരു വസ്തുത ഭൂരിഭാഗം സ്ത്രീകൾക്കും (86.4%) വിവാഹശേഷം അവരുടെ രാഷ്ട്രീയനിലപാടുകൾ മാറ്റേണ്ടിവന്നിട്ടില്ല എന്നതാണ്. ബഹുഭൂരിഭാഗം സ്ത്രീകളും (78.1%) അവരുടെ മക്കൾ രാഷ്ട്രീയ പ്രവർത്തകരാകുന്നതിൽ തൽപ്പരരല്ല (പട്ടിക 4.15). ഇതിന് കാരണമായി 54.2 ശതമാനം സ്ത്രീകളും ചൂണ്ടിക്കാണിക്കുന്നത് രാഷ്ട്രീയ പ്രവർത്തനത്തിലെ അനിശ്ചിതത്വവും അപകട സാധ്യതകളുമാണ്. സ്ത്രീകൾക്ക് അനുയോജ്യമായ പൊതു രംഗം രാഷ്ട്രീയപ്രവർത്തനമാണെന്ന് 14.5% പേർ കരുതുന്നു. സാമുദായിക, ആത്മീയ മേഖലകളാണ് അനുയോജ്യമെന്ന് 54.2% പേർ കരുതുന്നു. ഇത് സമകാലിക കേരളത്തിന്റെ വിപണിവൽക്കരിക്കപ്പെട്ട ആത്മീയ സാമുദായിക പ്രവണതകളുടെ നേർ ചിത്രം കൂടിയാണ്. കഴിഞ്ഞ രണ്ട് ദശകത്തിനുള്ളിൽ പൊതു

| പട്ടിക 4.13 | |
|---|---|
| രാഷ്ട്രീയ പ്രവർത്തകർ ഉള്ള വീടുകൾ | |
| സാമ്പത്തിക ഗ്രൂപ്പ് 1 | 17.6 |
| സാമ്പത്തിക ഗ്രൂപ്പ് 2 | 17.6 |
| സാമ്പത്തിക ഗ്രൂപ്പ് 3 | 15.4 |
| സാമ്പത്തിക ഗ്രൂപ്പ് 4 | 18.8 |
| ആകെ | 16.5 |

| പട്ടിക 4.14 | |
|---|---|
| വോട്ട് ചെയ്യുമ്പോൾ സ്വാധീനിക്കുന്നതാര് | |
| അമ്മ | 4.3 |
| അച്ഛൻ | 10.7 |
| ഭർത്താവ് | 72.5 |
| സഹോദരി | 0.4 |
| സഹോദരൻ | 3.0 |
| മറ്റുള്ളവർ | 9.1 |

N=233

| പട്ടിക 4.15 | |
|---|---|
| മകൻ/മകൾ രാഷ്ട്രീയ പ്രവർത്തകരാകുന്നതിൽ താൽപ്പര്യമില്ലാത്തവർ | |
| 1 | 68.1 |
| 2 | 75.7 |
| 3 | 80.2 |
| 4 | 80.0 |
| ആകെ | 78.1 |

N=233

പട്ടിക 4.16

സ്ത്രീകൾക്ക് അനുയോജ്യമെന്ന് കരുതുന്ന പൊതുരംഗം

| വിഭാഗം | രാഷ്ട്രീയം | സാമുദായികം | ആത്മീയം | ഒന്നുമില്ല | ഒന്നിലധികം കാരണങ്ങൾ |
|---|---|---|---|---|---|
| സാമ്പത്തിക ഗ്രൂപ്പ് 1 | 14.6 | 24.7 | 29.2 | 29.2 | 2.2 |
| സാമ്പത്തിക ഗ്രൂപ്പ് 2 | 15.7 | 19.1 | 30.5 | 32.4 | 2.4 |
| സാമ്പത്തിക ഗ്രൂപ്പ് 3 | 11.7 | 26.2 | 32.4 | 27.5 | 2.3 |
| സാമ്പത്തിക ഗ്രൂപ്പ് 4 | 17.3 | 26.7 | 21.3 | 29.3 | 4.0 |
| ഹിന്ദു | 15.2 | 26.4 | 28.6 | 26.6 | 3.0 |
| മുസ്ലീം | 13.2 | 23.0 | 20.4 | 41.5 | 2.0 |
| ക്യസ്ത്യൻ | 10.9 | 17.1 | 46.5 | 24.0 | 1.6 |
| ആകെ | 14.5 | 24.7 | 29.4 | 28.9 | 2.4 |

N=683

രംഗത്തെ സ്ത്രീകളുടെ സാന്നിധ്യം വർധിക്കാൻ ഇടയാക്കുന്ന സാഹചര്യങ്ങൾ- സാക്ഷരത, തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ സംവരണം, കുടുംബശ്രീ പ്രവർത്തനങ്ങൾ- സൃഷ്ടിച്ച സാധ്യതകൾക്ക് ആനുപാതികമായി ഈ രംഗത്തെ സ്ത്രീകളുടെ സുസ്ഥിരമായ സാന്നിധ്യവും ഇടപെടലും ദൃശ്യമാവുന്നില്ല. കേരളത്തിലെ സാമൂഹ്യാന്തരീക്ഷത്തിൽ സ്വാധീനം ചെലുത്തുന്ന ഇത്തരം പ്രശ്നങ്ങളുമായി കണ്ണിചേർത്തുകൊണ്ട് ചർച്ച ചെയ്യേണ്ട പ്രധാന

വിഷയമായി ഞങ്ങൾ ഇക്കാര്യം മുന്നോട്ടു വെക്കുകയാണ്.

**സ്ത്രീ സംവരണത്തെക്കുറിച്ചുള്ള അഭിപ്രായം**

ഈ പഠനത്തിന്റെ പരിധിയിൽവന്ന ബഹുഭൂരിഭാഗം പേരും (88.5%) സ്ത്രീകൾക്ക് സംവരണം വേണം എന്ന അഭിപ്രായക്കാരാണ്. സംവരണം ആവശ്യമില്ലെന്ന് 11.5% പേർ അഭിപ്രായപ്പെട്ടു (പട്ടിക 4.17). ഇവരിൽ 19.8% പേർ സ്വന്തം കഴിവുകൊണ്ട് തന്നെ കാര്യങ്ങൾ നേടിയെടുക്കണം എന്ന് വിശ്വസിക്കുന്നു. എന്നാൽ ഏതാണ്ട് അത്ര തന്നെ (17.9%) സ്ത്രീകൾ പുരുഷന്മാർ മുന്നിൽ നിൽക്കണം എന്ന അഭിപ്രായമുള്ളവരാണ്. ഈ അഭിപ്രായം കൂടുതലും മുസ്ലീം സ്ത്രീകൾക്കാണ്(32.1%)

**നേതൃസ്ഥാനത്ത് ആരായിരിക്കണം**

സ്ഥാപനത്തിന്റെ മേലധികാരികൾ സ്ത്രീപുരുഷവ്യത്യാസമില്ലാതെ കാര്യപ്രാപ്തിയുള്ളവരായിരിക്കണമെന്ന അഭിപ്രായം ഉള്ളവരാണ് കൂടുതൽ (48.4%). എന്നാൽ മൂന്നി

പട്ടിക 4.17
സംവരണം വേണമെന്ന് അഭിപ്രായമുള്ളവർ (%)

| സാമ്പത്തിക ഗ്രൂപ്പ് | |
|---|---|
| 1 | 81.4 |
| 2 | 89.8 |
| 3 | 88.6 |
| 4 | 89.4 |
| ഹിന്ദു | 89.9 |
| മുസ്ലീം | 82.8 |
| ക്രിസ്ത്യൻ | 89.2 |
| പിന്നോക്കം | 89.1 |
| മുന്നോക്കം | 90.0 |
| പട്ടികജാതി | 92.2 |
| പട്ടികവർഗം | 90.0 |
| ആകെ | 88.5 |

N=749

പട്ടിക 4.18
സ്ഥാപനത്തിന്റെ മേലധികാരി/സംഘടനാ നേതൃത്വം ആരാവണം

| വിഭാഗം | സ്ത്രീ | പുരുഷൻ | കാര്യപ്രാപ്തിയുള്ളവർ |
|---|---|---|---|
| സാമ്പത്തിക ഗ്രൂപ്പ് 1 | 32.7 | 32.7 | 34.7 |
| സാമ്പത്തിക ഗ്രൂപ്പ് 2 | 19.9 | 27.1 | 51.3 |
| സാമ്പത്തിക ഗ്രൂപ്പ് 3 | 20.1 | 30.0 | 49.3 |
| സാമ്പത്തിക ഗ്രൂപ്പ് 4 | 24.1 | 32.5 | 42.2 |
| ഹിന്ദു | 24.6 | 28.4 | 46.3 |
| മുസ്ലീം | 19.8 | 33.3 | 33.3 |
| ക്രിസ്ത്യൻ | 17.3 | 29.5 | 51.8 |
| പിന്നോക്കം | 25.4 | 27.8 | 46.8 |
| മുന്നോക്കം | 20.2 | 32.1 | 47.7 |
| പട്ടികജാതി | 24.1 | 26.6 | 49.4 |
| പട്ടികവർഗം | 60.0 | 20.0 | 20.0 |
| ആകെ | 22.0 | 29.6 | 48.4 |

N=767

ലൊന്നോളം പേർ (29.6%) മേലധികാരി പുരുഷനായിരിക്കണമെന്നും നാലിലൊന്നോളം പേർ (22.0%) മേലധികാരി സ്ത്രീ ആയിരിക്കണമെന്നും അഭിപ്രായപ്പെട്ടു (പട്ടിക 4.18). സ്ത്രീകൾ സ്ഥാപനത്തിന്റെ മേലധികാരി/സംഘടനാ നേതൃത്വം ആവണം എന്ന് അഭിപ്രായപ്പെട്ടവരിൽ ബഹുഭൂരിഭാഗവും (72.3%) കാരണമായി പറയുന്നത് മറ്റുള്ളവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കാൻ അവർക്കുള്ള കഴിവാണ്. കാര്യക്ഷമത (10.6%) സത്യസന്ധത (9.6%) എന്നിവയാണ് മറ്റ് കാരണങ്ങൾ.

**പ്രാദേശിക സർക്കാറുകളും സ്ത്രീകളും**

അധികാരവികേന്ദ്രീകരണവും ജനകീയാസൂത്രണ പ്രസ്ഥാനവും കേരളത്തിലെ പൊതു ഇടങ്ങളിൽ സ്ത്രീകളുടെ ദൃശ്യത വർധിച്ചതിന് പ്രധാന കാരണമായിട്ടുണ്ട്. എന്നാൽ പദ്ധതി പ്രവർത്തനങ്ങളിലെ പങ്കാളിത്തത്തിന്റെ സ്വഭാവം (പട്ടിക 4.19) ഇനിയും പരിശോധിക്കപ്പെടേണ്ടതുണ്ട്. ഗ്രാമസഭയിലെ പങ്കാളിത്തത്തിൽ മുന്നിൽ നിൽക്കുന്നത് ദരിദ്രവിഭാഗങ്ങളായ സാമ്പത്തിക ഗ്രൂപ്പ് 1, 2 എന്നിവയാണ്. വനിതാഘടക പദ്ധതി പ്രവർത്തനത്തിലും വികസന സെമിനാറിലെ പങ്കാളിത്തത്തിലും ഇതേ വിഭാഗങ്ങൾക്ക് തന്നെയാണ് മുൻതൂക്കം. ജീവിതദുരിതങ്ങൾ ഏറെ അനുഭവിക്കുന്ന ജനവിഭാഗങ്ങൾ അവയുടെ പരിഹാരത്തിനായി ഇത്തരം പ്രവർത്തനങ്ങളിൽ പ്രതീക്ഷയോടെ പങ്കെടുക്കുന്നതിന്റെ കൂടി തെളിവായി ഇതിനെ കാണാം. മതവിഭാഗങ്ങളുടെ ഇടയിൽ മുസ്ലീം വിഭാഗത്തിന്റെ വളരെ കുറഞ്ഞ പങ്കാളിത്തം ചർച്ച ചെയ്യപ്പെടേണ്ടതാണ്. അതേ സമയം പട്ടികജാതി വിഭാഗത്തിന്റെ ഗ്രാമസഭയിലെ മികച്ച പങ്കാളിത്തം പ്രത്യേകം ശ്രദ്ധ അർഹിക്കുന്നു. എന്നാൽ മറ്റു പ്രവർത്തനങ്ങളിൽ ഈ വിഭാഗത്തിന്റേയും പങ്കാളിത്തം വേണ്ടത്രയില്ല.

പട്ടിക 4.19

പഞ്ചായത്തിലെ പദ്ധതി പ്രവർത്തനങ്ങളിലെ സ്ത്രീകളുടെ പങ്കാളിത്തം

| വിഭാഗം | ഗ്രാമസഭ | വനിതാ ഘടക പദ്ധതി | വികസന സെമിനാർ |
|---|---|---|---|
| സാമ്പത്തിക ഗ്രൂപ്പ് 1 | 37.9 | 10.0 | 10.0 |
| സാമ്പത്തിക ഗ്രൂപ്പ് 2 | 38.5 | 12.9 | 11.5 |
| സാമ്പത്തിക ഗ്രൂപ്പ് 3 | 26.1 | 8.2 | 9.1 |
| സാമ്പത്തിക ഗ്രൂപ്പ് 4 | 12.7 | 6.5 | 6.0 |
| ഹിന്ദു | 36.5 | 10.8 | 10.3 |
| മുസ്ലീം | 16.9 | 5.1 | 3.3 |
| ക്രിസ്ത്യൻ | 28.2 | 14.1 | 17.6 |
| പിന്നോക്കം | 34.6 | 13.2 | 8.3 |
| മുന്നോക്കം | 29.3 | 3.6 | 10.2 |
| പട്ടികജാതി | 57.3 | 8.6 | 10.8 |
| പട്ടികവർഗം | 15.9 | 0 | 0 |
| ആകെ | 28.8 | 9.4 | 9.2 |

N=651

**സഞ്ചാരസ്വാതന്ത്ര്യം**

കേരളത്തിൽ പൊതു സ്ഥലങ്ങളിൽ മുതിർന്ന സ്ത്രീകൾ ഒറ്റയ്ക്ക് പോകുന്നതിന്റെ സ്വഭാവം യുവതലമുറയുമായി താരതമ്യം ചെയ്തുകൊണ്ടുള്ള വിവരങ്ങൾ പട്ടിക 4.20 ൽ കൊടുത്തിരിക്കുന്നു. നമ്മുടെ സാമൂഹ്യ ധാരണകളിൽ ഇടം കിട്ടിയിട്ടില്ലാത്ത ഒരു കാഴ്ചയാണ് ഒറ്റയ്ക്ക് സിനിമ കാണാൻ പോകുന്ന സ്ത്രീ. ഇതിന്റെ കുറഞ്ഞ ശതമാനം (5.1%) ഈ ധാരണയെ ശരിവെക്കുന്നു. റേഷൻ ഷോപ്പ്, ആശുപത്രി, ആരാധനാലയം, പഞ്ചായത്ത്/സർക്കാർ ഓഫീസ്, ചന്ത, കുടുംബശ്രീ എന്നിവിടങ്ങളിലേയ്ക്ക് ഒറ്റയ്ക്കുള്ള യാത്രയുടെ ക്രമാനുഗതമായി വർധിക്കുന്നതോത് ഇവയെല്ലാം നമ്മുടെ സാമൂഹ്യ ജീവിതത്തിൽ നേടിക്കഴിഞ്ഞിരിക്കുന്ന സ്ഥാനം സൂചിപ്പിക്കുന്നു. ഇവയിൽ റേഷൻ ഷോപ്പ്, ആശുപത്രി, ആരാധനാലയം, പഞ്ചായത്ത്/സർക്കാർ ഓഫീസ് തുടങ്ങിയ സ്ഥലങ്ങളിലേക്കുള്ള യാത്ര അതിജീവനവുമായി ബന്ധപ്പെട്ട് അനിവാര്യമാണ്. എന്നാൽ ആരാധനാലയത്തിലേക്ക് ഒറ്റയ്ക്കുള്ള യാത്ര സമൂഹം അംഗീകരിച്ചിരിക്കുന്ന ഒരു കാര്യമാണെന്നും കാണാം. 18.1 ശതമാനം പേർ ലൈബ്രറിയിൽ ഒറ്റയ്ക്ക് പോകുന്നുണ്ട്. വിവാഹം, ഗൃഹപ്രവേശം, ഷോപ്പിങ്ങ് തുടങ്ങി വ്യത്യസ്ത ആവശ്യങ്ങൾക്കായി സ്ത്രീകൾ ഒറ്റയ്ക്ക് സഞ്ചരിക്കുന്നു എന്നുള്ളത് തങ്ങളുടെ ജീവിതപ്രശ്നങ്ങളെ നേരിടുന്നതിനും അതുമായി ബന്ധപ്പെട്ട പരസ്പര ബന്ധങ്ങൾ നിലനിർത്തുന്നതിനുമായി അവർ നിരന്തരം ഇടപെടലുകൾ നടത്തിക്കൊണ്ടിരിക്കുന്നു എന്നുള്ളതാണ് കാണിക്കുന്നത്.

പട്ടിക 4.20
സ്ത്രീകൾ ഒറ്റയ്ക്ക് പോകുന്നതിന്റെ സ്വഭാവം യുവതലമുറയുമായുള്ള താരതമ്യം

| ഇനം | വിവര ദാതാവ് | 15–30 പ്രായക്കാർ |
|---|---|---|
| ചായക്കട | 17.2 | 7.0 |
| സിനിമ | 5.1 | 12.6 |
| ആശുപത്രി | 61.1 | 41.9 |
| ഷോപ്പിങ്ങ് | 33.7 | 28.5 |
| ഉത്സവം | 19.5 | 19.5 |
| ലൈബ്രറി | 18.1 | 12.3 |
| പൊതുയോഗം | 16.1 | 7.7 |
| കല്യാണം/ ഗൃഹപ്രവേശം | 33.7 | 37.4 |

യുവതലമുറയുടെ സാമൂഹ്യ ഇടപെടലിന്റെ സ്വഭാവം പട്ടികയിലെ വിവരങ്ങൾ വ്യക്തമാക്കുന്നു. യുവതലമുറയിൽ ഒറ്റയ്ക്ക് സിനിമ കാണാൻ പോകുന്നവരുടെ ശതമാനം മുൻ തലമുറയേക്കാൾ ഇരട്ടിയാണെന്ന് കാണാം. എന്നാൽ പൊതുയോഗത്തിന് പോകുന്നതും ചായക്കടയിൽ ഒറ്റയ്ക്ക് പോകുന്നതും മുൻതലമുറയെ അപേക്ഷിച്ച് യുവതലമുറയുടെ കാര്യത്തിൽ പകുതിയിൽ താഴെയായി കുറയുന്നതായി കാണാം. ഇത് യുവതലമുറയിൽ പെട്ടവർ മുൻതലമുറയെ അപേക്ഷിച്ച് പൊതു പരിപാടികളോട് പുലർത്തുന്ന താൽപ്പര്യമില്ലായ്മയുടെ സൂചകമാവാം. അല്ലെങ്കിൽ ഇത്തരത്തിലുള്ള യാത്രകളിലെല്ലാം സുഹൃത്തുക്കളോടൊപ്പമോ ബന്ധുക്കളോടൊപ്പമോ മാത്രമേ അവർ പോവുന്നുള്ളൂ എന്നതുമാവാം.

വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഏതാണ്ട് തുല്യത കൈവരിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രദേശം എന്ന നിലയിൽ കേരളത്തിൽ സ്ത്രീകൾക്ക് സ്വതന്ത്രമായി സഞ്ചരിക്കുന്നതിനുള്ള വിലക്കുകൾ കുറഞ്ഞുവരുന്നുണ്ട്. പുതിയ തലമുറയിലെ പെൺകുട്ടികൾ പുറം സംസ്ഥാനങ്ങളിലേയ്ക്കും മറ്റും വിദ്യാഭ്യാസ ആവശ്യത്തിനായി ധാരാളമായി പോകുന്ന സ്ഥിതിയുണ്ട്. എങ്കിലും ഒറ്റയ്ക്ക് യാത്ര ചെയ്യുന്ന സ്ത്രീകൾക്ക് ഇപ്പോഴും പലതരത്തിലുള്ള പ്രശ്നങ്ങൾ നേരിടേണ്ടിവരുന്നുണ്ട്. 67 ശതമാനം സ്ത്രീകളും ഒറ്റയ്ക്ക് യാത്ര ചെയ്യാറുണ്ട് എന്നുള്ളത്

| പട്ടിക 4.21<br>സ്ത്രീയായതുകൊണ്ട് പൊതു ഇടങ്ങളിൽ പ്രശ്നങ്ങൾ തോന്നിയിട്ടുണ്ടോ? | | |
|---|---|---|
| സാമ്പത്തിക ഗ്രൂപ്പ് | ഉണ്ട് | ഇല്ല |
| 1 | 34.3 | 65.8 |
| 2 | 23.3 | 76.7 |
| 3 | 25.5 | 74.5 |
| 4 | 26.8 | 73.2 |
| ആകെ | 26.1 | 73.9 |

N=579

മെച്ചപ്പെട്ട അവസ്ഥയെ സൂചിപ്പിക്കുന്നു. അക്കാര്യത്തിൽ ക്രിസ്ത്യൻ വിഭാഗം (76%) ഉയർന്നു നിൽക്കുന്നു. ഒറ്റയ്ക്ക് യാത്ര ചെയ്യുന്ന കാര്യത്തിൽ പട്ടികജാതി/ മുന്നാക്ക വിഭാഗം എന്നിവയും ഉയർന്നു നിൽക്കുന്നു (72%). ഈ യാത്രകളിൽ അധികവും തങ്ങളുടെ ജില്ലയ്ക്കകത്താണ്. 54.2 ശതമാനം ജില്ലയ്ക്ക് പുറത്ത് യാത്ര ചെയ്തിട്ടില്ല. 34.1 ശതമാനം ജില്ലയ്ക്ക് പുറത്തും 11.1 ശതമാനം സംസ്ഥാനത്തിന് പുറത്തും യാത്ര ചെയ്തിട്ടുണ്ട്. ഇങ്ങനെ യാത്ര ചെയ്തത് പ്രധാനമായും തീർഥാടനം (24.6%) ബന്ധുഗൃഹം (24.9%) കുടുംബടൂർ (16.3%) വിവാഹം (8.9%) എന്നിവയ്ക്ക് വേണ്ടിയാണ്. ജില്ലക്കും സംസ്ഥാനത്തിനും പുറത്തേയ്ക്കുള്ള യാത്രയിൽ 77 ശതമാനവും കുടുംബത്തോടൊപ്പം (63%) ബന്ധുക്കളോടൊപ്പം (14.6%) എന്നിവയാണ്. തനിയെ യാത്ര ചെയ്തിട്ടുള്ളത് 12.4% മാത്രമാണ്.

പട്ടിക 4.22
സ്ത്രീയായതുകൊണ്ട് അനുഭവപ്പെട്ട പ്രശ്നങ്ങൾ

| സാമ്പത്തിക ഗ്രൂപ്പ് | അറിവിന്റെ പരിമിതി | ആത്മവിശ്വാസക്കുറവ് | യാത്രയിലെ ബുദ്ധിമുട്ട് | കുടുംബവ്യവസ്ഥിതി | വാക്കിന് അംഗീകാരമില്ല | സഞ്ചാരസ്വാതന്ത്ര്യമില്ല | ഒന്നിലധികം കാരണങ്ങൾ |
|---|---|---|---|---|---|---|---|
| സാമ്പത്തിക ഗ്രൂപ്പ് 1 | 20.7 | 17.2 | 17.2 | 13.8 | 0 | 13.8 | 17.3 |
| സാമ്പത്തിക ഗ്രൂപ്പ് 2 | 23.9 | 10.9 | 23.9 | 15.2 | 0 | 6.5 | 19.6 |
| സാമ്പത്തിക ഗ്രൂപ്പ് 3 | 16.4 | 12.3 | 39.7 | 8.2 | 1.0 | 4.1 | 18.2 |
| സാമ്പത്തിക ഗ്രൂപ്പ് 4 | 13.6 | 4.6 | 50.0 | 9.1 | 0 | 9.1 | 13.6 |
| ഹിന്ദു | 18.3 | 7.5 | 37.6 | 8.6 | 1.1 | 10.8 | 16.1 |
| മുസ്ലീം | 23.1 | 15.4 | 23.1 | 20.5 | 0 | 7.7 | 10.3 |
| കൃസ്ത്യൻ | 15.8 | 18.4 | 31.6 | 7.9 | 2.6 | 2.6 | 21.1 |
| പിന്നോക്കം | 23.5 | 3.9 | 41.2 | 7.8 | 0 | 9.8 | 13.7 |
| മുന്നോക്കം | 14.3 | 19.1 | 19.1 | 14.3 | 0 | 14.3 | 19.0 |
| പട്ടികജാതി | 5.3 | 5.3 | 52.6 | 5.3 | 5.3 | 10.5 | 15.8 |
| പട്ടികവർഗം | 50.0 | 0 | 0 | 0 | 0 | 0 | 50.0 |
| ആകെ | 19.1 | 12.7 | 32.5 | 10.8 | 1.3 | 8.9 | 7.0 |

N=157

ചിത്രം 4.1

നിങ്ങളുടെ അഭിപ്രായത്തിൽ വൈകി വീട്ടിൽ എത്തുക എന്നാൽ എത്ര മണി (%)




കേരളത്തിന്റെ സ്ത്രീയാണ് എന്നതിനാൽ മാത്രം പൊതു ഇടങ്ങളിൽ അനുഭവപ്പെടുന്ന പരിമിതികൾ ഏറെ ചർച്ച ചെയ്യപ്പെടുന്നുണ്ട്. എന്നാൽ ഈ പഠനത്തിൽ സ്ത്രീയാണ് എന്നതുകൊണ്ട് മാത്രം പൊതു ഇടങ്ങളിൽ പ്രത്യേക പ്രശ്നങ്ങളൊന്നും തോന്നിയിട്ടില്ല എന്നതാണ് 73.9 ശതമാനം പേരും പ്രതികരിച്ചത്. ഇതിൽ ജാതിമത അടിസ്ഥാനത്തിലുള്ള വ്യത്യാസങ്ങൾ തീരെ പ്രകടമല്ല. ഇവിടെ ശ്രദ്ധേയമായ മറ്റൊരു കാര്യം പൊതു ഇടങ്ങളിൽ പ്രശ്നങ്ങൾ അനുഭവപ്പെടുന്നതായിപ്പറയുന്ന സ്ത്രീകൾ കൂടുതലും ചൂണ്ടിക്കാണിക്കുന്നത്, യാത്രയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ്. ഏതാണ്ട് മൂന്നിലൊന്നു പേർ (32%) യാത്രയിലുള്ള ബുദ്ധിമുട്ടിനെപ്പറ്റി പറഞ്ഞപ്പോൾ 9 ശതമാനം പേർ തങ്ങൾക്ക് സഞ്ചാര സ്വാതന്ത്ര്യം ഇല്ലെന്ന് സൂചിപ്പിക്കുകയുണ്ടായി.

സ്ത്രീകളുടെ സഞ്ചാര സ്വാതന്ത്ര്യം ഏറെ പരിമിതപ്പെടുന്നത് രാത്രിയിലാണ് (ചിത്രം 4.1). പഠനത്തിൽ പങ്കെടുത്തവരുടെ അഭിപ്രായത്തിൽ വൈകി വീട്ടിലെത്തുക എന്നത് 42.8 ശതമാനം പേർക്കും 6 മണിയാണ്. 5 മണി (10.7%), 7 മണി(26.3%) എന്നിങ്ങനെയാണ്. വൈകി വീട്ടിലെത്തുക എന്നത് 80 ശതമാനം സ്ത്രീകൾക്കും 7 മണിയ്ക്ക് മുമ്പാണ്. എന്നാൽ ഇത് പുരുഷന്മാരെ സംബന്ധിച്ചിടത്തോളം 21.7 ശതമാനം പേർക്ക് 8 മണിയും 25.4 ശതമാനം പേർക്ക് 9 മണിയും 36.7 ശതമാനം പേർക്ക് 10 മണിയും ആണ്. 83.8 ശതമാനം പുരുഷന്മാരുടെ കാര്യത്തിലും വൈകി വീട്ടിലെത്തുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് രാത്രി 8 മണിക്ക് ശേഷമുള്ള സമയമാണ്.

സ്ത്രീയുടെ മാത്രമല്ല, ഏതൊരു വ്യക്തിയുടെയും സമൂഹത്തിലെ പദവി നിർണയിക്കുന്ന ഘടകങ്ങളാണ് അവരുടെ സാമ്പത്തിക നിലയും ആസ്തികളുടെ ഉടമസ്ഥതയും. ഇക്കാര്യ

പട്ടിക 4.23

പൊതു സ്ഥലങ്ങളിൽ സ്ത്രീകൾ ഒറ്റയ്ക്ക് പോകുന്നതിന്റെ സ്വഭാവം

| | സാമ്പത്തിക ഗ്രൂപ്പ് | | | | |
|---|---|---|---|---|---|
| | 1 | 2 | 3 | 4 | ആകെ |
| ചായക്കട | 22.6 | 16.7 | 18.8 | 10.6 | 17.2 |
| സിനിമ | 1.3 | 2.8 | 7.1 | 1.4 | 5.1 |
| റേഷൻ ഷോപ്പ് | 69.6 | 61.2 | 64.4 | 53.0 | 61.9 |
| പഞ്ചായത്ത്/ സർക്കാർ ഓഫീസ് | 57.1 | 52.8 | 56.2 | 52.8 | 53.6 |
| ചന്ത | 52.5 | 44.3 | 47.7 | 46.3 | 45.5 |
| ആശുപത്രി | 68.0 | 62.6 | 61.5 | 59.7 | 61.1 |
| നഗരത്തിൽ ഷോപ്പിങ്ങ് | 39.4 | 27.6 | 35.9 | 39.7 | 33.7 |
| കൃഷിഭവൻ | 21.6 | 34.6 | 32.6 | 32.2 | 31.1 |
| ഉത്സവം | 21.3 | 17.8 | 20.5 | 20.6 | 19.5 |
| കുടുംബശ്രീ | 50.6 | 49.7 | 45.3 | 38.7 | 45.5 |
| ആരാധനാലയം | 53.4 | 55.9 | 56.7 | 58.6 | 55.3 |
| ലൈബ്രറി | 12.9 | 13.1 | 19.0 | 30.9 | 18.1 |
| പൊതുയോഗം | 11.4 | 12.8 | 17.3 | 28.1 | 16.1 |
| തീർഥാടനം | 7.6 | 9.3 | 7.8 | 7.0 | 7.7 |
| കല്യാണം/ ഗൃഹപ്രവേശം | 35.8 | 36.0 | 33.9 | 34.6 | 33.7 |

N=714

ത്തിലുള്ള സ്ത്രീകളുടെ അവസ്ഥയും അതോടൊപ്പം പൊതു സമൂഹത്തിലെ അവരുടെ ഇട പെടലിന്റെ സ്വഭാവവുമാണ് ഈ അധ്യായത്തിൽ പ്രതിപാദിച്ചിട്ടുള്ളത്. കേരളസ്ത്രീയുടെ വിദ്യാഭ്യാസപരമായ മികവും സന്നദ്ധതയും ഉപയോഗപ്പെടുത്തിക്കൊണ്ട് അവരുടെ സമൂഹ ത്തിലെ ഇടപെടൽ മെച്ചപ്പെടുത്താൻ പൊതു ഇടങ്ങൾ സ്ത്രീസൗഹൃദപരമാവേണ്ടതുണ്ട്.

# ഭാഗം – 2

ഈ റിപ്പോർട്ടിലെ മുൻ അധ്യായങ്ങളിൽ കേരള സ്ത്രീ എങ്ങനെ ജീവിക്കുന്നു എന്നതിന്റെ ഒരു പരിച്ഛേദം അവതരിപ്പിക്കുന്നതിനാണ് ശ്രമിച്ചത്. വീടുകളിൽ നിന്ന് സ്ത്രീകളോട് മാത്രമായി സംസാരിച്ചും വസ്തുതാന്വേഷണം നടത്തിയും ശേഖരിച്ച ഈ വിവരങ്ങൾ കേരളത്തിലെ പൊതു സാമ്പത്തിക സാമൂഹ്യ അവസ്ഥകളെ പ്രതിഫലിപ്പിക്കുന്ന ഏതാണ്ടെല്ലാ കണക്കുകളുമായും ഒത്തുപോകുന്നതാണ്. തൊഴിൽ, തൊഴിലില്ലായ്മ, വരുമാനം, ആസ്തികൾ, ഗൃഹഭാരം, വീട്ടമ്മയായി മാറുന്ന അവസ്ഥ തുടങ്ങി കേരള സ്ത്രീകളുടെ വ്യക്തി -സാമൂഹ്യ ജീവിതത്തെ സമഗ്രമായി സ്വാധീനിക്കുന്ന ഘടകങ്ങളെക്കുറിച്ചുമുള്ള വിവരങ്ങളാണിവ. ഇവ വസ്തുനിഷ്ഠമാണെന്ന് ഇതര സ്ഥിതി വിവരക്കണക്കുകളും പഠനങ്ങളുമായുള്ള താരതമ്യവും തെളിയിക്കുന്നു. അടിസ്ഥാനപരമായി കേരള സ്ത്രീ ജീവിതത്തിന്റെ എല്ലാ ഭൗതിക വശങ്ങളെയും നിയന്ത്രിക്കുന്നത് മേൽപ്പറഞ്ഞ ഘടകങ്ങളാണ്. ഈ അടിസ്ഥാന ഘടകങ്ങളുടെ കൃത്യമായ പ്രതിഫലനമാണ് സാമൂഹ്യ ജീവിതത്തിൽ കാണുന്നത്. വ്യക്തിജീവിതത്തിലെ സവിശേഷതകളിൽ, സ്വഭാവ രൂപീകരണത്തിൽ, നിലപാടുകളിൽ, സമീപനങ്ങളിൽ എല്ലാം ഈ ഘടകങ്ങളുടെ സ്വാധീനം പ്രകടമാണ്. സാംസ്കാരിക ജീവിതത്തിലും രാഷ്ട്രീയ നിലപാടുകളിലും ഈ അടിസ്ഥാന ജീവിത വ്യവഹാരങ്ങളുടെ സ്വാധീനം തിരിച്ചറിയാൻ കഴിയും. എന്നാൽ ഇക്കാര്യങ്ങളെക്കുറിച്ച് അന്വേഷിച്ചറിയുകയും പരസ്പര ബന്ധം സ്ഥാപിച്ചെടുക്കുകയും ചെയ്യുക ഏറെ ദുഷ്കരമാണ്. വസ്തുനിഷ്ഠതയേക്കാൾ വ്യക്തിഗതമായ പ്രതികരണങ്ങളും അഭിപ്രായങ്ങളും എല്ലാമാണ് പഠിച്ച് വിശകലനം ചെയ്യേണ്ടത്. എന്നാൽ ഗൗരവമായ ഏതൊരു പഠനത്തിലും ലഭ്യമാവുന്നതുപോലെ ഈ അന്വേഷണത്തിലും ഈ അടിസ്ഥാന ജീവിതഘടകങ്ങളെയും സ്ത്രീകളുടെ സാമൂഹ്യ സാംസ്കാരിക ജീവിതാവസ്ഥയേയും കൃത്യമായി ബന്ധിപ്പിക്കാനാവുന്നുണ്ട്. ഗുണാത്മക (qualitative) വിവരങ്ങളുടെ വിശകലനത്തിലൂടെ ലഭിക്കുന്ന പ്രധാന നിഗമനങ്ങളാണ് ഈ ഭാഗത്ത് ചേർത്തിരിക്കുന്നത്. വിദ്യാഭ്യാസം, ആരോഗ്യം, നിയമം, അധികാരഘടന, ലൈംഗികത, സഞ്ചാര സ്വാതന്ത്ര്യം, മതാചാരങ്ങൾ, വിശ്വാസങ്ങൾ, വിവാഹം, വായന, മാധ്യമം, എന്നിങ്ങനെയുള്ള സാമൂഹ്യ ജീവിതത്തിന്റെ സുപ്രധാനമായ വ്യവഹാരങ്ങളിലേയ്ക്ക് നേരത്തെ സൂചിപ്പിച്ച അടിസ്ഥാന ജീവിതഘടകങ്ങളുടെ പശ്ചാത്തലത്തിൽ പുതിയ വെളിച്ചം പകരുന്നതാണ് ഈ വിവരങ്ങൾ. ഇവ സ്ത്രീകളുടെ മാത്രം പ്രതികരണങ്ങളാണ്. മുൻതലമുറയുടെ ജീവിതാവസ്ഥയുമായുള്ള താരതമ്യം എന്ന നിലയിലും വരും തലമുറയുടെ സാമൂഹ്യജീവിതത്തെ താരതമ്യം ചെയ്യാനുള്ള അടിസ്ഥാന ഡാറ്റ എന്ന നിലയിലും ഈ വിവരങ്ങൾക്ക് പ്രാധാന്യമുണ്ട്. എന്നാൽ സൂക്ഷ്മാന്വേഷണങ്ങൾ ഈ പഠനത്തിൽ നടന്നിട്ടില്ല. അത്തരം അന്വേഷണത്തിനുള്ള നിരവധി സാധ്യതകൾ തുറക്കുകയാണ് ഇവ ചെയ്യുന്നത്.

# വിദ്യാഭ്യാസം

മുഖ്യ വിവരദാതാവിന്റെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട വിവരങ്ങളാണ് ഈ അധ്യായത്തിൽ ചേർത്തിരിക്കുന്നത്. അതോടൊപ്പം കുട്ടികളുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് ഈ രംഗത്തെ അവരുടെ സമീപനവും ഇടപെടലുകളും ഇവിടെ ചർച്ചാവിഷയമാക്കിയിട്ടുണ്ട്.

പട്ടിക 1
വിവരദാതാവ് പഠിച്ച സ്കൂളുകളുടെ സ്വഭാവം

| വിഭാഗം | സർക്കാർ (%) | എയ്ഡഡ് (%) | അൺ എയ്ഡഡ് (%) |
|---|---|---|---|
| സാമ്പത്തിക ഗ്രൂപ്പ് | | | |
| 1 | 49.0 | 39.6 | 5.2 |
| 2 | 50.6 | 39.7 | 5.9 |
| 3 | 51.8 | 38.2 | 7.7 |
| 4 | 41.9 | 44.2 | 10.5 |
| മതം | | | |
| ഹിന്ദു | 53.1 | 37.2 | 6.6 |
| മുസ്ലീം | 55.5 | 35.8 | 3.5 |
| ക്രിസ്ത്യൻ | 33.8 | 51.0 | 13.1 |
| ജാതി | | | |
| പിന്നാക്കം | 50.2 | 39.6 | 6.9 |
| മുന്നോക്കം | 52.6 | 35.3 | 7.8 |
| പട്ടികജാതി | 61.4 | 34.3 | 4.3 |
| പട്ടികവർഗം | 77.8 | 11.1 | 0.0 |
| ആകെ | 49.9 | 39.5 | 7.1 |

N=759

| പട്ടിക-2.1.2<br>വിവരദാതാവ് പഠിച്ച സ്കൂൾ | | |
|---|---|---|
| വിഭാഗം | മിക്സഡ് | ഗേൾസ് |
| സാമ്പത്തിക ഗ്രൂപ്പ് | | |
| 1 | 92.3 | 7.7 |
| 2 | 87.2 | 12.8 |
| 3 | 81.1 | 18.9 |
| 4 | 71.3 | 28.7 |
| ആകെ | 83.3 | 16.7 |

N=759

മുഖ്യ വിവരദാതാക്കളിൽ 90 ശതമാനം പേരും അവസാനമായി പഠിച്ചത് സർക്കാർ/എയിഡഡ് സ്കൂളിലാണ്. ഇക്കാര്യത്തിൽ ജാതിമത വ്യത്യാസങ്ങൾ പ്രകടമായി കാണാനില്ലെങ്കിലും SC-ST വിഭാഗത്തിൽപ്പെട്ടവർ ബഹുഭൂരിഭാഗവും സർക്കാർ/എയ്ഡഡ് സ്കൂളുകളിലാണ് പഠിച്ചത്. 83 ശതമാനം പേരും മിക്സഡ് സ്കൂളിലാണ് പഠിച്ചത്. എന്നാൽ ഗേൾസ് സ്കൂളിൽ മാത്രം പഠിച്ചവരുടെ അനുപാതം EG-4 ൽ 29 ശതമാനം വരുമ്പോൾ EG-1 ൽ 8 ശതമാനമേ വരുന്നുള്ളൂ. ഇതു കാണിക്കുന്നത് സാമ്പത്തികമായി മുന്നോക്കം നിൽക്കുന്നവരാണ് പെൺകുട്ടികൾക്ക് മാത്രമായുള്ള സ്കൂളിൽ പഠിക്കുന്നത് എന്നാണ്. ഈ പഠനം അനുസരിച്ച് 94 ശതമാനം പേരുടെയും പഠന മാധ്യമം മാതൃഭാഷയായിരുന്നു. EG-1, 2 വിഭാഗത്തിൽപ്പെട്ടവരിൽ ഒരു ശതമാനം പോലും ഇംഗ്ലീഷ് മീഡിയത്തിൽ പഠിച്ചവരായിരുന്നില്ല. എന്നാൽ EG4 ൽ പെട്ടവരിൽ 10 ശതമാനം പേർ ഇംഗ്ലീഷ് മീഡിയത്തിലാണ് പഠിച്ചത്. വിവരദാതാക്കളുടെ ശരാശരി പ്രായം 45.5 ആണെന്നത് ഓർക്കേണ്ടതാണ്. അതായത് ഈ കണക്കുകൾ 30-40 വർഷം മുമ്പുള്ളതാണെന്നർഥം.

| പട്ടിക-2.1.3<br>വിവരദാതാവിന്റെ പഠന മാധ്യമം | | | |
|---|---|---|---|
| വിഭാഗം | മാതൃഭാഷ | ഇംഗ്ലീഷ് | മറ്റുള്ളവ |
| സാമ്പത്തിക ഗ്രൂപ്പ് | | | |
| 1 | 95.7 | 0 | 4.3 |
| 2 | 96.6 | 0.8 | 2.6 |
| 3 | 94.7 | 2.9 | 2.4 |
| 4 | 88.5 | 9.2 | 2.3 |
| മതം | | | |
| ഹിന്ദു | 94.5 | 2.9 | 2.6 |
| മുസ്ലീം | 95.3 | 1.2 | 3.5 |
| കൃസ്ത്യൻ | 94.5 | 3.4 | 2.1 |
| ജാതി | | | |
| പിന്നാക്കം | 95.5 | 2.9 | 1.6 |
| മുന്നോക്കം | 93.9 | 3.4 | 2.7 |
| പട്ടികജാതി | 92.9 | 2.8 | 4.3 |
| പട്ടികവർഗം | 88.9 | 0 | 11.1 |
| ആകെ | 94.4 | 2.7 | 2.9 |

N=755

പഠിക്കാൻ തൽപ്പരരായിരുന്ന 61.8 ശതമാനം പേർക്കും പഠിക്കാൻ കഴിയാതെ പോയിട്ടുണ്ട് എന്ന് പഠനത്തിൽ നിന്ന് മനസ്സിലാവുന്നു. ഇത് കൂടുതൽ പ്രകടമായി കാണുന്നത് താഴ്ന്ന സാമ്പത്തിക ഗ്രൂപ്പുകളിലും മുസ്ലീം (71%) സമുദായത്തിലുമാണ്. പട്ടിക ജാതി/വർഗക്കാർക്കിടയിലും ഇത് പ്രകടമാണ്. ഏതാണ്ട് പകുതി പേരുടേയും പ്രശ്നം കുടുംബസാഹചര്യമാണ്. കുടുംബസാഹചര്യവും സാമ്പത്തിക പരിമിതികളും കൂടിച്ചേർന്നാണ് 70 ശതമാനം പേർക്കും തുടർന്ന് പഠിക്കാൻ കഴിയാതെ പോയത്. എന്നാൽ 17 ശതമാനം പേർക്ക് വിവാഹമായിരുന്നു തടസ്സം. പഠിത്തം നിർത്തേണ്ടിവന്നവരിൽ പകുതിയിലധികം പേർക്കും (55%) തുടർന്ന് പഠിക്കണമെന്ന് ആഗ്രഹമുണ്ടായിരുന്നു. ഇക്കൂട്ടത്തിൽ ഭൂരിഭാഗം പേരും തുടർപഠനത്തെക്കുറിച്ച് ആലോചിക്കാൻ തുടങ്ങിയത്, മക്കൾക്ക് പാഠഭാഗങ്ങൾ പറഞ്ഞുകൊടുക്കുവാൻ കഴിയാതെ വന്നപ്പോഴാണ്. സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടായപ്പോഴും, പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ കഴിയാഞ്ഞപ്പോഴും തുടർപഠനത്തെക്കുറിച്ച് പുനരാലോചന നടത്തിയിട്ടുണ്ട്.

പട്ടിക-2.1.4
പഠിക്കാൻ ആഗ്രഹമുണ്ടായിട്ട് പഠിക്കാൻ കഴിയാതെ പോയവർ

| വിഭാഗം | ശതമാനം |
|---|---|
| സാമ്പത്തിക ഗ്രൂപ്പ് | |
| 1 | 76.9 |
| 2 | 68.4 |
| 3 | 57.4 |
| 4 | 50.6 |
| മതം | |
| ഹിന്ദു | 60.9 |
| മുസ്ലീം | 70.7 |
| ക്രിസ്ത്യൻ | 58.6 |
| ജാതി | |
| പിന്നോക്കം | 57.4 |
| മുന്നോക്കം | 62.9 |
| പട്ടികജാതി | 67.5 |
| പട്ടികവർഗം | 80 |
| ആകെ | 61.8 |

N=784

പട്ടിക-2.1.5
പഠിക്കാൻ ആഗ്രഹമുണ്ടായിട്ട് പഠിക്കാൻ കഴിയാത്ത സാഹചര്യം %

| എന്തുകൊണ്ട് | ശതമാനം |
|---|---|
| കുടുംബ സാഹചര്യം | 46.8 |
| സാമ്പത്തിക സാഹചര്യം | 23.1 |
| വിവാഹം കാരണം | 17.1 |
| വീടിനടുത്ത് സ്കൂൾ ഇല്ല | 3.3 |
| മറ്റ് കാരണം | 9.7 |

**കുട്ടികളുടെ വിദ്യാഭ്യാസം**

വിദ്യാഭ്യാസവും തൊഴിലുമായി ബന്ധപ്പെടുത്തിയുള്ള ചർച്ചകളിൽ പഠനപ്രവർത്തനങ്ങൾക്ക് പ്രാധാന്യമുള്ള പുതിയ വിദ്യാഭ്യാസ രീതിയോട് 71 ശതമാനം പേരും അനുകൂലിക്കുകയാണ് ചെയ്തത് (പട്ടിക 2.1.6 കാണുക). സ്കൂൾ പി.ടി.എ കളിൽ അമ്മമാരുടെ പങ്കാളിത്തം അച്ഛന്മാരേക്കാൾ കൂടുതലാണെന്നാണ് പഠനം വെളിപ്പെടുത്തുന്നത്. ഇതിൽ സാമ്പത്തിക വ്യത്യാസങ്ങളോ ജാതിമത വ്യത്യാസങ്ങളോ ഇല്ലെന്ന് തന്നെ പറയാം (പട്ടിക 2.1.7

| പട്ടിക-2.1.6<br>പുതിയ പാഠ്യപദ്ധതിയെക്കുറിച്ചുള്ള അഭിപ്രായം | | | |
|---|---|---|---|
| വിഭാഗം | നല്ലത് (%) | മോശം (%) | അഭിപ്രായമില്ല (%) |
| സാമ്പത്തിക ഗ്രൂപ്പ് 1 | 66.7 | 8.8 | 24.5 |
| സാമ്പത്തിക ഗ്രൂപ്പ് 2 | 72.8 | 11.1 | 16.1 |
| സാമ്പത്തിക ഗ്രൂപ്പ് 3 | 70.2 | 12.0 | 17.8 |
| സാമ്പത്തിക ഗ്രൂപ്പ് 4 | 72.9 | 8.3 | 18.8 |
| ഹിന്ദു | 72.8 | 9.4 | 17.8 |
| മുസ്ലീം | 70.9 | 8.8 | 20.3 |
| ക്രിസ്ത്യൻ | 64.6 | 18.4 | 17.0 |
| ജാതി | | | |
| പിന്നാക്കം | 72.8 | 8.1 | 19.1 |
| മുന്നോക്കം | 75.2 | 11.1 | 13.7 |
| പട്ടികജാതി | 69.7 | 9.2 | 21.1 |
| പട്ടികവർഗം | 66.7 | 22.2 | 11.1 |
| ആകെ | 70.8 | 10.9 | 18.3 |

N=772

| പട്ടിക-2.1.7<br>പി ടി എ യോഗങ്ങളിലെ പങ്കാളിത്തം | | | | | |
|---|---|---|---|---|---|
| വിഭാഗം | അമ്മ | അച്ഛൻ | ആരെങ്കിലും ഒരാൾ | കുടുംബത്തിലെ മറ്റൊരംഗം | ആരുമില്ല |
| സാമ്പത്തിക ഗ്രൂപ്പ് 1 | 46.2 | 19.8 | 19.8 | 2.2 | 12.1 |
| സാമ്പത്തിക ഗ്രൂപ്പ് 2 | 55.5 | 18.5 | 18.0 | 2.5 | 5.5 |
| സാമ്പത്തിക ഗ്രൂപ്പ് 3 | 54.8 | 19.7 | 17 | 1.5 | 6.9 |
| സാമ്പത്തിക ഗ്രൂപ്പ് 4 | 50.0 | 18.1 | 25.0 | 1.4 | 5.6 |
| ഹിന്ദു | 54.5 | 18.6 | 18.9 | 1.4 | 6.5 |
| മുസ്ലീം | 52.7 | 18.9 | 16.9 | 3.4 | 8.1 |
| ക്രിസ്ത്യൻ | 50.0 | 20.8 | 20.0 | 1.7 | 7.5 |
| പിന്നോക്കം | 52.8 | 19.0 | 20.5 | 1.0 | 6.7 |
| മുന്നോക്കം | 56.0 | 22.0 | 13.2 | 2.2 | 6.6 |
| പട്ടികജാതി | 57.4 | 14.8 | 21.3 | 1.6 | 4.9 |
| പട്ടികവർഗം | 50.0 | 0 | 33.3 | 0 | 16.7 |
| ആകെ | 52.1 | 19.8 | 17.9 | 2.6 | 7.6 |

N=622

| പട്ടിക-2.1.8 പി ടി എ ഭാരവാഹിത്വം | | |
|---|---|---|
| സാമ്പത്തിക ഗ്രൂപ്പ് | സ്ത്രീ | പുരുഷൻ |
| 1 | 6.9 | 93.1 |
| 2 | 11.2 | 88.8 |
| 3 | 15.2 | 84.0 |
| 4 | 8.9 | 91.1 |
| ആകെ | 11.9 | 88.1 |

N=505

| പട്ടിക-2.1.9 സ്കൂളിലെ മദർ പി ടി എയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാനുള്ള താൽപ്പര്യം | | | | |
|---|---|---|---|---|
| സാമ്പത്തിക ഗ്രൂപ്പ് | അക്കാദമികം | പാഠ്യേതരം | കല, സംസ്കാരം | ഉച്ച ഭക്ഷണം |
| 1 | 8.3 | 20.8 | 14.6 | 56.3 |
| 2 | 12.5 | 38.3 | 19.2 | 29.2 |
| 3 | 21.9 | 33.8 | 20.0 | 23.1 |
| 4 | 31.8 | 29.6 | 20.5 | 18.2 |
| ഹിന്ദു | 16.7 | 33.0 | 20.8 | 28.1 |
| മുസ്ലീം | 18.4 | 30.3 | 10.5 | 40.8 |
| ക്രിസ്ത്യൻ | 22.7 | 36.0 | 22.7 | 18.7 |
| പിന്നാക്കം | 13.7 | 35.0 | 23.9 | 27.4 |
| മുന്നോക്കം | 30.4 | 32.1 | 14.3 | 19.6 |
| പട്ടികജാതി | 9.3 | 25.6 | 20.9 | 41.9 |
| പട്ടികവർഗം | - | 50.0 | 25.0 | 25.0 |
| ആകെ | 22.0 | 33.1 | 19.1 | 33.1 |

N=372

കാണുക). ഇത്തരത്തിൽ വർധിച്ച പങ്കാളിത്തമുണ്ടെങ്കിലും സ്കൂൾ പി.ടി.എകളിലെ ഭാരവാഹിത്വത്തിൽ പ്രത്യേകിച്ചും പ്രസിഡന്റ് ആയി തെരഞ്ഞെടുക്കപ്പെടുന്നത് പുരുഷന്മാർ തന്നെയാണ് എന്ന് കാണാം (പട്ടിക 2.1.8 കാണുക).

സ്കൂൾ പി.ടി.എകളുമായി ബന്ധപ്പെട്ട ചർച്ചകളിൽ മദർ പി.ടി.എയുടെ പ്രവർത്തനം പ്രത്യേകം ചർച്ച ചെയ്യുകയുണ്ടായി. ഇതിൽ നിന്നും വ്യക്തമാകുന്നത് സ്കൂളുമായി ബന്ധപ്പെട്ട അക്കാദമികം, പാഠ്യേതര പ്രവർത്തനം, കല, സംസ്കാരം, ഉച്ചഭക്ഷണം എന്നിവയിലെല്ലാം തൽപരരായിട്ടുള്ള അമ്മമാർ ഉണ്ട് എന്നതാണ്. സാഹചര്യം വന്നാൽ പ്രവർത്തിക്കുവാൻ അവർ തയ്യാറുമാണ് (പട്ടിക 2.1.9 കാണുക). ഈ സാഹചര്യത്തിലും പി ടി എ ഭാരവാഹിയാവുന്ന സ്ത്രീകളുടെ ശതമാനം ഇത്രയും കുറവാണെന്നത് വൈരുധ്യം തന്നെയാണ്.

വിദ്യാർഥി സംഘടനകളുടെ ആവശ്യകതയുമായി ബന്ധപ്പെടുത്തിയുള്ള ചോദ്യത്തിന് 44.5

| പട്ടിക-2.1.10<br>വിദ്യാർഥി സംഘടനകൾ ആവശ്യമാണോ | | | |
|---|---|---|---|
| സാമ്പത്തിക വിഭാഗം | ആവശ്യമാണ് | ആവശ്യമില്ല | അഭിപ്രായമില്ല |
| 1 | 44.0 | 25.0 | 31.0 |
| 2 | 42.8 | 36.2 | 21.0 |
| 3 | 43.4 | 36.9 | 19.7 |
| 4 | 54.1 | 32.9 | 13.0 |
| ആകെ | 44.5 | 34.6 | 20.9 |

N=734

ശതമാനം പേർ സംഘടന ആവശ്യമാണ് എന്ന് അഭിപ്രായപ്പെട്ടു. 34.6 ശതമാനം പേർ ആവശ്യമില്ലെന്നും, 20.9% പേർ അതു സംബന്ധിച്ച് അഭിപ്രായം ഇല്ലാത്തവരുമാണ്. ഇത്തരം അഭിപ്രായ പ്രകടനങ്ങളിൽ ജാതിമത വ്യത്യാസമോ, സാമ്പത്തിക അന്തരമോ ഒരു ഘടകമല്ല.

**സ്കൂളിൽ ലൈംഗിക വിദ്യാഭ്യാസം വേണം**

പഠനത്തിൽ പങ്കെടുത്തവരിൽ പ്രകടമായ വ്യത്യാസങ്ങളില്ലാതെ കൂടുതൽ പേരും സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമായി ലൈംഗിക വിദ്യാഭ്യാസം വേണം എന്ന അഭിപ്രായക്കാരാണ്. പകുതിയിലധികം പേരും അഭിപ്രായപ്പെട്ടത് ഹൈസ്കൂൾ ക്ലാസ്സിൽ തന്നെ ലൈംഗിക വിദ്യാഭ്യാസം നൽകണം എന്നാണ് (പട്ടിക 2.1.11 കാണുക).

| പട്ടിക-2.1.11<br>സ്കൂളിൽ ലൈംഗിക വിദ്യാഭ്യാസം | | | |
|---|---|---|---|
| വിഭാഗം | വേണം | വേണ്ട | അഭിപ്രായമില്ല |
| സാമ്പത്തിക ഗ്രൂപ്പ് 1 | 64.4 | 6.9 | 28.7 |
| സാമ്പത്തിക ഗ്രൂപ്പ് 2 | 66.9 | 16.1 | 16.9 |
| സാമ്പത്തിക ഗ്രൂപ്പ് 3 | 64.8 | 20.3 | 14.8 |
| സാമ്പത്തിക ഗ്രൂപ്പ് 4 | 69.8 | 16.3 | 14.0 |
| ഹിന്ദു | 67.4 | 16.1 | 16.5 |
| മുസ്ലീം | 63.0 | 14.4 | 22.7 |
| ക്രിസ്ത്യൻ | 65.4 | 22.1 | 12.5 |
| പിന്നോക്കം | 70.1 | 12.9 | 17.0 |
| മുന്നോക്കം | 61.9 | 22.1 | 15.9 |
| പട്ടികജാതി | 68.0 | 17.3 | 14.7 |
| പട്ടികവർഗം | 66.7 | 16.7 | 16.7 |
| ആകെ | 65.6 | 17.0 | 17.4 |

N=753

# ആരോഗ്യം

കേരളത്തിന്റെ ആരോഗ്യ മേഖലയിലെ പ്രധാന പ്രശ്നങ്ങളെക്കുറിച്ചുള്ള നിരവധി പഠനങ്ങൾ ലഭ്യമാണ്. രോഗാതുരത, ചികിത്സാച്ചെലവ്, ജീവിതശൈലീ രോഗങ്ങൾ എന്നീ കാര്യങ്ങളെല്ലാം വിശകലനം ചെയ്തുകൊണ്ട് 1987, 1996, 2004 വർഷങ്ങളിൽ പരിഷത്ത് തന്നെ നടത്തിയ പഠനങ്ങൾ ആരോഗ്യ മേഖലയിൽ ഏറെ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. പൊതു ആരോഗ്യ സ്ഥിതിയുമായി ബന്ധപ്പെട്ട സ്ഥിതിവിവരക്കണക്കുകൾ മേൽപ്പറഞ്ഞ പഠനങ്ങളിലും മറ്റ് പഠനങ്ങളിലും വിശദമായി പരിശോധിച്ചിട്ടുള്ളതിനാൽ ഈ പഠനത്തിൽ അക്കാര്യങ്ങൾ വീണ്ടും ഉൾപ്പെടുത്തിയിട്ടില്ല. അതേ സമയം സ്ത്രീകൾ അനുഭവിക്കുന്ന സവിശേഷ ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ചുള്ള ഏതാനും വിവരങ്ങളും പ്രതികരണങ്ങളുമാണ് ഇവിടെ പഠനവിധേയമാക്കിയിട്ടുള്ളത്.

60+ പ്രായഗ്രൂപ്പിലുള്ളവരുടെ ആരോഗ്യ പ്രശ്നങ്ങളും യുവജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങളും പ്രത്യേകമായി അന്വേഷിച്ചുകൊണ്ടുള്ള വിശകലനങ്ങൾ ഈ പഠനത്തിൽ തുടർന്നുള്ള അധ്യായങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സ്ത്രീകൾക്ക് സ്വന്തം ശാരീരിക പ്രക്രിയകളെക്കുറിച്ചുള്ള അറിവ്, സ്ത്രീപുരുഷ ശാരീരിക ബന്ധത്തെക്കുറിച്ചുള്ള സാമാന്യ ധാരണകൾ എന്നിവയെക്കുറിച്ചുള്ള പ്രതികരണങ്ങൾ ഈ ഭാഗത്ത് ചേർത്തിരിക്കുന്നു.

**ശാരീരിക പ്രക്രിയകളെക്കുറിച്ചുള്ള അറിവ്**

വിവരദാതാക്കളിൽ 74.1 ശതമാനം പേർക്കും ആർത്തവം തുടങ്ങിയത് 13-15 വയസുകളി

പട്ടിക 2.2.1

വിവരദാതാക്കളുടെ ആർത്തവം തുടങ്ങിയ പ്രായം

| സാമ്പത്തിക ഗ്രൂപ്പ് | 9-12 വയസ്സ് | 13-15 വയസ്സ് | 16 വയസ്സിന് മുകളിൽ |
|---|---|---|---|
| 1 | 15.1 | 69.8 | 15.1 |
| 2 | 10.6 | 73.6 | 15.8 |
| 3 | 10.3 | 75.3 | 10.4 |
| 4 | 8.1 | 75.6 | 16.3 |
| ആകെ | 10.8 | 74.1 | 15.1 |

N=786

ലാണ്. തികച്ചും ജീവശാസ്ത്രപരമായ ഈ ശാരീരിക പ്രക്രിയയുടെ സമയത്ത് മാറിയിരിക്കുന്ന 39.1 ശതമാനം പേരുണ്ട് (പട്ടിക 2.2.2 കാണുക). വിവിധ സാമ്പത്തിക വിഭാഗങ്ങളിൽ ഇക്കാര്യത്തിൽ വലിയ വ്യത്യാസമില്ല. ഈ സ്ഥിതി കൂടുതലുള്ളത് ഹിന്ദുക്കളിലാണെന്ന് വ്യക്തമാണ്. മുസ്ലീം, ക്രിസ്ത്യൻ വിഭാഗങ്ങളിൽ ഇത് ശരാശരിയുടെ പകുതിയിൽ താഴെയാണ്.

ആർത്തവ സമയത്ത് നാപ്കിൻ ഉപയോഗിക്കുന്നത് 12.3 ശതമാനവും തുണി ഉപയോഗിക്കുന്നവർ 85.6 ശതമാനവും ആണ്. ഇത് മുഖ്യ വിവരദാതാക്കളുടെ വിവരങ്ങളാണ് എന്നതും ഇവരിൽ ഭൂരിഭാഗവും 35 വയസ്സിന് മുകളിലുള്ളവരാണെന്നതും പ്രത്യേകം ഓർക്കേണ്ടതാണ്.

ആർത്തവത്തെക്കുറിച്ച് ശാസ്ത്രീയമായി വിശദീകരിക്കാൻ കഴിഞ്ഞവർ 35.1 ശതമാനം മാത്രമാണ്. സാക്ഷരതയും ഉയർന്ന സ്ത്രീവിദ്യാഭ്യാസവുമുള്ള കേരളത്തിൽ ഒരു സ്ത്രീ അവശ്യം അറിഞ്ഞിരിക്കേണ്ട അറിവ് ഇല്ലാത്തവർ 64.7 ശതമാനം ആണ്. ഈ അറിവ് കിട്ടിയവരിൽ 36.1 ശതമാനം പേർക്കും അത് ലഭിച്ചത് അമ്മയിൽ നിന്നാണ്. 52.4 ശതമാനം പേർക്കും ഈ അറിവ് ലഭിക്കുന്നത് 12 മുതൽ 14 വയസ്സ് വരെയുള്ള കാലത്താണ്.

പട്ടിക 2.2.2
ആർത്തവ സമയത്ത് മാറിയിരിക്കുന്നവർ

| വിഭാഗം | % |
|---|---|
| സാമ്പത്തിക ഗ്രൂപ്പ് 1 | 45.8 |
| സാമ്പത്തിക ഗ്രൂപ്പ് 2 | 39.7 |
| സാമ്പത്തിക ഗ്രൂപ്പ് 3 | 36.2 |
| സാമ്പത്തിക ഗ്രൂപ്പ് 4 | 43.5 |
| ഹിന്ദു | 55.8 |
| മുസ്ലീം | 16.3 |
| ക്രിസ്ത്യൻ | 17.4 |
| പിന്നോക്കം | 54.3 |
| മുന്നോക്കം | 58.6 |
| പട്ടികജാതി | 56.4 |
| പട്ടികവർഗം | 60.0 |
| ആകെ | 39.1 |

N=777

പട്ടിക 2.2.3
ആർത്തവത്തെക്കുറിച്ചുള്ള ശാസ്ത്രീയമായ അറിവ് ഉള്ളവർ

| വിഭാഗം | % |
|---|---|
| സാമ്പത്തിക ഗ്രൂപ്പ് 1 | 34.3 |
| സാമ്പത്തിക ഗ്രൂപ്പ് 2 | 28.3 |
| സാമ്പത്തിക ഗ്രൂപ്പ് 3 | 35.4 |
| സാമ്പത്തിക ഗ്രൂപ്പ് 4 | 47.6 |
| ഹിന്ദു | 35.3 |
| മുസ്ലീം | 23.8 |
| ക്രിസ്ത്യൻ | 44.8 |
| പിന്നോക്കം | 29.4 |
| മുന്നോക്കം | 49.6 |
| പട്ടികജാതി | 31.6 |
| പട്ടികവർഗം | 40.0 |
| ആകെ | 35.1 |

N=444

**സ്ത്രീപുരുഷ ശാരീരിക ബന്ധം**

സ്ത്രീ-പുരുഷ ശാരീരിക ബന്ധത്തെക്കുറിച്ചുള്ള അറിവ് ഏറ്റവും കൂടുതൽ പേർക്ക് ലഭിച്ചത് (48.4%) 15 മുതൽ 18 വയസ്സിലാണെന്ന് പഠനം കാണിക്കുന്നു. വ്യത്യസ്ത മതവിഭാഗങ്ങളുടെ കാര്യവും ഏതാണ്ട് ഇതുപോലെ തന്നെയാണ്. സ്ത്രീ പുരുഷ ശാരീരിക ബന്ധത്തെക്കുറിച്ചുള്ള അറിവ് ആരിൽ നിന്ന് എന്ന ചോദ്യത്തിന് 24.4% പേരും ചങ്ങാതിയിൽ

പട്ടിക 2.2.4
ആർത്തവത്തെക്കുറിച്ചുള്ള അറിവ് ലഭിച്ചത് ആരിൽ നിന്ന്

| വിഭാഗം | അമ്മ | പുസ്തകം | മതം | സ്കൂൾ | മറ്റുള്ളവ |
|---|---|---|---|---|---|
| സാമ്പത്തിക ഗ്രൂപ്പ് 1 | 44.4 | 12.7 | 12.7 | 6.4 | 23.8 |
| സാമ്പത്തിക ഗ്രൂപ്പ് 2 | 37.1 | 11.9 | 9.3 | 7.3 | 34.4 |
| സാമ്പത്തിക ഗ്രൂപ്പ് 3 | 35.2 | 17.2 | 10.3 | 7.3 | 30.0 |
| സാമ്പത്തിക ഗ്രൂപ്പ് 4 | 33.3 | 21.2 | 6.1 | 9.1 | 30.3 |
| ഹിന്ദു | 42.1 | 15.9 | 3.8 | 7.6 | 30.6 |
| മുസ്ലീം | 20.0 | 13.9 | 30.4 | 7.8 | 27.9 |
| ക്രിസ്ത്യൻ | 39.8 | 16.7 | 3.7 | 6.5 | 33.3 |
| പിന്നോക്കം | 44.2 | 13.6 | 3.9 | 6.5 | 31.8 |
| മുന്നോക്കം | 41.5 | 18.3 | 2.4 | 13.4 | 24.4 |
| പട്ടികജാതി | 42.2 | 15.6 | 4.4 | 2.2 | 35.6 |
| പട്ടികവർഗം | 12.5 | 25.0 | 12.5 | – | 50.0 |
| ആകെ | 36.7 | 15.6 | 9.7 | 7.4 | 30.6 |

N=513

പട്ടിക 2.2.5
സ്ത്രീപുരുഷ ലൈംഗിക ബന്ധത്തെക്കുറിച്ച് അറിവ് ലഭിച്ചത് ആരിൽ നിന്ന്

| വിഭാഗം | മത പഠനം | ഭർത്താവ് | ചങ്ങാതി | അമ്മ | സഹോദരി | അയൽക്കാരി | മാധ്യമം | മറ്റുള്ളവർ ഒന്നിലധികം സ്രോതസ്സ് |
|---|---|---|---|---|---|---|---|---|
| സാമ്പത്തിക ഗ്രൂപ്പ് 1 | 30.14 | 23.3 | 20.6 | 10.9 | 5.5 | 2.7 | – | 6.9 |
| സാമ്പത്തിക ഗ്രൂപ്പ് 2 | 12.8 | 22.7 | 26.2 | 15.1 | 2.9 | 3.5 | – | 16.8 |
| സാമ്പത്തിക ഗ്രൂപ്പ് 3 | 10.7 | 24.4 | 20.9 | 11.8 | 4.6 | 2.7 | 3.4 | 21.5 |
| സാമ്പത്തിക ഗ്രൂപ്പ് 4 | 7.1 | 15.7 | 22.9 | 8.6 | 5.7 | 5.7 | 1.4 | 32.9 |
| ഹിന്ദു | 3.9 | 26.9 | 24.2 | 11.9 | 4.3 | 3.7 | 1.8 | 23.3 |
| മുസ്ലീം | 30.8 | 13.5 | 18.8 | 10.5 | 2.3 | 4.5 | 0.8 | 18.8 |
| ക്രിസ്ത്യൻ | 11.1 | 21.4 | 23.1 | 15.4 | 6.8 | 0.9 | 2.6 | 18.7 |
| പിന്നോക്കം | 4.0 | 29.3 | 23.0 | 14.4 | 4.0 | 2.9 | 1.7 | 20.7 |
| മുന്നോക്കം | 4.7 | 24.4 | 20.9 | 10.5 | 4.6 | 5.8 | 2.3 | 26.8 |
| പട്ടികജാതി | 3.3 | 26.2 | 32.8 | 8.2 | 4.9 | 3.3 | 1.6 | 19.7 |
| പട്ടികവർഗം | 0 | 0 | 40.0 | 20.0 | 0 | 0 | 0 | 40.0 |
| ആകെ | 12.3 | 21.6 | 24.4 | 11.2 | 4.1 | 3.2 | 1.7 | 21.5 |

| പട്ടിക 2.2.6<br>സ്ത്രീപുരുഷ ശാരീരികബന്ധത്തെക്കുറിച്ചുള്ള അറിവ് ലഭിച്ചത് ഏത് പ്രായത്തിൽ | | | | |
|---|---|---|---|---|
| വിഭാഗം | 15 വയസ്സിന് മുമ്പ് | 15–18 വയസ്സിൽ | 19–25 വയസ്സിൽ | 25 വയസ്സിന് മുകളിൽ |
| സാമ്പത്തിക ഗ്രൂപ്പ് 1 | 14.2 | 49.0 | 32.0 | 4.8 |
| സാമ്പത്തിക ഗ്രൂപ്പ് 2 | 13.2 | 47.1 | 34.8 | 4.9 |
| സാമ്പത്തിക ഗ്രൂപ്പ് 3 | 10.8 | 47.5 | 36.5 | 5.2 |
| സാമ്പത്തിക ഗ്രൂപ്പ് 4 | 15.5 | 35.5 | 42.2 | 6.8 |
| ഹിന്ദു | 12.4 | 46.0 | 38.0 | 3.6 |
| മുസ്ലീം | 30.7 | 46.0 | 21.9 | 1.4 |
| ക്രിസ്ത്യൻ | 7.5 | 49.2 | 37.5 | 5.8 |
| ആകെ | 12.8 | 48.4 | 34.5 | 4.3 |

N=513

നിന്ന് എന്ന ഉത്തരമാണ് നൽകിയിട്ടുള്ളത്. 21.6 ശതമാനം പേരും ഈ വിവരം അറിഞ്ഞത് ഭർത്താവിൽ നിന്നാണെന്ന് അഭിപ്രായപ്പെട്ടു.

**ഗർഭനിരോധന മാർഗങ്ങൾ സ്വീകരിക്കുന്നതിന്റെ സ്വഭാവം**

കേരളത്തിലെ കുടുംബങ്ങളിൽ ഉപയോഗിക്കുന്ന ഗർഭനിരോധന മാർഗങ്ങളെക്കുറിച്ചുള്ള അന്വേഷണത്തിൽ താഴെ പറയുന്ന വസ്തുതകളാണ് വെളിപ്പെട്ടത്. ഏറ്റവും വ്യാപകമായ ഗർഭനിരോധന മാർഗം സ്ത്രീയിലുള്ള സ്ഥിരമാർഗമായ PPS മിനിലാപ്പ് പോലുള്ളവയാണ്. മൂന്നിൽ രണ്ട് കുടുംബങ്ങളിലും (67.7%) ഈ മാർഗമാണ് പ്രയോജനപ്പെടുത്തുന്നത്. 4.8% കുടുംബങ്ങളിൽ മാത്രമാണ് പുരുഷനിലുള്ള സ്ഥിരമാർഗം ഉപയോഗിക്കുന്നത്. ഇതൊഴികെയുള്ള ഉപാധികളിൽ താൽക്കാലിക മാർഗങ്ങളായ copper T യും (9.1%) മറ്റുള്ളവ (8.6%) യുമാണ്. ഉറ (5.6%) ഗുളിക (3.7%) എന്നിവയാണ് മറ്റ് ഗർഭനിരോധന മാർഗങ്ങൾ. ഇക്കാര്യത്തിൽ മതം, സാമ്പത്തിക വേർതിരിവുകൾ എന്നിവ കാര്യമായ സ്വാധീനം ചെലുത്തുന്നില്ല എന്നാണ് കാണുന്നത്.

പുരുഷ വന്ധ്യംകരണം ഉയർന്ന സാമ്പത്തിക വിഭാഗത്തിൽ വളരെ കുറവാണ്. ഗർഭനിരോധനത്തിന് സ്ഥിരമാർഗം സ്വീകരിക്കാനുള്ള കാരണം അത് കൂടുതൽ സുരക്ഷിതമാണ് എന്നാണ് 79.8% പേർ അഭിപ്രായപ്പെട്ടത്. ഈ തീരുമാനമെടുക്കുന്നത് കൂട്ടായിട്ടാണ് എന്നതിനാണ് മുൻതൂക്കം (66.2%). സ്ത്രീ ഒറ്റക്ക് തീരുമാനിക്കുന്നത് (4.9%)വും പുരുഷൻ ഒറ്റയ്ക്ക് തീരുമാനിക്കുന്നത് (11.9%)വുമാണ്. കൂട്ടായ തീരുമാനമെടുത്തു എന്ന് 66.1% പേർ പ്രതികരിക്കുന്നുണ്ടെങ്കിലും നിലവിൽ സമൂഹത്തിൽ ഇക്കാര്യത്തെക്കുറിച്ചുള്ള പ്രബലമായ ധാരണയാണ് ഈ കൂട്ടായ ചിന്തയെ സ്വാധീനിച്ചിരിക്കുന്നത് എന്ന് അനുമാനിക്കാം. ഗർഭനിരോധനം സ്വീകരിക്കാത്തവർ ഏറ്റവും കൂടുതലുള്ളത് (33.8%) മുസ്ലീം വിഭാഗത്തിലാണ്. പട്ടിക ജാതിക്കാരിൽ ഇത് 36.7% ആണ്.

പട്ടിക-2.2.7

ഗർഭനിരോധന മാർഗങ്ങൾ

| വിഭാഗം | ഉറ | ഗുളിക | കോപ്പർടി | സ്ത്രീവ സ്ഥ്യംക രണം | പുരുഷവ സ്ഥ്യംക രണം | മറ്റുള്ളവ |
|---|---|---|---|---|---|---|
| സാമ്പത്തിക ഗ്രൂപ്പ് 1 | 7.3 | 2.4 | 7.3 | 65.9 | 7.3 | 9.8 |
| സാമ്പത്തിക ഗ്രൂപ്പ് 2 | 2.0 | 3.1 | 9.2 | 72.4 | 7.1 | 6.1 |
| സാമ്പത്തിക ഗ്രൂപ്പ് 3 | 5.9 | 2.9 | 10.3 | 63.2 | 4.4 | 13.2 |
| സാമ്പത്തിക ഗ്രൂപ്പ് 4 | 8.7 | 4.3 | 8.7 | 71.7 | 2.2 | 4.3 |
| ഹിന്ദു | 5.6 | 2.5 | 9.1 | 66.5 | 6.6 | 9.6 |
| മുസ്ലീം | 7.6 | 4.5 | 9.1 | 68.2 | 3.0 | 7.6 |
| ക്രിസ്ത്യൻ | 1.7 | 3.4 | 10.3 | 70.7 | 3.4 | 10.3 |
| പിന്നോക്കം | 6.8 | 1.9 | 6.8 | 69.9 | 5.8 | 8.7 |
| മുന്നോക്കം | 5.3 | 1.8 | 14.0 | 59.6 | 5.3 | 14.0 |
| പട്ടികജാതി | 3.0 | 6.1 | 6.1 | 72.7 | 6.1 | 6.1 |
| പട്ടികവർഗം | 0 | 0 | 25.0 | 25.0 | 50.0 | 0 |
| ആകെ | 5.6 | 3.7 | 9.1 | 67.6 | 4.8 | 9.1 |

N=331

പട്ടിക-2.2.8

ഗർഭനിരോധന മാർഗങ്ങൾ സ്വീകരിക്കാത്തതിന്റെ കാരണങ്ങൾ

| വിഭാഗം | മതപരം | അറിവില്ലായ്മ | മറ്റുള്ളവ |
|---|---|---|---|
| സാമ്പത്തിക ഗ്രൂപ്പ് 1 | 16.2 | 24.3 | 59.5 |
| സാമ്പത്തിക ഗ്രൂപ്പ് 2 | 19.2 | 21.8 | 59.0 |
| സാമ്പത്തിക ഗ്രൂപ്പ് 3 | 10.6 | 16.3 | 72.1 |
| സാമ്പത്തിക ഗ്രൂപ്പ് 4 | 13.6 | 13.6 | 72.7 |
| ഹിന്ദു | 5.9 | 24.3 | 69.0 |
| മുസ്ലീം | 33.8 | 9.2 | 56.9 |
| ക്രിസ്ത്യൻ | 12.5 | 17.5 | 67.5 |
| പിന്നോക്കം | 9.7 | 22.2 | 68.1 |
| മുന്നോക്കം | 3.2 | 19.4 | 77.4 |
| പട്ടികജാതി | 0 | 36.7 | 63.3 |
| പട്ടികവർഗം | 0 | 0 | 100 |
| ആകെ | 16.5 | 17.2 | 66.0 |

N=241

**വിഷാദരോഗമുള്ളവർ**

കടുത്ത വിഷാദം അനുഭവിക്കുന്ന അവസ്ഥ ഒട്ടേറെ സ്ത്രീകളുടെ ജീവിതത്തിലുണ്ടാവുന്നുണ്ട്. ഇവയിൽ ചിലതെങ്കിലും ഗുരുതരമായ അവസ്ഥയിലേക്ക് നീങ്ങാറുണ്ട്. നിങ്ങളുടെ ജീവിതത്തിൽ കടുത്ത വിഷാദമുണ്ടായിട്ടുണ്ടോ എന്ന ചോദ്യത്തിന് ഉണ്ട് എന്ന ഉത്തരം നൽകിയവരാണ് പഠനത്തിൽ പങ്കെടുത്ത 45.2% സ്ത്രീകളും എന്നത് ഈ അവസ്ഥയുടെ കൃത്യ

പട്ടിക-2.2.9

കടുത്ത വിഷാദം അനുഭവിച്ചിട്ടുള്ളവർ

| സാമ്പത്തിക ഗ്രൂപ്പ് | % |
|---|---|
| 1 | 49.4 |
| 2 | 46.4 |
| 3 | 43.7 |
| 4 | 34.8 |
| ആകെ | 45.2 |

N=624

പട്ടിക-2.2.10

വിഷാദരോഗത്തിന് ഡോക്ടറെ സമീപിച്ചവർ

| സാമ്പത്തിക ഗ്രൂപ്പ് | % |
|---|---|
| 1 | 46.9 |
| 2 | 35.4 |
| 3 | 43.3 |
| 4 | 27.8 |
| ആകെ | 41.1 |

N=233

പട്ടിക-2.2.11

വിഷാദരോഗത്തിന് ചികിത്സ തേടിയ സ്ഥലം

| സാമ്പത്തിക ഗ്രൂപ്പ് | സർക്കാർ ആശുപത്രി | സ്വകാര്യ ആശുപത്രി | മാനസിക രോഗാശുപത്രി | കൗൺസിലിംഗ് സെന്റർ | മറ്റുള്ളവ |
|---|---|---|---|---|---|
| 1 | 60.0 | 40.0 | 0 | 0 | 0 |
| 2 | 43.6 | 35.9 | 2.6 | 5.1 | 12.8 |
| 3 | 34.0 | 54.7 | 0 | 1.9 | 7.5 |
| 4 | 57.1 | 42.9 | 0 | 0 | 0 |
| ആകെ | 39.7 | 48.5 | 0.7 | 2.9 | 6.6 |

മായ പ്രതിഫലനമാണ്. ഇക്കാര്യത്തിൽ ഭൂരിപക്ഷം പേരും (41.1%) ഡോക്ടറെ സമീപിച്ചിരുന്നു. കൂടുതൽ പേരും ചികിത്സ തേടിയത് സർക്കാർ/സ്വകാര്യ ആശുപത്രികളിലാണ്.

സാമ്പത്തികമായി ഉയർന്ന നാലാം ഗ്രൂപ്പിൽ ഇത് താരതമ്യേന കുറവാണെന്ന് മാത്രം. മതവിഭാഗങ്ങളെ പരിഗണിക്കുമ്പോൾ മുസ്ലീം വിഭാഗത്തിലാണ് വിഷാദരോഗം അനുഭവിച്ചവരുടെ എണ്ണം കുറവ്. ഇക്കാര്യത്തിൽ കുടുംബാംഗങ്ങളുടെ സമീപനം ആശാവഹമാണ്. 63.6% പേർക്കും കുടുംബാംഗങ്ങളിൽ നിന്നും സമ്പൂർണ സഹകരണം ലഭിച്ചിട്ടുണ്ട്. ഉയർന്ന സാമ്പത്തിക വിഭാഗങ്ങളിൽ ഈ സഹകരണം കൂടുതലാണ്. 8.9% പേർക്ക് മാത്രമാണ് അവഗണന നേരിടേണ്ടിവന്നത്. കുറ്റപ്പെടുത്തൽ (11.9%), സഹതാപം (9.3%) എന്നിവയാണ് മറ്റു പ്രധാന പ്രതികരണങ്ങൾ.

**വന്ധ്യതാ ചികിത്സ/ഗർഭഛിദ്രം നടത്തിയവർ**

വന്ധ്യതയ്ക്ക് ചികിത്സ തേടിയവർ ആകെ 10 ശതമാനമാണ്. ഗർഭഛിദ്രം നടത്തിയവർ 14.4 ശതമാനമാണെന്ന് കാണാം (പട്ടിക 2.2.12). ഗർഭഛിദ്രത്തിന്റെ കാരണമായി കൂടുതൽ പേരും പറഞ്ഞത് അമ്മയുടെ മോശം ആരോഗ്യസ്ഥിതിയാണ്.

പട്ടിക-2.2.12

വന്ധ്യതാ ചികിത്സ/ഗർഭഛിദ്രം നടത്തിയവർ

| സാമ്പത്തിക ഗ്രൂപ്പ് | വന്ധ്യതാ ചികിത്സ | ഗർഭഛിദ്രം |
|---|---|---|
| 1 | 5.1 | 10.2 |
| 2 | 11.6 | 12.4 |
| 3 | 12.1 | 13.4 |
| 4 | 6.3 | 25.6 |
| ആകെ | 10.4 | 14.4 |

N=682

പട്ടിക-2.2.13

ഗർഭഛിദ്രത്തിന്റെ കാരണങ്ങൾ

| | |
|---|---|
| അമ്മയുടെ മോശം ആരോഗ്യസ്ഥിതി | 45.6 |
| ഭ്രൂണവളർച്ചയുടെ പ്രശ്നങ്ങൾ | 26.2 |
| ആഗ്രഹിക്കാത്ത ഗർഭം | 26.2 |
| മറ്റുള്ളവ | 1.9 |

N=103

സ്ത്രീകളുടെ ഇടയിൽ ദീർഘകാല രോഗങ്ങൾ ബാധിച്ചവരുടെ വിവരങ്ങളാണ് താഴെ കൊടുക്കുന്നത്.

പട്ടിക-2.2.14
ദീർഘകാല രോഗങ്ങൾ ബാധിച്ചവർ

| സാമ്പത്തിക ഗ്രൂപ്പ് | രക്തസമ്മർദം | പ്രമേഹം |
|---|---|---|
| 1 | 12.6 | 6.3 |
| 2 | 12.1 | 8.9 |
| 3 | 9.6 | 10.8 |
| 4 | 12.6 | 9.2 |
| ആകെ | 11.3 | 8.4 |

**പുരുഷന്മാരുടെ പുകവലിയും മദ്യപാനവും**

കേരള സമൂഹത്തിൽ ഏറെ ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമാണ് വർധിച്ച തോതിലുള്ള മദ്യപാനം. പതിവായി മദ്യപിക്കുന്നവരുടെയും പുകവലിക്കുന്നവരുടെയും വിവരങ്ങൾ ഈ പഠനത്തിൽ അന്വേഷിച്ചിരുന്നു. 38.4% പേർ പതിവായി പുകവലിക്കുന്നവരും 17.2% പേർ പതിവായി മദ്യപിക്കുന്നവരുമാണ്. മദ്യപിക്കുന്നവരുടെ തോതുമായി ബന്ധപ്പെട്ട് സാമ്പത്തിക ഗ്രൂപ്പുകളിലെ വ്യത്യാസം പ്രസക്തമാണ്. അതിദരിദ്രവിഭാഗങ്ങളിലെ നാലിലൊന്നോളം പേർ പതിവായി മദ്യപിക്കുന്നു. ഇത് ഉയർന്ന സാമ്പത്തിക വിഭാഗത്തിൽ 8.3% മാത്രമാണ്. വരുമാനം കുറഞ്ഞ വിഭാഗങ്ങളിലുള്ളവർ കൂടുതൽ തുക മദ്യപാനത്തിന് ചെലവഴിക്കുകയും അതുവഴി ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ നേരിടേണ്ടി വരികയും ചെയ്യുന്നു.

പട്ടിക-2.2.15
പുകവലി/മദ്യപാനം പതിവാക്കിയ പുരുഷന്മാരുള്ള വീടുകൾ

| സാമ്പത്തിക ഗ്രൂപ്പ് | പുകവലി (N=758) | മദ്യപാനം (N=749) |
|---|---|---|
| 1 | 52.5 | 23.7 |
| 2 | 43.3 | 21.1 |
| 3 | 34.0 | 17.8 |
| 4 | 25.9 | 8.3 |
| ആകെ | 38.4 | 17.2 |

# നിയമം, നീതിബോധം

സ്ത്രീകളുടെ നിയമ അവബോധത്തെ സംബന്ധിച്ച് അവരുമായി നടത്തിയ ചർച്ചയുടെ വിവരങ്ങളാണ് ഈ അധ്യായത്തിൽ ചേർത്തിരിക്കുന്നത്. ലഭിച്ച പ്രതികരണങ്ങൾ ഈ രംഗത്ത് സ്ത്രീകൾക്കുള്ള അവ്യക്തത ഉറപ്പിക്കുന്ന രീതിയിലുള്ളതാണ്. ഉദാഹരണത്തിന്, 70.8 ശതമാനം സ്ത്രീകളും പഞ്ചായത്തിൽ ഒരു ജാഗ്രതാസമിതി പ്രവർത്തിക്കുന്നുണ്ടോ എന്ന വിവരം അറിയാത്തവരാണ്. 18 ശതമാനം പേർക്ക് ജാഗ്രതാസമിതികൾ ഉണ്ട് എന്ന കാര്യം അറിയാം. 52 ശതമാനം പേർക്ക് മാത്രമാണ് സ്ത്രീകൾക്കെതിരേയുള്ള അതിക്രമങ്ങളെക്കുറിച്ച് പരാതി നൽകാനുള്ള ചില ഏജൻസികൾ ഉള്ളതായി അറിയാവുന്നത്.

ഗാർഹിക പീഡന നിരോധന ബില്ലിനെക്കുറിച്ച് 60 ശതമാനത്തോളം സ്ത്രീകളും കേട്ടിട്ടില്ല. ഇക്കാര്യത്തിലുള്ള അറിവിൽ പിന്നിൽ നിൽക്കുന്നത് മുന്നോക്കവിഭാഗത്തിൽ (11.9) പെട്ടവരാണ്. സ്ത്രീകളെ സംരക്ഷിക്കുന്ന മറ്റു നിയമങ്ങളുടെ കാര്യം എടുത്താൽ ഏതാണ്ട് 42

പട്ടിക–2.3.1

പഞ്ചായത്തിലെ ജാഗ്രതാ സമിതികളെക്കുറിച്ചുള്ള അറിവ്

| വിഭാഗം | സമിതി ഉണ്ട് | സമിതി ഇല്ല | അറിയില്ല |
|---|---|---|---|
| സാമ്പത്തിക ഗ്രൂപ്പ് 1 | 18.9 | 9.4 | 71.7 |
| സാമ്പത്തിക ഗ്രൂപ്പ് 2 | 19.0 | 11.3 | 69.6 |
| സാമ്പത്തിക ഗ്രൂപ്പ് 3 | 17.1 | 11.3 | 71.6 |
| സാമ്പത്തിക ഗ്രൂപ്പ് 4 | 17.7 | 11.8 | 70.6 |
| ഹിന്ദു | 20.3 | 13.0 | 66.7 |
| മുസ്ലീം | 12.3 | 7.0 | 80.7 |
| ക്രിസ്ത്യൻ | 18.3 | 10.6 | 71.1 |
| ആകെ | 18.0 | 11.1 | 70.9 |

N=783

| പട്ടിക–2.3.2<br>ഗാർഹിക പീഡന നിരോധന നിയമം | | |
|---|---|---|
| സാമ്പത്തിക ഗ്രൂപ്പ് | അറിയാം | അറിയില്ല |
| 1 | 36.1 | 62.9 |
| 2 | 37.7 | 62.5 |
| 3 | 41.0 | 59.0 |
| 4 | 45.4 | 54.7 |
| ആകെ | 19.8 | 60.2 |

N=782

| പട്ടിക–2.3.3<br>സ്ത്രീധന നിരോധന നിയമം | | |
|---|---|---|
| സാമ്പത്തിക ഗ്രൂപ്പ് | അറിയാം | അറിയില്ല |
| 1 | 37.4 | 54.2 |
| 2 | 43.5 | 44.8 |
| 3 | 41.5 | 49.4 |
| 4 | 49.4 | 34.9 |
| ആകെ | 42.4 | 57.6 |

N=769

| പട്ടിക–2.3.4<br>സ്ത്രീകൾക്ക് ജാതിമത ഭേദമെന്യേ ഒരു നിയമം മതി എന്ന അഭിപ്രായം | | |
|---|---|---|
| വിഭാഗം | ഉണ്ട് | ഇല്ല |
| സാമ്പത്തിക ഗ്രൂപ്പ് | | |
| 1 | 78.6 | 21.4 |
| 2 | 79.8 | 19.8 |
| 3 | 82.7 | 17.0 |
| 4 | 81.0 | 17.9 |
| മതം | | |
| ഹിന്ദു | 82.8 | 17.2 |
| മുസ്ലീം | 77.1 | 22.9 |
| ക്രിസ്ത്യൻ | 80.2 | 19.8 |
| ജാതി | | |
| പിന്നോക്കം | 78.3 | 21.7 |
| മുന്നോക്കം | 78.8 | 21.2 |
| പട്ടികജാതി | 86.3 | 13.7 |
| പട്ടികവർഗം | 60.0 | 40.0 |
| ആകെ | 85.5 | 14.5 |

N=765

ശതമാനം പേർ സ്ത്രീധനനിരോധന നിയമത്തെക്കുറിച്ച് മനസ്സിലാക്കിയിട്ടുണ്ട്. അതേ സമയം ഭൂരിഭാഗം സ്ത്രീകളും ഇത്തരം നിയമങ്ങളെ സംബന്ധിച്ച് ബോധവതികളല്ല.

കൂടുതൽ പ്രസ്കതമായ കാര്യം 85.5 ശതമാനം സ്ത്രീകളും ജാതി മത ഭേദമന്യേ സ്ത്രീകൾക്ക് ഒന്നിച്ച് ഒരു നിയമം മതി എന്ന അഭിപ്രായക്കാരാണ്. എല്ലാ വിഭാഗത്തിലും പെട്ടിട്ടുള്ള സ്ത്രീകൾ ഈ നിലപാടുള്ളവരാണ്.

പട്ടിക-2.3.5

നിയമങ്ങളിൽ മതങ്ങളുടെ ഇടപെടലിനെക്കുറിച്ചുള്ള അഭിപ്രായം

| സാമ്പത്തിക ഗ്രൂപ്പ് | ആവശ്യമില്ല | ആവശ്യമുണ്ട് | അഭിപ്രായമില്ല |
|---|---|---|---|
| 1 | 43.8 | 11.4 | 44.8 |
| 2 | 52.5 | 11.3 | 36.3 |
| 3 | 58.4 | 15.4 | 26.2 |
| 4 | 64.0 | 12.5 | 23.3 |
| ഹിന്ദു | 62.2 | 7.2 | 30.5 |
| മുസ്ലീം | 37.8 | 23.3 | 38.9 |
| ക്രിസ്ത്യൻ | 55.3 | 19.2 | 25.5 |
| ആകെ | 55.2 | 13.2 | 31.6 |

N=763

എല്ലാ സാമ്പത്തിക ഗ്രൂപ്പുകളിലും മതവിഭാഗങ്ങളിലും നിയമങ്ങളിൽ മതങ്ങളുടെ ഇട പെടൽ ആവശ്യമില്ല എന്ന അഭിപ്രായമാണ് രേഖപ്പെടുത്തിയത്. ഇത് ഏറ്റവും കുറവുള്ളത് മുസ്ലീം മതവിഭാഗത്തിലാണ്. അവരിൽ 7.2% പേർ ആവശ്യമുണ്ട് എന്നും 62.2% പേർ ആവ ശ്യമില്ല എന്നും അഭിപ്രായപ്പെടുന്നു. എന്നാൽ അത് ആവശ്യമാണ് എന്ന് കരുതുന്ന 13 ശത മാനം ഉണ്ടെന്നത് ശ്രദ്ധേയമാണ് (പട്ടിക-2.3.5). 32 ശതമാനം പേർ ഇതിനെപ്പറ്റി കൃത്യമായ ധാരണ ഇല്ലാത്തവരാണ്. ഉപഭോക്തൃ നിയമത്തെക്കുറിച്ചുള്ള ചർച്ചയിൽ ഇതിനെപ്പറ്റി അറി

പട്ടിക-2.3.6

നിലവിലുള്ള നിയമങ്ങൾ സ്ത്രീകളെ സംരക്ഷിക്കുന്നുണ്ടോ?

| സാമ്പത്തിക ഗ്രൂപ്പ് | ഉണ്ട് | ഇല്ല | അഭിപ്രായമില്ല | അറിയില്ല |
|---|---|---|---|---|
| 1 | 13.3 | 32.4 | 7.6 | 46.7 |
| 2 | 15.4 | 43.6 | 6.0 | 35.0 |
| 3 | 18.8 | 40.0 | 7.6 | 33.6 |
| 4 | 9.8 | 56.1 | 8.5 | 25.6 |
| ആകെ | 15.8 | 41.0 | 7.7 | 35.6 |

N=751

| പട്ടിക-2.3.7<br>ഏതെങ്കിലും കാരണത്തിന് പോലീസ് സ്റ്റേഷനിലോ കോടതിയിലോ പോയവർ | |
|---|---|
| വിഭാഗം | ശതമാനം |
| സാമ്പത്തിക ഗ്രൂപ്പ് 1 | 19.6 |
| സാമ്പത്തിക ഗ്രൂപ്പ് 2 | 20.5 |
| സാമ്പത്തിക ഗ്രൂപ്പ് 3 | 14.2 |
| സാമ്പത്തിക ഗ്രൂപ്പ് 4 | 9.6 |
| ഹിന്ദു | 16.4 |
| മുസ്ലീം | 18.1 |
| കൃസ്ത്യൻ | 10.1 |
| പിന്നോക്കം | 20.3 |
| മുന്നോക്കം | 19.3 |
| പട്ടികജാതി | 13.8 |
| പട്ടികവർഗം | 16.9 |
| ആകെ | 33.3 |

N=786

| പട്ടിക-2.3.8<br>പോലീസ് സ്റ്റേഷനിലോ കോടതിയിലോ പോയതിന്റെ കാരണങ്ങൾ | |
|---|---|
| സ്ത്രീധനം | 0.6 |
| മോഷണം | 7.5 |
| ബന്ധുക്കളുമായുള്ള പ്രശ്നം | 16.2 |
| മറ്റുള്ളവരുമായുള്ള പ്രശ്നം | 19.1 |
| ലൈംഗികാതിക്രമം | 1.2 |
| ഗാർഹിക പീഡനം | 4.0 |
| ഭർത്താവിന്റെ ബന്ധുക്കളുമായുള്ള പ്രശ്നം | 1.7 |
| വിവാഹബന്ധം വേർപിരിയൽ | 5.8 |
| കുട്ടികളുടെ കസ്റ്റഡി | 2.3 |
| ജീവനാംശത്തിന് | 2.3 |
| അപകടം | 11.6 |
| മറ്റുള്ളവ | 27.7 |

N=173

യാത്തവരോ ഈ നിയമം ഒരിക്കൽപ്പോലും പ്രയോജനപ്പെടുത്താത്തവരോ ആണ് മുക്കാൽ പങ്കും (75%).

കേരളത്തിൽ ഇപ്പോഴും തുല്യ ജോലിക്ക് തുല്യവേതനം നൽകുന്നില്ലെന്ന് ബോധ്യമുള്ള വരാണ് 92 ശതമാനം സ്ത്രീകളും. ഇത് തൊഴിൽ രംഗത്തെ ഒരു പ്രധാന അവബോധമായി

കാണാവുന്നതാണ്. തങ്ങളുടെ ഒരു അവകാശം നിഷേധിക്കുന്നതായും അവർക്ക് ബോധ്യമുണ്ട് എന്ന് മനസ്സിലാക്കാം.

ഈ പഠനമനുസരിച്ച് കേവലം 4 ശതമാനം പേർക്കു മാത്രമേ എന്തെങ്കിലും പ്രശ്നവുമായി ബന്ധപ്പെട്ട് കുടുംബകോടതികളെ സമീപിക്കേണ്ടിവന്നിട്ടുള്ളൂ. എന്നാൽ, ഇതിൽ 41% പേർ മാത്രമാണ് യഥാസമയം നീതി ലഭിച്ചതായി പറഞ്ഞിട്ടുള്ളത്. ഇതിന് പുറമേ 16 ശതമാനം പേർക്ക് എന്തെങ്കിലും കാര്യങ്ങൾക്ക് ഇതിനകം കോടതിയിലോ പോലീസ് സ്റ്റേഷനിലോ ബന്ധപ്പെടേണ്ടി വന്നിട്ടുണ്ട്.

നിലവിലുള്ള സ്ത്രീസംരക്ഷണ നിയമങ്ങൾ കൊണ്ട് സ്ത്രീകൾക്ക് അർഹമായ നീതി ലഭിക്കില്ലെന്ന് കൃത്യമായ അഭിപ്രായം ഉള്ളവരാണ് 41 ശതമാനം (പട്ടിക 2.3.6 കാണുക). നീതി ലഭിക്കുമെന്ന് കരുതുന്നവർ 15.8 ശതമാനം പേർ മാത്രമാണ്. നിയമപരമായ പരിരക്ഷകൾക്കപ്പുറം സാമൂഹ്യമായ അവബോധം ഉയർത്തേണ്ടതിന്റെ ആവശ്യകതയാണ് ഈ വിവരങ്ങളും വ്യക്തമാക്കുന്നത്.

# ആചാരങ്ങൾ-വിവാഹം

കേരള സമൂഹത്തിൽ പൊതുവെ മതപരമായ ആചാരങ്ങളും ചടങ്ങുകളും ആത്മീയ പരിവേഷമുള്ള കർമങ്ങളും വർധിച്ചുവരികയാണ്. വ്രതാനുഷ്ഠാനങ്ങൾ സ്ത്രീകൾക്കിടയിൽ ഉയർന്ന തോതിലുണ്ടെന്ന് ഈ പഠനത്തിലെ പ്രതികരണങ്ങൾ വെളിവാക്കുന്നു. ഏതെങ്കിലും തരത്തിലുള്ള വ്രതം അനുഷ്ഠിക്കുന്നവർ 71.7% ആണ്. റംസാൻ വ്രതം ഉൾപ്പെടുന്നതിനാൽ സ്വാഭാവികമായും മുസ്ലീം സ്ത്രീകളുടെ ശതമാനം കൂടുതലാണ് (88.6%).

പട്ടിക-2.4.1

നോമ്പ്/വ്രതങ്ങൾ അനുഷ്ഠിക്കുന്നവർ

| വിഭാഗം | ശതമാനം |
|---|---|
| സാമ്പത്തിക ഗ്രൂപ്പ് 1 | 73.6 |
| സാമ്പത്തിക ഗ്രൂപ്പ് 2 | 73.2 |
| സാമ്പത്തിക ഗ്രൂപ്പ് 3 | 71.1 |
| സാമ്പത്തിക ഗ്രൂപ്പ് 4 | 65.5 |
| ഹിന്ദു | 63.0 |
| മുസ്ലീം | 88.6 |
| ക്രിസ്ത്യൻ | 76.2 |
| പിന്നോക്കം | 62.8 |
| മുന്നോക്കം | 59.3 |
| പട്ടികജാതി | 68.8 |
| പട്ടികവർഗം | 60.0 |
| ആകെ | 71.7 |

N=785

**ജാതക വിശ്വാസം**

വർധിച്ചുവരുന്ന ജാതകവിശ്വാസം കേരളത്തിൽ മുമ്പ് ഇല്ലാത്ത സാമൂഹ്യ പ്രശ്നങ്ങൾ (ചൊവ്വാദോഷം, ശുദ്ധജാതകം) സൃഷ്ടിക്കുന്നതായി ശക്തമായ വിമർശനങ്ങൾ ഉയരുന്നുണ്ട്. ഈ മേഖലയുടെ വാണിജ്യവൽക്കരണം ഇതിന് മുഖ്യകാരണമാണ്. ഇക്കാര്യത്തെ ശക്തമായി സാധൂകരിക്കുന്ന പ്രതികരണങ്ങളാണ് സ്ത്രീകളിൽ നിന്നും ലഭിച്ചത്. 51.1% പേരും ജാതകവിശ്വാസികളാണ്. മുസ്ലീം -29.3%, കൃസ്ത്യൻ - 23.2% വിഭാഗങ്ങളിൽ പോലും ജാതകവിശ്വാസം ഉണ്ടെന്നുള്ള പ്രതികരണം പുതിയ സൂചനകൾ നൽകുന്നു. സാമ്പത്തിക നില പരിശോധിക്കുമ്പോൾ ദരിദ്രവിഭാഗങ്ങളിൽ ജാതകവിശ്വാസം കുറവാണ് (44%). സമ്പന്നവിഭാഗത്തിൽ ജാതകവിശ്വാസം ഉയർന്ന തോതിലാണ് (57.9%). കഴിഞ്ഞ തലമുറയിൽ ഉണ്ടായിരുന്നതിനേക്കാൾ ജാതകവിശ്വാസം ഇക്കാലത്താണ് എന്ന് പ്രസക്തമാവുന്ന തരത്തിൽ

പട്ടിക-2.4.2
ജാതകത്തിൽ വിശ്വാസമുള്ളവർ

| സാമ്പത്തിക ഗ്രൂപ്പ് | ശതമാനം | മതം | ശതമാനം | ജാതി | ശതമാനം |
|---|---|---|---|---|---|
| 1 | 44.4 | ഹിന്ദു | 66.5 | പിന്നോക്കം | 63.7 |
| 2 | 51.1 | മുസ്ലിം | 29.3 | മുന്നോക്കം | 79.8 |
| 3 | 50.9 | ക്രിസ്ത്യൻ | 23.2 | പട്ടികജാതി | 58.2 |
| 4 | 57.8 | | | പട്ടികവർഗം | 55.6 |
| ആകെ | 51.1 | | | | |

പട്ടിക-2.4.3
വിവരദാതാക്കളിൽ സ്വന്തം വിവാഹത്തിന് ജാതകം നോക്കിയവർ

| വിഭാഗം | ശതമാനം |
|---|---|
| സാമ്പത്തിക ഗ്രൂപ്പ് 1 | 36.7 |
| സാമ്പത്തിക ഗ്രൂപ്പ് 2 | 41.9 |
| സാമ്പത്തിക ഗ്രൂപ്പ് 3 | 42.5 |
| സാമ്പത്തിക ഗ്രൂപ്പ് 4 | 50.0 |
| ഹിന്ദു | 59.3 |
| മുസ്ലീം | 14.9 |
| ക്രിസ്ത്യൻ | 16.5 |
| പിന്നോക്കം | 60.7 |
| മുന്നോക്കം | 71.8 |
| പട്ടികജാതി | 38.9 |
| പട്ടികവർഗം | 50.0 |
| ആകെ | 43.2 |

N=722

ലഭിച്ച പ്രതികരണങ്ങൾ താഴെ ചേർക്കുന്നു. വിവരദാതാക്കളിൽ സ്വന്തം വിവാഹത്തിന് ജാതകം നോക്കിയിരുന്നവർ ഹിന്ദു (59.3%), മുസ്ലീം (14.9%), ക്രിസ്ത്യൻ (16.5%) എല്ലാ വിഭാഗവും (43.2%) എന്നിങ്ങനെ ആയിരുന്നു. എന്നാൽ നിലവിൽ ജാതകത്തിൽ വിശ്വാസമുള്ളവരുടെ അനുപാതം ഇതിനേക്കാൾ ഉയർന്നു നിൽക്കുന്നു. ഇത് യഥാക്രമം ഹിന്ദു (66.5%), മുസ്ലീം (29.3%), ക്രിസ്ത്യൻ (23.2%) എല്ലാ വിഭാഗവും (51.1%) എന്നിങ്ങനെയാണ്. പട്ടിക ജാതി വിഭാഗത്തിലാണ് ഇക്കാര്യത്തിൽ ഏറെ വർധനവുണ്ടായിരിക്കുന്നത് എന്നത് ഹിന്ദു പൊതുസമൂഹത്തിൽ ഉണ്ടായിരിക്കുന്ന പുനരുത്ഥാന പരമായ മൂല്യങ്ങൾ ഈ വിഭാഗങ്ങളിലേക്കും വ്യാപിച്ചിരിക്കുന്നു എന്നാണ് കാണിക്കുന്നത്.

ആത്മീയ മൂല്യങ്ങളിലുള്ള വിശ്വാസമോ വിവിധ മതങ്ങൾ മുന്നോട്ടുവെക്കുന്ന ദാർശനികവും മാനവികതയിലൂന്നിയതുമായ പ്രവർത്തനങ്ങളോ അല്ല, പ്രദർശനപരമായ ആചാരങ്ങൾക്കാണ് ഇക്കാലത്ത് പ്രചാരമേറിവരുന്നത്. ജനനം, വിവാഹം, മരണം, തുടങ്ങിയ അവസരങ്ങളുമായി ബന്ധപ്പെട്ട് ആചാരങ്ങളുടേയും ആഘോഷങ്ങളുടേയും വർധന കേരളീയ സമൂഹത്തിൽ എല്ലാ അതിരുകളും ലംഘിച്ചുകൊണ്ടിരിക്കുന്നു. പുത്തൻ ചടങ്ങുകൾ, പണക്കൊഴുപ്പ് നിറഞ്ഞ അതിഥിസൽക്കാരങ്ങൾ, ചമയങ്ങൾ, മദ്യപാന സൽക്കാരങ്ങൾ തുടങ്ങിയവയെല്ലാം ഇതിനുദാഹരണമാണ്. വിവാഹവും ചടങ്ങുകളും അവയുടെ ചെലവുകളും ധനസ്രോതസ്സുകളും സംബന്ധിച്ച ചോദ്യങ്ങൾക്ക് ലഭിച്ച പ്രതികരണങ്ങൾ സമകാലിക പ്രവണതകളെ സാധൂകരിക്കുന്നു.

**ആചാരപരമായ വിവാഹങ്ങൾ**

ആചാരപരമായ ചടങ്ങുകളോടെയാണ് വിവാഹം ഏറെയും നടക്കുന്നത്. വിവരദാതാക്കളുടെ വിവാഹങ്ങൾ ആചാരപരമായ ചടങ്ങുകളോടെയാണ് നടന്നത് എന്ന് അഭിപ്രായപ്പെട്ടത് 93.7% ആണ്. അമ്പലത്തിൽ (18.8%) പള്ളിയിലും (18.7%) വീട്ടിലുമാണ് (52.3%) പ്രധാന

പട്ടിക-2.4.4
വിവരദാതാക്കളുടെ വിവാഹത്തിന് ആചാരപരമായ ചടങ്ങുകൾ ഉണ്ടായിരുന്നോ? (%)

| വിഭാഗം | ഉണ്ട് | ഇല്ല |
|---|---|---|
| സാമ്പത്തിക ഗ്രൂപ്പ് 1 | 93.4 | 6.6 |
| സാമ്പത്തിക ഗ്രൂപ്പ് 2 | 96.3 | 3.7 |
| സാമ്പത്തിക ഗ്രൂപ്പ് 3 | 93.0 | 7.0 |
| സാമ്പത്തിക ഗ്രൂപ്പ് 4 | 91.8 | 8.2 |
| ഹിന്ദു | 91.7 | 8.3 |
| മുസ്ലീം | 97.8 | 2.2 |
| ക്രിസ്ത്യൻ | 96.5 | 3.5 |
| പിന്നോക്കം | 92.8 | 7.2 |
| മുന്നോക്കം | 94.7 | 5.3 |
| പട്ടികജാതി | 83.7 | 16.3 |
| പട്ടികവർഗം | 90.0 | 10.0 |
| ആകെ | 93.7 | 6.3 |

N=778

മായും വിവാഹങ്ങൾ നടന്നത്. ഇക്കാര്യത്തിൽ സാമ്പത്തികം, മതം എന്നിവയുമായി ബന്ധപ്പെട്ട് പ്രകടമായ ഭേദങ്ങളില്ല. അതേ സമയം താരതമ്യേന കുറവുണ്ടായിരുന്നത് പട്ടികജാതി വിഭാഗത്തിലാണ്.

വിവാഹവുമായി ബന്ധപ്പെട്ട വിവരങ്ങൾ ഈ പഠനത്തിൽ അന്വേഷിച്ചിരുന്നു. മുഖ്യവിവരദാതാക്കളിൽ 62.4%വും ജീവിതപങ്കാളിയെ കണ്ടെത്തിയത് ബന്ധുക്കളിലൂടെയാണ്. വിവാഹദല്ലാൾ/ബ്യൂറോ മുഖാന്തിരം 21.8% പേർ പങ്കാളിയെ കണ്ടെത്തിയപ്പോൾ 10.8% സുഹൃത്തുക്കൾ മുഖേനയും പങ്കാളിയെ കണ്ടെത്തി. പത്രപ്പരസ്യം തുടങ്ങിയ മറ്റുപാധികളുണ്ടായിരുന്നില്ല. ഇത് ഇപ്പോഴത്തെ വിവാഹപ്രായത്തിലുള്ളവരുടെ തലമുറയെപ്പറ്റിയല്ല എന്ന് ഓർക്കേണ്ടതാണ്. ഇപ്പോഴുള്ള കണക്കുകൾ പട്ടിക 2.4.5ൽ നൽകിയിരിക്കുന്നത് ശ്രദ്ധിക്കുക.

**വിവാഹപ്രായം**

18 വയസ്സിനു മുമ്പ് വിവാഹിതരായ സ്ത്രീകൾ 24.2% വരുമ്പോൾ ഇത് പുരുഷന്മാരുടെ കാര്യത്തിൽ 0.5% മാത്രമാണ്. 25 വയസ്സിനുള്ളിൽ 67.9% സ്ത്രീകൾ വിവാഹിതരാവുമ്പോൾ അതേ പ്രായഗ്രൂപ്പിലെ 35.9% പുരുഷന്മാർ മാത്രമാണ് വിവാഹിതരാവുന്നത്. 25 മുതൽ 30 വയസ്സുവരെയുള്ള കാലയളവിലാണ് 44.7% പുരുഷന്മാരും വിവാഹിതരാവുന്നത്. വിദ്യാഭ്യാസവും തൊഴിൽ ലഭിക്കാനാവശ്യമായ വൈദഗ്ധ്യം നേടുന്നതും ഇതുമായി ചേർത്തു വായിക്കേണ്ടതാണ്. ഭൂരിപക്ഷം സ്ത്രീകളുടേയും വിവാഹം നടക്കുന്ന പ്രായം 25 വയസ്സിനുള്ളിലാണ്. മറ്റൊരു കുടുംബപശ്ചാത്തലത്തിലേക്കുള്ള മാറ്റവും ഒപ്പം പ്രസവം, ശിശുപരിപാലനം തുടങ്ങിയവയും തൊഴിൽ തേടുന്നതിൽ സ്ത്രീക്ക് തടസ്സം സൃഷ്ടിക്കുന്ന ഘടകങ്ങളാണ് എന്ന പഠനത്തിലെ കണ്ടെത്തലും ഈ സന്ദർഭത്തിൽ ഓർക്കേണ്ടതുണ്ട്. പൊതുവായി കണക്കുകളിൽ കാണുന്ന സ്ത്രീയുടെ വിദ്യാഭ്യാസപരമായ ഉയർന്ന നിലവാരം അവളുടെ വ്യക്തിത്വവികാസത്തിനോ ആർജിച്ച ശേഷിക്ക് അനുഗുണമായി തൊഴിൽ തേടുന്നതിനോ സഹായകമാവുന്നില്ല എന്നത് ഈ കണ്ടെത്തലുകളും ശരിവെക്കുകയാണ്.

സാമ്പത്തിക ഗ്രൂപ്പനുസരിച്ച് 18 വയസ്സിൽ താഴെയുള്ള സ്ത്രീകൾ വിവാഹിതരാവുന്നതുമായി സംബന്ധിച്ച കണക്ക് സാമ്പത്തിക നിലയും പെൺകുട്ടികളുടെ വിവാഹവുമായുള്ള ബന്ധത്തെ കാണിക്കുന്നു. EG I ൽ 25.7% വും EG II ൽ 27.7%, EG III ൽ 23.7% വും പെൺകുട്ടികൾ 18 വയസ്സിന് മുമ്പ് വിവാഹിതരാവുമ്പോൾ EG IV ൽ 15.1% മാത്രമാണ് ഈ പ്രായത്തിൽ വിവാഹിതരാവുന്നത്. സാമ്പത്തിക നില ഉയരുന്തോറും വിവാഹപ്രായം കൂടുന്നു എന്നാണ് ഇത് കാണിക്കുന്നത്. 18-24 വയസ്സിലാണ് കേരളത്തിലെ സ്ത്രീകളിൽ മൂന്നിൽ രണ്ട് ഭാഗവും വിവാഹിതരാവുന്നത്. EG I (67.6), EG II (64.8),

**പട്ടിക 2.4.5**
**സ്ത്രീകളുടെ വൈവാഹിക നില**
**18 വയസ്സിന് താഴെ**

| | |
|---|---|
| **സാമ്പത്തിക ഗ്രൂപ്പ്** | |
| 1 | 1.8 |
| 2 | 3.2 |
| 3 | 2.2 |
| 4 | 0 |
| **മതം** | |
| ഹിന്ദു | 3.2 |
| മുസ്ലിം | 4.2 |
| ക്രിസ്ത്യൻ | 0 |
| **ജാതി** | |
| പിന്നോക്കം | 2.1 |
| മുന്നോക്കം | 0 |
| എസ് സി | 7.1 |
| എസ് ടി | 0 |

| പട്ടിക 2.4.6<br>സ്ത്രീകളുടെ വൈവാഹിക നില<br>(18 വയസ്സിന് മുകളിൽ) | | |
|---|---|---|
| | (%) | ശരാശരി |
| വിവാഹിത | 71.9 | 40.7 |
| അവിവാഹിത | 11.3 | 28.2 |
| വിധവ | 14.0 | 63.5 |
| വേർപിരിഞ്ഞവർ | 2.1 | 46.3 |
| വിവാഹമോചിത | 0.5 | 50.6 |
| പുനർവിവാഹിത | 0.2 | 53.7 |

EG III (62.1), EG IV (68.9) എന്നിങ്ങനെയുള്ള ഇതുമായി ബന്ധപ്പെട്ട കണക്കുകൾ കാണിക്കുന്നത് സാമ്പത്തിക വ്യത്യാസങ്ങൾ ഇക്കാര്യത്തിൽ പ്രസക്തമാവുന്നില്ല എന്നാണ്. ഉയർന്ന സാമ്പത്തിക വിഭാഗമായ EG IV ൽ 22, 23, 24 പ്രായത്തിലാണ് കൂടുതൽ വിവാഹങ്ങളും നടക്കുന്നത് എന്നത് സ്വാഭാവികമായും ഉയർന്ന വിദ്യാഭ്യാസവും തൊഴിലും നേടിയ ശേഷം വിവാഹിതരാവാം എന്ന തീരുമാനത്തിന്റെ ഫലമായിരിക്കാം. 30 വയസ്സാവുമ്പോഴേക്ക് തന്നെ സ്ത്രീകളുടെ വിവാഹങ്ങൾ ഏതാണ്ട് അവസാനിക്കുന്നതായാണ് പഠനത്തിൽ വ്യക്തമാവുന്നത്. ഇതിനു ശേഷം 2% വിവാഹങ്ങൾ മാത്രമാണ് നടക്കുന്നത്.

**വിവാഹപ്രായത്തിലെ സ്ത്രീപുരുഷ അന്തരം**

30 വയസ്സിന് ശേഷം വിവാഹം കഴിയുന്ന സ്ത്രീകൾ വളരെ കുറവാണ്. സ്ത്രീകൾ (2%), പുരുഷന്മാർ (18.9%) എന്നിങ്ങനെയാണ് ഈ പ്രായത്തിൽ വിവാഹം നടക്കുന്നത്. സ്ത്രീകളുടേത് നടക്കാതെ പോയതിന് കാരണം യോജിച്ചത് കിട്ടാത്തത് 'ജാതകദോഷം', സാമ്പത്തികം എന്നിവയാണ്. 50 വയസ്സിന് മുകളിലും 60 വയസ്സിന് ശേഷം പോലും പുരുഷന്മാരുടെ വിവാഹം നടക്കുന്നുണ്ട് എന്ന് സർവേയിൽ കാണുന്നുണ്ട്. ഈ പ്രായത്തിൽ സ്ത്രീകൾ വിവാഹിതരാവുന്നില്ല എന്നാണ് കാണുന്നത്. ഹിന്ദു പുരുഷന്മാരെ (19.6%) അപേക്ഷിച്ച് ഇരട്ടിയിലധികമാണ് 25 വയസ്സിന് താഴെ വിവാഹം കഴിക്കുന്ന മുസ്ലീം പുരുഷന്മാരുടെ (46.3%) ശതമാനം. ക്രിസ്ത്യൻ പുരുഷന്മാരിൽ 62.1% പേരുടേയും വിവാഹം നടക്കുന്നത് 25–30 വയസ്സിനിടയ്ക്കാണ്. 56.7% ഹിന്ദു പുരുഷന്മാരും 44.5% മുസ്ലീം പുരുഷന്മാരും വിവാഹിതരായിട്ടുള്ളത് 25–30 പ്രായത്തിനിടയ്ക്കാണ്. സർവേയിൽ ഉൾപ്പെട്ട മുസ്ലീം പുരുഷന്മാരിൽ കൂടുതൽ പേർ വിവാഹിതരായിട്ടുള്ളത് 22 വയസ്സിലാണ് (15.1%). ഇത് ഹിന്ദു പുരുഷന്മാരിൽ (11.4%) ക്രിസ്ത്യൻ (17.1%) എന്നിങ്ങനെ 28 വയസ്സിലാണ്. 30 വയസ്സിനു ശേഷം വിവാഹിതരായ ഹിന്ദു പുരുഷന്മാർ (21.2%)വും കൃസ്ത്യൻ പുരുഷന്മാർ (14.9%) വുമാണ്. മുസ്ലീങ്ങളിൽ ഇത് 8.6 ശതമാനമാണ്.

| പട്ടിക–2.4.7<br>വിവാഹം ഏത് പ്രായത്തിൽ നടന്നു | | | | | |
|---|---|---|---|---|---|
| | 18 വയസ്സിന് മുമ്പ് | 18–25 വയസ്സ് | 26–30 വയസ്സ് | 31–35 വയസ്സ് | 36 വയസ്സിനു മുകളിൽ |
| സ്ത്രീ (N=779) | 24.2 | 67.9 | 5.9 | 0.9 | 1.1 |
| പുരുഷൻ (N=752) | 0.5 | 35.9 | 44.7 | 14.0 | 4.9 |

**പെൺകുട്ടിയുടെ വിവാഹപ്രായം -നിലവിലുള്ള ധാരണ**

പെൺകുട്ടികളുടെ വിവാഹപ്രായത്തെക്കുറിച്ച് കൃത്യമായ ധാരണയുള്ളവരാണ് ഭൂരിപക്ഷം പേരും. 62 ശതമാനം പേരും ചുരുങ്ങിയത് 21 വയസ്സോ അതിൽ കൂടുതലോ ആവുമ്പോൾ മാത്രമേ പെൺകുട്ടികൾ വിവാഹിതരാകാവൂ എന്ന് അഭിപ്രായമുള്ളവരാണ്. എന്നാൽ 35 ശതമാനം പേർ 18 വയസ്സിനെ അനുകൂലിക്കുന്നു. മുസ്ലീം വിഭാഗത്തിൽപ്പെട്ടവരിൽ 56 ശതമാനം പേരും ഇങ്ങനെ അഭിപ്രായപ്പെടുന്നു. 58 ശതമാനം പേരുടെ ചുറ്റുപാടുകളിലും 18 വയസ്സിനു മുമ്പ് വിവാഹം കഴിഞ്ഞവർ ഇല്ലെന്ന് അഭിപ്രായമുണ്ട്. ഇത് പെൺകുട്ടികളുടെ വിവാഹപ്രായവുമായി ബന്ധപ്പെട്ട അനുകൂലമായ ഘടകമായി കണക്കാക്കാം. വിവാഹപ്രായം 16 വയസ്സ് എന്നുള്ള അഭിപ്രായം മൊത്തം സാമ്പിളിൽ 2.9 ശതമാനം പേർക്ക് മാത്രമേയുള്ളൂ. ഇക്കാര്യത്തിൽ പ്രകടമായ സാമ്പത്തിക ജാതി മത വ്യത്യാസങ്ങളില്ല.

പട്ടിക-2.4.8
പെൺകുട്ടിയുടെ വിവാഹപ്രായത്തെക്കുറിച്ചുള്ള ധാരണ

| വിഭാഗം | 16 വയസ്സ് | 18 വയസ്സ് | 21 വയസ്സ് | 25 വയസ്സ് |
|---|---|---|---|---|
| സാമ്പത്തിക ഗ്രൂപ്പ് 1 | 3.8 | 41.5 | 41.5 | 13.2 |
| സാമ്പത്തിക ഗ്രൂപ്പ് 2 | 2.5 | 39.9 | 46.9 | 11.0 |
| സാമ്പത്തിക ഗ്രൂപ്പ് 3 | 2.4 | 31.3 | 58.0 | 7.3 |
| സാമ്പത്തിക ഗ്രൂപ്പ് 4 | 0 | 32.1 | 53.6 | 14.3 |
| ഹിന്ദു | 1.6 | 32.8 | 56.0 | 9.5 |
| മുസ്ലീം | 5.6 | 56.2 | 33.7 | 4.5 |
| ക്രിസ്ത്യൻ | 0.7 | 17.9 | 60.7 | 20.7 |
| പിന്നോക്കം | 1.6 | 35.9 | 55.6 | 6.0 |
| മുന്നോക്കം | 2.6 | 25.7 | 60.2 | 11.5 |
| പട്ടികജാതി | 0 | 35.4 | 49.4 | 15.2 |
| പട്ടികവർഗം | 0 | 20.0 | 80.0 | 0 |
| ആകെ | 2.9 | 35.4 | 52.1 | 9.3 |

(N=769)

**വിവാഹച്ചെലവുകൾ**

കുടുംബത്തിൽ നടന്ന ഏറ്റവും അവസാനത്തെ വിവാഹത്തിന്റെ ചെലവുകളാണ് കണക്കിലെടുത്തത്. വിവാഹവുമായി ബന്ധപ്പെട്ട ശരാശരി ചെലവുകൾ കാണിക്കുന്നത് കേരളത്തിലെ കുടുംബങ്ങളുടെ സാമ്പത്തിക സ്ഥിതിയെ ഗുരുതരമായി സ്വാധീനിക്കുന്ന ഘടകങ്ങളിലൊന്ന് വിവാഹം ആണെന്നാണ്. ഈ പഠനത്തിൽ ലഭിച്ച കണക്കുകൾ സ്വമേധയാ വെളിപ്പെടുത്തിയിട്ടുള്ളതാണ്. തീർച്ചയായും ആ തുക യഥാർഥത്തിലുള്ളതിനേക്കാൾ കുറവായിരിക്കുമെന്ന് ഉറപ്പാണ്. എന്നാൽ, കേരളത്തിലെ പകുതിയോളം വരുന്ന ദരിദ്രവിഭാഗങ്ങളുൾപ്പെടെയുള്ളവരുടെ ശരാശരി വിവാഹച്ചെലവ് (സ്വയം വെളിപ്പെടുത്തിയത്) 129505 രൂപ വരുന്നു

| പട്ടിക 2.4.9<br>കുടുംബത്തിൽ ഏറ്റവും അവസാനം നടന്ന വിവാഹത്തിന്റെ ചെലവ് (ശരാശരി രൂപ) | | | | | |
|---|---|---|---|---|---|
| ഇനം | സ്ത്രീധനം | ആഭരണം | തുണി | ഭക്ഷണം | ആകെ |
| പൊതുവിൽ | 92346 | 106830 | 12475 | 24370 | 129505 |
| സാമ്പത്തിക ഗ്രൂപ്പ് | | | | | |
| 1 | 50622 | 84142 | 6411 | 18927 | 99449 |
| 2 | 69441 | 89295 | 9636 | 22846 | 106715 |
| 3 | 115820 | 111643 | 13064 | 24158 | 135199 |
| 4 | 158467 | 181462 | 19788 | 34852 | 212914 |
| മതം | | | | | |
| ഹിന്ദു | 98326 | 109372 | 12262 | 23138 | 133932 |
| മുസ്ലിം | 88172 | 153426 | 12311 | 29163 | 148719 |
| ക്രിസ്ത്യൻ | 80626 | 59000 | 9859 | 20996 | 92726 |
| ജാതി | | | | | |
| പിന്നോക്കം | 100773 | 87336 | 12629 | 22715 | 123310 |
| മുന്നോക്കം | 137500 | 140035 | 12495 | 24681 | 154042 |
| എസ് സി | 65250 | 129775 | 12097 | 23281 | 148762 |
| എസ് ടി | 35000 | – | 4000 | 10550 | 26058 |

ണ്ട്. ഏറ്റവും ദരിദ്രവിഭാഗമായ സാമ്പത്തിക ഗ്രൂപ്പ് I ൽ പോലും ഇത് ഒരു ലക്ഷം രൂപയോളം വരും (99449). സ്ത്രീധനം, ആഭരണം, വസ്ത്രം, ഭക്ഷണം എന്നീ നാലിനങ്ങൾ ആണ് ഈ കണക്കെടുപ്പിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ സ്ത്രീധനം, സ്വർണം എന്നിവയുടെ കണക്കുകൾ യഥാർഥത്തിൽ വെളിപ്പെട്ടിട്ടുണ്ടാവില്ല.

എന്നാൽ ലഭിച്ച കണക്കുകളിൽ ഈ പ്രവണതകൾ ശരിയായി പ്രതിഫലിക്കുന്നുണ്ട്. താഴ്ന്ന ഗ്രൂപ്പിന്റെ ചെലവായ 99449 ൽ നിന്ന് ക്രമമായി ഉയർന്ന് EGII (106715), EGIII (135199), EGIV ൽ 212914 എന്നിങ്ങനെയാണ്.

വിവാഹച്ചെലവിൽ ഏറ്റവും വലിയ പങ്ക് വഹിക്കുന്നത് ആഭരണത്തിന്റെ ചെലവാണ്. ശരാശരി 106830. മറ്റ് ചെലവുകൾ – സ്ത്രീധനം (92346), വസ്ത്രം (12475), ഭക്ഷണം (24370) എന്നിങ്ങനെയാണ്.

മതവിഭാഗങ്ങൾ തിരിച്ച് കണക്കിലെടുക്കുമ്പോൾ വിവാഹച്ചെലവ് കുറവ് ക്രിസ്ത്യൻ വിഭാഗത്തിലാണ് കാണുന്നത്. (92726) ഇത് ഹിന്ദു(133932) ഉം മുസ്ലീം (148739) ഉം ആണ്.

ആഭരണത്തിന്റെ കാര്യത്തിൽ ക്രിസ്ത്യൻ വിഭാഗത്തിന്റെ ചെലവ് 59000 ആകുമ്പോൾ ഹിന്ദു വിഭാഗത്തിന്റേത് 109372, മുസ്ലീം വിഭാഗത്തിന് 153426 ഉം ആണ്. എന്നാൽ വസ്ത്രം, സ്ത്രീധനം തുടങ്ങിയ മറ്റ് വിഭാഗങ്ങളിൽ ഇത്രയും പ്രകടമായ അന്തരമില്ല. ലഭ്യമായ കണക്കനുസരിച്ച് പട്ടികവർഗ വിഭാഗത്തിൽ ശരാശരി ചെലവ് (26058) കുറവായതിന് കാരണം സ്വർണം തീരെയില്ല എന്നതാവാം.

സ്ത്രീധനം സ്വർണം തുടങ്ങിയവയുടെ കാര്യത്തിൽ സാമ്പത്തിക ഗ്രൂപ്പുകൾ തമ്മിലുള്ള

വ്യത്യാസം വളരെ കൃത്യമായി പ്രതിഫലിക്കുന്നുണ്ട്.

ദരിദ്രവിഭാഗങ്ങളായ EGI ലും II ലും കാര്യമായ അന്തരമില്ലെങ്കിലും III, IV ഗ്രൂപ്പുകളിൽ ഇത് ഉയർന്ന തോതിലാണ് എന്നതും കാണാവുന്നതാണ്.

പട്ടിക 2.4.10
വിവാഹച്ചെലവിന്റെ താരതമ്യം

| സാമ്പത്തികവിഭാഗം | സ്ത്രീധനം | സ്വർണം | വസ്ത്രം | ഭക്ഷണം |
|---|---|---|---|---|
| EG I | 50622 | 84142 | 6411 | 18927 |
| EG IV | 158467 | 181462 | 19758 | 34852 |

**വിവാഹച്ചെലവിന്റെ സ്രോതസ്സ്**

മക്കളുടെ വിവാഹത്തിനായി സമ്പാദ്യം സ്വരുക്കൂട്ടിവെക്കുന്ന ശീലമുണ്ടെന്ന് പട്ടിക 11 ലെ കണക്കുകൾ തെളിയിക്കുന്നു, 34.7% സമ്പാദ്യവും, 20.3% സുഹൃത്തുകളിൽ നിന്നോ ബന്ധുക്കളിൽ നിന്നോ ഉള്ള സഹായവുമാണ് (പട്ടിക 2.4.11 കാണുക). മനുഷ്യബന്ധങ്ങൾ കുറഞ്ഞുവരുന്നു എന്ന് പരിതപിക്കുന്ന ഇക്കാലത്ത് പരസ്പര സഹായവും സൗഹാർദവും നിലനിൽക്കുന്നുണ്ട് എന്നതിന്റെ തെളിവായിക്കൂടി ഇതിനെ കാണാം. ബാങ്ക് വായ്പ (15.5%) ഭൂമി വിൽക്കൽ (7.4%) എന്നിവ മക്കളുടെ വിവാഹത്തോടെ ആസ്തികളെല്ലാം നഷ്ടപ്പെട്ട് കടക്കെണിയിലാകുന്ന കുടുംബങ്ങളുടെ അവസ്ഥയെ സൂചിപ്പിക്കുന്നു.

സ്ത്രീകളുടെ സ്വത്തുടമസ്ഥതയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഈ പഠനത്തിൽ പ്രത്യേകം ഊന്നുന്നുണ്ട്. സ്വന്തമായി തീരുമാനമെടുക്കാനുള്ള കഴിവും സ്വത്തിന്മേലുള്ള ഉടമസ്ഥാവകാശവും സ്ത്രീയുടെ പദവിയും ആത്മവിശ്വാസവും ഉയർത്തുന്ന പ്രധാനപ്പെട്ട ഘടകങ്ങളാണ്. വിവാഹിതയായ സ്ത്രീക്ക് സ്വന്തം വീട്ടിൽ നിന്ന് ലഭിച്ച സ്വത്തുക്കളുടെ ഉടമസ്ഥത ആരുടെ പേരിലാണ് എന്നത് അറിയുവാൻ ഈ പഠനത്തിൽ ഉൾപ്പെടുത്തിയ ചോദ്യ

പട്ടിക-2.4.11
വിവാഹച്ചെലവിന്റെ സ്രോതസ്സ്

| | |
|---|---|
| സമ്പാദ്യം | 34.7 |
| ബാങ്ക് വായ്പ | 15.5 |
| സുഹൃത്തുക്കൾ/ബന്ധുക്കൾ | 20.3 |
| സ്ഥലം, സ്വർണം- പണയം | 2.3 |
| ഭൂമി വിൽക്കൽ | 7.4 |
| കുടുംബശ്രീ | 0.3 |
| ചിട്ടി | 1.1 |
| ബ്ലേഡ് വായ്പ | 0.8 |
| മറ്റുള്ളവ | 3.2 |
| ഒന്നിലധികം കാരണങ്ങൾ | 14.7 |

N=666

ത്തിന്റെ പ്രതികരണങ്ങൾ കാണിക്കുന്നത് ഇങ്ങനെ ലഭിച്ച സ്വത്തുക്കളിൽ 44.1% ഭാര്യയുടെ പേരിലും 16.8% ഭാര്യയുടെയും ഭർത്താവിന്റെയും കൂടെ പേരിലും ആണ്. 39.1% ഭർത്താവിന്റെ പേരിലുമാണ്.

ദരിദ്രവിഭാഗത്തിൽ (EG I)സംയുക്ത ഉടമസ്ഥത 41% ആണ്. ഭാര്യയുടെ പേരിൽ മാത്രം സ്വത്ത് ഉടമസ്ഥത കൈമാറ്റം ചെയ്യപ്പെട്ടിട്ടുള്ളത് ഉയർന്ന തോതിൽ കാണുന്നത് സാമ്പത്തിക ഗ്രൂപ്പ് IV (51.1%) ലും മുസ്ലീം വിഭാഗത്തിലും (54.4%) ആണ്. ഇത് ഏറ്റവും കുറവ് ക്രിസ്ത്യൻ വിഭാഗത്തിലാണ് (28.4%). സ്വാഭാവികമായും ക്രിസ്ത്യൻ പുരുഷന്മാർക്ക് ഉടമസ്ഥത ലഭിച്ചിട്ടുള്ളത് കൂടുതലുമാണ് (52.2%). പുരുഷന്മാർക്ക് ഏറ്റവും കുറഞ്ഞ ഉടമസ്ഥതയുള്ളത് –10.9% സാമ്പത്തിക ഗ്രൂപ്പ് I ലാണ്.

**വിവരദാതാവിന്റെ വിവാഹത്തോടനുബന്ധിച്ച് ലഭിച്ച സമ്പത്ത്**

സർവേയിലുൾപ്പെട്ട സ്ത്രീകൾക്ക് വിവാഹത്തോടനുബന്ധിച്ച് ലഭിച്ച സ്വത്തുവകകളെക്കുറിച്ചുള്ള ചോദ്യത്തിന് ലഭിച്ച ഉത്തരങ്ങളും സാമ്പത്തികനില, മതവിഭാഗങ്ങൾ എന്നിവ തിരിച്ചുള്ള കൃത്യമായ വ്യത്യാസങ്ങൾ കാണിക്കുന്നുണ്ട്. ശരാശരി ലഭിച്ചത് 14.5 പവൻ സ്വർണവും 38276 രൂപയും 33.8 സെന്റ് ഭൂമിയുമാണ്. ഇതിൽ സ്വർണത്തിന്റെ കാര്യത്തിൽ ദരിദ്രവിഭാഗമായ EG I ൽ പോലും 11.7 പവൻ കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ട്. EG II (12.3), EG III (14.6), EG IV (21.3) എന്ന തോതിൽ ഇത് വർധിക്കുന്നു. പണം EG I (29884), EG IV(60260) എന്ന ക്രമത്തിൽ ഉയർച്ച കാണിക്കുന്നു. EG I ൽ ഉൾപ്പെട്ട സ്ത്രീക്ക് കൈമാറ്റം ചെയ്യപ്പെട്ട

പട്ടിക 2.4.12
വിവാഹസമയത്ത് ലഭിച്ചത്

| ഇനം | സ്വർണം (പവൻ) | പണം (രൂപ) | ഭൂമി (സെന്റ്) |
|---|---|---|---|
| പൊതുവിൽ | 14.5 | 38276 | 33.8 |
| സാമ്പത്തിക ഗ്രൂപ്പ് | | | |
| 1 | 11.7 | 29884 | 18.1 |
| 2 | 12.3 | 26374 | 23.2 |
| 3 | 14.6 | 48168 | 38.1 |
| 4 | 21.3 | 60260 | 61 |
| മതം | | | |
| ഹിന്ദു | 14.6 | 41211 | 40.2 |
| മുസ്ലിം | 17.1 | 42523 | 22.1 |
| ക്രിസ്ത്യൻ | 10 | 31992 | 33.4 |
| ജാതി | | | |
| പിന്നോക്കം | 14.9 | 34053 | 36 |
| മുന്നോക്കം | 16.8 | 61636 | 57.8 |
| എസ് സി | 9.3 | 47611 | 19.4 |
| എസ് ടി | 5.3 | 12583 | 9.5 |

| പട്ടിക 2.4.13<br>വിവാഹസമയത്ത് കൈമാറിയ സമ്പത്ത് ആരുടെ പേരിൽ | | | |
|---|---|---|---|
| ഇനം | ഭാര്യ | ഭർത്താവ് | ഇരുവർക്കും |
| പൊതുവിൽ | 44.1 | 39.1 | 16.8 |
| സാമ്പത്തിക ഗ്രൂപ്പ് | | | |
| 1 | 48.1 | 10.9 | 41 |
| 2 | 38.7 | 45.3 | 16 |
| 3 | 45.7 | 34 | 20.4 |
| 4 | 51.1 | 33.3 | 15.6 |
| മതം | | | |
| ഹിന്ദു | 46.2 | 39.4 | 14.5 |
| മുസ്ലിം | 54.4 | 25.3 | 20.3 |
| ക്രിസ്ത്യൻ | 28.4 | 52.2 | 19.4 |
| ജാതി | | | |
| പിന്നോക്കം | 47.1 | 39.5 | 13.4 |
| മുന്നോക്കം | 44.6 | 40 | 15.4 |
| എസ് സി | 48.3 | 31 | 20.7 |
| എസ് ടി | 42.9 | 57.1 | 0 |

ഭൂമി ശരാശരി 18.1 സെന്റാണെങ്കിൽ EG IV ൽ ഇത് 61 സെന്റ് വരും.

സ്വർണത്തിന്റെ കൈമാറ്റം കൂടുതൽ (17.1 പവൻ) മുസ്ലീം വിഭാഗത്തിൽ ആണ്. ഭൂമിയുടെ കൈമാറ്റത്തിൽ മുന്നോക്ക ഹിന്ദു (57.8%) ആണ് മുന്നിൽ (പട്ടിക 2.4.12 കാണുക).

# വായന, മാധ്യമം

സാക്ഷരതയുടെ ഏറ്റവുമുയർന്ന ശതമാനവും അതിനോട് ചേർന്നു നിൽക്കുന്ന മാധ്യമ സ്വാധീനത്തിന്റെ ഉയർന്ന അളവും കേരളത്തിലെ സാംസ്കാരിക ചലനങ്ങളെയും അഭിപ്രായ രൂപീകരണത്തെയും കാര്യമായ തോതിൽ സ്വാധീനിക്കുന്നുണ്ടെന്നുള്ളത് അവിതർക്കിതമാണ്. എന്നാൽ പത്ര- ആനുകാലിക വായനയുടെ കാര്യത്തിലും അതിന്റെ സാമൂഹ്യ സ്വാധീനങ്ങളിലും പരമ്പരാഗതമായി ഉയർന്നു വരുന്ന പ്രവണതകൾക്ക് കാര്യമായ മാറ്റമുണ്ടായിട്ടില്ല. പത്രം വായിക്കാറുണ്ടോ എന്ന ചോദ്യത്തിന് പഠനത്തിൽ പങ്കെടുത്ത 58.5% പേരും ഉണ്ടെന്ന്

പട്ടിക 2.5.1

പത്രം വായിക്കാറുണ്ടോ

| വിഭാഗം | ഉണ്ട് | ഇല്ല | വല്ലപ്പോഴും | വായിക്കാനറിയില്ല |
|---|---|---|---|---|
| സാമ്പത്തിക ഗ്രൂപ്പ് 1 | 52.4 | 24.8 | 16.2 | 6.7 |
| സാമ്പത്തിക ഗ്രൂപ്പ് 2 | 47.7 | 29 | 18.3 | 4.6 |
| സാമ്പത്തിക ഗ്രൂപ്പ് 3 | 61.9 | 18.8 | 16.3 | 2.9 |
| സാമ്പത്തിക ഗ്രൂപ്പ് 4 | 82.4 | 9.4 | 7.1 | 1.2 |
| ഹിന്ദു | 55.9 | 23.2 | 16.7 | 4.2 |
| മുസ്ലീം | 56.8 | 21.9 | 16.4 | 4.4 |
| ക്രിസ്ത്യൻ | 69.5 | 18.3 | 12.8 | 1.4 |
| ജാതി | | | | |
| മുന്നോക്കം | 51.2 | 23.6 | 20.4 | 4.8 |
| പിന്നോക്കം | 81.5 | 21.4 | 13.7 | 3.4 |
| പട്ടികജാതി | 62.8 | 26.9 | 7.7 | 2.6 |
| പട്ടികവർഗം | 40 | 10 | 30 | 10 |
| ആകെ | 58.5 | 21.7 | 15.9 | 3.7 |

N=780

പട്ടിക-2.5.2

ഏതു സമയത്താണ് പത്രം വായിക്കുന്നത്

| സാമ്പത്തിക ഗ്രൂപ്പ് | രാവിലെ | ഉച്ചയ്ക്ക് | രാത്രി | സമയം കിട്ടുമ്പോൾ |
|---|---|---|---|---|
| 1 | 15.3 | 13.9 | 12.5 | 58.3 |
| 2 | 17.4 | 9.9 | 10.6 | 62.1 |
| 3 | 21.1 | 18.6 | 11.4 | 48.9 |
| 4 | 25.9 | 31.2 | 9.1 | 33.8 |
| ആകെ | 20.0 | 17.3 | 11.0 | 51.7 |

N=590

പട്ടിക-2.5.3

പത്രം കിട്ടിയാൽ ആകാംക്ഷയോടെ നോക്കുന്ന പേജ്

| സാമ്പത്തിക ഗ്രൂപ്പ് | മുൻ പേജ് | പരസ്യ പേജ് | ചരമ വാർത്ത | സിനിമ | ടി വി | കായിക വാർത്ത | മറ്റുള്ളവ |
|---|---|---|---|---|---|---|---|
| 1 | 64.4 | 1.4 | 26.0 | 0.0 | 0 | 4.1 | 4.1 |
| 2 | 64.6 | 1.2 | 23.6 | 1.2 | 0 | 1.2 | 8.2 |
| 3 | 67.0 | 1.1 | 21.5 | 2.1 | 0 | 0.7 | 7.6 |
| 4 | 74.0 | 0 | 14.3 | 1.3 | 0 | 1.3 | 9.1 |
| ആകെ | 66.9 | 1.0 | 21.7 | 1.5 | 0 | 1.4 | 7.5 |

N=590

ഉത്തരം നൽകി. എപ്പോഴെങ്കിലും വായിക്കുന്ന 15.9% കൂടി ഉൾപ്പെടെ 74.4% വായനയുടെ ലോകവുമായി ബന്ധപ്പെടുന്നുണ്ടെന്ന ഉത്തരം എന്തുകൊണ്ടും അഭിമാനകരമാണ്. എന്നാൽ ചുറ്റുവട്ടത്തിൽ ലഭിക്കുന്നു എന്നതിനാലുള്ള പത്രം കാണൽ എന്നതിലപ്പുറത്തേയ്ക്ക് ഗൗരവമായ വായന നടക്കുന്നില്ല എന്നും പഠനം വിശദമാക്കുന്നു.

ഏറ്റവും ദരിദ്ര വിഭാഗത്തിലും 52.4% പേർ പത്രവായനയുടെ ലോകത്തുണ്ടെന്നുള്ളത് കേരളത്തിന്റെ സവിശേഷത തന്നെയാണ്. ഉയർന്ന സാമ്പത്തിക വിഭാഗത്തിൽ 82.4% പേർ പത്രം വായിക്കുന്നവരാണ്. വായിക്കാനറിയാത്തവർ 3.7 ശതമാനമാണ്. ക്രിസ്ത്യൻ വിഭാഗമാണ് പത്രവായനയുടെ കാര്യത്തിൽ മുന്നിൽ (69.5%) നിൽക്കുന്നത്. എന്നാൽ മറ്റു മേഖലകളിലെ വലിയ അന്തരത്തിൽ നിന്നു വ്യത്യസ്തമായി ഹിന്ദു (55.9%), മുസ്ലീം (56.8%) മത വിഭാഗങ്ങളിലെ സ്ത്രീകൾ പത്രവായനയിൽ ഏതാണ്ട് ഒരേ നിലവാരത്തിൽ നിൽക്കുന്നു. എപ്പോഴെങ്കിലുമുള്ള വായന കൂടി ഉൾപ്പെടുത്തിയാൽ യഥാക്രമം 72.6%, 73.2% എന്നായി മാറും. പട്ടിക ജാതി വിഭാഗത്തിലും (62.8%) ശരാശരിയിൽ ഉയർന്ന വായനയുണ്ടെന്ന് കാണുന്നു.

പുരുഷന്മാർ മിക്കവരും രാവിലെ പത്രം വായിക്കുന്നവരാണ്. എന്നാൽ 20% സ്ത്രീകളാണ് രാവിലെ പത്രം വായിക്കാൻ സമയം കണ്ടെത്തുന്നത്. 17.3% പേർ ഉച്ചയ്ക്കു സമയം കണ്ടെത്തുമ്പോൾ സമയം കിട്ടുമ്പോൾ എന്ന മറുപടിയാണ് പകുതിയിലധികം പേരും (51.7%)

| പട്ടിക-2.5.4<br>സ്ത്രീകൾ എന്തൊക്കെ വായിക്കുന്നു | | | | |
|---|---|---|---|---|
| വിഭാഗം | പത്രം | ആനുകാലികം | പുസ്തകം | മതഗ്രന്ഥം |
| സാമ്പത്തിക ഗ്രൂപ്പ് 1 | 52.4 | 3.9 | 2.6 | 36.4 |
| സാമ്പത്തിക ഗ്രൂപ്പ് 2 | 47.7 | 6.6 | 8.4 | 40.4 |
| സാമ്പത്തിക ഗ്രൂപ്പ് 3 | 61.9 | 5.9 | 8.9 | 40.7 |
| സാമ്പത്തിക ഗ്രൂപ്പ് 4 | 82.4 | 23.3 | 10.9 | 35.6 |
| ഹിന്ദു | 55.9 | 10.0 | 8.8 | 26.7 |
| മുസ്ലീം | 56.8 | 6.4 | 7.1 | 52.1 |
| ക്രിസ്ത്യൻ | 69.5 | 4.4 | 7.9 | 60.5 |
| ജാതി | | | | |
| മുന്നോക്കം | 51.2 | 8.2 | 5.5 | 28.0 |
| പിന്നോക്കം | 81.5 | 18.6 | 10.5 | 24.4 |
| പട്ടികജാതി | 62.8 | 3.7 | 16.7 | 27.8 |
| പട്ടികവർഗം | 40 | 0 | 14.3 | 14.3 |
| ആകെ | 58.5 | 8.8 | 9.6 | 38.2 |

നൽകിയത്. ഇത് ജാതി-മത-സാമ്പത്തിക വ്യത്യാസമില്ലാതെ എല്ലാവരുടെ കാര്യത്തിലും ഒരുപോലെയാണ്.

പത്രം കയ്യിൽ കിട്ടിയ ഉടനെ നോക്കുന്ന പേജ് മുൻപേജ് തന്നെ (66.9%). അതു കഴിഞ്ഞാൽ പ്രാധാന്യത്തോടെ നോക്കുന്നത് ചരമപേജ് ആണെന്ന് (21.7%) പേർ പറയുന്നു. സ്ത്രീകൾ എന്തൊക്കെയാണ് വായിക്കുന്നത് എന്നതിന്റെ വിശദാംശങ്ങൾ പട്ടിക 2.5.4 ൽ കൊടുത്തിരിക്കുന്നു.

**ടെലിവിഷൻ കാണുന്നതിന്റെ സ്വഭാവം**

കുടുംബത്തോടൊപ്പം സീരിയൽ കാണുന്നവരാണ് 79.1 ശതമാനവും. റിമോട്ട് കൂടുതൽ സമയവും ആൺകുട്ടി (23.7%) കളുടെ കയ്യിലായിരിക്കും. ഭൂരിപക്ഷം കുടുംബങ്ങളും (67.8%) കാണുന്ന പരിപാടികളെക്കുറിച്ച് ചർച്ച ചെയ്യാറുണ്ടെന്ന് അഭിപ്രായപ്പെട്ടു.

ചാനലുകളുടെ അതിപ്രസരം ഉള്ള ഈ കാലത്ത് സ്ഥിരമായി 57% ആളുകൾ റിയാലി

| പട്ടിക-2.5.5<br>സീരിയൽ കാണാറുണ്ടോ % | | |
|---|---|---|
| ഉണ്ട് | ഇല്ല | സ്ഥിരമായി കാണാറില്ല |
| 49.8 | 28.3 | 20.0 |

| പട്ടിക-2.5.6<br>ആരോടൊപ്പം കാണുന്നു % | |
|---|---|
| കുടുംബത്തോടൊപ്പം | ഒറ്റയ്ക്ക് |
| 79.1 | 20.9 |

| പട്ടിക-2.5.7 | | | | | | |
|---|---|---|---|---|---|---|
| കുടുംബമൊന്നിച്ചിരുന്ന് ടി വി കാണുമ്പോൾ റിമോട്ട് ആരുടെ കൈയിലാണ് ഉണ്ടാവുക | | | | | | |
| സാമ്പത്തിക ഗ്രൂപ്പ് | ആൺകുട്ടിയുടെ | പെൺകുട്ടിയുടെ | സ്വന്തം കൈയിൽ | ഭർത്താവിന്റെ | മറ്റുള്ളവരുടെ | മാറിമാറി ഉപയോഗിക്കും |
| 1 | 24.2 | 8.1 | 12.9 | 14.5 | 1.6 | 38.7 |
| 2 | 23.9 | 8.1 | 9.2 | 11.9 | 3.3 | 43.6 |
| 3 | 22.9 | 9.2 | 10.2 | 15.7 | 4.1 | 37.9 |
| 4 | 26.3 | 6.6 | 7.9 | 17.1 | 3.9 | 38.2 |
| ആകെ | 23.7 | 8.5 | 9.9 | 14.6 | 3.6 | 40.0 |

N=615

റ്റിഷോ കാണുന്നുണ്ടെങ്കിലും പരിപാടിയിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ വെറും 16% മാത്രമാണ്. എന്നാൽ 50% ആളുകളും കുട്ടികളെ ഇത്തരം പരിപാടികളിൽ പങ്കെടുപ്പിക്കുന്നതിൽ തൽപ്പരരാണ്.

ഏറെ ജനകീയവൽക്കരിച്ച മാധ്യമമായ ടി.വി 91% ആളുകൾ കാണുന്നുണ്ട്. സ്വന്തം വീട്ടിൽ നിന്ന് 84% പേരും അയൽപക്കത്ത് നിന്ന് 7% പേരും ടി.വി കാണുന്നു.

കാണുന്ന പരിപാടികൾ സംസാരവിഷയമാക്കുന്നവർ 68% പേരുണ്ട്. 82% പേരും വീട്ടിലാണ് ഇക്കാര്യങ്ങൾ ചർച്ച ചെയ്യുന്നത്. ഇത്തരത്തിൽ ദൈനംദിനം കേരളത്തിലെ കുടുംബങ്ങൾ കണ്ടുകൊണ്ടിരിക്കുന്ന ടെലിവിഷൻ മെഗാ പരിപാടികൾ മുന്നോട്ടു വെക്കുന്ന ആശയങ്ങളും അവ സൃഷ്ടിച്ചെടുക്കുന്ന മൂല്യബോധവും പരിശോധിക്കപ്പെടേണ്ടതുണ്ട്.

ടി വി പോലുള്ള ആധുനിക സംവിധാനങ്ങൾ ഉണ്ടായിട്ടും റേഡിയോയുടെ സ്ഥാനം വീട്ടിൽ നിന്നും മാറിയിട്ടില്ല. 52% ആളുകളും സ്ഥിരമായോ അല്ലാതേയോ റേഡിയോ കേൾക്കുന്നവരാണ്. റേഡിയോയുടെ സ്ഥാനം കിടപ്പുമുറിയോ (30.3%) സ്വീകരണമുറിയോ (38.7%) ആവുമ്പോൾ സ്ത്രീകൾ കൂടുതൽ സമയം ചെലവഴിക്കുന്ന അടുക്കളയിൽ ഇത് 17.9% ആണ്. ഇന്നും റേഡിയോ പരിപാടിയിലെ ഇഷ്ട ഇനം പാട്ടും (45.7%) നാടകവും (27.1%) തന്നെയാണ്.

സമൂഹത്തെ പിന്നോട്ടടിപ്പിക്കുന്ന മെഗാപരമ്പരകൾ 71% സ്ത്രീകൾ കാണുമ്പോൾ അവരിൽ 79% വും കുടുംബത്തോടൊപ്പമാണ് കാണുന്നത്.

| പട്ടിക-2.5.8 | | | |
|---|---|---|---|
| സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളോടുള്ള പ്രതികരണം | | | |
| | | 15-30 | മുതിർന്നവർ |
| 1. | വിഷമം | 40.4 | 52.9 |
| 2. | പേടി | 13.2 | 10.4 |
| 3. | ദേഷ്യം | 16.2 | 12.5 |
| 4. | നിരാശ | 2.3 | 3 |
| 5. | ഉടനെ പ്രതികരിക്കണമെന്ന് തോന്നും | 21.2 | 14 |
| 6. | ഒന്നും തോന്നാറില്ല | 1.3 | |

സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ വർധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ ഇത്തരം വാർത്ത വായിക്കുമ്പോൾ വിഷമം തോന്നുന്നവർ 53% ഉണ്ടായിട്ടും 14ശതമാനത്തിന് മാത്രമേ പ്രതികരിക്കാൻ തോന്നുന്നുള്ളൂ. സ്ത്രീകൾ മുമ്പത്തേക്കാളും പുറത്തിറങ്ങുന്ന കാലഘട്ട മായിട്ടും ഈ പ്രതികരണം ഭയപ്പെടുത്തുന്നു. ഇത്തരം വാർത്തകൾ മാധ്യമങ്ങളിൽ പൊലി പ്പിച്ചാണ് കൊടുക്കുന്നത് എന്ന അഭിപ്രായം 65% ആളുകൾക്കും ഉണ്ട്.

സ്വർണഭ്രമം ഒരു സാമൂഹ്യവിപത്തായി തീർന്ന ഇന്നത്തെ സാഹചര്യത്തിൽ ശരീരം നിറയെ സ്വർണാഭരണം അണിഞ്ഞുനിൽക്കുന്ന സ്ത്രീയുടെ പരസ്യം മോശമായി കാണുന്നവർ 13% മാത്രമാണ്. എന്നാൽ ഇത്രയും വേണ്ട എന്ന അഭിപ്രായമുള്ള 21%പേരു ണ്ട്. ഇക്കാര്യം മോശമായി കാണുന്നവർ മതവിഭാഗം തിരിച്ച് ഹിന്ദു (14.1%), മുസ്ലീം (12.1%), ക്രിസ്ത്യൻ (11.7%) എന്നിങ്ങനെയും ഇത്രയും വേണ്ട എന്ന അഭിപ്രായം ഹിന്ദു(20.9%), മുസ്ലീം (17.3%), ക്രിസ്ത്യൻ (29.2%) എന്നിങ്ങനെയുമാണ്.

വീടിനു പുറത്ത് പോയി കാണുന്ന പരിപാടികളിൽ 46% ആളുകളും ഉത്സവങ്ങളാണ് കാണുന്നത്. 15% ആളുകൾ മാത്രമേ വിദ്യാഭ്യാസ സാംസ്കാരിക പരിപാടികളിൽ പങ്കാളികളാവുന്നുള്ളൂ. സംഗീതം (11.8%), എഴുത്ത് (0.5%), വായന (9.4%), തയ്യൽ (12.2%) എന്നിവ ഹോബികളിൽ പെടുന്നു. യാത്ര ഇഷ്ടപ്പെടുന്നവർ 5% ഉണ്ട്. കാണാപ്പണികളിൽ ഏറ്റവും പ്രധാനപ്പെട്ട ജോലിയായ പാചകം ഹോബിയായി കാണുന്ന 27.7% സ്ത്രീകൾ ഉണ്ട് എന്ന് പഠനം സൂചിപ്പിക്കുന്നു.

പഠനത്തിനും ജോലിക്കുമായി (60%) ഇ മെയിൽ ചെയ്യാനായി (8%), ചാറ്റിങ്ങ് (8%) എന്നിങ്ങനെയാണ് ഇന്റർനെറ്റ് ഉപയോഗിക്കുന്നത് എന്നാണ് പഠനത്തിലെ പ്രതികരണങ്ങൾ കാണിക്കുന്നത്.

**പട്ടിക-2.5.9**

| ഇഷ്ടപ്പെട്ട ഹോബി | | |
|---|---|---|
| 1. | തയ്യൽ | 12.2 |
| 2. | സംഗീതം | 11.8 |
| 3. | പൂന്തോട്ടം | 11.2 |
| 4. | എഴുത്ത് | 0.5 |
| 5. | വായന | 9.4 |
| 6. | യാത്ര | 4.7 |
| 7. | പാചകം | 27.7 |
| 8. | മറ്റുള്ളവ | 9.7 |
| 9. | ഒന്നിലധികം ഹോബിയുള്ളവർ | 12.8 |

**പട്ടിക-2.5.10**

| *ഇന്റർനെറ്റ് ഉപയോഗിക്കുന്നുണ്ടോ?* | |
|---|---|
| ഉണ്ട് 17 | ഇല്ല 83 |
| *ഏതാവശ്യത്തിന് ഉപയോഗിക്കുന്നു* | |
| 1. പഠനം | 47.9 |
| 2. ജോലി | 12.5 |
| 3. ചാറ്റിങ്ങ് | 8.3 |
| 4. ഇ മെയിൽ | 8.3 |

# കുടുംബത്തിലെ അധികാരഘടന

കുടുംബത്തിലെ അധികാര ബന്ധങ്ങളും സ്ത്രീപുരുഷ ബന്ധങ്ങളും ചർച്ച ചെയ്തതിൽ നിന്നും ലഭിച്ച വിവരങ്ങളാണ് ഈ അധ്യായത്തിൽ ചേർത്തിരിക്കുന്നത്.

**കുടുംബവും അധികാരഘടനയും**

വിവരദാതാക്കളിൽ 67.9 ശതമാനവും അണുകുടുംബത്തിലെ അംഗങ്ങളാണ്. ഇതിൽത്തന്നെ ഏറ്റവും കൂടുതൽ അണുകുടുംബങ്ങൾ 73.2 ശതമാനം ക്രിസ്ത്യൻ സമുദായത്തിലും ഏറ്റവും കുറവ് 62 ശതമാനം മുസ്ലീം സമുദായത്തിലുമാണ്. 67.9 ശതമാനം വിവര

പട്ടിക 2.6.1

അണുകുടുംബങ്ങൾ

| വിഭാഗം | ശതമാനം |
|---|---|
| സാമ്പത്തിക ഗ്രൂപ്പ് 1 | 67.9 |
| സാമ്പത്തിക ഗ്രൂപ്പ് 2 | 65.6 |
| സാമ്പത്തിക ഗ്രൂപ്പ് 3 | 67.9 |
| സാമ്പത്തിക ഗ്രൂപ്പ് 4 | 74.4 |
| ഹിന്ദു | 68.6 |
| മുസ്ലീം | 61.9 |
| ക്രിസ്ത്യൻ | 73.2 |
| പിന്നോക്കം | 66.8 |
| മുന്നോക്കം | 71.0 |
| പട്ടികജാതി | 71.2 |
| പട്ടികവർഗം | 60.0 |
| ആകെ | 67.9 |

N=779

| പട്ടിക 2.6.2<br>ഏതുതരം കുടുംബമാണ് ഇഷ്ടം | | | | |
|---|---|---|---|---|
| സാമ്പത്തിക ഗ്രൂപ്പ് | അണു കുടുംബം | കൂട്ടു കുടുംബം | സാറ്റലൈറ്റ് | ഒന്നിലധികം തരം |
| 1 | 22.6 | 67.9 | 9.4 | 0.1 |
| 2 | 29.9 | 60.6 | 9.43 | 0 |
| 3 | 26.3 | 62.7 | 9.5 | 1.5 |
| 4 | 23.3 | 62.8 | 11.6 | 2.3 |
| ഹിന്ദു | 25.1 | 64.3 | 10.0 | 0.6 |
| മുസ്ലീം | 23.4 | 64.1 | 12.0 | 0.5 |
| ക്രിസ്ത്യൻ | 35.4 | 56.5 | 6.1 | 2.0 |
| പിന്നോക്കം | 24.3 | 66.0 | 9.0 | 0.7 |
| മുന്നോക്കം | 30.7 | 61.4 | 7.0 | 0.9 |
| പട്ടികജാതി | 18.9 | 64.6 | 16.5 | 0 |
| പട്ടികവർഗം | 30.0 | 50.0 | 20.0 | 0 |
| ആകെ | 26.6 | 62.8 | 9.7 | 0.9 |

N=782

ദാതാക്കളും അണുകുടുംബത്തിലാണ് ജീവിക്കുന്നതെങ്കിലും 62.8% പേരും ഇഷ്ടപ്പെടുന്നത് കൂട്ടുകുടുംബമാണ് എന്നത് വൈരുധ്യമായി തോന്നിയേക്കാം. ജോലിഭാരം പങ്കുവെക്കപ്പെടുമെന്നും കൂടുതൽ സുരക്ഷിതത്വം ഉണ്ടാവുമെന്നുമുള്ള ചിന്തയായിരിക്കാം ഈ അഭിപ്രായത്തിന് പിന്നിൽ.

കുടുംബത്തിൽ കൂടുതൽ അധികാരമുള്ള ആൾ പുരുഷൻ തന്നെയാണെന്ന് 96.4% പേരും അഭിപ്രായപ്പെട്ടു. എന്നാൽ ഈ അധികാരത്തിൽ മാറ്റം വരണമെന്ന് തോന്നുന്നവർ 21.6 ശത

| പട്ടിക 2.6.3<br>കുടുംബത്തിൽ ആർക്കാണ് കൂടുതൽ അധികാരമുള്ളത് | | | |
|---|---|---|---|
| സാമ്പത്തിക ഗ്രൂപ്പ് | സ്ത്രീ | പുരുഷൻ | രണ്ടുപേർക്കും |
| 1 | 1.9 | 98.1 | 0 |
| 2 | 3.3 | 96.3 | 0.4 |
| 3 | 4.3 | 95.4 | 0.3 |
| 4 | 0 | 98.8 | 1.2 |
| ആകെ | 3.3 | 96.4 | 0.3 |

N=785

| പട്ടിക 2.6.4<br>കുടുംബത്തിലെ അധികാരഘടന മാറേണ്ടതുണ്ടെന്ന് അഭിപ്രായപ്പെട്ടവർ | |
|---|---|
| വിഭാഗം | ശതമാനം |
| സാമ്പത്തിക ഗ്രൂപ്പ്1 | 16.8 |
| സാമ്പത്തിക ഗ്രൂപ്പ്2 | 19.9 |
| സാമ്പത്തിക ഗ്രൂപ്പ്3 | 21.6 |
| സാമ്പത്തിക ഗ്രൂപ്പ്4 | 32.6 |
| ഹിന്ദു | 22.6 |
| മുസ്ലീം | 17.1 |
| ക്രിസ്ത്യൻ | 24.1 |
| പിന്നോക്കം | 23.8 |
| മുന്നോക്കം | 21.2 |
| പട്ടികജാതി | 20.2 |
| പട്ടികവർഗം | 30.0 |
| ആകെ | 21.6 |

N=772

മാനം മാത്രമാണ്. പുരുഷാധിപത്യ വ്യവസ്ഥയുമായി ഭൂരിപക്ഷം സ്ത്രീകളും പൊരുത്തപ്പെട്ടു പോകുന്നു എന്നതാണ് ഇത് കാണിക്കുന്നത്. സാമ്പത്തികമായ ആശ്രിതത്വവും വിധേയത്വത്തിന് കാരണമാകുന്നുണ്ടാകാം.

**സ്ത്രീകളുടെ സുരക്ഷിതത്വം**

കുടുംബത്തിനകത്തെ സ്ത്രീകളുടെ സുരക്ഷിതത്വത്തെക്കുറിച്ചുള്ള ചോദ്യങ്ങൾക്ക് ലഭിച്ച പ്രതികരണങ്ങളിൽ നിന്നും 59.0 ശതമാനം പേരും പൂർണ സുരക്ഷിതരും 36.1 ശതമാനം പേർ ഭാഗികമായി സുരക്ഷിതരുമാണ് എന്ന് കാണാം. സമൂഹത്തിൽ സ്ത്രീകൾ പൂർണ സുരക്ഷിതരാണെന്ന് 6.6 ശതമാനം മാത്രമേ അഭിപ്രായപ്പെടുന്നുള്ളൂ. 58.7 ശതമാനം പേർ ഭാഗികമായി സുരക്ഷിതരാണെന്ന് പറയുമ്പോൾ ഒട്ടും സുരക്ഷിതരല്ല എന്ന അഭിപ്രായമുള്ള 34.7 ശതമാനം പേരുണ്ട് എന്ന കാര്യം പ്രത്യേകം ശ്രദ്ധ അർഹിക്കുന്നു. കുടുംബത്തിനകത്ത് പോലും 4.9% പേർ സുരക്ഷിതരല്ല എന്നതും സമൂഹത്തിൽ മൂന്നിലൊന്ന് ശതമാനം പേരും ഒട്ടും സുരക്ഷിതരല്ല എന്ന അഭിപ്രായവും പരിശോധിക്കേണ്ടതാണ്. സർവേയിൽ പങ്കെടുത്തവർ പത്തിലൊന്ന് വീടുകളിൽ ഗാർഹിക പീഡനമുണ്ട് എന്ന് തുറന്ന് സമ്മതിക്കുന്നു. സ്ത്രീകൾ അനുഭവിക്കേണ്ടിവരുന്ന മാനസികവും ശാരീരികവുമായ അതിക്രമങ്ങളുടെ വ്യത്യസ്ത തലങ്ങൾ പട്ടികയിൽ കാണാം.

സമൂഹത്തിൽ സ്ത്രീകൾ സുരക്ഷിതരല്ലെന്നതിന്റെ കാരണമായി 44.7% പേരും അഭിപ്രായപ്പെട്ടത് പുരുഷാധിപത്യ മൂല്യങ്ങളുടെ സാന്നിധ്യമാണ്. സ്ത്രീയുടെ വസ്ത്രധാരണം ഒരു കാരണമാണെന്ന് 10.9% സ്ത്രീകൾ തന്നെ പറയുന്നു എന്നത് ദുഃഖകരമാണ്.

| പട്ടിക 2.6.5<br>സ്ത്രീകൾക്ക് അനുഭവപ്പെട്ട വിവിധ ഗാർഹിക പ്രശ്നങ്ങൾ | | | | | |
|---|---|---|---|---|---|
| | സാമ്പത്തിക ഗ്രൂപ്പ് | | | | |
| | 1 | 2 | 3 | 4 | ആകെ |
| വീട്ടിൽ മദ്യപിച്ചുവന്ന് ഭർത്താവ്/ മകൻ/സഹോദരൻ/അച്ഛന്റെ അതിക്രമം (ഗാർഹിക പീഡനം) | 16.8 | 11.2 | 10.1 | 2.6 | 10.0 |
| ഭർത്താവ്/ഭർതൃ കുടുംബവുമായി വഴക്ക് | 17.4 | 13.9 | 14.5 | 12.0 | 14.1 |
| സ്ത്രീധന പീഡനം | 6.7 | 3.5 | 4.4 | 4.0 | 4.6 |
| സംശയം | 5.9 | 4.1 | 3.4 | 0 | 3.9 |
| ആൺ കുഞ്ഞിനെ പ്രസവിക്കാത്തതിന്റെ പേരിൽ | 8.2 | 2.8 | 5.0 | 1.8 | 3.9 |

N=659

| പട്ടിക 2.6.6<br>കുടുംബത്തിനകത്തെ സുരക്ഷിതത്വം | | | |
|---|---|---|---|
| വിഭാഗം | പൂർണമായും സുരക്ഷിതരാണ് | ഭാഗികമായി സുരക്ഷിതരാണ് | ഒട്ടും സുരക്ഷിതരല്ല |
| സാമ്പത്തിക ഗ്രൂപ്പ് 1 | 56.1 | 41.1 | 2.8 |
| സാമ്പത്തിക ഗ്രൂപ്പ് 2 | 55.6 | 38.5 | 5.9 |
| സാമ്പത്തിക ഗ്രൂപ്പ് 3 | 64.1 | 31.2 | 4.7 |
| സാമ്പത്തിക ഗ്രൂപ്പ് 4 | 51.8 | 44.6 | 3.6 |
| ഹിന്ദു | 59.9 | 34.7 | 5.4 |
| മുസ്ലീം | 55.6 | 41.0 | 3.4 |
| ക്രിസ്ത്യൻ | 60.3 | 34.3 | 5.4 |
| പിന്നോക്കം | 58.5 | 37.1 | 4.4 |
| മുന്നോക്കം | 60.9 | 33.9 | 5.2 |
| പട്ടികജാതി | 67.9 | 24.4 | 7.7 |
| പട്ടികവർഗം | 40.0 | 60.0 | 0 |
| ആകെ | 59.0 | 36.1 | 4.9 |

N=776

| പട്ടിക 2.6.7<br>സമൂഹത്തിൽ സ്ത്രീകൾ എത്രമാത്രം സുരക്ഷിതരാണ് | | | |
|---|---|---|---|
| വിഭാഗം | പൂർണമായും സുരക്ഷിതരാണ് | ഭാഗികമായി സുരക്ഷിതരാണ് | ഒട്ടും സുരക്ഷിതരല്ല |
| സാമ്പത്തിക ഗ്രൂപ്പ് 1 | 10.5 | 58.1 | 31.4 |
| സാമ്പത്തിക ഗ്രൂപ്പ് 2 | 8.8 | 56.4 | 34.8 |
| സാമ്പത്തിക ഗ്രൂപ്പ് 3 | 5.2 | 60.2 | 34.6 |
| സാമ്പത്തിക ഗ്രൂപ്പ് 4 | 2.4 | 60.2 | 36.4 |
| ഹിന്ദു | 7.4 | 58.1 | 34.5 |
| മുസ്ലീം | 7.8 | 59.6 | 32.6 |
| ക്രിസ്ത്യൻ | 3.4 | 59.6 | 36.3 |
| പിന്നോക്കം | 7.5 | 58.9 | 33.6 |
| മുന്നോക്കം | 10.5 | 56.1 | 33.4 |
| പട്ടികജാതി | 2.6 | 57.7 | 39.8 |
| പട്ടികവർഗം | 10.0 | 70.0 | 20.0 |
| ആകെ | 6.6 | 58.7 | 34.7 |

N=768

| പട്ടിക 2.6.8<br>സമൂഹത്തിൽ സ്ത്രീകൾ സുരക്ഷിതരല്ലാത്തതിന്റെ കാരണങ്ങൾ | | | | | |
|---|---|---|---|---|---|
| വിഭാഗം | ആൺകോയ്മാ മനോഭാവം | സ്ത്രീ വിരുദ്ധത | സ്ത്രീകളുടെ വസ്ത്രധാരണം | മാധ്യമം | ഒന്നിലധികം കാരണങ്ങൾ |
| സാമ്പത്തിക ഗ്രൂപ്പ് 1 | 16.2 | 25.7 | 12.2 | 1.4 | 44.5 |
| സാമ്പത്തിക ഗ്രൂപ്പ് 2 | 18.3 | 2.3 | 13.1 | 3.7 | 42.4 |
| സാമ്പത്തിക ഗ്രൂപ്പ് 3 | 24.6 | 22.9 | 11.6 | 3.2 | 37.7 |
| സാമ്പത്തിക ഗ്രൂപ്പ് 4 | 22.5 | 23.9 | 1.4 | 0 | 52.2 |
| ഹിന്ദു | 20.5 | 24.9 | 10.1 | 3.4 | 41.1 |
| മുസ്ലീം | 20.0 | 27.14 | 9.3 | 2.9 | 40.7 |
| ക്രിസ്ത്യൻ | 26.0 | 13.8 | 15.5 | 0.8 | 43.9 |
| പിന്നോക്കം | 23.4 | 24.4 | 8.6 | 3.1 | 39.5 |
| മുന്നോക്കം | 14.4 | 26.7 | 11.1 | 3.3 | 44.7 |
| പട്ടികജാതി | 18.0 | 26.2 | 13.1 | 3.3 | 39.4 |
| പട്ടികവർഗം | 37.5 | 12.5 | 12.5 | 12.5 | 25.0 |
| ആകെ | 21.5 | 23.2 | 10.9 | 2.7 | 41.7 |

N=768

**സൗഹൃദങ്ങളുടെ സ്വഭാവം**

നിങ്ങൾക്ക് സുഹൃത്തുക്കൾ ഉണ്ടോ എന്ന ചോദ്യത്തിന് 82.1% ആളുകളും ഉണ്ട് എന്ന ഉത്തരമാണ് തന്നത്. 17.9 ശതമാനം സ്ത്രീകൾ മാത്രമേ സൗഹൃദം ഇല്ല എന്ന ഉത്തരം തന്നിട്ടുള്ളൂ. ഇക്കാര്യത്തിൽ സാമ്പത്തിക - മത - ജാതി വ്യത്യാസങ്ങൾ ഒന്നും തന്നെ പ്രകടമായ തോതിൽ സ്വാധീനിക്കുന്നില്ല എന്നും കാണുന്നു. കുട്ടിയായിരുന്നപ്പോൾ 84.4% പേർക്കും സുഹൃത്തുക്കൾ ഉണ്ടായിരുന്നു എന്നാണ് അഭിപ്രായപ്പെട്ടത്.

ആൺ - പെൺ വേർതിരിവ് ഉണ്ടെങ്കിൽ പോലും സമൂഹത്തിലും ചെറുപ്പത്തിൽ ഒന്നിച്ച് കളിച്ച് വളരുന്ന സാഹചര്യം ഉണ്ടായിരുന്നു. 66.7 ശതമാനം സ്ത്രീകളും കുട്ടിയായിരുന്നപ്പോൾ ആൺകുട്ടികളുടെ കൂടെ കളിക്കുമായിരുന്നു എന്ന് മറുപടി നൽകി. എന്നാൽ 12 വയസ്സുവരെ മാത്രമാണ് പകുതിയിലധികം പേർക്കും ഇത് തുടരാൻ കഴിഞ്ഞത്. സ്കൂൾ വിദ്യാഭ്യാസത്തിന്റെ അവസാന ഘട്ടത്തിൽ ആണ് പ്രധാനമായും ഇത്തരത്തിലുള്ള ആൺ - പെൺ വേർതിരിവുകൾ സംഭവിക്കുന്നത് (പട്ടിക 2.6.9 കാണുക). 15 വയസ്സിന് ശേഷം 4.5 ശതമാനം പേർക്ക് മാത്രമാണ് നമ്മുടെ സമൂഹത്തിൽ ഒന്നിച്ച് കളിക്കുവാനുള്ള അവസരം ഉണ്ടായത്.

പഠനത്തിൽ പങ്കാളികളായ സ്ത്രീകളിൽ 49.1% ത്തിന്റേയും ബാല്യകാല സുഹൃത്തുക്കൾ ഇപ്പോഴും സുഹൃത്തുക്കളായി തുടരുന്നുണ്ട് എന്നുള്ളത് സൗഹൃദങ്ങളുടെ ശക്തിയെ കാണിക്കുന്നു. എതിർലിംഗത്തിൽ പെടുന്ന അടുത്ത സുഹൃത്തുക്കൾ ഉണ്ടായിരിക്കുക എന്നത് നമ്മുടെ സമൂഹത്തിൽ പൊതുവായി അംഗീകരിക്കപ്പെട്ടിട്ടുള്ള കാര്യമല്ല. അത്തരം സൗഹൃദങ്ങൾക്ക് സാമൂഹ്യ വിലക്കുകളുണ്ട്. സ്ത്രീകളുടെ കാര്യത്തിൽ തീരെ അംഗീകാരമില്ലാത്തതായതിനാലും തെറ്റിദ്ധരിക്കപ്പെടുന്നതിനാലും വിദ്യാസമ്പന്നരായ സ്ത്രീ പുരുഷന്മാർക്ക് പോലും നല്ല സൗഹൃദങ്ങളില്ലാതെ പോവുന്നു.

പൊതു സുഹൃത്തുക്കളല്ലാതെ പരസ്പരം മനസ്സിലാക്കുന്ന അടുത്തറിയുന്ന പ്രത്യേക സുഹൃത്തുക്കൾ ഉണ്ടോ എന്ന ചോദ്യത്തിന് 70.9 ശതമാനം പേരും ഇല്ല എന്ന മറുപടിയാണ് നൽകിയത്. ഇക്കാര്യത്തിലും മതം, ജാതി, സാമ്പത്തികനില എന്നിവ അനുസരിച്ച് കാര്യമായ വ്യത്യാസങ്ങൾ കാണുന്നില്ല. എന്നാൽ ഇങ്ങനെയുള്ള സുഹൃത്തുക്കളിൽ 8.6 ശതമാനം പേർ മാത്രമാണ് പുരുഷന്മാർ എന്നുള്ളത് നമ്മുടെ സമൂഹത്തിൽ ആഴത്തിൽ വേരോ

പട്ടിക 2.6.9

ചെറുപ്പത്തിൽ പെൺകുട്ടികളും ആൺകുട്ടികളും ഏത് പ്രായം വരെ ഒന്നിച്ച് കളിച്ചു

| വിഭാഗം | 10 വയസ്സ് വരെ | 11-12 വയസ്സ് | 13-15 വയസ്സ് | 15 വയസ്സിന് മുകളിൽ |
|---|---|---|---|---|
| സാമ്പത്തിക ഗ്രൂപ്പ് 1 | 56.3 | 19.7 | 18.3 | 5.7 |
| സാമ്പത്തിക ഗ്രൂപ്പ് 2 | 48.7 | 22.0 | 22.0 | 7.3 |
| സാമ്പത്തിക ഗ്രൂപ്പ് 3 | 48.9 | 20.6 | 28.4 | 12.1 |
| സാമ്പത്തിക ഗ്രൂപ്പ് 4 | 39.2 | 35.3 | 21.6 | 3.9 |
| ഹിന്ദു | 47.1 | 22.8 | 26.1 | 4.0 |
| മുസ്ലീം | 55.5 | 20.9 | 19.1 | 4.5 |
| ക്രിസ്ത്യൻ | 49.5 | 23.1 | 24.1 | 3.3 |
| ആകെ | 48.9 | 22.4 | 24.2 | 4.5 |

N=495

| പട്ടിക 2.6.10 | | | |
|---|---|---|---|
| കുടുംബത്തിന്റെ പൊതുസുഹൃത്തുക്കളല്ലാതെ പ്രത്യേകം സുഹൃത്തുക്കളുണ്ടോ *ഉണ്ടെങ്കിൽ സ്ത്രീയോ പുരുഷനോ* | | | |
| ഉണ്ട് | ഇല്ല | സ്ത്രീ | പുരുഷൻ |
| 28.9 | 70.9 | 89 | 8.6 |

ടിയിട്ടുള്ള സ്ത്രീ പുരുഷ വേർതിരിവിന്റെ സ്വഭാവത്തെ സൂചിപ്പിക്കുന്നു.

കുടുംബബന്ധങ്ങളിൽ കൂട്ടുകുടുംബ വ്യവസ്ഥയിൽ നിന്ന് അണുകുടുംബ വ്യവസ്ഥയിലേയ്ക്ക് മാറിയിട്ടുണ്ടെങ്കിലും ഒട്ടുമിക്ക അവസരങ്ങളിലും ഫ്യൂഡൽ വ്യവസ്ഥയുടെ അവശിഷ്ടങ്ങൾ നമ്മുടെ സാമൂഹ്യ ആചാരങ്ങളിലും മര്യാദകളിലും പ്രബലമാണ്. വീടിനുള്ളിലെ ബന്ധങ്ങളിലും ഈ അവസ്ഥ ശക്തമായി നിലനിൽക്കുന്നു. ഭർത്താവിനെ പേരെടുത്തു വിളിക്കാമോ എന്ന ചോദ്യത്തിന് 82.5 ശതമാനം സ്ത്രീകളും വിളിക്കരുത് എന്ന ഉത്തരമാണ് നൽകിയത്.

സമീപകാലത്തായി ഇന്ത്യയിലൊട്ടാകെയും കേരളത്തിലും വ്യാപകമായി സ്ത്രീകൾക്കും പെൺകുട്ടികൾക്കും നേരെ നടക്കുന്ന കടുത്ത അതിക്രമങ്ങൾ സമൂഹത്തിൽ വലിയ ചർച്ചയായി ഉയർന്നുവന്നിട്ടുണ്ട്. അതിക്രമങ്ങൾക്കെതിരെ ശക്തമായ പ്രതികരണങ്ങളും ഉയർന്നുവരുന്നു. എന്നാൽ സ്ത്രീകളുടെ നേരെയുള്ള ശാരീരികവും മാനസികവുമായ അതിക്രമങ്ങളെ അധികാര പ്രയോഗത്തിന്റെ ഭാഗമായി ചർച്ചചെയ്യുന്ന പ്രവണത വളരെ ചുരുക്കമായേ ഉള്ളൂ. സ്ത്രീപുരുഷ തുല്യതയ്ക്ക് പകരം ചെറുപ്പത്തിലെ വേർപിരിച്ച് വളർത്തുകയും വ്യത്യസ്തമായ മൂല്യബോധം പകർന്ന് നൽകി അകന്ന് നിൽക്കുന്നതാണ് പരിഹാരം എന്ന് പഠിപ്പിക്കുകയും ചെയ്യുന്നതിൽ മതജാതി വിഭാഗങ്ങളും വിദ്യാഭ്യാസ വ്യവസ്ഥയുമെല്ലാം വലിയ പങ്ക് വഹിക്കുന്നുണ്ട്. ആൺകുട്ടി, പെൺകുട്ടി എന്ന വേർതിരിവില്ലാതെ ജീവിത വ്യവഹാരങ്ങളിൽ ഏർപ്പെടുകയും കളിയിലും പഠനത്തിലും വീട്ടുജോലിയിലുമെല്ലാം സഹവർത്തിത്തത്തോടെ ഇടപെടുകയും ചെയ്യേണ്ടതാണ്. ഇത്തരത്തിൽ ആരോഗ്യകരമായ സൗഹൃദങ്ങൾ സൃഷ്ടിക്കുന്നത് ലിംഗസമത്വത്തിലൂന്നിയ സാമൂഹ്യനിർമിതിക്ക് അത്യാവശ്യമാണ്. കേരളം പോലുള്ള ഒരു സംസ്ഥാനത്ത് വിദ്യാഭ്യാസത്തിന്റെ വിവിധ ഘട്ടങ്ങളിലാണ് ആൺ പെൺ വേർതിരിവ് സംഭവിക്കുന്നതെന്നത് ഈ പഠനവും ശക്തമായി സാധൂകരിക്കുന്നു. ചെറുപ്പത്തിൽ തന്നെ സ്ത്രീപുരുഷ സൗഹൃദങ്ങൾ വളർത്തിക്കൊണ്ട് വരുന്നത് ആരോഗ്യകരമായ സാമൂഹ്യ ബന്ധങ്ങളിലേക്ക് നയിക്കുമെന്നതിൽ സംശയമില്ല.

കേരളത്തിന്റെ സാമൂഹ്യാന്തരീക്ഷം കൂടുതൽ അരക്ഷിതമായിക്കൊണ്ടിരിക്കുന്നു എന്ന പൊതു പ്രവണത നിലനിൽക്കുന്നു. ഇത് സ്ത്രീകളെയാണ് ഏറെ ബാധിക്കുന്നത്. അതുകൊണ്ടുതന്നെ ഈ വിവരങ്ങൾ പ്രത്യേക പരിഗണന അർഹിക്കുന്നു. വൈകുന്നേരങ്ങളിലും രാത്രിയിലും പൊതു ഇടം സ്ത്രീകൾക്ക് അപ്രാപ്യമാണ് എന്നാണ് കണക്കുകൾ കാണിക്കുന്നത്. പൊതു ഇടത്തിലെ സ്ത്രീകളുടെ ഇടപെടൽ വർധിപ്പിച്ചുകൊണ്ട് മാത്രമേ സുരക്ഷിതത്വമില്ലായ്മയ്ക്ക് പരിഹാരം കാണാനാകൂ. ലൈംഗികാതിക്രമങ്ങളുടെ പേരിൽ വീട്ടിൽ അടച്ചിരിക്കുകയല്ല വേണ്ടത്. പകരം പൊതു ഇടങ്ങളിൽ വർധിച്ച തോതിൽ ഇടപെട്ടുകൊണ്ട് നിലനിൽക്കുന്ന അന്തരീക്ഷത്തെ മാറ്റിയെടുക്കുവാനുള്ള ശ്രമങ്ങളാണ് ഉണ്ടാവേണ്ടത്.

# മുതിർന്ന സ്ത്രീകളുടെ പ്രതികരണം

സ്ത്രീകളുടെ ആയുർദൈർഘ്യം പുരുഷന്മാരുടേതിനേക്കാൾ കൂടുതലുള്ള സംസ്ഥാനമാണ് കേരളം. സമൂഹത്തിന്റെ പൊതു ആയുർദൈർഘ്യവും വർധിച്ചുവരികയാണ്. സ്വാഭാവികമായും വാർധക്യത്തിന്റെ പ്രശ്നങ്ങൾ എല്ലാ സമൂഹങ്ങളിലുമെന്നപോലെ കേരളത്തിലും സങ്കീർണമായിക്കൊണ്ടിരിക്കുന്നു. ഈ വിഷയത്തിൽ പഠനങ്ങളും ഇടപെടലുകളും കുറവുമാണ്. സർക്കാറിന്റെ സവിശേഷ ഇടപെടലും നിയമനിർമാണവും ഈ മേഖലയിൽ പരിമിതമാണ്. രോഗം, വർധിച്ച ചികിത്സാ ചെലവ്, ശാരീരിക അവശതകൾ, അവഗണനയും ഒറ്റപ്പെടലും തുടങ്ങി മുതിർന്ന തലമുറ അനുഭവിക്കുന്ന പ്രശ്നങ്ങൾ സമൂഹമധ്യത്തിൽ ചർച്ചയ്ക്ക് വിഷയമാകുന്നില്ല.

ഈ പഠനത്തിൽ 60 വയസ്സ് കഴിഞ്ഞ സ്ത്രീകളോട് അവരുടെ ജീവിതാവസ്ഥ സംബന്ധിച്ച് പ്രത്യേകം ചർച്ച നടത്തുകയുണ്ടായി. സാമ്പത്തികവും ആരോഗ്യപരവുമായ കാര്യങ്ങൾക്കാണ് കൂടുതൽ പ്രാധാന്യം നൽകിയത്. 60 കഴിഞ്ഞ സ്ത്രീകളിൽ ഏതാണ്ട് പകുതി പേർക്ക് (49.8%) മാത്രമേ എന്തെങ്കിലും തരത്തിലുള്ള വരുമാനമുള്ളൂ. ഇത് എല്ലാ ജാതിമത വിഭാഗങ്ങളിലും ഒരുപോലെയാണ്. വരുമാനമുള്ള 17.8 ശതമാനം പേർക്ക് അവരുടെ മക്കൾ നൽകുന്ന സഹായമാണ് ആശ്രയം. 56.7% പേർക്ക് ഏതെങ്കിലും തരത്തിലുള്ള പെൻഷൻ ലഭിക്കുന്നുണ്ട്. 7.2 ശതമാനം പേർ ഈ പ്രായത്തിലും തൊഴിലെടുത്ത് ജീവിക്കുന്നു എന്നത് ശ്രദ്ധേയമാണ്. സ്വന്തമായി വരുമാനം ഇല്ലാത്തവർ 61 ശതമാനവും മകനെ ആശ്രയിച്ചാണ് ജീവിക്കുന്നത്. 21.9 ശതമാനം ഭർത്താവിനെയും 12.1 ശതമാനം മകളേയും ആശ്രയിച്ചാണ് ജീവിക്കുന്നത്.

പട്ടിക 2.7.1
60 കഴിഞ്ഞ സ്ത്രീകളിൽ വരുമാനം ഉള്ളവർ

| വിഭാഗം | % |
|---|---|
| സാമ്പത്തിക ഗ്രൂപ്പ് 1 | 55.3 |
| സാമ്പത്തിക ഗ്രൂപ്പ് 2 | 46.1 |
| സാമ്പത്തിക ഗ്രൂപ്പ് 3 | 47.9 |
| സാമ്പത്തിക ഗ്രൂപ്പ് 4 | 64.0 |
| ഹിന്ദു | 50.9 |
| മുസ്ലീം | 41.2 |
| ക്രിസ്ത്യൻ | 57.1 |
| പിന്നോക്കം | 54.0 |
| മുന്നോക്കം | 49.1 |
| പട്ടികജാതി | 44.0 |
| പട്ടികവർഗം | 66.7 |
| ആകെ | 49.8 |

N=295

| പട്ടിക 2.7.2<br>60 കഴിഞ്ഞ സ്ത്രീകളുടെ വരുമാനത്തിന്റെ സ്രോതസ്സ് | | | | |
|---|---|---|---|---|
| വിഭാഗം | തൊഴിൽ | പെൻഷൻ | മക്കൾ നൽകുന്നത് | മറ്റുള്ളവ |
| സാമ്പത്തിക ഗ്രൂപ്പ് 1 | 3.1 | 65.6 | 15.6 | 15.7 |
| സാമ്പത്തിക ഗ്രൂപ്പ് 2 | 11.9 | 59.3 | 11.9 | 16.9 |
| സാമ്പത്തിക ഗ്രൂപ്പ് 3 | 7.1 | 48.6 | 24.3 | 20.0 |
| സാമ്പത്തിക ഗ്രൂപ്പ് 4 | -- | 63.2 | 15.8 | 21.0 |
| ഹിന്ദു | 8.3 | 59.3 | 12.9 | 19.5 |
| മുസ്ലീം | 5.6 | 52.8 | 16.7 | 24.9 |
| ക്രിസ്ത്യൻ | 5.7 | 54.3 | 14.3 | 25.7 |
| ആകെ | 7.2 | 56.7 | 17.8 | 18.3 |

N=180

| പട്ടിക 2.7.3<br>വരുമാനം ഇല്ലാത്ത മുതിർന്ന സ്ത്രീകൾ ആരെ ആശ്രയിക്കുന്നു | | | | | |
|---|---|---|---|---|---|
| ഇനം | മകൻ | മകൾ | പേരക്കുട്ടികൾ | ഭർത്താവ് | സ്വയം |
| സാമ്പത്തിക ഗ്രൂപ്പ് | | | | | |
| 1 | 58 | 14 | 4 | 24 | – |
| 2 | 57.4 | 14.8 | 3.3 | 19.7 | 4.8 |
| 3 | 59.5 | 12.6 | – | 25 | 2.9 |
| 4 | 60.6 | 6.1 | – | 22.2 | 11.1 |
| മതം | | | | | |
| ഹിന്ദു | 67.5 | 11.9 | – | 18.5 | 2.1 |
| മുസ്ലിം | 46.2 | 11.3 | 7.5 | 32.5 | 2.5 |
| ക്രിസ്ത്യൻ | 44.5 | 22.2 | | 22.2 | 11.1 |
| ജാതി | | | | | |
| പിന്നോക്കം | 73.4 | 7.5 | – | 14.8 | 4.3 |
| മുന്നോക്കം | 56.5 | 17.7 | – | 25.38 | – |
| എസ് സി | 73.4 | 6.6 | – | 20 | – |
| എസ് ടി | 50 | 50 | – | | – |
| ആകെ | 61 | 12.1 | 2 | 21.9 | 3 |

N=163

ആരോഗ്യകാര്യങ്ങളിൽ വാർധക്യ ആരോഗ്യ പ്രശ്നങ്ങൾക്കായിരുന്നു ഊന്നൽ. 86.5 ശതമാനം പേരും അഭിപ്രായപ്പെട്ടത് അവർക്ക് ആർത്തവവിരാമത്തോടെ കാര്യമായ മാനസികാസ്വാസ്ഥ്യങ്ങളൊന്നും ഉണ്ടായിട്ടില്ല എന്നതാണ്. 60.9 ശതമാനം പേർക്കും കാര്യമായ ശാരീരിക അസ്വാസ്ഥ്യങ്ങളും ഉണ്ടായിട്ടില്ല. 60 വയസ്സു കഴിഞ്ഞവരിൽ 84.6 ശതമാനം പേരും ഹോർമോൺ ഗുളികകളോ കാൽസ്യം ഗുളികകളോ കഴിക്കുന്നില്ല. മാനസിക പ്രശ്നങ്ങൾ പൊതുവായി 12% പേർക്കേ ഉള്ളൂ. അതിൽത്തന്നെ മുസ്ലീം സ്ത്രീകൾക്കാണ് ഏറ്റവും കുറവ്. ശാരീരിക പ്രശ്നങ്ങൾ 39.1% പേർക്കും ഉണ്ട്. ശാരീരികാസ്വാസ്ഥ്യം ഏറ്റവും കൂടുതൽ

പട്ടിക 2.7.4

60 കഴിഞ്ഞ സ്ത്രീകളുടെ ആർത്തവ വിരാമത്തോടെയുള്ള പ്രശ്നങ്ങൾ (%)

| വിഭാഗം | മാനസികം | | ശാരീരികം | |
|---|---|---|---|---|
| | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് |
| സാമ്പത്തിക ഗ്രൂപ്പ് 1 | 88.6 | 11.4 | 57.1 | 42.9 |
| സാമ്പത്തിക ഗ്രൂപ്പ് 2 | 84.7 | 12.2 | 67.0 | 33.00 |
| സാമ്പത്തിക ഗ്രൂപ്പ് 3 | 87.1 | 12.9 | 60.9 | 39.1 |
| സാമ്പത്തിക ഗ്രൂപ്പ് 4 | 87.5 | 12.5 | 41.7 | 58.3 |
| ഹിന്ദു | 87.2 | 11.6 | 57.3 | 42.7 |
| മുസ്ലീം | 90.5 | 7.9 | 74.6 | 25.4 |
| ക്രിസ്ത്യൻ | 80.0 | 20.0 | 55.6 | 44.4 |
| ആകെ | 86.5 | 12.4 | 60.9 | 39.1 |

N=282

പട്ടിക 5

60 കഴിഞ്ഞ സ്ത്രീകൾ നേരിടുന്ന പ്രധാന ആരോഗ്യ പ്രശ്നങ്ങൾ (%)

| വിഭാഗം | വാതം | രക്ത സമ്മർദം | മുട്ടുവേദന | നേത്ര രോഗം | പ്രമേഹം |
|---|---|---|---|---|---|
| സാമ്പത്തിക ഗ്രൂപ്പ് 1 | 15.38 | 12.82 | 15.38 | 10.26 | 5.1 |
| സാമ്പത്തിക ഗ്രൂപ്പ് 2 | 15.12 | 16.28 | 13.95 | 11.63 | 5.8 |
| സാമ്പത്തിക ഗ്രൂപ്പ് 3 | 20.95 | 8.57 | 10.48 | 12.38 | 6.7 |
| സാമ്പത്തിക ഗ്രൂപ്പ് 4 | 12.50 | 20.83 | -- | 4.17 | 20.8 |
| ഹിന്ദു | 18.24 | 11.49 | 10.81 | 12.84 | 5.4 |
| മുസ്ലീം | 14.81 | 18.52 | 9.26 | 12.96 | 3.7 |
| കൃസ്ത്യൻ | 17.31 | 11.54 | 15.38 | 3.85 | 17.3 |
| ആകെ | 17.3 | 17.3 | 11.4 | 11.0 | 7.5 |

N=254

| പട്ടിക 2.7.6<br>60 കഴിഞ്ഞ സ്ത്രീകൾ സ്വീകരിക്കുന്ന ചികിത്സാരീതി | | | | |
|---|---|---|---|---|
| സാമ്പത്തിക ഗ്രൂപ്പ് | അലോപ്പതി | ആയുർവേദം | ഹോമിയോ | ഒന്നിലധികം ചികിത്സാരീതി |
| 1 | 72.50 | 12.50 | 5.00 | 5 |
| 2 | 74.03 | 18.18 | 3.90 | 2.6 |
| 3 | 70.65 | 16.30 | 5.43 | 7.3 |
| 4 | 68.18 | 4.55 | 9.09 | 13.6 |
| ആകെ | 71.9 | 15.2 | 5.2 | 5.6 |

N=231

EG IV ലും ഏറ്റവും കുറവ് മുസ്ലീം സ്ത്രീകളിലുമാണ്. ഏതാണ്ട് 40% വരുന്ന മുതിർന്ന സ്ത്രീകൾക്ക് ആരോഗ്യപ്രശ്നങ്ങൾ ഉണ്ട് എന്നതിൽ ആസൂത്രകരുടെ ശ്രദ്ധ പതിയേണ്ടതുണ്ട്.

85.2 ശതമാനം പേരും ഏതെങ്കിലും തരത്തിലുള്ള വാർധക്യരോഗങ്ങൾ അനുഭവിക്കുന്നവരാണ്. വാതം (11%), രക്തസമ്മർദം (17.3%) മുട്ടുവേദന (11.4%), നേത്രരോഗം (11.0%) എന്നിങ്ങനെയാണ് പ്രധാന അസുഖങ്ങൾ. ഇവരിൽ ബഹുഭൂരിഭാഗവും (75%) കൃത്യമായി ചികിത്സ തേടുന്നുണ്ട് എന്നത് ശ്രദ്ധേയമാണ്. പ്രമേഹം സാമ്പത്തിക ഗ്രൂപ്പ് 4 ൽ കൂടുതലായി കാണുന്നത് അസുഖം കണ്ടുപിടിച്ച് ചികിത്സ തേടുന്ന പ്രവണത കൂടുന്നതുകൊണ്ട് കൂടിയായിരിക്കാനാണ് സാധ്യത. 71.9 ശതമാനം പേരും അലോപ്പതി ചികിത്സയാണ് നടത്തുന്നത്. 15.2% പേർ ആയുർവേദവും 5.2% പേർ ഹോമിയോ ചികിത്സയും നടത്തുന്നു. 5.6% പേർ ഒന്നിലധികം ചികിത്സാരീതികൾ സ്വീകരിക്കുന്നവരാണ്.

60 വയസ്സ് കഴിഞ്ഞ സ്ത്രീകളിൽ മൂന്നിലൊന്ന് വിഭാഗം (33%) ഏകാന്തത അനുഭവപ്പെടുന്നതായി സൂചിപ്പിക്കുകയുണ്ടായി. സാമ്പത്തിക ഭദ്രത കുറഞ്ഞവരിലാണ് ഇവരുടെ അനുപാതം കൂടുതലുള്ളത്. അതേ സമയം മുസ്ലീം സമുദായത്തിൽ ഏകാന്തത അനുഭവിക്കുന്നവരുടെ അനു

| പട്ടിക 2.7.7<br>60 കഴിഞ്ഞ സ്ത്രീകളിൽ<br>ഏകാന്തത അനുഭവിക്കുന്നവർ (%) | |
|---|---|
| സാമ്പത്തിക ഗ്രൂപ്പ് | |
| 1 | 46.7 |
| 2 | 31.0 |
| 3 | 30.8 |
| 4 | 26.9 |
| മതം | |
| ഹിന്ദു | 35.9 |
| മുസ്ലിം | 25.4 |
| ക്രിസ്ത്യൻ | 33.3 |
| ജാതി | |
| പിന്നോക്കം | 44.2 |
| മുന്നോക്കം | 24.1 |
| എസ് സി | 29.2 |
| എസ് ടി | 50.0 |
| ആകെ | 32.6 |

N=291

| പട്ടിക 2.7.8<br>60 കഴിഞ്ഞ സ്ത്രീകൾ എങ്ങനെ സമയം ചെലവഴിക്കുന്നു | | | | |
|---|---|---|---|---|
| സാമ്പത്തിക ഗ്രൂപ്പ് | വായന | പേരക്കുട്ടികളെ പരിചരിക്കുന്നു | വീട്ടുജോലി | ഉറക്കം |
| 1 | 9.76 | 14.63 | 41.46 | 21.95 |
| 2 | 7.87 | 22.47 | 47.19 | 13.48 |
| 3 | 9.09 | 17.27 | 49.09 | 10.91 |
| 4 | 17.39 | 17.39 | 34.78 | 4.35 |
| ആകെ | 9.5 | 18.6 | 46.0 | 12.9 |

N=263

പാതം താരതമ്യേന കുറവാണ്. പകുതിയോളം പേരും വീട്ടുജോലിയിൽ സഹായിച്ചാണ് സമയം ചെലവഴിക്കുന്നത്. 18% പേർ പേരക്കിടാങ്ങളെ പരിചരിക്കുന്നതിനാണ് സമയം കണ്ടെത്തുന്നത്.

# യുവതലമുറയുടെ പ്രതികരണങ്ങൾ

| പട്ടിക 2.8.1<br>15–30 പ്രായക്കാർ എവിടെ പഠിക്കുന്നു | |
|---|---|
| മേഖല | ശതമാനം |
| സ്കൂൾ | 13 |
| പ്ലസ്-ടു | 17 |
| ബിരുദം | 13 |
| ബിരുദാനന്തരബിരുദം | 7 |
| പ്രൊഫഷണൽ | 10 |
| സാങ്കേതികം | 3 |
| കമ്പ്യൂട്ടർ | 4 |
| മറ്റുള്ളവ | 22 |
| ഇപ്പോൾ പഠിക്കുന്നില്ല | 11 |

സ്ത്രീപഠനത്തിന്റെ ഭാഗമായി യുവതലമുറയുടെ (15–30 പ്രായവിഭാഗം) അഭിപ്രായങ്ങളും പ്രതികരണങ്ങളും അറിയുന്നതിനായി ഒരു പ്രത്യേക ചോദ്യാവലി തയ്യാറാക്കി വിവരശേഖരണം നടത്തിയിരുന്നു. പ്രസക്തമായ ചില വിഷയമേഖലകളിൽ യുവതമലുറയിലെ സ്ത്രീകളുടെ പ്രതികരണങ്ങളാണ് ഈ അധ്യായത്തിൽ ചേർത്തിരിക്കുന്നത്.

പട്ടിക 2.8.1 അനുസരിച്ച് യുവതലമുറയിൽ കൂടുതലും സ്കൂൾ വിദ്യാർഥികളാണ്. കോളേജ് തലത്തിൽ 21 ശതമാനത്തോളം പേർ പഠിക്കുന്നു. 15 ശതമാനം പേർ വിവിധ പ്രൊഫഷണൽ, സാങ്കേതിക രംഗത്ത് പഠിക്കുന്നവരാണ്. സ്കൂൾ കോളേജ് വിദ്യാർഥിനികളിൽ 80 ശതമാനവും മിക്സഡ് സ്ഥാപനങ്ങളിലാണ് പഠിക്കുന്നത്. 20 ശതമാനമാണ് പെൺകുട്ടികൾക്ക് മാത്രമായുള്ള സ്ഥാപനങ്ങളിൽ പഠിക്കുന്നത്. ബഹുഭൂരിപക്ഷത്തിനും മിക്സഡ് സ്ഥാപനങ്ങളിൽ പഠിക്കാനാണ് താൽപ്പര്യം. ഇക്കാര്യത്തിൽ മത-ജാതി വ്യത്യാസങ്ങളില്ല.

ഇപ്പോൾ പഠിക്കുന്ന സ്ഥാപനം 38 ശതമാനം വിദ്യാർഥിനികൾ സ്വന്തം താൽപ്പര്യം അനുസരിച്ചും 20 ശതമാനം പേർ അച്ഛനമ്മമാരുടെ താൽപ്പര്യമനുസരിച്ചുമാണ് തിരഞ്ഞെടുത്തത്. അതേ സമയം ദൂരം, പഠനമികവ് എന്നിവയും പ്രധാനപ്പെട്ട ഘടകങ്ങളാണ്. ഇന്നത്തെ മിക്സഡ് സ്ഥാപനങ്ങളിൽ പ്രത്യേക വിഷമതകൾ ഒന്നും അനുഭവപ്പെടുന്നില്ല എന്നാണ് 93% പേർ പ്രതികരിച്ചത്. സ്കൂൾ, കോളേജ് തലത്തിലെ പഠനമാധ്യമമായി 66 ശതമാനം പേരും മാതൃഭാഷ തന്നെയാണ് താൽപ്പര്യപ്പെടുന്നത്. ഇവരുടെ അനുപാതം കൂടുതൽ മുസ്ലീം വിദ്യാർഥിനികളിലാണ്. ഏറ്റവും കുറവ് ക്രിസ്ത്യൻ വിഭാഗത്തിലുള്ളവരിലാണ്. എന്നാൽ 46

| പട്ടിക 2.8.2<br>മിക്സഡ്/സ്കൂൾ/കോളേജിൽ<br>പഠിക്കുന്നവർ | |
|---|---|
| സാമ്പത്തിക ഗ്രൂപ്പ് | |
| 1 | 78.4 |
| 2 | 79.7 |
| 3 | 80.5 |
| 4 | 80.0 |
| മതം | |
| ഹിന്ദു | 75.8 |
| മുസ്ലിം | 89.4 |
| ക്രിസ്ത്യൻ | 81.6 |
| ജാതി | |
| പിന്നോക്കം | 69.6 |
| മുന്നോക്കം | 87.5 |
| എസ് സി | 80.7 |
| എസ് ടി | 66.7 |
| ആകെ | 80.2 |

N=213

| പട്ടിക 2.8.3<br>മിക്സഡ്/സ്കൂൾ/കോളേജ്<br>ഇഷ്ടപ്പെടുന്നവർ | |
|---|---|
| സാമ്പത്തിക ഗ്രൂപ്പ് | |
| 1 | 86.5 |
| 2 | 84.0 |
| 3 | 85.9 |
| 4 | 84.0 |
| മതം | |
| ഹിന്ദു | 85.7 |
| മുസ്ലിം | 87.5 |
| ക്രിസ്ത്യൻ | 80.0 |
| ജാതി | |
| പിന്നോക്കം | 80.3 |
| മുന്നോക്കം | 92.0 |
| എസ് സി | 93.0 |
| എസ് ടി | 100.0 |
| ആകെ | 84.9 |

N=236

ശതമാനം പേർ മാത്രമേ മാതൃഭാഷ മാധ്യമമായി പഠിക്കുന്നുള്ളൂ. 54 ശതമാനവും ഇംഗ്ലീഷ് മാധ്യമത്തിലാണ് പഠിക്കുന്നത്. ഇതിന് കാരണം ഈ പ്രായക്കാർ പ്ലസ് ടു മുതലുള്ള വിദ്യാഭ്യാസം നേടുന്നവരാണ് എന്നതാണ്. 69 ശതമാനം വിദ്യാർഥിനികളും സ്വന്തം ഇഷ്ടപ്രകാരമാണ് അവരുടെ ഇപ്പോഴത്തെ പഠനം തിരഞ്ഞെടുത്തിട്ടുള്ളത്.

സ്കൂൾ കാമ്പസ് അന്തരീക്ഷം പൊതുവേ സർഗസൃഷ്ടികൾ പ്രോത്സാഹിപ്പിക്കുന്ന രീതിയിൽ ഉള്ളതാണെന്നാണ് 80 ശതമാനം പേരും അഭിപ്രായപ്പെട്ടത്.

അവർ പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആവശ്യത്തിന് മൂത്രപ്പുരകൾ ഉണ്ടെന്നും ഇതിൽ 86 ശതമാനം വേണ്ടത്ര വൃത്തിയും സൗകര്യങ്ങളും ഉള്ളതുമാണ്.

| പട്ടിക 2.8.4<br>ഇഷ്ടപ്പെടുന്ന പഠന മാധ്യമം | | |
|---|---|---|
| സാമ്പത്തിക ഗ്രൂപ്പ് | മലയാളം | ഇംഗ്ലീഷ് |
| 1 | 61.6 | 38.4 |
| 2 | 74.7 | 25.3 |
| 3 | 67.3 | 32.7 |
| 4 | 54.2 | 45.8 |
| മതം | | |
| ഹിന്ദു | 65.3 | 34.7 |
| മുസ്ലിം | 82.1 | 17.9 |
| ക്രിസ്ത്യൻ | 54.8 | 45.2 |
| ജാതി | | |
| പിന്നോക്കം | 66.7 | 33.3 |
| മുന്നോക്കം | 59.3 | 40.7 |
| എസ് സി | 67.7 | 32.3 |
| എസ് ടി | 50.0 | 50.0 |
| ആകെ | 65.9 | 34.1 |

N=242

**വിദ്യാർഥിസംഘടനകളിലെ അംഗത്വം**

പകുതിയോളം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മാത്രമേ വിദ്യാർഥി സംഘടനകൾ പ്രവർത്തിക്കുന്നുള്ളൂ. പഠനത്തിന്റെ പരിധിയിൽ വന്ന വിദ്യാർഥിനികളിൽ കേവലം 12 ശതമാനം പേർ മാത്രമേ ഏതെങ്കിലും വിദ്യാർഥി സംഘടനയിൽ അംഗമായിട്ടുള്ളൂ. സംഘടനകളിൽ അംഗമല്ലാതിരിക്കുന്നതിന്റെ പ്രധാന കാരണമായി ചൂണ്ടിക്കാണിച്ചത് താൽപ്പര്യക്കുറവാണ് (52%). ഏതാണ്ട് മൂന്നിലൊന്നോളം പേർ (33%) സ്ഥാപനത്തിൽ വിദ്യാർഥി സംഘടന ഇല്ലാത്തതുകൊണ്ടും, 11 ശതമാനം പേർ സംഘടനാ പ്രവർത്തനം പഠനത്തെ ബാധിക്കുമെന്ന് കരുതുന്നതുകൊണ്ടുമാണ് അംഗമാവാതിരിക്കുന്നത്. വിദ്യാർഥി സംഘടനകളിൽ ആൺകുട്ടികളുടെ സമീപനം സൗഹാർദപരവും തുല്യ അംഗീകാരത്തോടെയുമാണെന്ന് 89% പേരും അഭിപ്രായപ്പെട്ടപ്പോൾ 11% പേർ സംഘടനകളിൽ ആൺകുട്ടികളുടെ അധീശത്വ സമീപനമുണ്ടെന്ന് അഭിപ്രായമുള്ളവരാണ്.

പട്ടിക 2.8.5
വിദ്യാർഥി സംഘടനയിൽ അംഗമായിട്ടുള്ളവർ

| വിഭാഗം | % |
|---|---|
| സാമ്പത്തിക ഗ്രൂപ്പ് 1 | 14.7 |
| സാമ്പത്തിക ഗ്രൂപ്പ് 2 | 9.1 |
| സാമ്പത്തിക ഗ്രൂപ്പ് 3 | 12.9 |
| സാമ്പത്തിക ഗ്രൂപ്പ് 4 | 10.5 |
| പിന്നോക്കം | 12.9 |
| മുന്നോക്കം | 13.6 |
| പട്ടികജാതി | 16.7 |
| പട്ടികവർഗം | --- |
| ആകെ | 13.5 |

N=111

വിദ്യാർഥി സംഘടനകളിൽ പ്രവർത്തിക്കുന്നില്ല എന്നു മാത്രമല്ല 68% പേരും NCC, NSS പോലുള്ള സംഘടനകളിലും അംഗമല്ല. എന്നാൽ 13 ശതമാനം പേർ ക്ലബ്ബുകൾ, ജീവകാരുണ്യ പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നു. ഇത്തരം പ്രവർത്തനങ്ങളുടെ ഫലമായി 28% പേർക്കും ഗ്രേസ് മാർക്ക് ലഭിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ പഠനത്തിന് സഹായകമാണെന്നും സൗഹൃദങ്ങളും ബന്ധങ്ങളും സൂക്ഷിക്കാനും, നിലനിർത്താനും കഴിയുമെന്നും 67 ശതമാനം പേരും അഭിപ്രായപ്പെട്ടു. എന്നാൽ 11 ശതമാനം വിദ്യാർഥിനികൾ തങ്ങളെ വീട്ടിൽ നിന്ന് അനുവദിക്കാത്തതുകൊണ്ടാണ് സാമൂഹ്യ പ്രവർത്തനങ്ങളിൽ പങ്കാളികളാകാത്തത് എന്ന് അഭിപ്രായപ്പെട്ടു. ഇക്കാര്യങ്ങൾ എല്ലാ സാമ്പത്തിക വിഭാഗങ്ങളിലും ജാതിമത വിഭാഗങ്ങളിലും ഒരേ പോലെയാണ് പ്രതിഫലിക്കുന്നത്.

തങ്ങളുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കൂടെ പഠിക്കുന്ന ആൺകുട്ടികളോട് സംസാരിക്കുന്നതിന് 81.8% പേർക്കും വിലക്കുകളൊന്നുമില്ല. ആൺകുട്ടികളുമായി സൗഹൃദം പങ്കിടുന്നതിനും 86.7% പേർക്കും വിലക്കുകളില്ല. വിലക്കുകൾ നേരിടുന്ന ചെറിയ ശതമാനം കുട്ടികൾക്ക് – അധ്യാപകർ (52%), രക്ഷിതാക്കൾ (24%), മാനേജ്മെന്റ് (14%) എന്നിവരുടെ ഭാഗത്തുനിന്നാണ് നിയന്ത്രണങ്ങൾ ഉണ്ടാവുന്നത്.

**ഒഴിവുസമയം എങ്ങനെ വിനിയോഗിക്കുന്നു**

സ്കൂൾ, കോളേജിലെ ഒഴിവുസമയം ചെലവഴിക്കുന്നത് വെറുതെ വർത്തമാനം പറഞ്ഞുകൊണ്ടാണ് എന്ന് 44.5 ശതമാനം വിദ്യാർഥിനികളും പറഞ്ഞു. എന്നാൽ 31.8 ശതമാനം പേർ ലൈബ്രറി സാധ്യതകളെ പ്രയോജനപ്പെടുത്തുന്നുണ്ട്.

ജീവിതത്തിൽ വേണ്ടത്ര വിശ്രമ സമയം കിട്ടുന്നതായി (88%) പേരും പറയുകയുണ്ടായി. എന്നാൽ വിശ്രമസമയത്തിന്റെ നല്ലൊരു ഭാഗവും (28%) ടി.വി കാണുവാനാണ് വിനിയോഗിക്കുന്നത്. രണ്ടാം സ്ഥാനം വായനക്കാണ് (22.1%). 76 ശതമാനം വിദ്യാർഥിനികളും സ്കൂളിലും കോളേജുകളിലും വിശ്രമസ്ഥലം ആവശ്യമുണ്ട് എന്ന അഭിപ്രായക്കാരാണ്. ഇതിനു കാര

| പട്ടിക 2.8.6<br>സ്കൂളിൽ/കോളേജിൽ ഒഴിവുസമയം എങ്ങനെ ചെലവഴിക്കുന്നു | | | | | |
|---|---|---|---|---|---|
| സാമ്പത്തിക ഗ്രൂപ്പ് | വർത്തമാനം പറഞ്ഞിരിക്കും | ലൈബ്രറിയിൽ പോകും | കളിക്കും | ഒഴിവു സമയമില്ല | ഒന്നില ധികം രീതി |
| 1 | 43.2 | 35.1 | 5.4 | 13.5 | 2.8 |
| 2 | 47.5 | 24.6 | 8.2 | 14.7 | 5.0 |
| 3 | 47.3 | 32.9 | 3.3 | 12.1 | 4.4 |
| 4 | 27.3 | 40.9 | 0 | 31.8 | 0 |
| ആകെ | 44.5 | 31.8 | 4.7 | 15.2 | 3.8 |

N=211

ണമായി പകുതിയോളം പോരും ചൂണ്ടിക്കാണിക്കുന്നത് ഒഴിവുസമയങ്ങളിൽ വിശ്രമിക്കാമെന്നതാണ്. ആവശ്യമുള്ളപ്പോൾ ഉപയോഗിക്കാൻ കഴിയുമെന്ന സാധ്യത (22%)യും സ്വകാര്യത വേണം (26%) എന്നതും ആണ് മറ്റ് പ്രധാന പ്രതികരണങ്ങൾ.

**കാമ്പസിൽ നേരിട്ട പ്രശ്നങ്ങൾ**

പഠനകാലത്ത് 83 ശതമാനം പേർക്കും അവരുടെ അനുഭവത്തിൽ ഏതെങ്കിലും പ്രശ്നങ്ങളോട് പ്രതികരിക്കേണ്ടി വന്നിട്ടില്ല. എന്നാൽ പ്രശ്നങ്ങൾ നേരിട്ട 17% പേർക്ക് പ്രധാനമായും,

| പട്ടിക 2.8.7<br>ആൺകുട്ടി/അധ്യാപകൻ മോശമായി പെരുമാറിയാൽ പരാതിപ്പെടാത്തതിന്റെ കാരണം (%) | | | | |
|---|---|---|---|---|
| വിഭാഗം | പ്രശ്നമാവും | എല്ലാവരും അറിയും | സ്ഥാപനത്തിലുള്ളവർ കുറ്റപ്പെടുത്തും | പഠനം നിർത്തേണ്ടിവരും |
| സാമ്പത്തിക ഗ്രൂപ്പ് | | | | |
| 1 | 75.0 | 12.5 | 12.5 | 0 |
| 2 | 37.5 | 50.0 | 6.3 | 6.2 |
| 3 | 53.8 | 23.1 | 15.4 | 7.7 |
| 4 | 66.7 | 0 | 33.3 | 0 |
| മതം | | | | |
| ഹിന്ദു | 51.0 | 27.0 | 17.0 | 5.0 |
| മുസ്ലിം | 53.9 | 30.8 | 7.7 | 7.6 |
| ക്രിസ്ത്യൻ | 33.3 | 66.7 | 0 | 0 |
| ജാതി | | | | |
| പിന്നോക്കം | 67.3 | 16.4 | 16.3 | 0 |
| മുന്നോക്കം | 0 | 50.0 | 0 | 50.0 |
| എസ് സി | 50.0 | 50.0 | 0 | 0 |
| എസ് ടി | 0 | 100.0 | 0 | 0 |
| ആകെ | 49.4 | 31.0 | 14.3 | 5.3 |

N=110

പൊതു പ്രശ്നങ്ങൾ (49%), വ്യക്തിപരമായ അവഹേളനം (18%), പെൺകുട്ടികൾ എന്ന നില യ്ക്കുള്ള ഉപദ്രവം (14%) അവഗണന (11%) ശാരീരികമായ ഉപദ്രവം (8.9%) എന്നിവയാണ് നേരിടേണ്ടിവന്നത്.

ആൺകുട്ടികളോ അധ്യാപകരോ അപമര്യാദയായി പെരുമാറിയാൽ പരാതിപ്പെടാനുള്ള സൗകര്യം സ്കൂളിലും കോളേജുകളിലും ഉണ്ടെന്നാണ് 80% വിദ്യാർഥിനികളും അഭിപ്രായ പ്പെട്ടത്. കേവലം 10% പേർ മാത്രമേ ഇത്തരം പ്രശ്നങ്ങളിൽ പരാതിപ്പെട്ടിട്ടുള്ളൂ. ഇങ്ങനെ പരാതിപ്പെട്ടവരിൽ 58% ത്തിനും അവരുടെ പരാതിക്ക് പരിഗണന ലഭിച്ചിട്ടുണ്ടെന്നാണ് അഭി പ്രായപ്പെട്ടത്. പരാതിപ്പെടാതിരിക്കാനുള്ള പ്രധാന കാരണം അതൊരു പ്രശ്നമായിത്തീരും എന്നതുകൊണ്ടാണെന്നാണ് 49 ശതമാനവും പറഞ്ഞത്. ചുരുക്കത്തിൽ പരാതിപ്പെടാത്തവ രിൽ 95% പേരും സമൂഹത്തിന്റെ പ്രതികരണം മോശമാവുമെന്ന ചിന്തയിൽ പ്രശ്നങ്ങൾ നിശ്ശബ്ദം സഹിക്കുകയാണ് എന്നാണ് ഇത് കാണിക്കുന്നത്.

**പഠനവിഷയം**

പ്ലസ്ടൂവിന് മുകളിൽ പഠിക്കുന്ന 91 ശതമാനം വിദ്യാർഥിനികളിലും അവർ ഇഷ്ടപ്പെടുന്ന വിഷയം തന്നെയാണ് പഠിക്കുന്നത്. അതിൽ അൽപ്പം കുറവ് മുസ്ലീം വിദ്യാർഥിനികളിലാണ് (82%); ഏറ്റവും കൂടുതൽ ക്രിസ്ത്യൻ വിഭാഗങ്ങൾക്കിടയിലും (97%). ഇഷ്ടപ്പെട്ട വിഷയം പഠി ക്കാൻ കഴിയാത്തതിന്റെ പ്രധാന കാരണം മാർക്ക്കുറഞ്ഞതാണ് (39%). ഇഷ്ടപ്പെട്ട വിഷയ മുള്ള സ്ഥാപനങ്ങളിലേയ്ക്കുള്ള ദൂരം (26.1%), അച്ഛന്റെ ഇഷ്ടം (22%) എന്നിവയാണ് വിദ്യാർഥി നികൾ പറഞ്ഞ തടസ്സങ്ങൾ.

**വിദ്യാലയത്തിലേയ്ക്കുള്ള യാത്ര**

58 ശതമാനം വിദ്യാർഥിനികളും ലൈൻ ബസ്സിലാണ് പഠിക്കാൻ പോകുന്നത്. 26 ശത മാനം നടന്നുപോകാവുന്ന ദൂരത്താണ് പഠിക്കുന്നത്. സാമ്പത്തിക – ജാതി– മത വിഭാഗങ്ങളി ലെല്ലാം ഇക്കാര്യങ്ങൾ ഒരേപോലെയാണ് പ്രതിഫലിക്കുന്നത്. സ്ഥാപനങ്ങളിലേയ്ക്കുള്ള യാത്രയിൽ 34.1% പേർക്ക് ചില മോശമായ അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

പട്ടിക 2.8.8
ബസ് യാത്രയിൽ നേരിട്ട പ്രശ്നങ്ങൾ

| പ്രശ്നം | ശതമാനം |
|---|---|
| 1. തൊഴിലാളികളുടെ മാന്യമല്ലാത്ത പെരുമാറ്റം | 21.0 |
| 2. ബസ്സിൽ കയറ്റാത്ത പ്രശ്നം | 39.5 |
| 3. ബസ്സിനുള്ളിലെ പൂവാലശല്യം | 29.6 |
| 4. ഒന്നിലധികം പ്രശ്നങ്ങൾ | 9.9 |

യാത്രയ്ക്കിടയിൽ പ്രശ്നങ്ങൾ ഉണ്ടായാൽ 57 ശതമാനം പേരും മറ്റാരോടെങ്കിലും പറയു ന്നുണ്ട്. പകുതിയിലധികം പേരും (51%) അമ്മമാരോടാണ് ഇത്തരം കാര്യങ്ങൾ പറയുന്നത്. 26.9% പേർ സുഹൃത്തിനോടാണ് ഈ കാര്യങ്ങൾ പറയുന്നത്. 46% പേരും പറയാതിരിക്കു ന്നത് അവർ ഇതൊന്നും കാര്യമാക്കാറില്ല എന്നതുകൊണ്ടാണ്.

പൊതുവെ പൊതുരംഗവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഭൂരിപക്ഷം പേരുടെയും പ്രതി കരണങ്ങൾ സൂചിപ്പിക്കുന്നത് പ്രത്യക്ഷമായ, കടുത്ത അവഗണനയും വിവേചനവും യുവത ലമുറ വലിയ തോതിൽ അനുഭവിക്കുന്നില്ല എന്നാണ്. അതേ സമയം ആന്തരികമായ പ്രചോ

ദനമില്ലായ്മയെയും ആത്മവിശ്വാസക്കുറവിനെയും സൂചിപ്പിക്കുന്ന താൽപ്പര്യമില്ല തുടങ്ങിയ മറുപടികൾ ശാക്തീകരണത്തിന്റെ ആവശ്യബോധം ഉയർത്തേണ്ടതിന്റെ സാധ്യതകളാണ് മുന്നോട്ടുവെക്കുന്നത്.

**ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷകൾ**

ഈ പഠനത്തിൽ ഭാവിയെസംബന്ധിച്ച വിവിധ കാര്യങ്ങളും ചർച്ചചെയ്തിരുന്നു. ഒരു പ്രധാന ചർച്ചാവിഷയം അടുത്ത അഞ്ചു വർഷത്തിനുള്ളിലെ ഏറ്റവും ഉയർന്ന പരിഗണനയെ സംബന്ധിച്ചായിരുന്നു. 85% പേരും വിദ്യാഭ്യാസം തുടരുന്നതിലും ഒരു തൊഴിൽ നേടിയെടുക്കുന്നതിലുമാണ് മുന്തിയ പരിഗണന നൽകിയത്.കേവലം 10 ശതമാനം മാത്രമാണ് വിവാഹത്തിന് ഉയർന്ന പരിഗണന നൽകിയത്. ഏറ്റവും ആഗ്രഹിക്കുന്ന തൊഴിൽ മേഖലയെപ്പറ്റിയുള്ള ചർച്ചയിൽ പകുതിയിലധികം പേരും വിദ്യാഭ്യാസവും ആരോഗ്യവുമാണ് എടുത്തുപറഞ്ഞത്. 18.8 ശതമാനം പേർ സാങ്കേതിക മേഖലയിൽ താൽപ്പര്യമുള്ളതായി സൂചിപ്പിച്ചു. പരമ്പരാഗതമായ ചിന്താരീതി തന്നെയാണ് ഇപ്പോഴും വിദ്യാർഥികൾ പിന്തുടരുന്നതെന്ന് ഇത് കാണിക്കുന്നു.

പട്ടിക-2.8.9

അടുത്ത 5 വർഷത്തെ പ്രധാന മുൻഗണന

| വിഭാഗം | വിദ്യാഭ്യാസം | തൊഴിൽ | വിവാഹം |
|---|---|---|---|
| സാമ്പത്തിക ഗ്രൂപ്പ് | | | |
| 1 | 48.4 | 42.0 | 9.6 |
| 2 | 48.3 | 34.5 | 8.7 |
| 3 | 38.8 | 43.8 | 12.5 |
| 4 | 30.0 | 50.0 | 20.0 |
| മതം | | | |
| ഹിന്ദു | 36.4 | 47.5 | 10.2 |
| മുസ്ലീം | 50.0 | 31.6 | 18.4 |
| ക്രിസ്ത്യൻ | 54.6 | 30.3 | 9.1 |
| ജാതി | | | |
| പിന്നാക്കം | 39.4 | 43.9 | 9.1 |
| മുന്നോക്കം | 22.7 | 54.6 | 22.7 |
| പട്ടികജാതി | 40.0 | 48.0 | 4.0 |
| പട്ടികവർഗം | 25.0 | 75.0 | 0 |
| ആകെ | 42.5 | 43.0 | 10.1 |

N=189

**ആഗ്രഹിക്കുന്ന തൊഴിൽ മേഖല**

വിദ്യാഭ്യാസം, ആരോഗ്യം എന്നിങ്ങനെ സ്ഥൂലതലത്തിലുള്ള ചർച്ചകൾക്കപ്പുറം അവയ്ക്കിടയിലെ വിവിധ വിഭാഗങ്ങളെ സംബന്ധിച്ച അഭിപ്രായങ്ങളും ഉയർന്നു വരികയുണ്ടായി. അതനുസരിച്ച് ആരോഗ്യമേഖലയിൽ മൂന്നിൽ ഒരാൾക്കും ഏത് രംഗം തെരഞ്ഞെടുക്കണം എന്ന

തിൽ വ്യക്തതയില്ലെന്നതാണ് ബോധ്യപ്പെട്ടത്. ഏത് വിഷയത്തിൽ വ്യാപൃതയാവാനാണ് താൽപ്പര്യം എന്ന ചർച്ചയിൽ 61.6% പേരും സാമൂഹ്യശാസ്ത്രമോ ഭാഷയോ ആണ് ഐഛികമായി എടുത്തത്. ശാസ്ത്രം, ഗണിതം എന്നീ വിഷയങ്ങളിൽ തൽപരരായിട്ടുള്ളവർ കുറവാണ്. മാനേജ്മെന്റിനെക്കുറിച്ചുള്ള ചോദ്യത്തിൽ 68% ബിസിനസ് മാനേജ്മെന്റിനാണ് താൽപ്പര്യം കാണിച്ചത്. വിവിധ ജാതി മത വിഭാഗങ്ങൾക്കിടയിലും സാമ്പത്തിക ഗ്രൂപ്പുകൾക്കിടയിലും ഇക്കാര്യത്തിൽ പ്രകടമായ വ്യത്യാസം ഉണ്ടായിരുന്നില്ല (പട്ടിക 2.8.10 കാണുക).

| പട്ടിക 2.8.10 ആഗ്രഹിക്കുന്ന തൊഴിൽ മേഖല | |
|---|---|
| വിദ്യാഭ്യാസം | 33.2 |
| ഗണിതം | 9.6, |
| ശാസ്ത്രം | 19.2, |
| ഭാഷ | 30.1 |
| സാമൂഹ്യപാഠം | 31.5 |
| ആരോഗ്യം | 23.6 |
| പീഡിയാട്രിക് | 13.5 |
| ഗൈനക്കോളജി | 9.5 |
| മറ്റുള്ളവ | 62.2 |
| സാങ്കേതിക മേഖല | 18.8 |
| എഞ്ചിനീയറിങ്ങ് മെക്കാനിക്കൽ | 9.8 |
| സിവിൽ | 17.1 |
| ഇലക്ട്രിക്കൽ | 22 |
| കമ്പ്യൂട്ടർ | 34.1 |
| മറ്റുള്ളവ | 7.3 |
| മാനേജ്മെന്റ് | 5.7 |
| എം ബി എ മാർക്കറ്റിങ്ങ് | 12, |
| മാർക്കറ്റ് റിസർച്ച്- | 4 |
| ബിസിനസ് മാനേജ്മെന്റ് | 68 |
| മറ്റുള്ളവ | 17 |

**വിവാഹത്തെക്കുറിച്ചുള്ള സങ്കൽപ്പം**

വിവാഹം സംബന്ധിച്ച് 95% വിദ്യാർഥിനികളും വീട്ടിൽ തീരുമാനിക്കുന്ന വിവാഹത്തിനാണ് മുൻതൂക്കം നൽകിയത്. ഇക്കാര്യത്തിൽ ജാതിമത വ്യത്യാസങ്ങൾ പ്രകടമല്ല.

യുവതലമുറയിൽ 66 ശതമാനം പേരും സ്ത്രീധനത്തിനെതിരായാണ് പ്രതികരിച്ചത്. ഇക്കാര്യത്തിൽ ജാതിമത വ്യത്യാസം ഉണ്ടായിരുന്നില്ല. സ്ത്രീധനം വേണമെന്നു പറഞ്ഞവരിൽ പകുതിയോളം പേരും (46.1%) സ്വന്തം ആവശ്യം നിറവേറ്റാനുള്ള സാമ്പത്തികശേഷി എന്ന നിലയിലാണ് സ്ത്രീധനത്തെ കണ്ടത്. ഭർതൃഗൃഹത്തിൽ അംഗീകാരം ലഭിക്കാൻ ഇതാവശ്യമാണെന്ന് 32.4% പേർ അഭിപ്രായപ്പെട്ടു. കുടുംബസ്വത്ത് സ്ത്രീക്കും അവകാശപ്പെട്ടതാണ് എന്നതുകൊണ്ടാണ് 18.6% പേർ സ്ത്രീധനത്തെ അനുകൂലിച്ചത്.

96% യുവതികളും ആർഭാടവിവാഹത്തെ അനുകൂലിക്കുന്നില്ല എന്നാണ് സൂചിപ്പിച്ചത്. അപ്പോൾ ആർഭാട വിവാഹം നടക്കുന്നത് രക്ഷിതാക്കളുടെ താൽപ്പര്യപ്രകാരമാണ് എന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു.

ഭാവി ഭർത്താവിനെക്കുറിച്ചുള്ള സങ്കൽപ്പവും ഈ സർവേയിൽ ഉയർന്നുവരികയുണ്ടായി. അതിനോട് പ്രതികരിച്ച 45 ശതമാനം പേരും പരസ്പരം മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്യുന്ന ആളായിരിക്കണം ഭർത്താവ് എന്ന് അഭിപ്രായപ്പെടുകയുണ്ടായി. എന്നാൽ 20.9% പേർ ഭർത്താവിന്റെ സ്വഭാവം നന്നാവണം എന്ന അഭിപ്രായക്കാരാണ്. ഇക്കാര്യത്തിൽ സാമ്പത്തിക ഗ്രൂപ്പുകൾക്കിടയിലോ വിവിധ ജാതിമതക്കാരിലോ പ്രകടമായ വ്യത്യാസങ്ങൾ ഇല്ല എന്നതും ശ്രദ്ധേയമാണ്.

| പട്ടിക 11<br>വിവാഹത്തിന് സ്ത്രീധനം ആവശ്യമാണ്<br>എന്ന് അഭിപ്രായമുള്ളവർ | |
|---|---|
| സാമ്പത്തിക ഗ്രൂപ്പ് | |
| 1 | 29.7 |
| 2 | 37.5 |
| 3 | 33.3 |
| 4 | 29.2 |
| ഹിന്ദു | 33.4 |
| മുസ്ലീം | 31.5 |
| ക്രിസ്ത്യൻ | 35.9 |
| പിന്നോക്കം | 37.0 |
| മുന്നോക്കം | 23.3 |
| പട്ടികജാതി | 34.4 |
| പട്ടികവർഗം | 50.0 |
| ആകെ | 34.0 |

N=147

**സൗഹൃദം**

26% യുവതികൾക്ക് സ്നേഹിതയോടെന്നപോലെ ഹൃദയം തുറന്ന് സംസാരിക്കാൻ കഴിയുന്ന പുരുഷ സുഹൃത്തുക്കൾ ഉണ്ട്. ഇത്തരം സുഹൃത്തുക്കളില്ലാത്ത ഭൂരിഭാഗം പേരും അത് ശരിയല്ലെന്നും (43%) സമൂഹം അംഗീകരിക്കില്ലെന്നും (36%) വീട്ടുകാർക്കിഷ്ടമില്ലെന്നുമുള്ള (19.2%) അഭിപ്രായമാണ് പ്രകടിപ്പിച്ചത്.

| പട്ടിക 2.8.12<br>സ്നേഹിതയോടെന്നപോലെ ഹൃദയം തുറന്ന്<br>സംസാരിക്കാൻ കഴിയുന്ന പുരുഷ സുഹൃത്തുക്കൾ<br>ഇല്ലാത്തതിന്റെ കാരണം | |
|---|---|
| ശരിയല്ല | 42.9 |
| സമൂഹം അംഗീകരിക്കില്ല | 36.3 |
| വീട്ടുകാർക്കിഷ്ടമല്ല | 19.2 |

**വിജ്ഞാന വിനോദ ഉപാധികൾ**

നിലവിൽ കണ്ടുകൊണ്ടിരിക്കുന്ന ടി.വി പരിപാടികൾ എന്തുകൊണ്ട് ഇഷ്ടപ്പെടുന്നു എന്നതിന് വിനോദത്തിന്റെ അംശത്തിനാണ് കൂടുതൽ പേരും (27%) പ്രാധാന്യം നൽകിയത്. അവതരണത്തിലെ മികവ് (22%), അഭിനയം (11%), നർമം (11%), അറിവ് (12%) എന്നിങ്ങനെയാണ്

മറ്റു കാരണങ്ങൾ. ടി.വി പരിപാടിയിൽ കൂടുതൽ പേരും വിനോദത്തിനും നർമത്തിനുമാണ് മുന്തിയ പരിഗണന നൽകുന്നത് എന്ന് കാണാം. ഇക്കാര്യത്തിൽ വ്യത്യസ്ത സാമ്പത്തിക സാമൂഹ്യ വിഭാഗങ്ങളിൽ പ്രകടമായ വ്യത്യാസമില്ല.

ഒരു ദിവസം പോലും മുടങ്ങാതെ കാണുന്ന പരിപാടി സീരിയൽ ആണ് എന്ന് 29 ശതമാനം പേർ അഭിപ്രായപ്പെട്ടു. ഗാനപരിപാടി 27% പേരും, വാർത്ത 20% പേരും കാണുന്നു. ടി.വി പരിപാടികളിൽ ഗാനം 35 ശതമാനം പേരും ഇഷ്ടപ്പെടുന്നു. 81 ശതമാനം പേരും തങ്ങൾ കാണുന്ന ടി.വി പരിപാടികൾ സംസാരവിഷയമാക്കാറുണ്ടെന്ന് സൂചിപ്പിക്കുകയുണ്ടായി. കൂടുതൽ പേരും ഇക്കാര്യം ചർച്ച ചെയ്യുന്നത് സ്വന്തം വീടുകളിൽ തന്നെയാണ്. തങ്ങൾക്കിഷ്ടപ്പെട്ട ടി.വി പരിപാടി കാണാൻ കാര്യമായി യാതൊരു തടസ്സവുമില്ലെന്നാണ് 77 ശതമാനം പേരും പറഞ്ഞത്. ഈ അനുപാതം ഏതാണ്ടെല്ലാ വിഭാഗത്തിനും ബാധകമാണ്. എന്നാൽ തടസ്സം അനുഭവപ്പെടുന്നവർക്ക് അതിന്റെ കാരണം പ്രധാനമായും മറ്റുള്ളവർ സമ്മതിക്കാത്തതുകൊണ്ടാണ്. പുറത്തുപോയി കാണുന്ന പരിപാടികളിൽ പ്രധാനം ഉത്സവങ്ങളാണ്(29%). രണ്ടാം സ്ഥാനം സിനിമയ്ക്കാണ് (27%). അടുത്തത് സ്കൂൾ കലാപരിപാടികളാണ് (26.6%). ഇത്തരം പരിപാടികൾ കാണുന്നതിന് ഭർത്താവ് (23%), അച്ഛൻ (21%), അയൽക്കാർ (14%), മറ്റുള്ളവർ (42%) എന്നിവരുടെ കൂടെയാണ് പോകുന്നത്. പഠനത്തിൽ പങ്കാളികളായ 43 പേർ ഏതെങ്കിലും തരത്തിലുള്ള ടി.വി പരിപാടികളിൽ പങ്കെടുത്തിട്ടുണ്ട്. ഫോൺ ഇൻ പരിപാടി (16%), സംഗീതം (10%) നൃത്തം (7%), എന്നിങ്ങനെയാണ് ഇത്.

**ഇഷ്ടപ്പെട്ട ഹോബികൾ**

ഇഷ്ടപ്പെട്ട ഹോബികൾ സംബന്ധിച്ച പ്രതികരണങ്ങൾ കാണിക്കുന്നത് 31 ശതമാനം പേരുടെ ഹോബി വായനയാണെന്നാണ്. സംഗീതം (16.8%), യാത്ര (13.4%), പൂന്തോട്ടം (13%), തയ്യൽ (12%) എന്നിങ്ങനെയാണ് മറ്റു ഹോബികൾ. എഴുത്ത് ഹോബിയാക്കിയിട്ടുള്ള 2.7% യുവതികളുണ്ടെന്നതും ശ്രദ്ധേയമാണ്. ചർച്ചയിൽ പങ്കെടുത്ത 55 ശതമാനം പേരും റേഡിയോ ശ്രദ്ധിക്കാറുണ്ടെന്ന് പറഞ്ഞു. 27 ശതമാനം പേർ രാവിലെയാണ് റേഡിയോ കേൾക്കുന്നത്. 47 ശതമാനം പേർ വിവിധ സമയത്തായി റേഡിയോ ശ്രോതാക്കളാണ്. ഇത്തരം ശ്രോതാക്കളിൽ 70 ശതമാനം പേരുടെ വീടുകളിലും സ്വീകരണമുറിയിലോ കിടപ്പുമുറികളിലോ ആണ് റേഡിയോ വെച്ചിട്ടുള്ളത്. 15% പേർ അടുക്കളയിലാണ് റേഡിയോ വെയ്ക്കുന്നത്. പാട്ടു കേൾക്കാനാണ് 61% പേരും താൽപ്പര്യപ്പെടുന്നത്. ഈ സർവേ നടക്കുന്ന സമയത്ത് 17 ശത

പട്ടിക 2.8.13
ഇഷ്ടപ്പെട്ട ഹോബികൾ

| ഇനം | വായന | സംഗീതം | യാത്ര | പൂന്തോട്ടം | തയ്യൽ | എഴുത്ത് |
|---|---|---|---|---|---|---|
| സാമ്പത്തിക ഗ്രൂപ്പ് | | | | | | |
| 1 | 39.4 | 12.1 | 6.1 | 15.1 | 6.1 | 6.1 |
| 2 | 23.4 | 23.4 | 17.2 | 15.6 | 10.9 | 1.6 |
| 3 | 28.3 | 17.2 | 15.1 | 10.1 | 14.1 | 3.0 |
| 4 | 47.8 | 8.7 | 10.7 | 19.5 | 8.7 | 4.5 |
| ആകെ | 30.5 | 16.8 | 13.4 | 13.0 | 11.8 | 2.7 |

N=219

| പട്ടിക 2.8.14<br>ഇന്റർനെറ്റ് ഉപയോഗിക്കുന്നവർ | |
|---|---|
| സാമ്പത്തിക ഗ്രൂപ്പ് | % |
| 1 | 22.2 |
| 2 | 9.7 |
| 3 | 14.1 |
| 4 | 43.0 |
| ആകെ | 16.9 |

N=195

മാനം പേർ മാത്രമാണ് ഇന്റർനെറ്റ് ഉപയോഗിച്ചിരുന്നത്. അവരിൽ ഭൂരിഭാഗവും (49%) പഠന ആവശ്യത്തിനു വേണ്ടിയായിരുന്നു ഉപയോഗിച്ചത്.

സർവേയിൽ പങ്കെടുത്ത 90 ശതമാനം പേരും സ്ഥിരമായി പത്രം വായിക്കുന്നവരാണ്. 34%പേർ രാവിലെത്തന്നെ പത്രം വായിക്കുന്നു. എന്നാൽ 46% പേർക്കും പത്രവായനയ്ക്ക് പ്രത്യേക സമയമൊന്നുമില്ല. 60 ശതമാനം പേരും പത്രം കിട്ടിയ ഉടനെ നോക്കുന്നത് ഒന്നാമത്തെ പേജ് തന്നെയാണ്.

പത്രത്തിന് പുറമെ കൂടുതൽപ്പേരും വായിക്കുന്നത് പുസ്തകങ്ങളാണ്. ആനുകാലികങ്ങൾ വായിക്കുന്ന

| പട്ടിക 15<br>ഇന്റർനെറ്റ് ഏതാവശ്യത്തിന് ഉപയോഗിക്കുന്നു | | | | | |
|---|---|---|---|---|---|
| സാമ്പത്തിക ഗ്രൂപ്പ് | പഠനം | ജോലി | കളി | ചാറ്റിങ്ങ് | ഇമെയിൽ |
| 1 | 83.3 | – | – | – | – |
| 2 | 42.9 | 28.6 | – | 14.3 | – |
| 3 | 36.8 | 10.5 | – | 5.3 | 10.5 |
| 4 | 55.6 | 22.2 | – | 11.1 | 11.1 |
| ആകെ | 48.8 | 14.6 | – | 7.3 | 7.3 |

N=41

വരുടെ എണ്ണവും ചെറുതല്ല (23%). 14 ശതമാനത്തോളം പേർ മതഗ്രന്ഥങ്ങൾ വായിക്കുന്നവരാണ്. എന്നാൽ 38 ശതമാനം പേർക്കും പാഠഭാഗം കൂടാതെ ഒരു ദിവസം വായനയ്ക്ക് കിട്ടുന്ന സമയം ഒരു മണിക്കൂർ മാത്രമാണ്. 32 ശതമാനം പേർക്ക് ഇത് ഒരു മണിക്കൂറിൽ കുറവാണ്.

പഠനത്തിൽ ഉൾപ്പെട്ട 89 ശതമാനം പേരും സിനിമ കാണുന്നവരാണ്. അതിൽ 70 ശതമാനവും വീട്ടിൽ നിന്നു തന്നെയാണ് കാണുന്നത്. സിനിമ കാണുന്നവർ അവർ കണ്ട ഒരു പ്രത്യേക സിനിമ മനസ്സിൽ സൂക്ഷിക്കുന്നുണ്ട്. അത്തരം സിനിമകളുടെ കഥയാണ് അവരെ ഏറ്റവും കൂടുതൽ ആകർഷിച്ചത്. 86 ശതമാനം പേരും സിനിമ കാണുന്നത് സ്വന്തം കുടുംബാംഗങ്ങളുടെ കൂടെയാണ്.

**സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ**

സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ എല്ലാവരിലും വ്യത്യസ്തമായ ചിന്തകൾ ഉയർത്തുന്നുണ്ട്. 65 ശതമാനം പേരും ഇത്തരം വാർത്തകൾ പർവതീകരിച്ച് പ്രസിദ്ധീകരിക്കാറുണ്ടെന്ന അഭിപ്രായക്കാരാണ്. ഇക്കാര്യത്തിൽ മുതിർന്നവരുടെ പ്രതികരണം താരതമ്യം ചെയ്യുന്ന പട്ടിക 2.8.16 കാണുക.

| പട്ടിക 2.8.16<br>സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളോടുള്ള പ്രതികരണം - താരതമ്യം | | | |
|---|---|---|---|
| | | 15–30 | മുതിർന്നവർ |
| 1. | വിഷമം | 40.4 | 52.9 |
| 2. | പേടി | 13.2 | 10.4 |
| 3. | ദേഷ്യം | 16.2 | 12.5 |
| 4. | നിരാശ | 2.3 | 3 |
| 5. | ഉടനെ പ്രതികരിക്കണമെന്ന് തോന്നും | 21.2 | 14 |
| 6. | ഒന്നും തോന്നാറില്ല | 1.3 | |

**ശാരീരികാരോഗ്യം**

സർവേയിൽ പങ്കെടുത്ത 55% പേർക്കും ഏതെങ്കിലും ചില സാധാരണ രോഗങ്ങൾ പിന്നിട്ട ഒരു വർഷത്തിൽ അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. 40 ശതമാനം പേർക്ക് ഒരു രോഗവും ഉണ്ടായിരുന്നില്ല. അതേ സമയം 5 ശതമാനം പേർക്ക് സ്ഥിരം ചികിത്സ ആവശ്യമായ രോഗങ്ങൾ വന്നിട്ടുണ്ട്.

ഈ പഠനത്തിൽ ശാരീരിക ആരോഗ്യം സംബന്ധിച്ച ചോദ്യങ്ങളും ചർച്ചചെയ്യുകയുണ്ടായി. 60 ശതമാനം പേർക്ക് ആർത്തവം തുടങ്ങിയത് 14–15 വയസ്സിലാണ്. എന്നാൽ 30% പേർക്ക് ഇത് 10–13 പ്രായത്തിലായിരുന്നു. 74 ശതമാനം പേരുടെ വീട്ടിലും ആർത്തവം തുടങ്ങുന്നതുമായി ബന്ധപ്പെട്ട ചടങ്ങുകളൊന്നും ഉണ്ടായിരുന്നില്ല. ഇത്തരം ചടങ്ങുകൾ നടക്കുന്നത് കൂടുതലായും ഹിന്ദുമതവിശ്വാസികൾക്കിടയിലാണ്. 85 ശതമാനം പേരും അവരുടെ ആദ്യത്തെ ആർത്തവം പറഞ്ഞത് അമ്മയോടായിരുന്നു. ഇതു സംബന്ധിച്ച ചില സൂചനകൾ നേരത്തെ ലഭിച്ചിരുന്നതായി 61 ശതമാനം പേർ പറയുകയുണ്ടായി. അത്തരം സൂചനകൾ നൽകിയതും പ്രധാനമായും അമ്മ തന്നെയായിരുന്നു (36%). 20 ശതമാനം പേർക്ക് ഇത്തരം സൂചനകൾ നൽകിയത് സുഹൃത്തുക്കളായിരുന്നു. സഹോദരിമാർക്കും ഇതിൽ ഗണ്യമായ പങ്കുണ്ട് (12%). ആർത്തവരക്തം ആദ്യമായി കണ്ടപ്പോൾ പേടിതോന്നിയതായി 53 ശതമാനം പേർ സൂചിപ്പിക്കുകയുണ്ടായി. ചർച്ചയിൽ പങ്കെടുത്ത 77 ശതമാനം പേരും മുൻകാലങ്ങളിലേതുപോലെ ആർത്തവ സമയത്ത് മാറിയിരിക്കാറില്ല എന്നാണ് സൂചിപ്പിച്ചത്. മാറിയിരിക്കാറുള്ളത്

| പട്ടിക 2.8.17<br>ആർത്തവ സമയത്ത്<br>മാറിയിരിക്കുന്നവർ (%) | |
|---|---|
| **സാമ്പത്തിക ഗ്രൂപ്പ്** | |
| 1 | 25.0 |
| 2 | 24.4 |
| 3 | 23.0 |
| 4 | 8.3 |
| **മതം** | |
| ഹിന്ദു | 27.4 |
| മുസ്ലിം | 11.9 |
| ക്രിസ്ത്യൻ | 17.9 |
| **ജാതി** | |
| പിന്നോക്കം | 24.4 |
| മുന്നോക്കം | 24.2 |
| എസ് സി | 37.8 |
| എസ് ടി | 25.0 |
| ആകെ | 22.4 |

N=255

കൂടുതലായും ഹിന്ദുമതവിശ്വാസികളാണ്. മാറിയിരിക്കുന്നവരിൽ 35 ശതമാനം പേർ ശുചിത്വത്തിന്റെ പേരിലാണെങ്കിൽ 31 ശതമാനം പേർക്ക് അതൊരു വിശ്വാസമാണ്. 12 ശതമാനം പേർ വീട്ടിലെ നിർബന്ധത്താലും 18 ശതമാനം പേർ വീട്ടിൽ തുടർന്നുവരുന്ന ഒരു ശീലം എന്ന നിലയിലും ആണ് ഇങ്ങനെ ചെയ്യുന്നത്. ആർത്തവത്തെ ശാസ്ത്രീയമായി വിശദീകരിക്കാൻ കഴിഞ്ഞത് 46% പേർക്ക് മാത്രമാണ്. 32 ശതമാനം പേർക്ക് ശരീരത്തിൽ നടക്കുന്ന പ്രക്രിയ എന്താണെന്ന് അറിയില്ല. ഈ കാര്യങ്ങൾ അറിയാവുന്നവരിൽ 27 ശതമാനം പേർക്കും ഇതു സംബന്ധിച്ച ശാസ്ത്രീയമായ അറിവ് ലഭിച്ചത് പുസ്തക വായനയിൽ നിന്നാണ്. 21 ശതമാനം പേർക്ക് സ്കൂളിൽ നിന്നുമാണ് ഈ അറിവ് ലഭിച്ചത്.

പട്ടിക 2.8.18

ആർത്തവ സമയത്ത് വയറുവേദനയോ മറ്റ് പ്രശ്നങ്ങളോ ഉള്ളവർ

| സാമ്പത്തിക ഗ്രൂപ്പ് | % |
|---|---|
| 1 | 62.2 |
| 2 | 71.3 |
| 3 | 69.2 |
| 4 | 71.4 |
| ആകെ | 68.9 |

N=245

പട്ടിക 2.8.19

ആർത്തവ സമയത്തെ വേദനകൾക്ക് എന്ത് പ്രതിവിധിയാണ് ചെയ്യുന്നത്

| സാമ്പത്തിക ഗ്രൂപ്പ് | ഒന്നും ചെയ്യാറില്ല | മരുന്ന് കടയിൽ നിന്ന് വാങ്ങി കഴിക്കും | ഡോക്ടറെ കാണും | നാട്ടുവൈദ്യം |
|---|---|---|---|---|
| 1 | 72.0 | 20.0 | 4.0 | 4.0 |
| 2 | 72.3 | 12.3 | 4.6 | 9.3 |
| 3 | 54.8 | 7.1 | 4.8 | 32.2 |
| 4 | 61.1 | 16.7 | 11.1 | 11.1 |
| ആകെ | 63.5 | 11.5 | 5.2 | 18.8 |

N=192

പട്ടിക 2.8.20

ആർത്തവ സമയത്ത് എന്താണ് ഉപയോഗിക്കുന്നത്

| സാമ്പത്തിക ഗ്രൂപ്പ് | തുണി | പഞ്ഞി | നാപ്കിൻ | ഇവയിൽ ഏതെങ്കിലും |
|---|---|---|---|---|
| 1 | 63.2 | 2.6 | 18.4 | 15.8 |
| 2 | 70.6 | 1.2 | 23.5 | 4.7 |
| 3 | 47.5 | 0.9 | 40.7 | 10.9 |
| 4 | 16.7 | – | 70.8 | 12.5 |
| ആകെ | 54.4 | 1.1 | 33.2 | 11.3 |

N=265

ചിത്രം 2.8.1

ആർത്തവ സമയത്തെ നാപ്കിൻ ഉപയോഗം

*(മുതിർന്ന തലമുറയുമായുള്ള താരതമ്യം)*




69 ശതമാനം യുവതികൾക്കും ആർത്തവ സമയത്ത് വയറുവേദനയോ മറ്റു ശാരീരിക വേദനകളോ അനുഭവിക്കേണ്ടിവരുന്നുണ്ട്. എന്നാൽ ഇവരിൽ 63.5 ശതമാനം പേരും ഇതിനായി പ്രത്യേക ചികിത്സയൊന്നും ചെയ്യുന്നില്ല എന്നാണ് സൂചിപ്പിച്ചത് (പട്ടിക 2.8.19 കാണുക).

ആർത്തവ സമയത്ത് തുണി (54%) നാപ്കിൻ (35%), പഞ്ഞി (0.9%) ഉപയോഗിക്കുന്നതിന്റെ വിവരങ്ങൾ പട്ടിക 2.8.20ൽ കൊടുത്തിരിക്കുന്നു. ഈ ചർച്ചയിൽ പങ്കെടുത്ത 55 ശതമാനം പേർക്കും ആർത്തവത്തിന് മുൻപ് ശാരീരികാസ്വസ്ഥതകൾ പതിവായി ഉണ്ടാവാറുണ്ട്. പക്ഷേ അവരിൽ 94 ശതമാനത്തിനും ഇതൊരു സാധാരണ പ്രക്രിയയാണ് എന്നും ഒരു രോഗമല്ല എന്നും ബോധ്യമുണ്ട്.

**ഒറ്റയ്ക്ക് യാത്രചെയ്യുന്നതിന്റെ സ്വഭാവം**

പഠനത്തിൽ പങ്കെടുത്ത 61 ശതമാനം പേരും ഒറ്റയ്ക്ക് യാത്ര ചെയ്യുന്നവരാണ്. ഇക്കാര്യത്തിൽ ജാതി-മത വ്യത്യാസങ്ങൾ കുറവാണ്.

പട്ടിക 2.8.21

സ്ത്രീകൾ ഒറ്റയ്ക്ക് യാത്ര ചെയ്യുന്നതിന്റെ സ്വഭാവം യുവതലമുറയുമായുള്ള താരതമ്യം

| | വിവരദാതാവ് | 15-30 പ്രായക്കാർ |
|---|---|---|
| ചായക്കട | 17.2 | 7.0 |
| സിനിമ | 5.1 | 12.6 |
| ആശുപത്രി | 61.1 | 41.9 |
| ഷോപ്പിങ്ങ് | 33.7 | 28.5 |
| ഉത്സവം | 19.5 | 19.5 |
| ലൈബ്രറി | 18.1 | 12.3 |
| പൊതുയോഗം | 16.1 | 7.7 |
| കല്യാണം/ ഗൃഹപ്രവേശം | 33.7 | 37.4 |

**വൈകീട്ട് എത്രമണി വരെ പുറത്ത് ചെലവഴിക്കുന്നു**

യുവതലമുറയുടെ സഞ്ചാരസ്വാതന്ത്ര്യത്തെ കാണിക്കുന്ന വിവരങ്ങളാണ് പട്ടിക 2.8.21 ലുള്ളത്. കേരളത്തിന്റെ പൊതു അവസ്ഥയുടെ പ്രതിഫലനം തന്നെയാണ് ഇവിടെയും പ്രക

പട്ടിക 2.8.22

വൈകീട്ട് എത്രമണി വരെ പുറത്ത് ചെലവഴിക്കാൻ അനുവാദമുണ്ട്

| സാമ്പത്തിക ഗ്രൂപ്പ് | 4 മണി | 5 മണി | 6 മണി | 7 മണി | 8 മണി |
|---|---|---|---|---|---|
| സാമ്പത്തിക ഗ്രൂപ്പ് 1 | 2.9 | 24.3 | 48.7 | 8.1 | 5.4 |
| സാമ്പത്തിക ഗ്രൂപ്പ് 2 | – | 29.4 | 51.5 | 7.3 | 2.9 |
| സാമ്പത്തിക ഗ്രൂപ്പ് 3 | – | 20.0 | 46.0 | 19.0 | 1.0 |
| സാമ്പത്തിക ഗ്രൂപ്പ് 4 | – | 13.1 | 27.0 | 270 | 13.1 |
| ഹിന്ദു | 0.7 | 23.7 | 45.3 | 17.3 | 2.9 |
| മുസ്ലീം | 1.9 | 20.4 | 55.6 | 5.6 | 5.6 |
| ക്രിസ്ത്യൻ | – | 22.9 | 34.3 | 17.2 | 2.9 |
| പിന്നോക്കം | – | 21.3 | 53.3 | 14.7 | 2.7 |
| മുന്നോക്കം | 3.7 | 18.5 | 40.7 | 22.2 | – |
| പട്ടികജാതി | – | 33.3 | 27.3 | 21.2 | 6.1 |
| പട്ടികവർഗം | – | 25.0 | 75.0 | – | – |
| ആകെ | 0.7 | 22.8 | 46.1 | 14.5 | 3.5 |

N=228

ടമാവുന്നത്. വിദ്യാഭ്യാസപരമായും സർഗപരമായും ഒട്ടേറെ ശേഷികൾ കൈമുതലായുള്ള യുവതികൾക്ക് പൊതുസമൂഹത്തിന്റെ ദൈനംദിന വ്യവഹാരങ്ങളിൽ പങ്കെടുക്കാനും അവരുടെ സംഭാവനകൾ നൽകാനുമുള്ള സാധ്യതകൾ വളരെ കുറവാണെന്ന് ഇത് കാണിക്കുന്നു.

# വിധവ, വിവാഹമോചിത, അവിവാഹിത

നമ്മുടെ സമൂഹത്തിലെ അതീവ ദുർബലരായ വിഭാഗങ്ങളിൽ ഉൾപ്പെടുന്നവരും സവിശേഷമായ ജീവിത ദുരിതങ്ങൾ അനുഭവിക്കുന്നവരുമാണ് വിധവകൾ, വിവാഹമോചിതർ, അവിവാഹിതകൾ എന്നിങ്ങനെയുള്ളവർ. സാമ്പത്തിക സുരക്ഷിതത്വമില്ലായ്മ, കുടുംബ ബാധ്യതകൾ, എന്നിവയ്ക്കു പുറമെ കടുത്ത അരക്ഷിതാവസ്ഥയും വൈകാരികമായ ഒറ്റപ്പെടലും അനുഭവിക്കുന്നവരാണ് ഇവരിൽ ഭൂരിഭാഗവും. വിധവകളുടെ കാര്യത്തിൽ ഉത്തരേന്ത്യയിൽ പലയിടത്തുമുള്ളതുപോലെ കടുത്ത അവഗണനയ്ക്കും സാമൂഹ്യ അനാചാരങ്ങൾക്കും ഇരയാക്കപ്പെടുന്നില്ല എന്നത് ആശ്വാസകരമാണ്. എന്നാൽ അണുകുടുംബ വ്യവസ്ഥയിൽ മറ്റ് സാമൂഹ്യ സംവിധാനങ്ങളുടെ അഭാവത്തിൽ ഈ വിഭാഗക്കാർ അനുഭവിക്കുന്ന ക്ലേശങ്ങൾ ഇനിയും വേണ്ടത്ര വിലയിരുത്തപ്പെട്ടിട്ടില്ല.

ഈ പഠനത്തിൽ 35 വയസ്സിനു മുകളിൽ ഈ മൂന്നു വിഭാഗങ്ങളിലുമായി 30 ശതമാനത്തോളം സ്ത്രീകളാണുള്ളതെന്നു കാണാം. വിധവകൾ 21.9%, വിവാഹമോചിതർ 3.3%, അവിവാഹിതകൾ 3.9% എന്നിങ്ങനെയാണ് ഇവരുടെ അനുപാതം. കേരളത്തിലെ ആയുർഘടനയുടെ പ്രത്യേകതകൾ വിധവകളെ സംബന്ധിച്ച കണക്കുകളിൽ പ്രതിഫലിക്കുന്നുണ്ട്. അതേ സമയം സാമ്പത്തിക നിലയും വൈധവ്യവും തമ്മിൽ ബന്ധമുണ്ടെന്നും കാണാം. സാമ്പത്തിക ഗ്രൂപ്പ് ഒന്നിലും രണ്ടിലും വിധവകളുടെ ശതമാനം ഉയർന്നു നിൽക്കുമ്പോൾ (യഥാക്രമം 28.3%, 26.4%)

പട്ടിക 2.9.1
അവിവാഹിത (35+ പ്രായഗ്രൂപ്പ്)

| | |
|---|---|
| മൊത്തം ജനസംഖ്യ | 3.9 |
| സാമ്പത്തിക ഗ്രൂപ്പ് | |
| 1 | 5 |
| 2 | 4.3 |
| 3 | 3.6 |
| 4 | 0 |
| മതം | |
| ഹിന്ദു | 3.8 |
| മുസ്ലീം | 1.4 |
| കൃസ്ത്യൻ | 5.7 |
| ജാതി | |
| പിന്നോക്കം | 4.7 |
| മുന്നോക്കം | 3 |
| എസ് സി | 2.5 |
| എസ് ടി | 0 |

N=911

| പട്ടിക 2.9.2<br>വിവാഹമോചിത (35+ പ്രായഗ്രൂപ്പ്) | |
|---|---|
| മൊത്തം ജനസംഖ്യ | 3.3 |
| സാമ്പത്തിക ഗ്രൂപ്പ് | |
| 1 | 6.1 |
| 2 | 5.7 |
| 3 | 1.9 |
| 4 | 0 |
| മതം | |
| ഹിന്ദു | 3.7 |
| മുസ്ലീം | 4.5 |
| ക്രിസ്ത്യൻ | 1.8 |
| ജാതി | |
| പിന്നോക്കം | 3.5 |
| മുന്നോക്കം | 3.1 |
| എസ് സി | 6.4 |
| എസ് ടി | 0 |

N=874

| പട്ടിക 2.9.3<br>വിധവ (35+ പ്രായഗ്രൂപ്പ്) | |
|---|---|
| മൊത്തം ജനസംഖ്യ | 21.9 |
| സാമ്പത്തിക ഗ്രൂപ്പ് | |
| 1 | 28.3 |
| 2 | 26.4 |
| 3 | 18.1 |
| 4 | 17 |
| മതം | |
| ഹിന്ദു | 23.1 |
| മുസ്ലീം | 23.1 |
| കൃസ്ത്യൻ | 17.8 |
| ജാതി | |
| പിന്നോക്കം | 23.9 |
| മുന്നോക്കം | 22.2 |
| എസ് സി | 22.8 |
| എസ് ടി | 18.2 |

N=874

സാമ്പത്തിക ഗ്രൂപ്പ് മൂന്നിലും നാലിലും (യഥാക്രമം 18.1%, 17%) എന്ന അനുപാതത്തിലേ ഉള്ളൂ. വിവാഹിത മോചിതകളുടെയും അവിവാഹിതകളുടെയും കാര്യമെടുത്താലും സാമ്പത്തികനിലയനുസരിച്ചുള്ള ഈ ഉയർച്ച താഴ്ചകൾ പ്രകടമാണ്.

സാമ്പത്തിക അരക്ഷിതാവസ്ഥയുടെയും ഒറ്റപ്പെടലിന്റെയും അനുഭവങ്ങൾ പ്രത്യേകമായി പരിഗണിച്ച് ഈ വിഭാഗം സ്ത്രീകൾക്ക് ആവശ്യമായ സുരക്ഷയും പിന്തുണയും ലഭ്യമാക്കുന്ന തരത്തിലുള്ള പ്രത്യേകമായ നയപരിപാടികൾക്ക് അടിയന്തിര പ്രാധാന്യമുണ്ട്.

# നയസമീപനങ്ങൾക്കൊരാമുഖം

സാമൂഹ്യരംഗത്തെ മുന്നേറ്റങ്ങളിലൂടെ മികവ് കൈവരിച്ച ഒരു പ്രദേശമാണ് കേരളമെങ്കിലും ഇത്തരത്തിൽ ദൃശ്യമായ മുന്നേറ്റങ്ങളൊന്നും സ്ത്രീകളുടെ പദവിയിൽ അഭികാമ്യമായ മാറ്റങ്ങളുണ്ടാക്കാൻ പര്യാപ്തമായിട്ടില്ല. ജാതിവ്യവസ്ഥയുടെ ഭാഗമായി നിലനിന്ന അനാചാരങ്ങളേയും ജന്മിത്തത്തിന്റെ മേൽക്കോയ്മയേയും ഒരു പരിധിവരെ ഇല്ലാതാക്കാൻ നവോത്ഥാന, സാമൂഹ്യ പരിഷ്ക്കരണ പ്രസ്ഥാനങ്ങളിലൂടെ സാധിച്ചു. എങ്കിലും കേരളത്തിലെ സാമൂഹ്യ ജീവിതത്തിൽ നിലനിന്ന ഫ്യൂഡൽ – പിതൃമേധാവിത്ത മനോഭാവങ്ങൾക്ക് പോറലേൽപ്പിക്കാൻ ഈ പ്രവർത്തനങ്ങളും തെല്ലും പര്യാപ്തമായില്ല. സമൂഹത്തിലെ സ്ത്രീകളുടെ പദവി നിർണയിക്കുന്നതിൽ ഇത്തരത്തിലുള്ള മനോഭാവത്തിന് നേരിട്ട് ബന്ധമുണ്ടെന്ന് അനുഭവങ്ങൾ കാണിക്കുന്നു.

ഈ പശ്ചാത്തലത്തിൽ, കേരളത്തിലെ സ്ത്രീ ജീവിതത്തിന്റെ വൈരുധ്യങ്ങളിലേയ്ക്കുള്ള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ അന്വേഷണമായിരുന്നു “കേരള സ്ത്രീ എങ്ങനെ ജീവിക്കുന്നു എങ്ങനെ ചിന്തിക്കുന്നു” എന്ന സ്ത്രീ പഠനം. ഈ പഠനത്തിൽ പ്രധാനമായും സ്ത്രീകളുടെ തൊഴിലിനും വരുമാനത്തിനും അതുവഴി നിർണയിക്കപ്പെടുന്ന സാമൂഹ്യപദവിക്കുമാണ് ഊന്നൽ കൊടുത്തത്. കേരളത്തിലെ സ്ത്രീകളുടെ വിദ്യാഭ്യാസ നിലവാരം വളരെ മുന്നിലാണെന്നത് എല്ലാവർക്കുമറിയാവുന്നതാണ്. എന്നാൽ തങ്ങൾക്ക് ലഭിച്ച വിദ്യാഭ്യാസത്തിനനുസരിച്ച് കേരളത്തിലെ സ്ത്രീകൾ തൊഴിൽ തേടുന്നുണ്ടോ എന്ന് പരിശോധിക്കുമ്പോഴാണ് അതിന്റെ പിന്നിലുള്ള സാമൂഹ്യവും സാംസ്കാരികവുമായ ഘടകങ്ങളെക്കുറിച്ചു കൂടിയുള്ള അന്വേഷണം പ്രസക്തമാവുന്നത്.

കാലാകാലങ്ങളായി പുറത്തുവരുന്ന കണക്കെടുപ്പ് ഫലങ്ങളിലെല്ലാം കേരളത്തിലെ സ്ത്രീകളുടെ കുറഞ്ഞ തൊഴിൽ പങ്കാളിത്ത നിരക്ക് രേഖപ്പെടുത്തിയിട്ടുണ്ട്. സ്ത്രീപഠനത്തിന്റെ നിഗമനവും ഇതിൽ നിന്ന് വ്യത്യസ്തമല്ല. എന്നാൽ ഈ പഠനത്തിൽ വേതനം ലഭിക്കുന്ന തൊഴിലുകളോടൊപ്പം തന്നെ വീട്ടുജോലിയുടെയും അളവ് രേഖപ്പെടുത്താനുള്ള ശ്രമം നടത്തിയിരുന്നു. സ്ത്രീകളുടെ വേതനത്തിലുള്ള അന്തരം സാമ്പത്തിക വിഭാഗങ്ങളിൽ വ്യത്യസ്തമാണ്. എന്നാൽ ഗാർഹിക ജോലി മൂല്യനിർണയം ചെയ്തതിൽ നിന്നും ദരിദ്ര, ധനിക ഭേദമന്യേ എല്ലാവിഭാഗം സ്ത്രീകളും ഗാർഹികാധ്വാനത്തിനായി ദിവസത്തിൽ ഏഴ്

മണിക്കൂറിലധികം ചെലവഴിക്കുന്നു എന്ന് വ്യക്തമാവുന്നു. ഇത് പൊതുരംഗത്തെ സ്ത്രീകളുടെ ഇടപെടലിനുള്ള സമയവും സാഹചര്യവും ഇല്ലാതാക്കുന്നതിലെ പ്രധാന ഘടകമാണ് എന്ന് അനുമാനിക്കാവുന്നതാണ്.

പൊതുരംഗത്ത് ഇടപെടുന്ന സ്ത്രീകൾ വളരെ കുറഞ്ഞ ശതമാനം മാത്രമേയുള്ളൂ. ഏതെങ്കിലും തരത്തിലുള്ള ഭാരവാഹിത്വം വഹിക്കുന്നവരും വളരെ കുറവാണ്. എങ്കിലും പ്രവർത്തിക്കുന്ന ഭൂരിപക്ഷം സ്ത്രീകളും ഇക്കാര്യത്തിൽ സംതൃപ്തരാണ്. എന്ന് മാത്രമല്ല പൊതുഇടത്തിൽ പല തരത്തിലുള്ള പ്രശ്നങ്ങൾ നേരിടുമ്പോഴും സാഹചര്യം വന്നാൽ അവർ പ്രവർത്തിക്കാൻ തയ്യാറാണ് എന്ന വെളിപ്പെടുത്തൽ ഭാവിയെക്കുറിച്ച് ഏറെ പ്രതീക്ഷ നൽകുന്നു.

സ്ത്രീപഠനത്തിൽ പൊതുവിൽ പ്രകടമായ ഒരു പ്രവണത, ഒട്ടേറെ സാമൂഹ്യ പ്രശ്നങ്ങളിലെ സ്ത്രീകളുടെ അഭിപ്രായ ഐക്യമാണ്. സ്ത്രീകൾക്ക് സംവരണം ആവശ്യമാണ്, സ്കൂളിൽ ലൈംഗികവിദ്യാഭ്യാസം നൽകണം, സ്ത്രീകൾക്ക് വരുമാനദായകമായ തൊഴിൽ ആവശ്യമാണ്, ജാതിമതഭേദമന്യേ സ്ത്രീകൾക്ക് ഒരു നിയമം മതി, കുടുംബത്തിലും സമൂഹത്തിലും അനുഭവപ്പെടുന്ന സുരക്ഷിതത്വമില്ലായ്മയുണ്ട്. എന്നിവയെക്കുറിച്ചെല്ലാമുള്ള പ്രതികരണങ്ങൾ ജാതി – മത സാമ്പത്തിക വ്യത്യാസങ്ങൾക്കപ്പുറം ഐകരൂപ്യമുള്ളതാണ്. ഇത് കാണിക്കുന്നത് ഏത് വിഭാഗത്തിൽപ്പെട്ടാലും സ്ത്രീ അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് സമാനതയുണ്ട് എന്നത് തന്നെയാണ്.

യുവതലമുറ പ്രധാനമായും മുൻഗണന നൽകുന്നത് പഠനത്തിനും തൊഴിലിനുമാണെന്ന വെളിപ്പെടുത്തൽ നമ്മുടെ പൊതുധാരണയിൽ നിന്ന് വ്യത്യസ്തമാണ്. ആർഭാട വിവാഹങ്ങളുടെ കർതൃത്വം സ്ത്രീകൾക്കാണെന്ന പൊതു ധാരണയും യുവതലമുറ നൽകിയ വിവരങ്ങൾ തിരുത്തിക്കുറിക്കുന്നുണ്ട്. അവരിൽ എഴുപതുശതമാനം പേരും സ്ത്രീധനത്തിന് എതിരാണ്. സ്ത്രീയുടെ നിലപാടുകളാണ് വിവാഹധൂർത്തിലേയ്ക്ക് നയിക്കുന്നത് എന്ന തരത്തിൽ നിലനിൽക്കുന്ന ധാരണകളെ തള്ളിക്കളയേണ്ടതുണ്ടെന്നാണ് ഇതെല്ലാം കാണിക്കുന്നത്.

കേരളത്തിലെ സ്ത്രീകൾ പുരോഗമനപരമായി ചിന്തിക്കുന്നു എന്ന് മാത്രമല്ല, അവസരം കിട്ടിയാൽ ജീവസന്ധാരണത്തിന്റെ എല്ലാ മേഖലകളിലും ഇടപെടാനും കഴിവ് തെളിയിക്കാനും സന്നദ്ധരുമാണ്. കഴിഞ്ഞ രണ്ട് പതിറ്റാണ്ടിനിടയിൽ കേരളത്തിൽ ശക്തിപ്പെട്ട മൂന്ന് ജനകീയ മുന്നേറ്റങ്ങളിൽ– സാക്ഷരത, ജനകീയാസൂത്രണം, കുടുംബശ്രീ– സ്ത്രീകൾ വൻതോതിൽ സജീവ പങ്കാളികളായിരുന്നു. ഈ മുന്നേറ്റങ്ങൾ കേരളത്തിന്റെ സാമൂഹ്യ രാഷ്ട്രീയ, സാമ്പത്തിക രംഗങ്ങളിൽ ദൂരവ്യാപകമായ പ്രതിഫലനങ്ങൾ ഉണ്ടാക്കിയെങ്കിലും അവയിൽ സജീവ സാന്നിധ്യമായിരുന്ന സ്ത്രീ സമൂഹത്തിന് അർഹിക്കുന്ന അവസരങ്ങൾ കൈവരുന്നില്ല. ഇന്ത്യയിൽ മറ്റേതൊരു പ്രദേശവുമായി താരതമ്യം ചെയ്യുമ്പോഴും സാമൂഹ്യ -സാമ്പത്തിക ഘടനയിൽ വളരെ വേഗം പരിവർത്തനമുണ്ടായ പ്രദേശമാണ് കേരളം. അതിന്റെ പരിണിതഫലമായുണ്ടാകുന്ന വികസന പ്രക്രിയയിലെ നയ രൂപീകരണരംഗത്തിലോ പരിപാടികളുടെ നിർവഹണരംഗങ്ങളിലോ സ്ത്രീ പ്രാതിനിധ്യം ഗൗരവത്തിൽ ഉണ്ടാകുന്നില്ല. അതിനായി ബോധപൂർവമുള്ള ശ്രമവും നടക്കുന്നില്ല. ഈ രംഗങ്ങളിലെല്ലാം സ്ത്രീകൾ വൻതോതിൽ അധ്വാനിക്കുമ്പോൾ തന്നെ, കാഴ്ചക്കാരുടെ സ്ഥാനം മാത്രമേ പലപ്പോഴും ലഭിക്കുന്നുള്ളൂ.

എത്രമാത്രം അനുകൂല സാഹചര്യങ്ങൾ ഉണ്ടെങ്കിലും കേരളത്തിൽ സ്ത്രീപ്രശ്നം ഇന്നും ഒരു രാഷ്ട്രീയ പ്രശ്നമായി മാറിയിട്ടില്ല എന്ന് തന്നെയാണ് ഇവിടുത്തെ അനുഭവങ്ങൾ കാണിക്കുന്നത്. പുരോഗമന പ്രസ്ഥാനങ്ങളുടെ കുറ്റകരമായ അനാസ്ഥ തന്നെയാണ് വലിയൊരു

പരിധിവരെ ഇവിടെ പ്രതിഫലിക്കുന്നത്. സാമൂഹ്യമാറ്റത്തിന്റെ ഭാഗമായി സ്ത്രീപ്രശ്നങ്ങളും താനേ മാറിക്കൊള്ളും എന്നത് ഒരു പഴഞ്ചൻ ധാരണ മാത്രമാണ്. വർഗ വിഭജനത്തിനും വർഗ സമരത്തിലധിഷ്ഠിതമായ മുന്നേറ്റങ്ങൾക്കുമപ്പുറം സ്ത്രീപ്രശ്നത്തിന് മറ്റൊരു വലിയ തലമുണ്ടെന്നാണ് ഈ പഠനത്തിൽ നിന്ന് ഞങ്ങൾ മനസ്സിലാക്കുന്നത്. സ്ത്രീപ്രശ്നം പ്രത്യേ കതയുള്ളതാണ്. അതുകൊണ്ടുതന്നെ പ്രത്യേകവും പ്രസക്തവുമായ പരിപാടികളും, ഇട പെടലുകളും മുൻഗണനകളും ഈ രംഗത്തുണ്ടായേ മതിയാകൂ.

സാമൂഹ്യ പരിവർത്തനത്തിന്റെ വേഗത്തിനനുസരിച്ച മാറ്റം കേരളത്തിൽ സ്ത്രീകളുടെ കാര്യത്തിൽ ഉണ്ടായില്ലെന്ന കാര്യം സൂചിപ്പിച്ചല്ലോ. അതുകൊണ്ടാവാം വളരെ കഴിവ് തെളി യിച്ച സ്ത്രീകൾ, തെളിയിക്കാൻ വേദി ലഭിക്കാത്ത സ്ത്രീകൾ ഇവരൊക്കെ തന്നെ ഭർത്താ വിനെയും മക്കളെയും പരിചരിച്ച് കഴിയുന്ന വീട്ടമ്മയായി ഒതുങ്ങാൻ നിർബന്ധിക്കപ്പെടുക യാണ്. അധികാരഘടനയിൽ പങ്കാളികളാവുക വഴി തീരുമാനങ്ങളെടുക്കുന്നതിലും നടപ്പാ ക്കുന്നതിനും ലഭിക്കുന്ന അവസരവും സാമ്പത്തിക സ്വാശ്രയത്വവും സ്ത്രീകളുടെ സ്വതന്ത്ര മായ വികസനത്തിനും മുന്നേറ്റത്തിനും അനിവാര്യമാണെന്നാണ് ഈ പഠനത്തിന്റെ വേറിട്ട അനുഭവങ്ങൾ കാണിക്കുന്നത്. ഇതിനാവശ്യമായ പ്രക്ഷോഭങ്ങൾ രാഷ്ട്രീയമായി ഉയർന്നു വരേണ്ടതുണ്ട്. സ്ത്രീപ്രശ്നത്തിലെ രാഷ്ട്രീയ പ്രശ്നം ഇനിയും തിരിച്ചറിയേണ്ടതുണ്ട്.

ഇതിനൊക്കെ സഹായകമായ രീതിയിൽ കേരളത്തിലെ സ്ത്രീജീവിതത്തിന്റെ വ്യത്യസ്ത തലങ്ങളാണ് ഈ പഠനത്തിൽ അനാവരണം ചെയ്യുന്നത്. കേവലമൊരു പഠനമെന്ന നിലയ്ക്കല്ല മറിച്ച് തുടർപ്രവർത്തനത്തിനുള്ള ഉപാധിയായാണ് ഇതിലെ വിവരങ്ങളെ ശാസ്ത്രസാഹിത്യ പരിഷത്ത് കാണുന്നത്. ഈ പഠനം മുന്നോട്ട് വയ്ക്കുന്ന കാഴ്ചപ്പാടു കൾക്ക് കേരളത്തിലെ പൊതുമണ്ഡലത്തെ സ്വാധീനിക്കാൻ കഴിയുമെന്ന് ഞങ്ങൾ കരുതു ന്നു. അതുവഴി സ്ത്രീ പദവി ഉയർത്തുന്നതിനും സ്ത്രീകൾക്ക് അർഹമായ സ്ഥാനം സമൂഹ ത്തിൽ ലഭിക്കുന്നതിനും സഹായകമാവുന്ന പ്രവർത്തനങ്ങൾ എല്ലാ വിഭാഗം ജനങ്ങളുടേയും പ്രസ്ഥാനങ്ങളുടേയും ഭാഗത്ത് നിന്നും ഉണ്ടാവുമെന്നും പരിഷത്ത് പ്രത്യാശിക്കുന്നു.

# ***References***


1. അരവിന്ദൻ കെ പി (എഡി) (2006): കേരള പഠനം- കേരളം എങ്ങനെ ജീവിക്കുന്നു? എങ്ങനെ ചിന്തിക്കുന്നു? കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, കോഴിക്കോട്.
2. *Kannan K.P et.al (ed) 1989:Health and Development in Rural Kerala, KSSP, Kozhikode.*
3. *Sircar Jyothirmoy (2010) Work Participation since the 1990s in India: some theoretical and empirical issue - (MPRA paper)*
4. *Mazumdar, Sumit and M. Guruswamy: Does High Social Development Guarantee Economic Opportunities for Women?Gender and Workforce Participation in Kerala IUSSP Scientific Panel on Gender-International Seminar on Gender & Empowerment.*
5. *Mukhopadhyay, Swapna and Suresh D. Tendulkar (2006) :Gender Differences in Labour Force Participation in India, an analysis of NSS data, Institute of Social Studies Trust, New Delhi.*
6. *Kumari Reena and Aviral Pandey (2012): Women's Work Participation in Labour Market in Comtemprary India: Jurnalul Practicilar Comunitare positive*
7. *Sebastian, Alice and K. Navaneetham (2008): Gender, Education and Work: Determinants of Women's Employment in Kerala.*
8. *Hirway, Indira (2002) Employment and Unemployment situation in 1990's How good are NSS data ? (EPW)*
9. *Eapen, Mridual (2004) Women and work mobility –Some Disquieting Evidences from the Indian Data (no 358,Centre for Development Studies, Thiruvananthapuram.)*
10. *Bhalla Surjith and Ravinder Kuar (2011): Labour Force Participation of Women in India, some facts, some queries.*
11. *Kodoth, Praveena and Mridual Eapen (2005):Looking beyond Gender Parity: gender inequities of some dimensions of well-being in Kerala (EPW).*
12. *KunhkannanT.P and Aravindan K.P (1998): Health Transition in Rural Kerala- KSSP, Kozhikode.*
13. *Daniel Neft, Kunal Sen, Veronica Cling 2012.*
14. *Mallika MG (2012) – Labour Market Dynamics of Kerala : a gender perspective (IJRCM)*

# ഭാഗം–3

# ഡയറിക്കുറിപ്പുകളിൽ തെളിയുന്ന സ്ത്രീജീവിതങ്ങൾ

കേരള ശാസ്ത്രസാഹിത്യ പരിഷത്ത് നടത്തിയ സ്ത്രീപഠനത്തിൽ കുടുംബത്തിലെ സ്ത്രീകളിൽ നിന്നും നേരിട്ട് വിവരം ശേഖരിച്ച് വിശകലനം നടത്തുന്ന രീതിയാണ് കൈക്കൊണ്ടിട്ടുള്ളത്. എല്ലാ പ്രാതിനിധ്യത്തേയും ഉൾക്കൊള്ളുന്ന വിധത്തിലുള്ള വിപുലമായ ശാസ്ത്രീയ സാമ്പിൾ ആണ് സർവെയ്ക്ക് ഉപയോഗിച്ചിട്ടുള്ളത്. അളക്കാവുന്ന ഏകകങ്ങൾ (എണ്ണം, രൂപ) രേഖപ്പെടുത്തിയിട്ടുള്ള ഈ വിവരങ്ങളോടൊപ്പം തന്നെ ഓരോ വീട്ടിലേയും വിവിരദാതാക്കളുമായുള്ള വിശദമായ സംഭാഷണങ്ങൾ ഈ പഠനത്തിന്റെ വസ്തുതകളിലേയ്ക്ക് വെളിച്ചം വീശുന്നു. പഠനത്തിന്റെ കേന്ദ്രപ്രശ്നം സ്ത്രീ ആണ് എന്നതും സ്ത്രീകളിൽ നിന്ന് മാത്രമാണ് വിവരം ശേഖരിക്കുന്നത് എന്നുള്ളതും വ്യത്യസ്തമായ ഒരു മാനം ഈ പഠനത്തിന് നൽകുന്നുണ്ട്. പരിശീലനം ലഭിച്ച പരിഷത്ത് സ്ത്രീ പ്രവർത്തകർ ഇത്തരത്തിൽ നടത്തിയ സംഭാഷണങ്ങൾ ഇൻവെസ്റ്റിഗേറ്ററുടെ ഡയറി രൂപത്തിൽ ചോദ്യാവലിയോടൊപ്പം ചേർത്തിരുന്നു. ഈ ഡയറിക്കുറിപ്പുകളെ യഥാർഥത്തിൽ കേരള സ്ത്രീയുടെ ദൈന്യതയുടെ ഒരു സമാഹാരം എന്ന് തന്നെ വിശേഷിപ്പിക്കാം.

**ഡയറിക്കുറിപ്പുകളിൽ നിന്ന്**

സ്ത്രീപഠനം സർവേ നടത്തിയ പ്രവർത്തകർക്ക് മുന്നിൽ തുറന്ന് വെയ്ക്കപ്പെട്ട സ്ത്രീജീവിതത്തിന്റെ അനുഭവങ്ങളുടെ പൊതു പ്രവണതയാണ് താഴെകൊടുത്തിരിക്കുന്നത്.

1. ഒരു ശരാശരി കേരളീയ സ്ത്രീ സ്വന്തം അഭിപ്രായങ്ങൾ മൂടിവെച്ച് ജീവിതത്തിന്റെ ഭൂരിഭാഗം സമയവും കുടുംബാംഗങ്ങളുടെ കാര്യങ്ങൾ നോക്കിനടത്തുന്നതിനായി സമയം ചെലവഴിക്കുകയാണ്. ജീവിതത്തിൽ സ്ത്രീപുരുഷ തുല്യതയുടെ അനുഭവങ്ങളൊന്നും അവർക്കില്ല.

2. ദാരിദ്ര്യത്തിന്റെ ഫലമായി കഷ്ടപ്പാടുകൾ അനുഭവിക്കുന്ന മഹാഭൂരിപക്ഷം സ്ത്രീകൾ ചുറ്റുപാടുകളെക്കുറിച്ചും പൊതു കാര്യങ്ങളെക്കുറിച്ചും രാഷ്ട്രീയത്തെക്കുറിച്ചും തികഞ്ഞ അറിവില്ലായ്മ പുലർത്തുന്നു.

3. കേരളത്തിലെ ഗണ്യമായ ശതമാനം കുടുംബങ്ങളിലും മദ്യാസക്തരായ പുരുഷന്മാർ

(ഭർത്താവ്/ അച്ഛൻ/ മകൻ) വരുമാനത്തിന്റെ വലിയ പങ്ക് കുടിച്ച് തീർക്കുകയും സ്ത്രീകളെ കഠിനമായ പീഡനങ്ങൾക്ക് വിധേയമാക്കുകയും ചെയ്യുന്നു. ഈ അവസ്ഥ സൃഷ്ടിക്കുന്ന സംശയരോഗങ്ങൾ, ഉപേക്ഷിച്ച് പോകൽ, നിരാശ്രയത്വം, കടുത്ത ദാരിദ്ര്യം, പാർപ്പിടമില്ലായ്മ തുടങ്ങിയ പ്രത്യക്ഷ അനുഭവങ്ങൾ ഈ പഠനത്തിലെ ഏറ്റവും പ്രബലമായ അനുഭവങ്ങളായി ഡയറിക്കുറിപ്പുകളിൽ നിറയുന്നു.

4. മറ്റൊരു പ്രധാന പ്രശ്നം വീട്ടിലെ നിത്യരോഗികളുടേതാണ്. വൃദ്ധരായ രക്ഷിതാക്കൾ, മക്കൾ, മറ്റ് ആശ്രിതർ എന്നിവരുടെ രോഗാവസ്ഥകൾ സ്ത്രീയ്ക്ക് വീട്ടിൽ നിന്ന് പുറത്തിറങ്ങാനാവാത്ത വിധം ഉത്തരവാദിത്തങ്ങൾ നൽകുന്നു. ബുദ്ധിമാന്ദ്യം, തളർച്ച, മാനസികരോഗം, അംഗവൈകല്യം മറ്റ് ദീർഘസ്ഥായീ രോഗങ്ങൾ എന്നിങ്ങനെ വീട്ടിൽ ഒരംഗത്തിന്റെ അവശത ആ വീട്ടിലെ സ്ത്രീയുടെ ജീവിതത്തിന്റെ ചലനാത്മകതയെ നിയന്ത്രിക്കുന്ന ഘടകമായി മാറുന്നു.

5. ഏകാന്തതയും ഒറ്റപ്പെടലും അനുഭവിക്കുന്ന വിധവകൾ, അവിവാഹിതർ എന്നിവർ പല കുടുംബങ്ങളിലും ഉണ്ട്. ഭജന, പ്രാർഥന, വിശ്വാസം, ആൾ ദൈവങ്ങളിൽ അഭയം തേടൽ തുടങ്ങി വിവിധ രൂപത്തിൽ ആത്മീയതയിലേയ്ക്ക് ഒതുങ്ങിക്കൂടുന്ന ഇവരുടെ ജീവിതം സർവേയിൽ വ്യാപകമായി കാണാൻ കഴിഞ്ഞു.

6. തന്റെ താഴെയുള്ള കുട്ടികളെ നോക്കൽ, വീട്ടിലെ കന്നുകാലികളെ പരിപാലിക്കൽ തുടങ്ങിയവയുമായി ബന്ധപ്പെട്ട് പഠിക്കാൻ കഴിയാതെ പോയ നിരവധി സ്ത്രീകൾ അവരുടെ അനുഭവങ്ങൾ പങ്കുവെച്ചു. പഠിക്കാൻ കഴിയാതെപോയതിന്റെ സങ്കടം ജീവിതത്തിലുട നീളം അവരെ പിൻതുടരുന്നു എന്ന് അവർ പറയുകയുണ്ടായി.

7. കൃഷി, ആട്മാട് വളർത്തൽ, മറ്റു തൊഴിലുകൾ തുടങ്ങി അധ്വാനത്തിലൂടെ സ്വന്തമായി ഇടം കണ്ടെത്തിയ സ്ത്രീകൾ ഉണ്ട്. ഇത്തരത്തിൽ സാഹചര്യമുണ്ടായ നിരവധി സ്ത്രീകളുടെ കുടുംബങ്ങളിൽ സാമ്പത്തിക ഭദ്രതയും സംതൃപ്തിയും താരതമ്യേന മെച്ചപ്പെട്ട ബന്ധങ്ങളും ഹൃദ്യമായ അനുഭവങ്ങളായി ഈ സർവേയിൽ കാണാൻ കഴിഞ്ഞു.

8. വീടിനോട് ചേർന്ന് ഹോട്ടൽ, കട തുടങ്ങിയവ ഉള്ള കുടുംബങ്ങളിലെ സ്ത്രീകളുടെ 18–20 മണിക്കൂർ വരെയുള്ള കഠിനാധ്വാനത്തിന്റെ അനുഭവങ്ങൾ അവർ പങ്കുവെച്ചു.

9. ഗൾഫിൽ തൊഴിലെടുക്കുന്നവരുടെ ഭാര്യമാർ കുടുംബത്തിന്റെയും പൊതു സമൂഹത്തിന്റെയും കടുത്ത വിലക്കുകൾക്കിടയിൽ കുടുംബത്തിന്റെ മുഴുവൻ ഉത്തരവാദിത്തവും നിർവഹിക്കാൻ നിർബന്ധിതരാവുന്ന ദയനീയാവസ്ഥ സ്ത്രീകളുടെ വിവരണങ്ങളിൽ തെളിയുന്നു.

10. കക്ഷിരാഷ്ട്രീയത്തിന്റെ പ്രഭാവം നിലനിൽക്കുന്ന കേരളത്തിൽ രാഷ്ട്രീയത്തോടുള്ള വിമുഖത, രാഷ്ട്രീയത്തിൽ താൽപ്പര്യമില്ല എന്ന പ്രതികരണത്തിലൂടെ നിരവധി കുറിപ്പുകളിൽ തെളിയുന്നത് വിസ്മയകരമായി തോന്നുന്നു.

11. കുടുംബശ്രീ, സ്വയം സഹായ സംഘം തുടങ്ങിയ വേദികൾ ദരിദ്രവിഭാഗത്തിൽ ഉൾപ്പെടുന്ന സ്ത്രീകളുടെ ജീവിതത്തിൽ ചെറുതും വലുതുമായ ചലനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

**ഇൻവെസ്റ്റിഗേറ്റർ ഡയറി**

**സാമ്പിൾ 319**

രാവിലെ 4 മണി മുതൽ രാത്രി 10 മണി വരെ വിശ്രമരഹിതമായി ജോലി ചെയ്യുന്ന വീട്ടമ്മയാണ് അവർ. രോഗിയും വൃദ്ധനും ഉഗ്രശാസനനുമായ ഭർത്താവ്. ഇപ്പോൾ അദ്ദേഹ

ത്തിന് അടിക്കാനുള്ള ആരോഗ്യമില്ല. അതുകൊണ്ട് അടിയിൽ നിന്ന് മോചനമുണ്ട്. എങ്കിലും ശാസനയ്ക്ക് യാതൊരു കുറവുമില്ല. പെൺകുട്ടികൾ മൂന്ന് പേർ വിവാഹിതരായിപ്പോയി. ഒരു മകൻ കൂടെ താമസിക്കുന്നു.

സർവേ നടക്കുന്ന വേളയിൽ ഉഗ്രശാസനനായ ഭർത്താവ് ഞങ്ങളെ വിട്ടുമാറിയത് വളരെ കുറച്ച് സമയം മാത്രം.

പശുവിനെ വളർത്തലും തീറ്റ സംഘടിപ്പിക്കലും എല്ലാം ചിട്ടയായി ഈ സ്ത്രീ ചെയ്യുന്നു. സാമാന്യം ആരോഗ്യമുണ്ട്. വീട്ടിൽ നിന്ന് പുറത്തിറങ്ങലോ മറ്റുള്ളവരുമായി അടുപ്പമോ തീരെ കുറവ്. പുരോഗമനാശയങ്ങളും വളരെ കുറവ്. പരാതിയും പരിഭവവുമില്ലാതെ ഈ വീട്ടമ്മ ഈ വിശ്രമമില്ലായ്മയ്ക്കിടയിലും ഞങ്ങളെ സ്വീകരിക്കുകയും ചായ നൽകുകയും തുറന്ന ഹൃദയത്തോടെ സംസാരിക്കുകയും ചെയ്തു.

**സാമ്പിൾ –604**

സർക്കാർ ജോലിയുള്ളതുകൊണ്ടു മാത്രം ജീവിതം സുരക്ഷിതമായി. ഭർത്താവ് മദ്യപാനം, ചീട്ടുകളി, ബ്ലേഡ് ഇടപാട് എന്നിവ ഉള്ളയാൾ, അദ്ദേഹത്തിന്റെ പണമെല്ലാം ആ വഴിക്കു പോയി. അതിന്റെ ബാധ്യത തീർക്കാൻ പലപ്പോഴും കടമെടുക്കേണ്ടി വന്നു. ഒരു നിയന്ത്രണവുമില്ലാതെ ആൺകുട്ടികളെ അച്ഛനമ്മമാർ വളർത്തുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നതെന്ന് അവർ പരിതപിച്ചു. രണ്ട് പെൺകുട്ടികളാണുള്ളത്. ഏതു സാഹചര്യത്തിലും ജീവിക്കാൻ പര്യാപ്തമായ രീതിയിൽ അവരെ വളർത്താൻ ശ്രമിക്കുന്നു.

ഒരുപാടു സഹിച്ചു. പതറിപ്പോയ നിമിഷങ്ങൾ ഉണ്ടായിട്ടുണ്ട്. സഹിക്കാവുന്നതിലപ്പുറം കുറ്റപ്പെടുത്തലുകളുണ്ടായിട്ടുണ്ട്.

ഭർത്താവ് ഇപ്പോൾ രവിശങ്കറിന്റെ ആരാധകനാണ്. ഒരു വലിയ ഫോട്ടോ വെച്ചിട്ടുണ്ട്.

**സാമ്പിൾ 601**

കർഷക തൊഴിലാളി സ്ത്രീ. 19–ാം വയസ്സിൽ വിവാഹം. 20–ാം വയസ്സിൽ ഒരു ആൺകുഞ്ഞ്. കുഞ്ഞിന് മാനസിക വൈകല്യമുണ്ടെന്ന് മനസ്സിലായപ്പോൾ മാനസികമായി തകർന്നു. രണ്ടാമത്തേത് പെൺകുട്ടി. വിവാഹശേഷം ഭാര്യ പണിക്കു പോകുന്നത് ഭർത്താവ് ഇഷ്ടപ്പെട്ടിരുന്നില്ല. അതിന്റെ പേരിൽ സംശയം, വഴക്ക്, മർദനം എന്നിവ നിത്യ അനുഭവമായി. ജീവിക്കാൻ മറ്റൊരു വകയില്ലാത്തതിനാൽ പണിക്കു പോകാതെ നിവൃത്തിയില്ലായിരുന്നു. കുഞ്ഞുങ്ങളെ കൊന്നുകളയും എന്നുവരെ ഭീഷണിയുണ്ടായി. അതിനെത്തുടർന്ന് പണിക്കുപോകുമ്പോൾ കുഞ്ഞുങ്ങളെയും കൊണ്ടുപോയി. അടുത്തുള്ള സുഹൃത്തുക്കളുടെ വീടുകളിൽ വിട്ടുകൊണ്ട് പണി ചെയ്തു. മദ്യപിച്ചു വന്ന് നിരന്തരമായി മർദനം. ക്രമേണ വീട്ടിൽ വരാതെയായി. ഉപേക്ഷിച്ചു പോയി.

മാനസിക വൈകല്യമുള്ള മകന് 40 വയസ്സായി. പരാശ്രയം കൂടാതെ ഒന്നും ചെയ്യാനാവില്ല. പ്രാഥമിക കൃത്യങ്ങൾക്കു വരെ അമ്മയുടെ സഹായം വേണം. മകനെക്കുറിച്ച് അവർക്ക് ആധിയാണ്.

ചെറിയ പ്രായത്തിൽ അമ്മാവന്മാരുടെ മക്കളെ നോക്കാൻ നിൽക്കേണ്ടി വന്നതിനാൽ രണ്ടാംക്ലാസ്സിൽ പഠനം നിർത്തേണ്ടി വന്നു. സാക്ഷരതാ പഠനത്തിലൂടെ പേരെഴുതാനും ഒപ്പിടാനും അറിയാം. രാഷ്ട്രീയം വേണമെന്ന് അവർക്കഭിപ്രായമുണ്ട്. കർഷകത്തൊഴിലാളി പെൻഷനും വികലാംഗപെൻഷനും ലഭിക്കുന്നത് ആശ്വാസം.

ആറ് സെന്റ് സ്ഥലത്ത് ചോർന്നൊലിക്കുന്ന വീട്ടിലാണ് അവർ താമസിക്കുന്നത്. അമ്മയും വികലാംഗനായ മകനും. ഒരു കിണർ പോലുമില്ല.

**സാമ്പിൾ 831**

സ്വന്തമായി കിടപ്പാടമില്ല. വാടകവീട്ടിലെ താമസവും കടവും മൂലം ജീവിതം വഴിമുട്ടിയപ്പോൾ വിദേശത്ത് ജോലിക്കുപോകാൻ തീരുമാനിച്ചു. ഭർതൃ വീട്ടുകാരുടെ പിന്തുണയുമുണ്ടായിരുന്നു. രണ്ടു വർഷം ജോലി ചെയ്തു കിട്ടിയ തുക ഭർത്താവിന് അയച്ചുകൊടുത്തു. കടം വീട്ടാനും കിടപ്പാടം വാങ്ങാനും. എന്നാൽ ഇതു രണ്ടുമുണ്ടായില്ല. തിരിച്ചുവന്നപ്പോൾ ആ ജീവിതം വേണ്ടെന്നു തീരുമാനിച്ചു. ഉപേക്ഷിക്കപ്പെട്ട അമ്മയോടൊപ്പം അതേ അനുഭവവുമായി ജീവിക്കുന്നു. കമ്പ്യൂട്ടർ കോഴ്സ് പഠിക്കുകയാണിപ്പോൾ. തിരിച്ചുപോയി നല്ല ജോലി നേടണം.

ഭർത്താവിന് സംശയമാണ്. അറബികളുടെ കൂടെ ജീവിച്ചതല്ലേ എന്നാണ് പറയുന്നത്. എത്ര പറഞ്ഞിട്ടും മനസ്സിലാകുന്നില്ല. കൂട്ടത്തിൽ ഒരു കാര്യം തുറന്നു തന്നെ പറഞ്ഞു. അറബികൾ മാന്യന്മാരാണ്. നമ്മുടെ സഹകരണമില്ലാതെയും അനുവാദമില്ലാതെയും അവർ ഒന്നും ചെയ്യില്ല. അവിടെയും മലയാളി വീരന്മാരാണ് പ്രധാന ശല്യക്കാർ എന്ന് അവർ കൂട്ടിച്ചേർത്തു.

**സാമ്പിൾ 310**

ആ വീട്ടിൽ ഞങ്ങൾ നാല് മണിക്കൂർ ചെലവഴിച്ചു.

ഗൃഹനാഥൻ, അയാളുടെ ഭാര്യ, അവരുടെ മൂന്നു കുട്ടികൾ, അംഗവൈകല്യമുള്ള ഒരു സഹോദരൻ. വിവാഹിതയായ കുട്ടികളില്ലാത്ത ഒരു സഹോദരി, മറ്റൊരു സഹോദരിയും അവരുടെ മൂന്നു കുട്ടികളും. ഇവരെല്ലാവരും ഓലമേഞ്ഞ, പലകയും ഓലയും വെച്ചു മറച്ച ഒരു ചെറിയ വീട്ടിലാണ് താമസം. അടുക്കളയും രണ്ടു മുറിയും തിണ്ണയുമുള്ള ഒരു ചെറിയ വീട്. വിവാഹിതരായ സഹോദരിമാർ രണ്ടുപേരുടെയും ഭർത്താക്കന്മാർ ഇവരോടൊപ്പമില്ല. ഒരാൾ വേറെ വിവാഹം കഴിച്ചതായി മകൾ പറഞ്ഞു. ഗൃഹനാഥൻ കൂലിവേല ചെയ്തു ലഭിക്കുന്ന വരുമാനം മാത്രമേയുള്ളൂ. കുടുംബശ്രീയിലുണ്ടെങ്കിലും അവിടെ ഒന്നും നടക്കാത്തതിനാൽ ഒരു തൊഴിലുമില്ല. അടുത്തുള്ള കശുവണ്ടി ഫാക്ടറിയിൽ എപ്പോഴെങ്കിലും തൊഴിൽ കിട്ടും. കുട്ടികൾക്കു നല്ല ഭക്ഷണം നൽകുന്നതിനോ വിദ്യാഭ്യാസം നൽകുന്നതിനോ ഈ കുടുംബത്തിനു കഴിയുന്നില്ല.

ഇത്രയേറെ കഷ്ടപ്പാട് അനുഭവിക്കുന്നവരെങ്കിലും അവർ ഞങ്ങളെ വളരെ സ്നേഹത്തോടെ സ്വീകരിച്ചു. സംസാരിച്ചു.

**സാമ്പിൾ – 203**

ഒരു കോളനിയാണ്. സ്ത്രീധനത്തിന്റെ ബാക്കികൊണ്ടാണ് കൂര പണിഞ്ഞത്. പള്ളിയും സഹായിച്ചു. മുൻവശം രണ്ടുമുറി. വാതിലൊന്നുമായിട്ടില്ല. കല്യാണം കഴിച്ചു വീട്ടിൽ വന്നപ്പോൾ ഭർത്താവിനു സ്നേഹമില്ല; വീട്ടുകാർക്കും. ഗർഭിണിയായ സമയത്ത് ഭർത്താവിന്റെ അമ്മ തിളച്ച വെള്ളം ദേഹത്തൊഴിച്ചു. അന്നു തന്നെ വീടുവിട്ടു. വാടകവീട്ടിൽ താമസമാക്കി. ഇപ്പോൾ നിവൃത്തിയില്ലാതെ വീട്ടുജോലിക്ക് പോകുന്നു. മകൾക്ക് ബുദ്ധിമാന്ദ്യമാണ്. 16 വയസ്സായി. അവളെ എവിടെയും നിർത്തിപ്പോകാനാവില്ല. അടുത്ത വീടുകളിലൊന്നും വിശ്വസിക്കാവുന്നവരില്ല. ഭർത്താവിനും അസുഖമാണ്.

മകൾക്ക് ചിക്കൻഗുനിയ വന്നു. വേദന മാറുന്നില്ല. അവൾക്ക് കഴുത്തിനു വേദനയും നടുവേദനയും ആണ്. ഇടതു കൈവിരൽ ഒടിഞ്ഞ് പ്ലാസ്റ്ററിട്ടിരിക്കുന്നു.

**സാമ്പിൾ 341**

വിധവ. ഒരു മകൻ വിവാഹിതൻ. മൂന്നു മക്കളും നന്നായി പഠിക്കുന്നവർ. ഒരാൾ ദൽഹിയിൽ പഠിക്കുന്നു. തേങ്ങ വാങ്ങി കൊപ്രയാക്കി വീട്ടുചെലവും പഠനച്ചെലവും ചികിത്സയും

നടത്തുന്നു.

മനസ്സുതുറന്നു പറഞ്ഞു പറഞ്ഞു വന്നപ്പോൾ അവർ വിതുമ്പി. ഇതുവരെ ഒരു കുട്ടിയോടും പറയാത്ത കാര്യം ഞാൻ നിങ്ങളോടു പറയുകയാണ്. ഒരിക്കൽ ഞാൻ ആത്മഹത്യയ്ക്കു തുനിഞ്ഞു. വണ്ടിക്കു ചാടി ആത്മഹത്യ ചെയ്യാൻ. മദ്രാസ് മെയിൽ വരുന്ന സമയം നോക്കി റെയിലിലേയ്ക്ക് ഇറങ്ങുമ്പോൾ ഒരാൾ ചോദിച്ചു. ഇവിടെ എന്തിനാണ് നിൽക്കുന്നത്. സംശയിച്ചു നിന്നപ്പോഴേയ്ക്കു വണ്ടി പോയി. അടുത്ത വണ്ടിക്കു കാത്തു നിൽക്കുമ്പോൾ പഠിപ്പിച്ച ടീച്ചർ വന്നു. അവരോടൊപ്പം തിരിച്ചു വരേണ്ടതായി വന്നു.

മുപ്പതു വർഷങ്ങൾക്കു ശേഷം ഞങ്ങളോടാദ്യം അക്കാര്യം പറയുമ്പോൾ അവരുടെ കണ്ണുകൾ നിറഞ്ഞു തുളുമ്പിയിരുന്നു.

**സാമ്പിൾ –89**

ആർത്തവ വിരാമശേഷം ശരീരവേദന കണ്ണുവേദന, തലവേദന എല്ലാമുണ്ട്. ഇതുവരെയും ചികിത്സിച്ചിട്ടില്ല.

ഭർത്താവ് സ്നേഹമെന്തന്നറിയാത്ത മനുഷ്യനാണ്. എങ്ങനെയോ രണ്ടുകുട്ടികളുണ്ടായി. രണ്ടാൺമക്കൾ. 20 ഉം 21ഉം വയസ്സായി. വലുതായപ്പോൾ അവരും അച്ഛനെപ്പോലെ സ്നേഹമില്ലാത്തവർ. അസുഖം വന്നാലും ആരും അന്വേഷിക്കാറില്ല. ജീവിതത്തിലുടനീളം ദുരിതമനുഭവിച്ചു കഴിയുന്നു.

അക്ഷരാഭ്യാസമില്ല. വീട്ടിൽ റേഡിയോ, ടിവി, പത്രം ഒന്നുമില്ല. മക്കൾ രാഷ്ട്രീയപ്രവർത്തനത്തിന്റെ ഭാഗമായി അക്രമ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നവരാണ്.

**സാമ്പിൾ 436**

കടലോര പഞ്ചായത്തിലെ മുസ്ലീം കുടുംബം. വീട്ടിലെത്തിയപ്പോൾ നന്നായി സ്വീകരിച്ചിരുത്തിയെങ്കിലും പരിഷത്ത് നടത്തുന്ന പഠനമാണെന്നറിഞ്ഞപ്പോൾ പുരുഷന്മാർ പ്രകോപിതരായി. വിദ്യാഭ്യാസരംഗത്തെ പരിഷത്ത് നിലപാടുകളാണ് അവരുടെ എതിർപ്പിനു കാരണം.

കുട്ടികളെ ആൺ പെൺ ഭേദമില്ലാതെ ഒന്നിച്ചിരുത്തി പഠിപ്പിക്കുന്നതിന് ഞങ്ങൾ എതിരാണ് എന്നവർ ഉറപ്പിച്ചു പറഞ്ഞു. അത്തരം വേണ്ടാത്ത കാര്യങ്ങൾ നടപ്പാക്കാൻ മുൻകയ്യെടുക്കരുതെന്ന് അവർ പ്രത്യേകം ഓർമിപ്പിച്ചു.

എങ്കിലും ഞങ്ങളോടുള്ള വിശ്വാസത്തിലും അവരുടെ ഗുരുവിന്റെ മകളാണെന്നുള്ള പരിഗണനയിലും വിവരങ്ങൾ നൽകാൻ തയ്യാറായി.

**സാമ്പിൾ–384**

ഇടത്തരം മുസ്ലീം കുടുംബം. 10 സെന്റ് സ്ഥലവും ടെറസ് വീടും. യാഥാസ്ഥിതിക കുടുംബമെങ്കിലും പുതു തലമുറ ലോകമറിയുന്നവർ. പുരുഷന്മാർ വീട്ടിലുണ്ടായിരുന്നെങ്കിലും അവർ ഞങ്ങളുടെ സംസാരത്തിൽ ഇടപെട്ടില്ല.

കുടുംബനാഥ സാധാരണ വീട്ടമ്മ. ഭർത്താവ് ഗൾഫിലായിരുന്നു. ഇളയ കുട്ടിക്ക് അസുഖമായതിനാൽ തിരിച്ചുപോന്നു. നാട്ടിൽ ലോറി ഓടിക്കാൻ തുടങ്ങി. അതു നഷ്ടമായപ്പോൾ ടിപ്പറും ചെറിയ വണ്ടിയും വാങ്ങി. എല്ലാം നഷ്ടത്തിലായി. ഇപ്പോൾ കൂലിപ്പണിക്കു പോകുന്നു.

ഇവരുടെ രണ്ടാമത്തെ കുട്ടി – മകൾ– ജന്മനാ അംഗവൈകല്യമുള്ളവൾ. സംസാരിക്കുകയോ ചലിക്കുകയോ ചെയ്യില്ല. ഈ കുട്ടിയാണ് അവരുടെയെല്ലാം വേദന. ഈ അമ്മയ്ക്ക് കുട്ടിയുടെ പരിചരണത്തിനു മാത്രമേ നേരമുള്ളൂ. പുറത്തു പോകാൻ സാധിക്കുകയേ ഇല്ല.

വിശ്രമ സമയം അവർക്കില്ല. വളർത്തു മൃഗങ്ങളെപ്പോലും പോറ്റാനാവില്ല. അടിക്കടി 'ഫിറ്റ്സ്' വരുന്നതുകൊണ്ട് ഏതു സമയത്തും ആശുപത്രിയിലെത്തിക്കേണ്ടി വരും. പലപ്പോഴും ബുദ്ധിമുട്ടിലായതിനാൽ ലോൺ എടുത്ത് ഒരു കാർ വാങ്ങിയിരിക്കുകയാണ്. കുട്ടിയുടെ കാൽ പിരിഞ്ഞിരിക്കുന്നതിന് ഓപ്പറേഷൻ സാധ്യമല്ലാത്തതിനാൽ പ്ലാസ്റ്റർ ചെയ്തിരിക്കുന്നു. ഈ കുട്ടിയെച്ചൊല്ലി മനോവിഷമത്താൽ അമ്മയ്ക്ക് മാനസിക ബുദ്ധിമുട്ടുണ്ടായി. ചികിത്സ നടത്തുന്നു.

രോഗ ചികിത്സയ്ക്കായി ഇടയ്ക്കിടെ തിരുവനന്തപുരം യാത്രകളും കടമെടുക്കലും. 20 വയസ്സുകാരിയായ വീട്ടിലെ മരുമകൾക്ക് ജോലിക്കു പോകണമെന്ന ആഗ്രഹം വിവാഹത്തോടെ നിലച്ചു. നാം ചർച്ച ചെയ്യുന്നതിനെല്ലാമപ്പുറമാണ് ഈ വീട്ടിലെ സ്ത്രീ പ്രശ്നം.

**സാമ്പിൾ –165**

വിവരദാതാവിന് സ്കൂൾ വിദ്യാഭ്യാസം ലഭിച്ചിട്ടില്ല. ഇളയകുട്ടികളെ നോക്കേണ്ടതുകൊണ്ടാണ് സ്കൂളിൽ പോവാൻ കഴിയാതിരുന്നത്. ഭർത്താവ് സ്ഥിരം മദ്യപാനിയാണ്. ഭർത്താവ് വരുന്നതിന് മുമ്പ് തന്നെ കുട്ടികൾക്ക് എന്തെങ്കിലും ഭക്ഷണം ഉണ്ടാക്കിക്കൊടുക്കും. അല്ലെങ്കിൽ അന്ന് കുട്ടികൾ പട്ടിണിയാകും. അവർ കൂലിപ്പണിയെടുത്ത് മടങ്ങിവരുന്ന വഴി അരിയും മറ്റും വാങ്ങിക്കൊണ്ടു വന്നിട്ടുവേണം ഭക്ഷണമുണ്ടാക്കിക്കൊടുക്കാൻ. അയൽക്കാരുടെ സഹായമുള്ളതുകൊണ്ടാണ് അസുഖം വരുമ്പോൾ കുട്ടികൾക്ക് ചികിത്സ നൽകാൻ കഴിയുന്നത്. അങ്ങനെ കടം കിട്ടിയില്ലെങ്കിൽ കുട്ടികൾ മരിച്ചപോവുകയേ ഉള്ളൂവെന്ന് അവർ പറഞ്ഞു. ഭർത്താവ് മദ്യപിച്ച് വന്ന് തല്ലും. എങ്കിലും വീട്ടിൽ സുരക്ഷിതയാണെന്ന് അവർ കരുതുന്നു. വിഷാദരോഗത്തിന് ചികിത്സ ചെയ്യുന്നുമുണ്ട് ഈ വിവരദാതാവ്. എന്നാലും പണിയെടുത്ത് ജീവിക്കാം എന്ന ആത്മവിശ്വാസവും ഇവർക്കുണ്ട്.

**സാമ്പിൾ –131**

കുടുംബനാഥൻ മുൻപ് ചുമട്ടുതൊഴിലാളിയായിരുന്നു. ഇപ്പോൾ വാർധക്യവും അവശതയും കാരണം തൊഴിലെടുക്കുന്നില്ല. വിവരദാതാവ് ക്യാൻസർ രോഗിയാണ്. ചികിത്സയ്ക്കു വേണ്ടി കിടപ്പാടം വിറ്റു. ഇപ്പോൾ മൂന്ന് കുട്ടികളും 90 വയസ്സായ അമ്മയും അടക്കം ആറ് അംഗ കുടുംബം പരിമിത സൗകര്യങ്ങളുള്ള ചെറിയ വാടകമുറിയിൽ താമസിക്കുന്നു. ഏക മകൻ കള്ളക്കേസിൽ കുടുങ്ങി വിധികാത്ത് കഴിയുന്നു. രണ്ട് പെൺമക്കളുടേയും വിവാഹത്തിന് സ്ത്രീധനം തടസ്സമായി നിൽക്കുന്നു. വിദ്യാഭ്യാസം കുറവാണെങ്കിലും സാമാന്യമായ പൊതു അവബോധം ഉണ്ട്.

**സാമ്പിൾ –224**

സാമ്പത്തികമായി മികച്ച നിലയിലുള്ള കുടുംബം. സ്ത്രീകൾക്ക് വീടു നോക്കാൻ സമയം കിട്ടില്ല. അതുകൊണ്ട് ഉന്നത സ്ഥാനത്തിരിക്കാൻ പറ്റിയ ആൾ പുരുഷനാണ് എന്നാണ് വിവരദാതാവിന്റെ അഭിപ്രായം. വീട്ടിൽ പണിയില്ലാത്ത സ്ത്രീകളാണ് പ്രധാനമായും രാഷ്ട്രീയത്തിലേയ്ക്ക് വരുന്നതെന്നും അവർ അഭിപ്രായപ്പെട്ടു. കൃഷിപ്പണിക്ക് തുല്യവേതനം കൊടുത്താൽ മുതലാവില്ല എന്നാണ് അവർ പറഞ്ഞത്.

**സാമ്പിൾ – 231**

സാമൂഹ്യമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും ഉയർന്ന നിലയിലുള്ള കുടുംബം. എല്ലാ കാര്യങ്ങളിലും വ്യക്തമായ കാഴ്ചപ്പാടും അഭിപ്രായങ്ങളും ഉണ്ട്. പക്ഷേ സാമൂഹ്യബന്ധങ്ങൾ തീരെയില്ല. മുഴുവൻ സമയം ഭർത്താവിനെയും മകനെയും പരിചരിച്ച് കഴിയുന്നു.

**സാമ്പിൾ –238**

വിവരദാതാവും ഭർത്താവും മാത്രമേ വീട്ടിലുള്ളൂ. ഭർത്താവ് മണൽവാരൽ തൊഴിലാളിയാണ്. മകളെ 18 വയസ്സിൽ വിവാഹം കഴിച്ചുകൊടുത്തു. അവൾക്ക് സ്ത്രീധനമായി നൽകേണ്ടിയിരുന്ന തുകയുടെ ബാക്കി 1,25,000 രൂപ കൊടുക്കാൻ കഴിയാത്തതിനാൽ പ്രസവത്തിന് ശേഷം ഭർത്താവ് കൂട്ടിക്കൊണ്ട് പോയില്ല. പിന്നീട് ലോണും ചിട്ടിയും എല്ലാം എടുത്ത് പണം ഒപ്പിച്ചു നൽകിയതിനുശേഷം മറ്റുള്ളവർ ഇടപെട്ടാണ് മകളെ ഭർതൃവീട്ടിലേയ്ക്ക് കൂട്ടിക്കൊണ്ടുപോയത്. 21 സെന്റ് സ്ഥലം ഇവർക്കുള്ളത് വിവരദാതാവിന്റേയും ഭർത്താവിന്റേയും കൂടി പേരിലാണ്.

**സാമ്പിൾ – 230**

കുടുംബശ്രീ അംഗമാണ്. 16 വയസ്സു മുതൽ നാടക ട്രൂപ്പിൽ അംഗമായിരുന്നു. നല്ല നർത്തകി കൂടിയാണ്. ഭർത്താവിന്റെ അനിഷ്ടം കാരണം ഈ മേഖലയിൽ തുടരാൻ കഴിഞ്ഞില്ല. എട്ട് വർഷം ഭർത്താവുമായി പിണങ്ങിക്കഴിഞ്ഞു. സ്ത്രീധനമായി 10000 രൂപയായിരുന്നു കൊടുക്കേണ്ടിയിരുന്നത്. 20 വർഷത്തിന് ശേഷം മാത്രമാണ് അത് നൽകാൻ കഴിഞ്ഞത്.

**സാമ്പിൾ – 428**

ഉയർന്ന സാമ്പത്തിക സ്ഥിതിയുള്ള കുടുംബം. ഭർത്താവ് ഉന്നത ഉദ്യോഗസ്ഥനായി പെൻഷൻ പറ്റിയ ആൾ. നഗരത്തിൽ ഒന്നിലധികം വീടുകൾ. മക്കൾ രണ്ടുപേർ. വിവരദാതാവ് സ്വന്തമായി ബ്യൂട്ടിപാർലർ നടത്തുന്നു. ഒന്ന് സ്വന്തം വീട്ടിലും മറ്റൊന്ന് വാടകയ്ക്കെടുത്ത കെട്ടിടത്തിലും. ഇവയെല്ലാം നോക്കിനടത്താൻ ജോലിക്കാരുമുണ്ട്. എന്നാൽ ഈ ബിസിനസ്സിന് തയ്യാറെടുക്കുന്ന സമയത്ത് ഭർത്താവിന് കടുത്ത എതിർപ്പായിരുന്നു. എന്നാൽ വരുമാനം ലഭിക്കുന്ന അവസ്ഥയായപ്പോൾ എതിർപ്പെല്ലാം മാറി. ഇപ്പോൾ ഒന്നിച്ച് മുന്നോട്ട് കൊണ്ടുപോവുന്നു.

**സാമ്പിൾ – 138**

വിവരദാതാവ് കുടുംബശ്രീ അംഗമാണ്. കുന്നിൻമുകളിലാണ് വീട്. ഭർത്താവും അഞ്ച് ആൺകുട്ടികളുമുണ്ട്. ഭർത്താവ് ജോലിക്കു പോകുന്നില്ല. അവർ മറ്റ് മൂന്ന് കുടുംബശ്രീ അംഗങ്ങളോടൊന്നിച്ച് സ്വയംതൊഴിൽ സംരംഭമെന്ന നിലയിൽ 10000 രൂപ ലോണെടുത്ത് ഗോഡൗണിൽ നിന്നും അരി മൊത്തമായെടുത്ത് 25 കിലോ വീതം വീടുകളിൽ വിതരണം ചെയ്യുകയും 10 ദിവസം അതിന്റെ പണം പിരിയ്ക്കാനിറങ്ങുകയും ചെയ്യുകയാണ് പതിവ്. ലാഭം ഇവർ നാലുപേർ കൂടി വീതിച്ചെടുക്കും. വരുമാനം ഉയർന്നിട്ടില്ലെങ്കിലും വീട്ടിൽ നിന്നും പുറത്തു പോവാനും മറ്റുള്ള ആളുകളെ കാണാനും സംസാരിക്കാനും കഴിയുന്നതിൽ അവർ തൃപ്തയാണ്.

**സാമ്പിൾ – 675**

വിവരദാതാവിന് മൂന്ന് പെൺമക്കളാണ്. മൂത്ത മകളെ കേൾവിക്കുറവുള്ള ആൾക്കാണ് വിവാഹം ചെയ്തുകൊടുത്തത്. എന്നിട്ടും 20000 രൂപ സ്ത്രീധനം കൊടുക്കേണ്ടി വന്നു. അവൾ സുഖമായി ജീവിക്കുന്നു. രണ്ടാമത്തെ മകളെ തെങ്ങുകയറ്റ തൊഴിലാളിയാണ് വിവാഹം കഴിച്ചത്. വരുമാനത്തിന്റെ നല്ലൊരു ഭാഗം മദ്യപാനത്തിനുപയോഗിക്കുന്ന ആളാണ്. പല തവണ മകൾക്ക് ഭർത്താവിന്റെ മർദനമേറ്റ് ആശുപത്രിയിൽ കിടക്കേണ്ടി വന്നിട്ടുണ്ട്. ഇപ്പോൾ കൈപിടിച്ച് ഒടിച്ചതിനാൽ പ്ലാസ്റ്ററിട്ടിരിക്കുകയാണ്. ഗാർഹിക പീഡനത്തിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കാനുള്ള നിയമത്തെക്കുറിച്ച് ഇവർക്കൊന്നുമറിയില്ല. ഇയാൾ കുടിക്കാത്ത സമയത്ത് അച്ഛനോട് മാപ്പ് പറഞ്ഞ് ഭാര്യയെ കൂട്ടിക്കൊണ്ടുപോവുകയാണ് പതിവ്.

മൂന്നാമത്തെ മകൾ ബീഡി തെറുക്കും. ആഴ്ചയിൽ 200 രൂപയാണ് ലഭിക്കുക. ഇതാണ് ഈ കുടുംബത്തിന്റെ ഏക വരുമാനം.

**സാമ്പിൾ – 407**

സർവേ നടക്കുന്നതിനിടയിൽ വിവരദാതാവിന്റെ ഭർത്താവ് കയ്യിൽ ഒരു കത്തിയുമായി വീട്ടിലേയ്ക്ക് കയറി വന്നു. കത്തി മേശപ്പുറത്ത് ആഞ്ഞ് വെട്ടി ഇവിടെ ഇതൊന്നും നടക്കില്ല എന്ന് പറഞ്ഞു. അയാളുടെ കാലുകൾ നിലത്തുറയ്ക്കുന്നുണ്ടായിരുന്നില്ല. നന്നായി മദ്യപിച്ചിരുന്നുവെന്ന് മനസ്സിലായി, ഞങ്ങൾ ഭയന്ന് പുറത്തിറങ്ങി. പിന്നീട് പുരുഷ സുഹൃത്തുക്കളെ വിളിച്ച് കാര്യം പറഞ്ഞു. അവർ വന്ന് അയാളെ അനുനയിപ്പിച്ച് പുറത്തുകൊണ്ടുപോയി. ആദ്യം അസഭ്യവാക്കുകൾ പറഞ്ഞെങ്കിലും പിന്നെ ഏതാണ്ട് കാര്യങ്ങൾ കുഴപ്പമില്ലാത്ത സ്ഥിതിയായി. ഞങ്ങൾ സർവേ പുനരാരംഭിച്ചു. അവസാനം വളരെ സ്നേഹത്തോടെ ഞങ്ങൾക്ക് ചായ കൊടുത്തേ വിടാവൂ എന്ന് പറഞ്ഞാണ് വിവരദാതാവിന്റെ ഭർത്താവ് പുറത്തേയ്ക്ക് പോയത്.

**സാമ്പിൾ – 373**

വീട്ടിലെ ജോലി കഴിഞ്ഞാൽ പുരയിടത്തിൽ വിവിധയിനം ഔഷധസസ്യങ്ങളുടെ പരിപാലനം, കോഴി വളർത്തൽ എന്നിവയാണ് വിവരദാതാവിന്റെ പതിവ് ജോലികൾ. ഇക്കാര്യങ്ങളിലെല്ലാം ഭർത്താവും സഹായിക്കുന്നു. മികച്ച രീതിയിൽ കൃഷി നടത്തുന്നതിന് കൃഷിഭവനിൽ നിന്നും സമ്മാനം നേടിയിട്ടുണ്ട്. വീട്ടിൽ സഹായിയായി കുറച്ചു സമയത്തേയ്ക്ക് മറ്റൊരു സ്ത്രീയും ഉണ്ട്. പച്ചക്കറിത്തോട്ടം, ബയോഗ്യാസ് പ്ലാന്റ് എന്നിവ ഉണ്ട്. വീട്ടിലെ ആവശ്യങ്ങൾക്കുള്ള പച്ചക്കറിയെല്ലാം സ്വന്തമായി ഉണ്ടാക്കുന്നു. ബാക്കിയുള്ളത് വിറ്റുകിട്ടുന്ന ലാഭം വീട്ടുചെലവുകൾക്ക് ഉപയോഗിക്കുന്നു. വളരെ സംതൃപ്തമായ കുടുംബജീവിതമാണ് ഇവരുടേത്.

# ചോദ്യാവലി

**വ്യക്തിഗത വിവരം (Personal Data)-I** (1)

1. പഞ്ചായത്ത് /മുൻസിപ്പാലിറ്റി /കോർപ്പറേഷൻ ........................ 2 വാർഡ് നമ്പർ ............ 3. വീട്ടു നമ്പർ........................

4 ബ്ലോക്ക് ........................ 5 ജില്ല ........................ 6. വീട്ടുപേര്........................

7. മതം ........................ 8. ജാതി/ഉപജാതി ........................ *(ജാതി/ഉപജാതി/കൃത്യമായി എഴുതുക-നമ്പൂതിരി,പുലയ,നായർ,ലാറ്റിൻ കാത്തലിക്ക് എന്നിങ്ങനെ).*

9 പട്ടിക ജാതി (Y/N).................. 10. പട്ടിക വർഗം (Y/N)..................

11. മുഖ്യ വിവരദാതാവ് (✓ചെയ്യുക) *1) ഗൃഹനാഥ 2)ഗൃഹനാഥയുടെ അമ്മ 3) ഗൃഹനാഥയുടെ മകൾ 4) മരുമകൾ 5) സഹോദരി 6) മറ്റുള്ളവർ*

മുഖ്യ വിവരദാതാവിന്റെ പേര്........................

12. വീട്ടിൽ ആകെ അംഗങ്ങൾ........................13) അതിൽ സ്ത്രീകൾ........................

**14. വീട്ടിലുള്ള മുഴുവൻ സ്ത്രീകളുടെയും വിവരങ്ങൾ (മുഖ്യവിവരദാതാവ് ഉൾപ്പെടെ)** 15. ഫോൺ നമ്പർ........................

| ക്രമനമ്പർ | പേര് | വയസ്സ് | വിദ്യാഭ്യാസ യോഗ്യത(കോഡ്) | തൊഴിലധിഷ്ഠിത വിദ്യാഭ്യാസം(കോഡ്) | വിവാഹനില (കോഡ്) | തൊഴിൽ നില (കോഡ്) | പെൻഷൻ (കോഡ്) | മറ്റ് നിരീക്ഷണങ്ങൾ |
|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |

*കോഡ് - കോളം 6*
*1. വിവാഹിത 2. അവിവാഹിത 3. വിധവ 4. വേർപിരിഞ്ഞു ജീവിക്കുന്നവൾ 5. വിവാഹമോചിത 6. പുനർവിവാഹിത*

*കോഡ് - കോളം 7*
*1. സ്ഥിരം തൊഴിൽ 2. താൽക്കാലിക തൊഴിൽ 3. വീട്ടമ്മ 4. തൊഴിലില്ല*

*കോഡ് - കോളം 8*
*1 തൊഴിൽ പെൻഷൻ 2. വാർദ്ധക്യകാല പെൻഷൻ 3. വിധവ പെൻഷൻ 4. വികലാംഗ പെൻഷൻ 5. അവശ പെൻഷൻ 6. കർഷക തൊഴിലാളി പെൻഷൻ 7. കലാകാരൻമാർക്കുള്ള പെൻഷൻ 8. മറ്റുള്ളവ*

*തൊഴിൽ സംബന്ധിച്ച വിവരങ്ങൾ വ്യക്തിഗത വിവരം ഫോറം 2,3 പൂരിപ്പിച്ച ശേഷം എഴുതിയാൽ മതി. തൊഴിൽ കോഡ് പൂരിപ്പിക്കേണ്ടത് എങ്ങനെയെന്ന് നിർദ്ദേശങ്ങൾ നോക്കി കൃത്യമായി പഠിക്കുക

*കോഡ് - കോളം 4*
*1. അക്ഷരജ്ഞാനമില്ല 2. കേവലസാക്ഷരത 3 പ്രൈമറി വിദ്യാഭ്യാസം 4 സെക്കണ്ടറി വിദ്യാഭ്യാസം 5 പ്രീഡിഗ്രി- പ്ലസ് ടു 6. സാങ്കേതിക വിദ്യാഭ്യാസം a) SSLC ശേഷമുള്ള ഐ.ടി.ഐ ഡിപ്ലോമ, (b) കമ്പ്യൂട്ടർ കോഴ്സുകൾ (a) മറ്റു കോഴ്സുകൾ 7. ബിരുദം (ആർട്സ്, സയൻസ്, കൊമേഴ്സ്) 9 പ്രൊഫഷണൽ (ഡിഗ്രി, പോസ്റ്റ് ഗ്രാജുവേഷൻ)*

*കോഡ് - കോളം 5*
*1) TYPING SHORT HAND 2) DTP 3) COMPUTER EDUCATION 4) TAILORING 5) ITI/ITC 6) POLY TECHNIC 7) B-TECH 8) PARAMEDICAL 9) NURSING 10) MEDICINE 11) JDC 12) HDC 13) PRE-PRIMARY 14) TTC 15) B-Ed 16) M-Ed 17) Lib.Sc. 18)LAW 19) OTHERS*

## വ്യക്തിഗത വിവരം-II

### സ്ഥിരംതൊഴിൽ എടുക്കുന്ന സ്ത്രീകളെ കുറിച്ചുള്ള വിവരങ്ങൾ

②

| ക്രമനമ്പർ / പേര് (മുഖ്യഫോറം I ൽ നിന്നും പകർത്തിയെഴുതുക) | തൊഴിൽ; തൊഴിലിന്റെ വിശദ വിവരങ്ങൾ എഴുതുക ജോലിയുടെ സ്വഭാവം | എത്ര വർഷമായി തൊഴിൽചെയ്യുന്നു | ജോലി/ തൊഴിൽ | | തൊഴിൽ ലഭിച്ച ശേഷം സമ്പത്തിക നില മെച്ചപ്പെട്ടിട്ടുണ്ടോ | തൊഴിലിടത്ത്നിന്ന് താമസ സ്ഥലത്തേക്കുള്ള ദൂരം* (കി.മീ) | യാത്രാസൗകര്യം (കോഡ്) | ജോലി സ്ഥലത്തെ കുറിച്ചുള്ള വിശദാംശങ്ങൾ: 1) ഉണ്ട് 2) ഇല്ല | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | ദിവസത്തിൽ എത്രമണിക്കൂർ | ലഭിക്കുന്ന പ്രതിമാസ വേതനം | | | | താമസ സൗകര്യം (ക്വാർട്ടേഴ്സ്/ഹോസ്റ്റൽ) | ടോയ്ലെറ്റ് | ക്രഷ് | വിശ്രമമുറി | പീഡന നിരോധന കമ്മറ്റി | വിനോദം | മറ്റുള്ളവ | തൊഴിൽജന്യ രോഗങ്ങൾ | തൊഴിൽ ഉപകരണങ്ങൾ പര്യാപ്തമാണോ ? | തൊഴിൽ സംതൃപ്തി |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |

**2.** ഓരോരുത്തരും ചെയ്യുന്ന തൊഴിൽ എന്താണെന്ന് എല്ലാ വിശദാംശങ്ങളും കോളം 2 ൽ എഴുതുക . വിശകലന വേളയിൽ തരം തിരിക്കാനാവശ്യമായ എല്ലാ വിവരങ്ങളും വേണം. ഉദാ: സ്വകാര്യ അൺ എയ്ഡഡ് യു.പി. സ്കൂളിൽ ഹിന്ദി ടീച്ചർ, സഹകരണ ആശുപത്രിയിലെ ക്ലീനിംഗ് തൊഴിലാളി

**9–18.** തൊഴിലിടങ്ങളിലെ സൗകര്യങ്ങൾ –– ഉണ്ട് (1), ഇല്ല (2) സൂചിപ്പിക്കാൻ നമ്പർ മാത്രം എഴുതുക

*കോഡ് കോളം 8 1) ബസ് 2) ട്രെയിൻ 3) ഓഫീസ് വാഹനം 4) കാൽ നട 5) സ്വന്തം വാഹനം 6) വീട്ടിൽ തന്നെ 7) മറ്റുള്ളവ

## വ്യക്തിഗത വിവരം പട്ടിക III

③

### സ്ഥിരമല്ലാത്ത/ഭാഗികമായ/സീസണൽ തൊഴിലുകൾ/സ്വയം പ്രയത്നം തുടങ്ങിയവ

സ്ഥിരം തൊഴിൽ ചെയ്യുന്നതിന് പുറമെ അധിക വരുമാനമുണ്ടാക്കുന്ന് പ്രവർത്തനങ്ങളും ഉപതൊഴിലുകളും ഇതിലുൾപ്പെടും. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഭാഗികമായോ സീസണലായോ ഒറ്റത്തവണയായോ സ്ത്രീയുടെ മുഖ്യ പ്രയത്നത്താൽ എന്ത് വരുമാനമുണ്ടായി അതിനായി എന്ത് തൊഴിൽ ചെയ്തു ? കഴിഞ്ഞ വർഷത്തിൽ കുറച്ചുകാലം ചെയ്ത് പിന്നീട് തുടരാത്ത തൊഴിലിന്റെ വിവരങ്ങളും ഇതിലുൾപ്പെടും.

| ക്രമനമ്പറും പേരും | ചെയ്ത തൊഴിലിന്റെ സ്വഭാവം വിശദ വിവരങ്ങളോടെ താഴെ എഴുതുക* | എത്ര ദിവസം | തൊഴിൽ കോഡ്* | ആകെ ലഭിച്ച വരുമാനം | ഈ വരുമാനം പ്രധാനമായും എന്തിനുപയോഗിച്ചു* |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| | | | | | |
| | | | | | |
| | | | | | |

*ഒരാൾ തന്നെ വർഷത്തിൽ ഒന്നിലധികം സീസണൽ തൊഴിൽ ചെയ്യുന്നുണ്ടെങ്കിൽ അവയുടെ വിവരങ്ങൾ എല്ലാം കോളം 2 ൽ എഴുതുക.

*കോഡ് കോളം **4**

1) കാർഷികം/കാർഷിക സംസ്കരണം
2) ചെറുകിട വ്യവസായം/സംരംഭം
3) നിർമ്മാണം
4) സേവനം
5) മാർക്കറ്റിങ്ങ്
6) ഉൽപ്പാദനവും വിപണനവും
7) മറ്റുള്ളവ

*കോഡ് കോളം **6**

1) വീട്ടുചെലവുകൾക്ക്
2) രോഗചികിത്സ
3) കടം വീട്ടാൻ
4) ആഭരണം,വസ്ത്രം
5) വീട്, സ്ഥലം, തൊഴിലുപകരണം തുടങ്ങിയ ആസ്തികൾ
6) വീടുനിർമ്മാണം
7) ഭർത്താവിന്/ബന്ധുക്കൾക്ക് നൽകി
8) പാത്രം,മറ്റ് വീട്ടുപകരണങ്ങൾ
9) വിവാഹം
10) യാത്ര,തീർത്ഥാടനം
11) മറ്റുള്ളവ

## വ്യക്തിഗത വിവരം-IV

(4)

### സ്വയം സഹായ സംഘം/കുടുംബശ്രീ അംഗത്തെ മാത്രം കുറിച്ചുള്ള വിവരങ്ങൾ

(വ്യക്തിഗത വിവരം 3 ലെ തൊഴിലുകളും കുടുംബശ്രീ / സ്വയംസഹായ സംഘവുമായി ബന്ധപ്പെട്ടതാണെങ്കിൽ ഇതിൽ ഉൾപ്പെടുത്തണം)

| No പേര് മുഖ്യ ഫോറത്തിൽ നിന്ന് പകർത്തിയെഴുതുക ക്രമനമ്പറും പേരും | തൊഴിൽ ചെയ്യുന്നുണ്ടോ ഇല്ലയോ (കോഡ്) | തൊഴിൽ സംരഭത്തിന്റെ സ്വഭാവം (കോഡ്) | ഉണ്ടെങ്കിൽ ഏതുതരം തൊഴിൽ (കോഡ്) | സ്ഥാപനം ലാഭത്തിലാണോ ? ആണ്(1) അല്ല (2) | കുടുംബ വരുമാനം ഉയർന്നിട്ടുണ്ടോ 1) ഉണ്ട് 2) ഇല്ല | സാമൂഹ്യ/കുടുംബ പദവി ഉയർന്നുവോ 1)ഉയർന്നു 2)താഴ്ന്നു 3)മാറ്റമില്ല | ഇതു വഴി ആർജിച്ച കഴിവുകൾ (കോഡ്) | അംഗമായ സ്വയം സഹായ സംഘത്തിന്റെ സ്വഭാവം (കോഡ്) | മുമ്പ് സംരഭം ഉണ്ടായിരുന്നോ 1) ഉണ്ട് 2) ഇല്ല | മറ്റ് വരുമാന മാർഗങ്ങൾ ഉണ്ടോ 1) ഉണ്ട് 2) ഇല്ല | വീടിന് പുറത്ത് സംരംഭവുമായി ബന്ധപ്പെട്ട് ചെലവാക്കുന്ന സമയം |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |

കോഡ് കോളം 2
1) ഉണ്ട്
2) ഇല്ല
3) വല്ലപ്പോഴും

കോഡ് കോളം 3
1) ഉൽപ്പന്ന നിർമ്മാണം
2) കാർഷികം
3) കാർഷികേതരം
4) കട/സ്ഥാപനം
5) മാർക്കറ്റിങ്ങ്
6) സേവനങ്ങൾ
7) മറ്റുള്ളവ

കോഡ് കോളം 4
1) കായികാധ്വാനം
2) കരകൗശല ജോലികൾ
3) വിതരണം
4) ഓഫീസ് ജോലി
5) സൂപ്പർ വിഷൻ
6) മാർക്കറ്റിങ്ങ്/കട
7) സാങ്കേതിക ജോലി
8) പാചകം/പാചകവുമായി ബന്ധപ്പെട്ടവ
9) മറ്റുള്ളവ

കോഡ് കോളം 8
1) ഒന്നുമില്ല
2) നേതൃത്വശേഷി
3) നൈപുണ്യം/കരവിരുത്
4) കണക്കെഴുത്ത്
5) മാനേജ്മെന്റ്
6) മാർക്കറ്റിങ്ങ് കഴിവ്
7) സാമൂഹ്യബന്ധം
8) മറ്റുള്ളവ

കോഡ് കോളം 9
1) കുടുംബശ്രീ(SGSY)
2) ജാതി/മതസംഘടന
3) ഗവൺമെന്റ് ഏജൻസി
4) ഗവൺമെന്റിതര ഏജൻസി
5) അർധ സർക്കാർ ഏജൻസി
6) സ്വകാര്യ ഏജൻസി
7) മറ്റുള്ളവ

## വ്യക്തിഗത വിവരം-V വീട്ടമ്മ

(5)

### വ്യക്തിഗതവിവരം 1 ൽ വീട്ടമ്മ എന്ന് രേഖപ്പെടുത്തിയവരെക്കുറിച്ചുള്ള വിവരങ്ങൾ

| ക്രമനമ്പർ പേര് മുഖ്യ ഫോറത്തിൽ നിന്ന് പകർത്തിയെഴുതുക | മുമ്പ് തൊഴിൽ എടുത്തിരുന്നോ ? 1) ഉണ്ട് 2) ഇല്ല | തൊഴിൽ നിർത്താനുള്ള കാരണം (കോഡ്) | ഏതെങ്കിലും തരത്തിലുള്ള തൊഴിൽ വൈദഗ്ധ്യം ഉണ്ടോ ? 1) ഉണ്ട് 2) ഇല്ല | ഉണ്ടെങ്കിൽ ഏത് തരം വൈദഗ്ധ്യം ? (കോഡ്) | വീട്ടമ്മയാവാൻ തീരുമാനിച്ചത് ആരുടേത് ? (കോഡ്) | വീട്ടമ്മയായതിൽ സംതൃപ്തയാണോ ? 1) ആണ് 2) അല്ല 3) പ്രതികരിക്കുന്നില്ല | ഇനിയും തൊഴിൽ ലഭിച്ചാൽ പോകാൻ ഉദ്ദേശിക്കുന്നുണ്ടോ ? 1) ഉണ്ട് 2) ഇല്ല |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| | | | | | | | |
| | | | | | | | |

കോഡ് കോളം 3
1) സ്ഥാപനം/സംരംഭം നിലവിലില്ല 2) താൽക്കാലികം 3) വരുമാനക്കുറവ് 4) ദൂരം 5) വിവാഹം/പ്രസവം 6) അസുഖം 7) മറ്റുകാര്യങ്ങൾ

കോഡ് കോളം 5
1) നടത്തിപ്പ് 2) വിപണനം 3) വിദഗ്ധ തൊഴിൽ പരിചയം 4) പ്രായോഗിക പരിചയം 5) പരമ്പരാഗത തൊഴിൽ പരിചയം

കോഡ് കോളം 6
1) സ്വയം 2) ഭർത്താവ് 3) കുടുംബ സാഹചര്യം 4) വൈദഗ്ധ്യം കുറവ് 5) ശ്രമിച്ചു,തൊഴിൽ ലഭിച്ചില്ല 6) മറ്റുള്ളവ

## വ്യക്തിഗത വിവരം-VI വിധവ / വിവാഹമോചിത തുടങ്ങിയവരെക്കുറിച്ചുള്ള വിവരങ്ങൾ

(6)

1. വിധവ :............................................ ഏത് പ്രായത്തിൽ :............................ കുട്ടികളുടെ എണ്ണം :......................

2. വിവാഹമോചിത :.................................... ഏത് പ്രായത്തിൽ :............................ കാരണം (കോഡ്) :......................

3 പിരിഞ്ഞു ജീവിക്കുന്നവർ:............................ ഏത് പ്രായത്തിൽ :............................ കുട്ടികളുടെ എണ്ണം :......................

കാരണം (കോഡ് ) :......................

4. 35 വയസ് കഴിഞ്ഞ അവിവാഹിത :...................................... അവിവാഹിതയായി തുടരുന്നതിനുള്ള കാരണം (കോഡ് :............................

കോഡ് 2 & 3
1) സ്തീധനം 2) ചേർച്ചയില്ലായ്മ 3) ആരോഗ്യപ്രശ്നം 4) പീഡനം 5) മദ്യപാനം 6) സദാചാര പ്രശ്നങ്ങൾ 7) മറ്റുള്ളവ

കോഡ് 4
1) സാമ്പത്തികം 2) ആരോഗ്യപ്രശ്നം 3) കുടുംബ ഉത്തരവാദിത്വം 4) ജാതകം 5) സ്വന്തം താല്പര്യക്കുറവ് 6) വീട്ടുകാരുടെ താൽപര്യക്കുറവ്

## A-വിദ്യാഭ്യാസം,തൊഴിൽ,സാമ്പത്തികം

1. നിങ്ങൾ ഏത് സ്കൂളിലാണ് അവസാനമായി പഠിച്ചത് ? ..................

   *1)എയിഡഡ് 2)അൺഎയിഡഡ് 3)ഗവ. 4)മറ്റുള്ളവ*

2. അത് മിക്സഡ്/ഗേൾസ് സ്കൂളായിരുന്നോ ? ..................

   *1)മിക്സഡ് 2)ഗേൾസ്*

3. പഠന മാധ്യമം എന്തായിരുന്നു ? ..................

   *1)മാതൃഭാഷ 2)ഇംഗ്ലീഷ് 3)മറ്റുള്ളവ*

4. നിങ്ങൾക്ക് പഠിക്കാനാഗ്രഹമുണ്ടായിട്ട് പഠിക്കാൻ കഴിയാതെ പോയ സാഹചര്യം ഉണ്ടായിരുന്നോ ? ..

   *1)ഉണ്ട് 2)ഇല്ല*

5. ഉണ്ടെങ്കിൽ കാരണം ..................

   *1)കുടുംബ സാഹചര്യം 2)സാമ്പത്തിക സാഹചര്യം 3)വിവാഹം നടന്നു*
   *4) വീടിനടുത്ത് സ്കൂൾ ഇല്ല 5) മറ്റ് കാരണം*

6. പഠിക്കണമെന്ന് പിന്നീട് തോന്നിയിട്ടുണ്ടോ ? ..................

   *1)ഉണ്ട് 2)ഇല്ല 3)പലപ്പോഴും 4)ചിലപ്പോൾ 5)എല്ലായ്പ്പോഴും*

7. അങ്ങനെ ചിന്തിക്കാനിടയായത് ഏതവസരത്തിലാണ് ? ..................

   *1)കുട്ടികൾക്ക് പറഞ്ഞ് കൊടുക്കാൻ കഴിയാത്തപ്പോൾ 2)പൊതുരംഗത്ത് വന്നപ്പോൾ*
   *3)പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ അറിയാത്തപ്പോൾ 4)സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടായപ്പോൾ*
   *5)ഭർത്താവിന്റെ അകാല ചരമം 6) വീട്ടിലിരുന്ന് മുഷിഞ്ഞപ്പോൾ*
   *7)സാക്ഷരതാ പരിപാടി വന്നപ്പോൾ 8)ജോലിക്ക് പോകാൻ കഴിയാത്തപ്പോൾ*
   *9)മറ്റുള്ളവ*

8. സ്ത്രീകൾക്ക് തൊഴിൽ ആവശ്യമാണ് എന്ന അഭിപ്രായമുണ്ടോ ? ..................

   *1)ഉണ്ട് 2)ഇല്ല*

9. ഉണ്ടെങ്കിൽ എന്തുകൊണ്ട് ? ..................

   *1) പഠിച്ചതിന്റെ പ്രയോഗം 2)സാമ്പത്തിക മെച്ചം 3)അംഗീകാരം*
   *4) മുഷിപ്പ് മാറ്റാൻ 5)സ്വയം പര്യാപ്തത*

10. ഇല്ലെങ്കിൽ എന്തുകൊണ്ട് ? ..................

    *1)സമയം ഇല്ല 2)ഇരട്ടിപ്പണി 3)കുടുംബ സാഹചര്യം 4)മറ്റുള്ളവ*

11. തൊഴിലിന് പോകാൻ സ്ത്രീകൾക്ക് ആരുടെയെങ്കിലും സമ്മതം ആവശ്യമുണ്ടോ ? ..................

    *1)ഉണ്ട് 2)ഇല്ല*

12. ഉണ്ടെങ്കിൽ ആരുടെ ? ..................

    *1)ഭർത്താവിന്റെ 2)സ്വന്തം കുടുംബാംഗങ്ങളുടെ 3) ഭർത്താവിന്റെ കുടുംബാംഗങ്ങളുടെ*

13. സ്ത്രീയെന്ന അവസ്ഥ പരീക്ഷകൾക്കും തൊഴിൽ തേടുന്നതിനും പ്രശ്നമായിട്ടുണ്ടോ ? ..........

    *1)ഉണ്ട് 2)ഇല്ല*

14. ഉണ്ടെങ്കിൽ ഏത് തരം പ്രശ്നം ? ..................

    *1)വിവാഹം 2)പ്രസവം 3)ശിശുപരിപാലനം 4)മറ്റുള്ളവ*

15. തൊഴിലിടത്തിൽ സ്ത്രീയായതു കൊണ്ട് പ്രത്യേക പ്രശ്നങ്ങൾ അനുഭവിക്കുന്നുണ്ടോ?..........

    *1)മേലധികാരിയുടെ സമീപനം 2) പുരുഷ സഹപ്രവർത്തകരുടെ സമീപനം*
    *3)സൗകര്യങ്ങളുടെ അപര്യാപ്തത 4) തൊഴിൽവിഭജനം*
    *5)പിരിച്ചുവിടൽ 6)സ്ഥാപനം ഇല്ലാതായി 7)വേതനക്കുറവ് 8)മറ്റുകാരണം.*

16. തൊഴിൽ സംഘടനയിൽ അംഗമാണോ?..................

    *1)ആണ് 2)അല്ല.*

17. ആഗ്രഹിച്ച തൊഴിലാണോ ചെയ്യുന്നത്?..................

    *1) അതെ 2)അല്ല. 3) ഒന്നും ആഗ്രഹിച്ചില്ല*

18. മറ്റ് വരുമാനങ്ങൾ ഉണ്ടോ ?

| | | പച്ചക്കറി തോട്ടം | കന്നുകാലി | കോഴി/ താറാവ് | കട നടത്തുന്നു | വിൽപന | കൃഷി അനുബന്ധം | നിക്ഷേപ പലിശ | വീട്ടുവാടക | പുരുഷന്മാരായ മറ്റു കുടുംബാംഗങ്ങളുടെ വരുമാനം | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|
| വരുമാനം രൂപയിൽ | ദിവസം | | | | | | | | | | |
| | ആഴ്ച | | | | | | | | | | |
| | മാസം | | | | | | | | | | |
| ചിലവാക്കുന്ന സമയം | | | | | | | | | | | |

19. പണം കൈകാര്യം ചെയ്യുന്നതാര് ..................

    *1)ഭർത്താവ് 2) ഭാര്യ 3)ഒന്നിച്ച്*

20. നിങ്ങൾ സാധനങ്ങൾ വാങ്ങുകയാണെങ്കിൽ കണക്ക് ആരെയെങ്കിലും ബോധിപ്പിക്കേണ്ടതുണ്ടോ ? ........

    *1)ഉണ്ട് 2)ഇല്ല*

21. ഉണ്ടെങ്കിൽ ആരോട് ? ..................

    *1)ഭർത്താവ് 2)അച്ഛൻ 3)അമ്മ 4)മക്കൾ 5)മറ്റുള്ളവർ*

22. ഒരു മാസത്തിലെ വീട്ടിലെ സൗന്ദര്യവർധക വസ്തുക്കളുടെ ചെലവിന്റെ ഏകദേശ കണക്ക്

| | സൗന്ദര്യവർധക വസ്തുക്കൾ | തുക |
|---|---|---|
| 1. | പൗഡർ | |
| 2. | ഷാംപൂ | |
| 3. | ഫെയ്സ്ക്രീം | |
| 4. | നെയിൽ പോളീഷ് | |
| 5. | പൊട്ട് | |
| 6. | മറ്റുള്ളവ | |

23. നിങ്ങളുടെ പേരിൽ കടം വാങ്ങുകയോ ലോൺ എടുക്കുകയോ ചെയ്തിട്ടുണ്ടോ ?..................

    *1) ഉണ്ട് 2)ഇല്ല*

24. ഉണ്ടെങ്കിൽ എന്താവശ്യത്തിന് ?

| | വിശദാംശങ്ങൾ | തുക | സ്രോതസ്സ് | ആരെടുത്തു | തിരിച്ചടവ് ആര് | എത്ര തിരിച്ചടച്ചു | പലിശ നിരക്ക് |
|---|---|---|---|---|---|---|---|
| 1 | സ്വയം തൊഴിൽ | | | | | | |
| 2 | കുടുംബത്തിൽ ഒരാൾക്ക് തൊഴിൽ തുടങ്ങാൻ | | | | | | |
| 3 | ജോലി കിട്ടുന്നതിന് | | | | | | |
| 4 | കൃഷിക്ക് | | | | | | |
| 5 | കന്നുകാലി വാങ്ങാൻ | | | | | | |
| 6 | കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യം മകൻ /മകൾ | | | | | | |
| 7 | നിത്യചെലവിന് | | | | | | |
| 8 | വിവാഹം (മകന്റെ) | | | | | | |
| 9 | വിവാഹം (മകളുടെ) | | | | | | |
| 10 | വീട്ടിലെ മറ്റ് ചടങ്ങുകൾക്ക് | | | | | | |
| 11 | ഉത്സവാവശ്യം | | | | | | |
| 12 | ഭൂമി വാങ്ങാൻ | | | | | | |
| 13 | വീടു വാങ്ങാൻ | | | | | | |
| 14 | വാഹനം വാങ്ങാൻ | | | | | | |
| 15 | ആഭരണം വാങ്ങാൻ | | | | | | |
| 16 | ചികിത്സക്ക് | | | | | | |
| 17 | വീടുപുതുക്കാൻ | | | | | | |
| 18 | വീടുപണിയാൻ | | | | | | |
| 19 | മറ്റ് കടം വീട്ടാൻ | | | | | | |
| 20 | മറ്റുള്ളവ | | | | | | |

സ്രോതസ്സ്(കോഡ്) (1) ബാങ്ക്,(2)കുടുംബശ്രീ,(3)ചിട്ടി,(4)ബ്ലേഡ്,(5)ബന്ധുക്കൾ/സുഹൃത്തുക്കൾ,(6)മറ്റുള്ളവ

25. പഠനപ്രവർത്തനങ്ങൾക്ക് പ്രാധാന്യമുള്ള പുതിയ വിദ്യാഭ്യാസ രീതിയെ കുറിച്ചുള്ള അഭിപ്രായമെന്താണ് ? ..........
 *1)നല്ലതാണ് 2)മോശമാണ് 3)അഭിപ്രായമില്ല*

26. നിങ്ങളുടെ കുട്ടിയുടെ സ്കൂളിലെ പി.ടി.എ, ജനറൽ ബോഡി യോഗങ്ങളിൽ ആര് പങ്കെടുക്കും ..........
 *1)അമ്മ 2)അച്ഛൻ 3)ഏതെങ്കിലും ഒരാൾ 4)മറ്റൊരു കുടുംബാംഗം 5)ആരുമില്ല*

27. നിങ്ങളുടെ കുട്ടിയുടെ സ്കൂളിൽ പിടി.എ പ്രസിഡന്റ് സ്ത്രീയാണോ, പുരുഷനാണോ ?..........
 *1)സ്ത്രീ 2)പുരുഷൻ*

28. നിങ്ങളോട് പ്രസിഡണ്ടാവാൻ പറഞ്ഞാൽ തയ്യാറാകുമോ ? ..........
